# കരയോഗ സൗഹൃദം


സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 12 ലക്കം - 11 തുലാം - 1195 നവംബർ 2019






ചൈത്രം 12-ാമത് വാർഷികാഘോഷ ചടങ്ങിൽ ഡോ.വി.പി. ഗംഗാധരൻ മുഖ്യപ്രഭാഷണം നടത്തുന്നു.



സംസ്ഥാന സ്കൂൾ പ്രവൃത്തിപരിചയമേളയിൽ എ ഗ്രേഡ് കരസ്ഥമാക്കിയ രുദ്രവിലാസം യു പി സ്കൂളിലെ കുട്ടികൾ

## എറണാകുളം കരയോഗം നവരാത്രി ആഘോഷം....

































### എഡിറ്റോറിയൽ

# ദേശീയ വിദ്യാഭ്യാസ നയം

ഒരു നാടിന്റെ ദേശീയബോധത്തിന്റെയും സാംസ്കാരികമഹിമയുടെയും ആധാരം അവിടുത്തെ വിദ്യാഭ്യാസമാണ്. ഏതു തരത്തിലുള്ള വിദ്യാഭ്യാസമാണോ അവിടെ നടപ്പാക്കുന്നത് അതിനനുസരിച്ചായിരിക്കും അവിടെയുള്ള ജനങ്ങളുടെ ദേശീയബോധവും സംസ്കാരവും രൂപപ്പെടുക. ഈ അടിസ്ഥാനത്തിൽ നമുക്കിന്ന് ഭാരതത്തിൽ നിലനില്ക്കുന്ന വിദ്യാഭ്യാസ സമ്പ്രദായത്തെ ഒന്ന് വിലയിരുത്താം. പാശ്ചാത്യ അധിനിവേശകാലത്ത്, അവരുടെ ആവശ്യങ്ങൾക്കു വേണ്ടി അവർ രൂപം കൊടുത്ത ഒരു വിദ്യാഭ്യാസസമ്പ്രദായം ഇന്ത്യയെ തങ്ങളുടെ അധീനതയിൽ കൊണ്ടു വരണമെങ്കിൽ, ഇവിടെ അന്ന് നിലനിന്നിരുന്ന അതിമഹത്തായ വിദ്യാഭ്യാസരീതിയേയും ഏറെ സംസ്കാര സമ്പുഷ്ടവും ലോകോത്തരവുമായ ഇവിടുത്തെ ഭാഷയേയും ഇല്ലായ്മ ചെയ്യുകയും തൽസ്ഥാനത്ത് അവരുടേതായ സാംസ്കാരവും ഭാഷയും അടിച്ചേല്പ്പിക്കുകയും വേണമെന്ന കാഴ്ചപ്പോടോടെ മെക്കാളെ അന്നു നടപ്പാക്കിയ പാശ്ചാത്യ വിദ്യാഭ്യാസ സമ്പ്രദായം സ്വാതന്ത്ര്യം കിട്ടി 72 വർഷങ്ങൾ കഴിഞ്ഞിട്ടും വലിയ മാറ്റങ്ങളൊന്നും വരുത്താതെ ഇന്നും തുടരുന്നു എന്നുള്ളതാണ് ഏറെ ദു:ഖകരം. ജ്ഞാനസമ്പാദനത്തിനായി വിദേശങ്ങളിൽ നിന്നും കൂട്ടം കൂട്ടമായി വിദ്യാർത്ഥികൾ എത്തിയിരുന്ന, ആദ്ധ്യാത്മിക, ഭൗതിക, മാനവിക, വിഷയങ്ങളിലും മറ്റു തത്ത്വശാസ്ത്രങ്ങളിലും ഏറ്റവും ചെറിയ അണുസംബന്ധിയായ ശാസ്ത്രം മുതൽ ഗോളാന്തരയാത്ര വരെയുള്ള ശാസ്ത്രതത്ത്വങ്ങളുൾപ്പടെ സകലതും ലോകത്തിന് മുഴുവൻ പകർന്നു നല്കിയിരുന്ന അതിവിശിഷ്ടമായ വിദ്യാഭ്യാസ സമ്പ്രദായത്തെയാണ് അവർ തകർത്തത്. അതുകൊണ്ടുണ്ടായ നഷ്ടം ഭാരതത്തിന് മാത്രമല്ല മുഴുവൻ ശാസ്ത്ര ലോകത്തിനുമാണ്. ലോകത്തിനു മുഴുവനും വെളിച്ചം പകർന്നിരുന്ന മനുഷ്യനും പ്രകൃതിയും തമ്മിലുള്ള അഭേദ്യമായ ബന്ധത്തേയും എന്തിന് ഭൂഗോള പ

## ഉള്ളടക്കം

വാല്യം 12 | ലക്കം 11 | നവംബർ 2019


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| ജനറൽ സെക്രട്ടറിയുടെ പംക്തി | 5 |
| എറണാകുളം കരയോഗം പ്രതിമാസ പരിപാടി | 7 |
| ബാലലോകം | 8 |
| രാഗപരിചയം | 9 |
| വാസ്തു | 10 |
| ഭാരതത്തിലെ ഋഷികവികൾ | 11 |
| ക്ഷേത്രങ്ങളിലൂടെ | 15 |
| മഹാഭാരതം | 19 |
| ഭാഷാ പിതാവേ എങ്ങനെ നന്ദി പറയേണ്ടൂ | 23 |
| ഹരിസുധാലഹരി | 25 |
| പാതഞ്ജലയോഗ ദർശനം | 26 |
| ശിക്ഷാവിധി പുരാണങ്ങളിലൂടെ | 27 |
| ബ്രഹ്മാർപ്പണം | 30 |
| പഞ്ചസാരയുടെ കയ്പ് | 34 |
| കേരളവും പ്രളയവും | 37 |
| DIMENTA (മറവിരോഗം) | 41 |
| ഇന്ത്യ മുന്നോട്ട് കുതിക്കട്ടെ..... | |
| പിന്നോട്ടു വലിക്കരുത്... | 43 |
| വേനലിൽ പൂത്ത സ്വപ്നങ്ങൾ (ഭാഗം-2) | 46 |
| ഒരു തുടർക്കഥ | 52 |
| കുമാരനാശാന്റെ കാവ്യജീവിതം | 54 |
| കൃഷ്ണൻ (കവിത) | 56 |
| ആക്ഷേപങ്ങളും അഭിപ്രായങ്ങളുംോ | 57 |
| മാസഫലം | 58 |
| മാട്രിമോണിയൽ | 59-66 |


## പത്രാധിപസമിതി


**കെ.പി. കൃഷ്ണമേനോൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

**എ. മുരളീധരൻ**

**കെ. പ്രസന്നകുമാർ**

റനത്തോടൊപ്പം മറ്റ് ഗോളങ്ങളെക്കുറിച്ചുള്ള സകല വിവരങ്ങളും വിദ്യാർത്ഥികൾക്ക് പകർന്നു നല്കിയിരുന്ന നളന്ദ, തക്ഷശില തുടങ്ങിയ വിശ്വോത്തര സർവ്വകലാശാലകളുമാണ് അന്ന് മുസ്ലീം അധിനിവേശത്താൽ തകർക്കപ്പെട്ടത്, അഗ്നിക്കിരയാക്കിയത്. അവിടെ ഉണ്ടായിരുന്ന മഹത്തായ ശാസ്ത്രതത്ത്വങ്ങളടങ്ങിയ താളിയോലഗ്രന്ഥങ്ങൾ കത്തി തീരാൻ മാസങ്ങൾ വേണ്ടി വന്നു എന്നാണ് ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നത്. അന്നും അതിനുശേഷവുമുണ്ടായ എല്ലാവിധ അധിനിവേശാക്രമണകാരികളുടെ കൈകളിൽ നിന്നും രക്ഷപ്പെട്ട, അവശേഷിച്ച നമ്മുടെ ഭാഷാ ശാസ്ത്രഗ്രന്ഥങ്ങളിലടങ്ങിയിരിക്കുന്ന ശാസ്ത്രസത്യങ്ങളെ കണ്ടെത്താനും അവ തങ്ങളുടെ പുതുതലമുറയ്ക്ക് പകർന്നു നല്കാനും പാശ്ചാത്യ രാജ്യങ്ങൾ അതീവ താല്പര്യമാണ് ഇന്ന് കാണിക്കുന്നത്. മിക്ക പാശ്ചാത്യ നാടുകളിലും ഇന്ന് സംസ്കൃതവും വേദോപനിഷത്തുകളും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗീത അവിടങ്ങളിൽ ഇന്ന് പ്രധാന പാഠ്യ വിഷയമാണ്. എന്നാൽ ഭാരതത്തിലോ? സ്വാതന്ത്ര്യാനന്തര കാലത്ത് ലഭിക്കേണ്ട പരിഗണനയൊന്നും ലഭിക്കാതെ അർഹിക്കുന്ന പ്രാധാന്യം കിട്ടാതെ അവഗണിക്കപ്പെട്ടുപോയി ഈ മേഖല. നടത്തിയെന്നു പറയപ്പെടുന്ന വിദ്യാഭ്യാസ പരിഷ്ക്കാരങ്ങൾക്ക് രൂപം കൊടുത്തതോ വൈദേശിക തത്ത്വശാസ്ത്രങ്ങളെ നെഞ്ചിലേറ്റി, അവിടങ്ങളിൽ നിലനില്ക്കുന്ന സ്വാതന്ത്ര്യരഹിത ഫാസിസ്റ്റ് സമ്പ്രദായത്തെ പാടിപ്പുകഴ്ത്തിയിരുന്ന, അതിനുവേണ്ടി വാദിച്ചിരുന്ന, ഒരു കൂട്ടം ഇടത് ചിന്തകന്മാരാൽ നയിക്കപ്പെടുന്ന സമിതികളാണ്. അതുകൊണ്ടുതന്നെയാണ് വിദ്യാഭ്യാസ മേഖല കൂടുതൽ കൂടുതൽ കുത്തഴിഞ്ഞതും നിലവാരമില്ലാത്തതുമായിക്കൊണ്ടിരിക്കുന്നത്. ഇതുമൂലമാണ് 'ഭാരത് കൊ തുക്കഡാ തുക്കഡാ കരേംഗെ' (ഭാരതത്തെ കഷ്ണം കഷ്ണമാക്കും) എന്നു പ്രഖ്യാപിച്ച കനയ്യാമാരും മതഭ്രാന്തിന്റെ ആൾരൂപങ്ങളായ ഒവൈസികളും വളർന്നു വരുന്നത്, നമ്മുടെ കലാശാലകൾ ദേശവിരുദ്ധതയ്ക്ക് വളക്കൂറുള്ള മണ്ണായി മാറുന്നത്.

വിദ്യാഭ്യാസ നിലവാരം ആകെ തകർന്നടിയുന്നതും, മൂല്യച്യുതി ബാധിച്ച ക്യാമ്പസുകളായി നമ്മുടെ ക്യാമ്പസ്സുകൾ രൂപാന്തരപ്പെടുന്നതും ഇതുമൂലമാണ്. ഇപ്പോൾ കേരളത്തിൽ നടക്കുന്ന വിദ്യാഭ്യാസ, മാർക്കു ദാനവിവാദങ്ങൾ ഇതിന് ഉത്തമോദാഹരണമാണ്. ഈ അവസ്ഥ മാറണം. ഭാരതീയതയിലും ഭാരതീയ സംസ്കാരത്തിലും അധിഷ്ടിതമല്ലാത്ത, വൈദേശിക തത്ത്വശാസ്ത്രങ്ങൾക്ക് ആവശ്യത്തിൽ കൂടുതൽ പ്രാധാന്യം കൊടുത്തുകൊണ്ട്, വൈദേശിക ഭാഷാമാധ്യമത്തിലൂടെയുള്ള ഇന്നത്തെ പാഠ്യപദ്ധതി അപ്പാടെ മാറ്റണം. പകരം ദേശീയതലത്തിൽ ദേശസ്നേഹാധിഷ്ടിതമായ പാഠ്യപദ്ധതിക്ക് രൂപം കൊടുക്കണം. ചരിത്രം അപ്പാടെ മാറ്റി എഴുതണം. ഭരണം കയ്യാളിയിരുന്ന വൈദേശികാക്രമണകാരികൾ ചൊല്ലിക്കൊടുത്തെഴുതിച്ച അസത്യജടിലമായ ചരിത്രം തിരുത്തപ്പെടണം. ചരിത്രസത്യങ്ങൾ ചികഞ്ഞെടുക്കണം. മൺമറഞ്ഞ, ഈ നാടിനുവേണ്ടി ജീവിച്ചു മരിച്ച വീരനായകന്മാരുടെയും, നമ്മുടെ സംസ്കാരം രൂപപ്പെടുത്തി പകർന്ന് തന്ന ഗുരുഭൂതരുടെയും ചരിത്രം വേണം പുതുതലമുറയ്ക്ക് പകർന്നു നല്കാൻ – അതിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് രാജ്യസ്നേഹികളായി, നാടിനു വേണ്ടി ജീവിക്കുന്ന പൗരന്മാരായി അവർ വളർന്നു വരട്ടെ. അല്ലാതെ ഭാരതത്തെ ആക്രമിച്ച് നമ്മുടെ പൂർവ്വികരെ വധിച്ച്, നമ്മുടെ ഭണ്ഡാരങ്ങൾ മുഴുവനും കവർന്നെടുത്ത അലക്സാണ്ടറെ 'Aexander the Great' എന്ന് പഠിപ്പിക്കുന്ന, അധിനിവേശത്തെ അംഗീകരിക്കുന്ന, ആക്രമണകാരികളെ മഹത്വവത്ക്കരിക്കുന്ന, അടിമത്വത്തെ അംഗീകരിക്കുന്ന, വൈദേശികരെ വാഴ്ത്തുന്ന ചരിത്രമല്ല പഠിപ്പിക്കേണ്ടത്. അവയെല്ലാം അപ്പാടെ മാറ്റപ്പെടണം. ഒപ്പം വിദ്യാഭ്യാസത്തിന്റെ ഭാഗമായിത്തന്നെ നിർബന്ധിത മിലട്ടറി സേവനവും നടപ്പിലാക്കണം. അതിലൂടെ നാടിനോടും ജനങ്ങളോടും ഉത്തരവാദിത്വമുള്ള, അച്ചടക്കമുള്ള, രാജ്യത്തിന്റെ അഖണ്ഡതയ്ക്കും സുരക്ഷിതത്വത്തിനും പ്രാധാന്യം കൊടുക്കുന്ന വരുംതലമുറകളെ വാർത്തെടുക്കാനും അങ്ങനെ രാജ്യത്തിന്റെ ഭാവി ശോഭനമാക്കാനും കഴിയും.

കഴിഞ്ഞ 15 വർഷമായി ആരും തൊടാതെ മാറ്റി വച്ചിരുന്ന വിദ്യാഭ്യാസ പരിഷ്കരണം ഇപ്പോൾ കേന്ദ്ര സർക്കാരിന്റെ നിർദ്ദേശാനുസരണം NCERT (National Council of Educational Research Training) സമഗ്രമായ പരിഷ്കരണത്തിന് തയ്യാറായിരിക്കുന്നു എന്നാണ് മാധ്യമ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ഏതായാലും ദേശീയതയിലധിഷ്ടിതമായ ഒരു ദേശീയ വിദ്യാഭ്യാസം നയം രൂപപ്പെടട്ടെ (National Education Policy). വിദ്യാർത്ഥിയ്ക്ക് അധികം ഭാരമില്ലാത്തതും എന്നാൽ കാമ്പുള്ള, ഗുണമേന്മയുള്ള സ്വാഭിമാനപ്രചോദിതമായ ഒന്നായിരിക്കും അതെന്ന് നമുക്ക് പ്രത്യാശിക്കാം.

ഇപ്പോൾ കേന്ദ്രസർക്കാർ പുതിയ വിദ്യാഭ്യാസ നയം കൊണ്ടു വന്നിരിക്കുന്നത് സ്കൂൾ തലത്തിലേക്കാണെന്നാണ് അറിവ്. എന്നാൽ സർവ്വകലാശാലാതലങ്ങളിലുള്ള ഉന്നത വിദ്യാഭ്യാസത്തിനും ദേശീയ താല്പര്യങ്ങൾക്കനുസൃതമായ നയങ്ങൾക്കും പാഠ്യപദ്ധതികൾക്കും രൂപം കൊടുക്കേണ്ടതുണ്ട്. താമസിയാതെ അതും ഉണ്ടാകുമെന്ന് നമുക്ക് ആശിക്കാം.







# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)

പ്രിയ കരയോഗാംഗങ്ങളെ,

വെള്ളം സർവ്വത്ര വെള്ളം, കുടിക്കാൻ ഒരു തുള്ളി വെള്ളമില്ല എന്ന സ്ഥിതിയിലേക്കാണ് നമ്മുടെ നഗരം പൊയ്ക്കൊണ്ടിരിക്കുന്നത്. കാലം തെറ്റിയുള്ള മഴയും കാലാവസ്ഥാവ്യതിയാനങ്ങളുടെ ഭാഗമായി ഉള്ള ചൂടും തണുപ്പുമെല്ലാം മാറി മാറി വരുന്നു. ഇത് തരണം ചെയ്യുവാൻ യാതൊരു വിധത്തിലുള്ള പ്രയത്നവും നമ്മളാരും ചെയ്യുന്നില്ല. എല്ലാം ഭരണാധികാരികളുടെയും, സർക്കാരിന്റെയും, തദ്ദേശ സ്വയംഭരണവകുപ്പിന്റെയും ചുമതലയിലേക്ക് മാത്രം മാറ്റി വിടുമ്പോൾ നമ്മുടെ ഉത്തരവാദിത്വം നിറവേറ്റുവാൻ നാം മറന്നു പോകുന്നു. ഈ സമൂഹത്തിൽ ജീവിക്കുന്ന നാം ഓരോരുത്തർക്കും നമ്മളുടെ കടമകളെക്കുറിച്ചും, പൗരബോധത്തെ സംബന്ധിച്ചും വ്യക്തമായ ധാരണ വേണം. നമുക്ക് ഇല്ലാത്തതും അതുതന്നെയല്ലെ?. വീട്ടിലെ മാലിന്യങ്ങളും അതുപോലെ പ്ലാസ്റ്റിക്കും നമ്മുടെ ഉപയോഗം കഴിഞ്ഞാൽ നേരെ വലിച്ചെറിയുന്നത് അയൽപക്കത്തുള്ളവന്റെ പറമ്പിലേക്കോ, പൊതുനിരത്തുകളിലേക്കോ ആണ്. ഈ മാലിന്യങ്ങൾ കാനയിലൂടെ ഒഴുകി കാനയുടെ ഏതെങ്കിലും ഒരു ഭാഗത്ത് ചെന്ന് അടിഞ്ഞുകൂടുന്നു. ഈ തടസ്സങ്ങൾ മൂലം മഴക്കാലത്ത് വെള്ളക്കെട്ട് ഉണ്ടാകുന്നു. പ്ലാസ്റ്റിക്കിന്റെ ഉപയോഗം നൂറു ശതമാനവും ഒഴിവാക്കുവാൻ നാം ഓരോരുത്തരും അടിയന്തിരമായി ഒരു പ്രതിജ്ഞ എടുക്കണം. ഇല്ലെങ്കിൽ ഇതിന്റെ വിപത്ത് മഴക്കാലത്തെ വെള്ളക്കെട്ടു മാത്രമല്ല, ക്യാൻസർ പോലുള്ള മാരകരോഗങ്ങൾക്കും കാരണമാകുമെന്ന് ഈ മേഖലയുമായി ബന്ധപ്പെട്ട വിദഗ്ദ്ധരായ ഗവേഷകർ കണ്ടെത്തിക്കഴിഞ്ഞിരിക്കുന്നു. നമ്മളെ സംബന്ധിച്ചിടത്തോളം നാമിത് തിരിച്ചറിയുകയും പ്രചരിപ്പിക്കുകയും ചെയ്യണം.

വെള്ളക്കെട്ട് നിയന്ത്രിക്കുന്നത് സംബന്ധിച്ച് കഴിഞ്ഞ എത്രയോ വർഷങ്ങളായി പല ഭരണാധികാരികൾ ഭരിച്ചിട്ടും യാതൊരു മാറ്റവും ഉണ്ടായിട്ടില്ല. കൊച്ചിയെ സംബന്ധിച്ച് മെട്രോ റെയിൽ വന്നതിനു ശേഷവും, സഹോദരൻ അയ്യപ്പൻ റോഡിന്റെ ഒരു ഭാഗം വികസിച്ചു എന്നല്ലാതെ പുതിയ റോഡുകളോ, പുതിയ ബൈപാസുകളോ, ഫ്ളൈഓവറുകളോ, ഇവിടുത്തെ ഗതാഗതകുരുക്ക് പരിഹരിക്കുന്നതിന് ആവശ്യമായ മാർഗ്ഗങ്ങളോ, ഒന്നും തന്നെയും ഉണ്ടായിട്ടില്ല എന്നത് സത്യമാണ്. ഇതിന് രാഷ്ട്രീയക്കാരെ നമുക്ക് കുറ്റം പറയാതിരിക്കാൻ കഴിയില്ല. കുറ്റം പറഞ്ഞിട്ട് കാര്യവുമില്ല. കാരണം ഇതൊരു കൂട്ടുകക്ഷി കച്ചവടമാണ്. ഈ കച്ചവടത്തിൽ ഭരണപക്ഷവും പ്രതിപക്ഷവും മാറി മാറി ഭരണം നടത്തുന്ന ഒരു വ്യവസ്ഥയാണ് കഴിഞ്ഞ നാല്പതു കൊല്ലമായി കേരളം കണ്ടുകൊണ്ടിരിക്കുന്നത്. ഇന്ന് രാഷ്ട്രീയം വലിയൊരു കച്ചവടത്തിന്റെ മേഖലയായി മാറിയിരിക്കുന്നു. ഇവരിൽ നിന്ന് നീതിയുക്തമായ ഒരു തീരുമാനവും പ്രതീക്ഷിക്കേണ്ടതില്ല. ചവറു സംസ്കരണം അല്ലെങ്കിൽ ചവറു നീക്കം ചെയ്യൽ വലിയ ഒരു ലോബിയുടെ കൈയ്യിലുമാണെന്ന് കൊച്ചിൻ കോർപ്പറേഷനുമായി ബന്ധപ്പെട്ട ആർക്കും വ്യക്തമായി മനസ്സിലാവും. ബ്രഹ്മപുരം വെയ്സ്റ്റ് മാനേജ്മെന്റ് സ്കീം എത്രയോ കൊല്ലങ്ങളായി പൂർത്തിയാകാതെ കിടക്കുന്നു. അങ്ങോട്ടുമിങ്ങോട്ടും പഴിചാരി ഇന്നും പ്രവർത്തനം ഒരു കാരണവശാലും മുന്നോട്ടു പോകാത്ത സ്ഥാപനമായി അത് മാറിയിരിക്കുന്നു. ബ്രഹ്മപുരം പ്രദേശനിവാസികൾക്കു വലിയ ഒരു ദുരന്തവും ശാപവുമായി ഇത് തീർന്നിരിക്കുന്നു.

ലോകത്ത് നമ്മളെക്കാൾ കൂടുതൽ യൂസ് ആൻഡ് ത്രോയും, ഫാസ്റ്റ് ഫുഡ്ഡും, ഉപയോഗിക്കുന്ന സമൂഹത്തിൽ ജീവിക്കുന്നവർ വെയ്സ്റ്റ് മാനേജ്മെന്റ് എത്ര കൃത്യതയോടെയാണ് നടത്തുന്നത് എന്ന് മനസ്സിലാക്കുവാൻ, പഠിക്കുവാൻ എത്രയോ തവണ വിദേശ പര്യടനം കഴിഞ്ഞിട്ടും നമ്മുടെ ഭരണാധി

കാരികൾക്ക് കഴിഞ്ഞിട്ടില്ല എന്നത് ലജ്ജാകരമാണ്. കഴിഞ്ഞ പത്തുകൊല്ലം മുമ്പ് ഒരു മേയർ, കൊച്ചിയിൽ വെയ്സ്റ്റ് കുന്നുകൂട്ടുന്നതിനു പകരം അത് സ്വയം നീക്കം ചെയ്യണമെന്ന നിർദ്ദേശിച്ചു. ആ മേയർ ആദ്യം ചെയ്തത് കൊച്ചിൻ കോർപ്പറേഷന്റെ വിവിധ ഭാഗങ്ങളിൽ വെയ്സ്റ്റ് ഇടുവാൻ വെച്ചിരുന്ന വെയ്സ്റ്റ് ബിന്നുകൾ എല്ലാം നീക്കം ചെയ്തു. ഇന്ന് കൊച്ചിൻ കോർപ്പറേഷന്റെ ഓരോ റോഡിന്റെയും മൂലയിൽ കുടുംബശ്രീക്കാർ വീടുകളിൽ നിന്നെടുക്കുന്ന വെയ്സ്റ്റ് കൂട്ടിയിടുകയും, ആ കൂട്ടിയിടുന്ന വെയ്സ്റ്റ് അവിടിട്ടുതന്നെ വേർതിരിച്ച് ലോറിയിൽ കയറ്റി കൊണ്ടു പോകുകയും ചെയ്യുന്നു. ചിലയിടങ്ങളിൽ വെയ്സ്റ്റ് കെട്ടികിടക്കുന്നുമുണ്ട്. ദുർഗന്ധപൂരിതവും, ശോചനീയവും, വൃത്തികെട്ടതുമായ സാഹചര്യത്തിലാണ് ഇന്ന് കൊച്ചിൻ കോർപ്പറേഷനിലെ തൊഴിലാളികൾ പണിയെടുത്തു കൊണ്ടിരിക്കുന്നത്. ഓരോ റോഡിലും വെയ്സ്റ്റ് ബിന്നുകൾ വെയ്ക്കുകയും അവയിലെ വെയ്സ്റ്റ് എല്ലാ രാത്രികളിലും നീക്കം ചെയ്ത് വൃത്തിയാക്കി വെക്കുകയും ചെയ്യുന്ന ഒരു സംവിധാനം ഉണ്ടാക്കുകയാണ് വേണ്ടത്. നമ്മുടെ ഭരണാധികാരികൾക്ക് അതിനു കഴിയില്ല എന്നത് വസ്തുതയാണ്. അതുകൊണ്ട് നമുക്ക് നിർദ്ദേശിക്കുവാനുള്ളത് കൊച്ചിൻ എയർപോർട്ടിന്റെയും കൊച്ചി മെട്രോയുടെയും (DMRC) മാതൃകയിൽ ഒരു പ്രത്യേകമായ സംവിധാനം ഉണ്ടാക്കി ആത്മാർത്ഥതയും ആർജ്ജവവും ഉള്ള ശ്രീ. ഇ. ശ്രീധരനെപ്പോലെയുള്ളവരെ ഉൾപ്പെടുത്തി കൊച്ചി നഗരത്തിന്റെ മലിനീകരണ പ്രശ്നങ്ങൾക്കും വെള്ളക്കെട്ടുകൾക്കും കാനയുടെ പുനക്രമീകരണങ്ങൾക്കും റോഡുകളുടെ അറ്റകുറ്റ പണികൾക്കും വേണ്ടി ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പിനി ഉണ്ടാക്കുകയും ആ കമ്പിനി ഗവൺമെന്റ് നൽകുന്ന പണം കൃത്യതയോടെ ഉപയോഗിച്ച് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി പ്രശ്നം പരിഹരിക്കുകയും ചെയ്യണമെന്നാണ്. അല്ലാതെ അഞ്ചുകൊല്ലം സ്ത്രീയെയും അഞ്ചു കൊല്ലം പുരുഷനെയും തിരഞ്ഞെടുക്കുന്ന ഈ കൗൺസിലർമാർക്ക് ഈ വിഷയത്തിൽ ഒന്നും ചെയ്യാൻ കഴിയില്ല എന്നു മാത്രമല്ല കൊല്ലം തോറും കേന്ദ്രസംസ്ഥാന സർക്കാരുകൾ നൽകുന്ന ഫണ്ട് മാർച്ച് 31 നു മുമ്പ് എങ്ങനെയെങ്കിലും തീർക്കുക എന്ന ഒറ്റ ലക്ഷ്യം മാത്രം വെച്ചുകൊണ്ട് എന്തെങ്കിലും കാട്ടികൂട്ടുന്ന സംവിധാനത്തിന് ഒരു മാറ്റം വന്നേ തീരൂ. അതിനുവേണ്ടി നാം ഒത്തൊരുമിച്ച് ശ്രമിച്ചില്ലായെങ്കിൽ എറണാകുളം കുളമാകും -നമ്മൾ വെള്ളത്തിലുമാകും എന്ന കാര്യത്തിന് സംശയമില്ല. അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്കും പ്രചരണങ്ങൾക്കും വേണ്ടി മുന്നിട്ടിറങ്ങണമെന്നാണ് ഈ സമയത്ത് അപേക്ഷിക്കാനുള്ളത്.

കൊച്ചി നഗരത്തിൽ ഗ്രീൻ പ്രോട്ടോകോൾ എന്ന സംവിധാനം ജില്ലാ ഭരണാധികാരികൾ നടപ്പിലാക്കിയ അന്നു മുതൽ എറണാകുളം കരയോഗം നൂറു ശതമാനവും ഗ്രീൻ പ്രോട്ടോകോൾ എന്ന നിലയിലാണ് ഈ കരയോഗത്തിലെ വിവിധ ഹാളുകളിലെ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടു പോകുന്നത്. നമ്മൾ ജലശുദ്ധീകരണ പ്ലാന്റുകൾ, വെയ്സ്റ്റ് മാനേജ്മെന്റുകൾ ,ഇൻസ്റ്റിലേറ്ററുകൾ എല്ലാം സ്ഥാപിച്ച് ഒരു പരിധി വരെ, തൊണ്ണൂറു ശതമാനമെങ്കിലും, പ്രായോഗികമായി ഈ കാര്യങ്ങൾ സമൂഹത്തിനുവേണ്ടി മാതൃകാപരമായി ചെയ്യുന്നുണ്ട് എന്ന് പറയുന്നതിൽ വളരെ അഭിമാനമുണ്ട്. എറണാകുളം കരയോഗത്തിലേക്ക് വിവിധ ആവശ്യങ്ങൾക്കായി വരുന്നവരോടെനിക്ക് വിനീതമായി പറയുവാനുള്ളത്, ദയവു ചെയ്ത് ടി.ഡി.എം ഹാളിൽ പ്ലാസ്റ്റിക്കുകളിൽ പൊതിഞ്ഞ പ്രസന്റേഷൻ ഉൾപ്പടെയുള്ള സാധനങ്ങൾ കൊണ്ടുവരരുതേ എന്നാണ്. ഓരോ പരിപാടി കഴിയുമ്പോഴും അമ്പതിലധികം പ്ലാസ്റ്റിക് കവറുകൾ നീക്കം ചെയ്യേണ്ട അവസ്ഥ വരുന്നൂ എന്ന അനുഭവംകൊണ്ടു പറയുകയാണ്. നമുക്കും നമ്മുടേതായ ഒരു ചെറിയ പങ്ക് ഈ സമൂഹത്തിനുവേണ്ടി ചെയ്യേണ്ടതുണ്ട്. അതുകൊണ്ട് അതിലേക്കും നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു.

കരയോഗത്തിന്റെ ഗുരുവായൂർ രാധേയം ഗസ്റ്റ് ഹൗസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏകദേശം പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. എന്നാൽ കേന്ദ്രസർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും വിവിധ വകുപ്പുകളുടെ ലൈസൻസുകൾ കിട്ടാനുള്ള ചില പ്രായോഗികമായ താമസങ്ങളാണ് ഇവിടുത്തെ ജോലികൾ പൂർത്തീകരിക്കാൻ കാലതാമസം വരുത്തുന്നത്. ഇതിനുള്ള പേപ്പർ വർക്കുകളെല്ലാം പൂർത്തിയായിക്കൊണ്ടിരിക്കുന്നു. വളരെ ദ്രുതഗതിയിൽ പണികൾ പുരോഗമിക്കുന്നു. 2020 ആദ്യംതന്നെ ഉദ്ഘാടനം ചെയ്യുവാൻ കഴിയും എന്ന ശുഭപ്രതീക്ഷയും ഉണ്ട്. അതിന് നിങ്ങളുടെ ഓരോരുത്തരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. ഗുരുവായൂരു പോകുന്ന കരയോഗാംഗങ്ങൾ ഗുരുവായൂർ തെക്കേ നടയിൽ കാരക്കാട്ട് റോഡിലുള്ള എറണാകുളം കരയോഗത്തിന്റെ ഗസ്റ്റ് ഹൗസ് ഒന്നു പോയി കാണുകയും അഭിപ്രായങ്ങൾ നേരിട്ടറിയിക്കുകയും ചെയ്താൽ നന്നായിരിക്കും എന്നഭ്യർത്ഥിക്കുന്നു.

2019ലെ നവരാത്രി ആഘോഷമത്സരങ്ങളിൽ 4 വിഭാഗങ്ങളിലായി 41 ഇനങ്ങളിൽ സെപ്റ്റംബർ 29 മുതൽ ഒക്ടോബർ 8 വരെ കരയോഗത്തിന്റെ





വിവിധ ഹാളുകളിലായി 1110 അപേക്ഷകർക്ക് മത്സരങ്ങൾ നടത്തുകയുണ്ടായി. 350 ഓളം വിജയികൾക്ക് ഒക്ടോബർ 8 ന് കൂടിയ സമാപനയോഗത്തിൽ സമ്മാനം വിതരണം ചെയ്തു. നവരാത്രി ആഘോഷത്തിൽ പങ്കെടുത്ത എല്ലാ കലാകാരന്മാരോടും, വിധികർത്താക്കളോടും, മത്സരത്തിൽ പങ്കെടുത്തവരോടും നന്ദി രേഖപ്പെടുത്തുന്നു. വിജയികൾക്ക് അഭിനന്ദനങ്ങളും അർപ്പിക്കുന്നു.

സംപൂജ്യ സ്വാമി ചിദാനന്ദപുരിയുടെ ഉപനിഷദ് വിചാരയജ്ഞം ടി ഡി എം ഹാളിൽ 2019 ഡിസംബർ 2-ാം തീയതി തിങ്കളാഴ്ച ആരംഭിച്ച് 12-ാം തീയതി വ്യാഴാഴ്ച പര്യവസാനിക്കുന്നു.

എറണാകുളം കരയോഗം ഫിലിംക്ലബ്ബിന്റെ നവംബർ മാസ പരിപാടിയായി 17-ാം തീയതി വൈകുന്നേരം 5.00 മണിക്ക് 'നായരു പിടിച്ച പുലിവാൽ' എന്ന സിനിമ ടി.ഡി.എം നർമ്മദ ഹാളിൽ പ്രദർശിപ്പിക്കുന്നതാണ്.

കരയോഗത്തിന്റെ സഹകരണത്തോടെ നടത്തുന്ന ബീമിന്റെ പ്രതിമാസ പരിപാടി ശ്രീമതി. കല്യാണി രമണി അവതരിപ്പിക്കുന്ന 'കർണ്ണാടക സംഗീത കച്ചേരി' നവംബർ 22-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 6.30 ന് ടി.ഡി.എം ഹാളിൽ നടക്കുന്നതാണ്.

സംഗീത പരിപാടിയായ 'അകായിലെ സംഗീതം' നവംബർ 24-ാം തീയതി ഞായറാഴ്ച വൈകുന്നേരം 4.30 ന് ടി.ഡി.എം കാവേരി ഹാളിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പ്രതിമാസ കഥകളി 'രാജസൂയം' നവംബർ 26-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 6.30 ന് ടി.ഡി.എം ഹാൾ ഗംഗയിൽ അവതരിപ്പിക്കുന്നതാണ്.

കരയോഗത്തിന്റെ തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങളിലും അംഗങ്ങളുടെ സഹകരണവും സാന്നിദ്ധ്യവും പ്രതീക്ഷിച്ചു കൊള്ളുന്നു.

ജനറൽ സെക്രട്ടറി

## എറണാകുളം കരയോഗം
## 16.11.2019 മുതൽ 07.12.2019 വരെയുള്ള പരിപാടികൾ

| | | |
|---|---|---|
| 16.11.2019 ശനി | 10.00 a.m. | : വേദാന്തപഠന ക്ലാസ്സ് (ആചാര്യൻ കെ. ആർ നമ്പ്യാർ) |
| 17.11.2019 ഞായർ | 10.00 a.m. | : പാർക്കിൻസൺസ് രോഗചികിത്സ (ആയുഷ്യം പോളിക്ലിനിക്) |
| | 5.00 p.m. | : കരയോഗം ഫിലിംക്ലബ്ബ് - സിനിമ- നായരു പിടിച്ച പുലിവാൽ |
| 20.11.2019 ബുധൻ | 2.30 p.m. | : ദേവിഭാഗവതം ക്ലാസ്സ് |
| | 3.30 p.m. | : വിമൻസ് ഫോറം യോഗം |
| 22.11.2019 വെള്ളി | 6.30 p.m. | : ബിം പ്രതിമാസ പരിപാടി- കർണ്ണാടക സംഗീത കച്ചേരി ശ്രീമതി കല്യാണി രമണി |
| 23.11.2019 ശനി | 10.00 a.m. | : വേദാന്തപഠന ക്ലാസ്സ് (ആചാര്യൻ കെ. ആർ നമ്പ്യാർ) |
| 24.11.2019 ഞായർ | 4.30 p.m. | : കരയോഗം സാംസ്കാരിക വേദി - അകായിലെ സംഗീതം താരാട്ട് പാട്ട് |
| 26.11.2019 ചൊവ്വ | 6.30 p.m. | : കരയോഗം കഥകളി ക്ലബ്ബ് - കഥകളി - രാജസൂയം |
| 27.11.2019 ബുധൻ | 3.00 p.m. | : ദേവിഭാഗവതം ക്ലാസ്സ് |
| 30.11.2019 ശനി | 10.00 a.m. | : വേദാന്തപഠന ക്ലാസ്സ് (ആചാര്യൻ കെ. ആർ നമ്പ്യാർ) |
| 04.12.2019ബുധൻ | 3.00 p.m. | : ദേവിഭാഗവതം ക്ലാസ്സ് |
| 07.12.2019 ശനി | 10.00 a.m. | : വേദാന്തപഠന ക്ലാസ്സ് (ആചാര്യൻ കെ. ആർ നമ്പ്യാർ) |

## വിമൻസ് ഫോറം 2019 ഒക്ടോബർ മാസത്തെ പരിപാടി

| തീയതി | വിഷയം | സമയം |
|---|---|---|
| 20.11.2019 | ഗതകാല സ്മരണകൾ | 3.30 p.m. |



# ബാല ലോകം

ലക്ഷ്മിദേവി നായർ (ഫോൺ: 9947770638)

പ്രിയപ്പെട്ട കൂട്ടുകാരെ,

കൂട്ടുകാർ പലപ്പോഴും ക്രിക്കറ്റ് കളി കാണാറില്ലെ? അതിൽ ഇന്ത്യ ജയിക്കുമ്പോൾ തുള്ളിച്ചാടാൻ തോന്നാറില്ലേ? നമ്മുടെ ഭാരതാംബയുടെ മക്കൾ ഏറെ നിപുണരാണ് കേട്ടോ കൂട്ടുകാരെ. നാളെ നിങ്ങളും പല തരത്തിലും വിജയം കൊയ്യേണ്ടവരാണ്.

മഹാകവി രവീന്ദ്രനാഥടാഗോർ ഒരിക്കൽ പറഞ്ഞിട്ടുണ്ട്. ലോകരാഷ്ട്രങ്ങൾക്ക് മുൻപിൽ പ്രോജ്വലിച്ചു നിൽക്കുന്ന ഭാരതമാതാവിനെ നമ്മുടെ നേത്രങ്ങൾ കൊണ്ട് തന്നെ ദർശിക്കാനാവുന്ന ഒരു കാലം വരും. എന്റെ സോദരരെ, നമ്മുടെ ശാസ്ത്രജ്ഞന്മാരുടെ ബുദ്ധികൂർമതയിൽ, ജാഗ്രതയിൽ നമുക്ക് തീർച്ചയായും അഭിമാനിക്കാം. അവർ വർഷങ്ങളുടെ സപര്യയിലൂടെയും, കഠിനമായ പ്രയത്നത്തിലൂടെയും നമുക്ക് സമ്മാനിച്ചത് എന്താണെന്ന് ഇന്ന് എല്ലാ കൂട്ടുകാർക്കും അറിയാമല്ലോ ? സൗരയൂഥത്തെ കുറിച്ചൊക്കെ കൂട്ടുകാരും പഠിച്ചിട്ടുണ്ടായിരിക്കുമല്ലോ?

ഇക്കഴിഞ്ഞ സെപ്റ്റംബർ ഏഴ് നമമുടെ ജീവിതത്തിലെ ഏറെ നിർണായകമായ ഒരു ദിവസമായിരുന്നില്ലേ? അമ്പിളിമാമനെ മുത്തമിടാൻ കൊതിച്ച നമ്മുടെയെല്ലാം നാവുകളിൽ തത്തിക്കളിച്ച ഒരു പഴയ ഗാനമുണ്ട് കൂട്ടുകാരെ.

'അമ്പിളി അമ്മാവാ താമരക്കുമ്പിളിലെന്തുണ്ട് കുമ്പിട്ടിരിപ്പാണോ മാനത്തെ കൊമ്പനാനപ്പുറത്ത്'? അമ്പിളിയെ താഴേക്കുവരാൻ ക്ഷണിക്കുന്ന ഒരു ഗാനം.

ഇപ്പോൾ നമ്മുടെ ശാസ്ത്രജ്ഞന്മാർ ചന്ദ്രനിലേക്ക് എത്താൻ ശ്രമിക്കുന്ന ചന്ദ്രയാൻ 2 എന്ന ദൗത്യത്തെ കുറിച്ച് കൂട്ടുകാരും ആകാംക്ഷയോടെ കേൾക്കാൻ കാത്തിരുന്നിട്ടുണ്ടാവാം. അല്ലെ? കഴിഞ്ഞ ജൂലൈ ഇരുപത്തി രണ്ടിന് ഉച്ചയ്ക്ക് ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിലെ വിക്ഷേപണത്തറയിൽ നിന്നും പുറപ്പെട്ട് ഏതാനും ദിവസങ്ങൾകൊണ്ട് പതുക്കെ ചന്ദ്രനിൽ ഇറങ്ങാനാണ് ശാസ്ത്രജ്ഞർ ലക്ഷ്യമിട്ടത്. ഭാരതത്തിലെ ഓരോ പൗരനും അതിനായി ശ്വാസമടക്കി കാത്തിരുന്നു. പതിനെട്ടു ദിവസം പേടകം ചന്ദ്രനെ ചുറ്റി ചന്ദ്രന്റെ ഗുരുത്വാകർഷണത്തിൽ പെടാതെ ചന്ദ്രയാൻ 2 വിക്രം ലാൻഡറിനെ പതുക്കെ ചന്ദ്രോപരിതലത്തിൽ ഇറക്കുക എന്നത് മാത്രമായിരുന്നു ശാസ്ത്രജ്ഞന്മാരുടെ ചിന്ത. നമ്മളും പ്രാർത്ഥനാനിരതരായി കാത്തിരുന്നില്ലേ ? പക്ഷെ പൂർണമായി നമ്മൾ വിജയിച്ചില്ല. എങ്കിലും തൊണ്ണൂറ്റെട്ടു ശതമാനം വിജയിച്ചു കൂട്ടുകാരെ. ഇതു നമ്മുടെ അഭിമാനമാണ്. മണിക്കൂറിൽ ഇരുനൂറ്റി തൊണ്ണൂറ്റി അറ് കിലോമീറ്റർ വേഗതയിൽ വിക്രം ലാൻഡർ ചന്ദ്രനിൽ നിന്നും മുപ്പതു കിലോമീറ്റർ അകലെയായി ചന്ദ്രോപരിതലത്തിൽ പതിച്ചു. വിമാനം ഇടിച്ചിറങ്ങുന്നതിനേക്കാൾ പതിന്മടങ്ങ് അതിശക്തമായ ഇറക്കം വിക്രത്തിന് കനത്ത ആഘാതമായി. പ്രവർത്തന കാലാവധി തീർന്നതും, ചന്ദ്രന്റെ ദക്ഷിണധ്രുവം ഇരുട്ടിലായതും ബന്ധം സ്ഥാപിക്കാനുള്ള സാധ്യത കുറച്ചു. സെപ്റ്റംബർ ഏഴിന് പുലർച്ചെ നമ്മെയെല്ലാം അല്പം നിരാശരാക്കിക്കൊണ്ടു ദക്ഷിണധ്രുവത്തിൽ വിക്രം ലാൻഡർ മൂന്നുഘട്ടവും താണ്ടിയ ശേഷം ഇടിച്ചിറങ്ങി. പക്ഷെ, നാം വിജയിച്ചുകൂട്ടുകാരെ, തൊണ്ണൂറ്റെട്ടു ശതമാനം.

ഇതുകൊണ്ടൊന്നും നാം നമ്മുടെ ശ്രമം ഉപേക്ഷിക്കാൻ തയ്യാറില്ല എന്നു തന്നെ നമ്മുടെ ഐ എസ് ആർ ഒ ചെയർമാൻ ഡോക്ടർ കെ. ശിവൻ വ്യക്തമാക്കിയിട്ടുണ്ട്. ഇനിയും ചന്ദ്രനെക്കുറിച്ചു ഗവേഷണത്തിന് തയ്യാറെടുക്കുകയാണ് നാം ഭാരതമക്കൾ. അടുത്ത ഗഗൻയാൻ യഞ്ജത്തി നൊരുങ്ങുകയാണ് നാം. ബഹിരാകാശത്തു മനുഷ്യനെ എത്തിക്കുന്ന ദൗത്യമാണിത് കേട്ടോ കൂട്ടുകാരെ ? ഇതേക്കുറിച്ച് വരുന്ന ഓരോ പത്രവാർത്തകളും കൂട്ടുകാരും വായിക്കണം . നാളെ കൂട്ടുകാരും ഇത്തരം പരീക്ഷണങ്ങളിൽ ഏർപെടുകയില്ലെന്നാരു കണ്ടു?

ധർമവും, സത്യവും.

ധർമ്മം ചര, സത്യം വദ എന്ന് കൂട്ടുകാർ കേട്ടിട്ടില്ലേ? ധർമവും, സത്യവും നാം എന്നും അനുഷ്ഠിക്കണം. ജീവിത പുരോഗതിക്കു ഇത് അത്യന്താപേക്ഷിതമാണ്. ധർമം ഉള്ള സ്ഥലത്ത് വിജയവും ഇല്ലാത്തിടത്ത് പരാജയവും സംഭവിക്കും. ഇത് അനുഭവസത്യമാണ്.





രാഗപരിചയം

# ഭൈരവി

ഡോ. ജയലക്ഷ്മി നന്ദകുമാർ

ഏകദ്ദേശം 1500 വർഷങ്ങൾക്ക് മുൻപ് തന്നെ നിലവിലുണ്ടായിരുന്ന വളരെ പുരാതനമായ രാഗമാണ് ഭൈരവി. ആ കാലഘട്ടത്തിൽ, സംഗീതജ്ഞർ പരാമർശിച്ചിരുന്ന 19 പ്രസിദ്ധ മേളങ്ങളിൽ 7-ാമത്തെ രാഗം ഭൈരവിയായിരുന്നു എന്ന് പല ഗ്രന്ഥങ്ങളിൽ നിന്നും വ്യക്തമാകുന്നു. സംഗീതരത്നാകരം, സംഗീത മകരന്ദം, സംഗീത സമയസാരം തുടങ്ങിയ ലക്ഷണഗ്രന്ഥങ്ങളിലും ഭൈരവി രാഗത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്.

20-ാമത്തെ മേളകർത്താ രാഗമായ നഠഭൈരവിയുടെ ജന്യരാഗമാണ് ഭൈരവി.

ആരോഹണം: സ രി ഗ മ പ ധ നി സ/ സ ഗ രി ഗ മ പ ധ നി സ

അവരോഹണം : സ നി ധ പ മ ഗ രി സ

സ്വരസ്ഥാനങ്ങൾ: ഷഡ്ജം, ചതു:ശ്രുതി രിഷഭം, സാധാരണ ഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം, ശുദ്ധ ധൈവതം, ചതു: ശ്രുതി ധൈവതം, കൈശികി നിഷാദം.

ക്രമ-സമ്പൂർണ്ണ ആരോഹണ - അവരോഹണം വരുന്ന ജന്യരാഗം എന്ന സവിശേഷത കൂടി ഭൈരവി രാഗത്തിനുണ്ട്. ആരോഹണത്തിൽ തന്നെ അന്യസ്വരമായ ചതു:ശ്രുതി ധൈവതം സംയോജിക്കപ്പെട്ടിരിക്കുന്നു. അതു കൊണ്ടു തന്നെ ഭൈരവി ഒരു ഭാഷാംഗ രാഗമാണ്.

സർവ്വകാലിക രാഗമാണെങ്കിലും സായാഹ്ന സമയം ഏറ്റവും അഭികാമ്യം. ഭക്തി, കരുണ, സ്നേഹം എന്നി ഭാവങ്ങൾ പ്രകടിപ്പിക്കുവാൻ അത്യുത്തമമായ രാഗം. 'കൗശികം' എന്ന തമിഴ് പൺ(രാഗം) ഭൈരവീ രാഗത്തോട് സമാനമാണ്. ഹിന്ദുസ്ഥാനിയിലെ 'ഭൈരവി' എന്നു പേരുള്ള രാഗം കർണ്ണാടക സംഗീതത്തിലെ തോടി രാഗവുമായി സമാനത പുലർത്തുന്നു.

'സഗരിഗമ' എന്നത് ഒരു വിശേഷ പ്രയോഗമാണ് നിഗരിഗസരി - നിരിസരിനിസ എന്നീ ഥാട്ടുസ്വര പ്രയോഗങ്ങളും, പപധധനിനിസസ തുടങ്ങിയ ജണ്ഡ സ്വര പ്രയോഗങ്ങളും ഭംഗി വർദ്ധിപ്പിക്കുന്നവയാണ്. വിസ്തരിച്ചുള്ള രാഗാലാപന, നിരവൽ, കല്പനസ്വരം എന്നിവയ്ക്ക് സാദ്ധ്യതയുള്ള രാഗമാണിത്.

എല്ലാതരത്തിലുള്ള സംഗീത രൂപങ്ങളും ഭൈരവി രാഗത്തിൽ ചിട്ടപ്പെടുത്തിയിട്ടുണ്ട്. മിക്ക സംഗീതജ്ഞരും ഈ രാഗം കൈകാര്യം ചെയ്തിട്ടുമുണ്ട്.

## ഈ രാഗത്തിലുള്ള കൃതികൾ

| | | |
|---|---|---|
| 1. കാമാക്ഷി (സ്വരജതി) | - മിശ്രചാപ്പ് | - ശ്യാമാശാസ്ത്രി |
| 2. വിരിബോണി (വർണ്ണം) | - അടതാളം | - പച്ചിമിറിയം ആദിയപ്പയ്യ |
| 3. ഉപചാരമു ജേസേവാ | - രൂപകം | - ത്യാഗരാജസ്വാമി |
| 4. ബാലഗോപാല | - ആദി | - മുത്തുസ്വാമി ദീക്ഷിതർ |
| 5. ജനനീ മാമവ | - മിശ്രചാപ്പ് | - സ്വാതി തിരുനാൾ |

## ചലചിത്രഗാനങ്ങൾ

| | | |
|---|---|---|
| 1. ഈശ്വരൻ മനുഷ്യനായവതരിച്ചു | - | ശ്രീ ഗുരുവായൂരപ്പൻ |
| 2. മന്ത്രം പോലെ | - | മനസ്സിന്റെ തീർത്ഥയാത്ര |
| 3. ഉന്നൈ കണ്ട് മയങ്കാത | - | അശോക് കുമാർ (തമിഴ്) |
| 4. കായാത കാനഗത്തെ | - | ശ്രീവള്ളി (തമിഴ്) |
| 5. തിരുപ്പാർക്കടലിൽ പള്ളികൊണ്ടായേ | - | സ്വാമി അയ്യപ്പൻ (തമിഴ്) |
| 6. ഓരോ കനവിലും | - | ലോട്ടറി ടിക്കറ്റ് |
| 7. ആരോ മൂളിയൊരീണം | - | മഴനീർ തുള്ളികൾ |
| 8. അതിശയരാഗം | - | അപൂർവ്വ രാഗം 'ഒരുപുറം പാർത്താൽ' എന്ന ഭാഗം |

വാസ്തു

# അടുക്കള -ഗൃഹത്തിന്റെ ഹൃദയഭാഗം



ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ (ഫോൺ: 9447032434)

കാലം മാറി, പാചകരീതികൾ മാറി, അടുക്കളയുടെ ആവശ്യങ്ങൾ മാറി, വാസ്തുവും നൂതനരീതികൾക്കനുസൃതമായി മാറി.

പണ്ട് നമ്മുടെ നാട്ടിൽ അടുക്കളപ്പുര വേറിട്ടു തന്നെയായിരുന്നു. പ്രധാന വസതിയുടെ വടക്കു വശത്തായി അടുക്കളയും ഊണുമുറിയും പത്തായപുരയും ഒരു ചെറിയ വരാന്തയും ചേർന്നതായിരുന്നു അത്. പ്രധാന ഗൃഹവും, അടുക്കളയും തമ്മിൽ ഒരു ചെറിയ ഇടനാഴിയാൽ ബന്ധിപ്പിച്ചിരിക്കും. കേരളത്തിൽ പൊതുവെ കാറ്റിന്റെ ഗതി തെക്കു നിന്നും വടക്കു കിഴക്കോട്ടാണ്. അടുക്കള വടക്കു വശത്തായതിനാൽ പുകയും കരിയും മറ്റും വീട്ടിലേക്ക് കടക്കുകയുമില്ല.

1970 കാലഘട്ടമായപ്പോഴേക്കും കേരളിയരുടെ പാചകരീതി വല്ലാതെ മാറി. വിറകടുപ്പിൽ നിന്ന് നാം പാചകവാതകത്തിലേക്ക് മാറി. കൂടാതെ സമൂഹത്തിൽ അണുകുടുംബങ്ങൾ രൂപംകൊണ്ടു. ഒരു ശരാശരി മലയാളിയുടെ സ്വന്തം വീട് എന്ന സ്വപ്നത്തിന് ഒരുപാട് മാറ്റങ്ങൾ സംഭവിച്ചു. അടുക്കളയുടെ സ്ഥാനം തെക്കു കിഴക്കായി മാറി. പണ്ടത്തെ താഴെ ഇരുന്നുള്ള പാചകം മാറി കിഴക്കോട്ടു തിരിഞ്ഞു നിന്ന് പാചകം ചെയ്യും വിധം ഒരു തട്ടും രൂപീകൃതമായി. കൂടാതെ കിഴക്കേ ഭിത്തിയിൽ നടുക്ക് ഒരു ജനാലയും സ്ഥാപിക്കപ്പെട്ടു.

സൂര്യൻ എല്ലാ ആറുമാസം കൂടുമ്പോഴും വടക്കു നിന്ന് തെക്കോട്ടും, തെക്കു നിന്ന് വടക്കോട്ടും സഞ്ചരിക്കും. വടക്കോട്ടു സഞ്ചരിക്കുന്നത് ഉത്തരായനം എന്നും തെക്കോട്ടു സഞ്ചരിക്കുന്നത് ദക്ഷിണായനം എന്നും പറയപ്പെടുന്നു. ഉത്തരായനം ഡിസംബർ 21 നു തുടങ്ങും. ജനുവരി 15 ന് ഇന്ത്യ ഒട്ടാകെ മകരപ്പൊങ്കൽ ആഘോഷിക്കുന്നു. ഉത്തരായനത്തിലെ സൂര്യോദയം ദക്ഷിണായനത്തിലേക്കാൾ കൂടുതൽ ശക്തമാണ്. ഈ സമയം പുണ്യസമയമായി കരുതിപ്പോരുന്നു. ഈ സമയം വീടു പണി തുടങ്ങാനും, വിവാഹാദികർമ്മങ്ങൾക്കും, പുരവാസ്തു ബലിക്കും, വ്യവസായാദി സംരംഭങ്ങൾ തുടങ്ങാനും ഉത്തമമായി കരുതി പോരുന്നു. മഹാഭാരതത്തിൽ പറയുന്നു ഭീഷ്മപിതാമഹൻ തന്റെ ജീവന്മുക്തിക്കായി ശരശയ്യയിൽ കാത്തു കിടന്നത് ഉത്തരായനകാലം വരുവാൻ വേണ്ടിയാണ് എന്ന്. ഉത്തരായനത്തിന്റെ പ്രാധാന്യം വിളിച്ചോതുന്നതാണ് ഈ കഥ.

ഏറ്റവും കൂടുതൽ സൂര്യപ്രകാശം രാവിലെ ലഭിക്കാനാണ് തെക്കുകിഴക്കായി അടുക്കളയുടെ സ്ഥാനം നിശ്ചയിക്കപ്പെടുന്നത്. ഈ സമയത്തെ സൂര്യപ്രകാശത്താൽ അടുക്കള മുഴുവൻ ആരോഗ്യദായിനികളായ ജീവകങ്ങൾ (Vitamin) , ധാതുപദാർത്ഥങ്ങൾ (Minerals) ഊർജ്ജം ഇവയാൽ നിറയും. പ്രഭാതത്തിൽ അടുക്കളയുടെ തെക്കുപടിഞ്ഞാറു മൂല ഊർജ്ജത്തെ പാകംചെയ്യുന്ന ഭക്ഷണത്തിലേക്ക് വലിച്ചെടുക്കും. അതുകൊണ്ടു തന്നെ അടുക്കളയുടെ തെക്കു പടിഞ്ഞാറ് വശത്ത്, വാതിലുകൾ പാടില്ല.

അടുക്കള കിഴക്കു ഭാഗത്തായാൽ പ്രകൃതിദത്തമായ സൂര്യപ്രകാശത്തിൽ പാചകം സാദ്ധ്യമാകുന്നു. അതുകൊണ്ട് കിഴക്കു ഭാഗമാണ് അടുക്കളയ്ക്ക് ഏറ്റവും അനുയോജ്യം. അല്ലെങ്കിൽ തെക്കു കിഴക്കോ വടക്കു കിഴക്കോ ആകാം. കിഴക്കേ ഭിത്തിയുടെ നടുക്കോ തെക്കു വശത്തോ ഒരു ജനാല നല്കേണ്ടതാണ്. ഒരിക്കലും അടുക്കള തെക്കു പടിഞ്ഞാറു ഭാഗത്താകരുത്.

ഉത്തരായനത്തിലെ സൂര്യോദയത്തിൽ സൂര്യപ്രകാശം അടുക്കളയിലേക്ക് എത്തുന്നത് ആരോഗ്യത്തിനു നല്ലതാണ്. ജനാല കിഴക്കേ ഭിത്തിയുടെ വടക്കു ഭാഗത്തായാലും സൂര്യപ്രകാശം അടുക്കളയിൽ നന്നായി ലഭിക്കും. പാത്രം കഴുകുന്ന സിങ്ക് വടക്കു കിഴക്കായിരിക്കണം. തെക്കു ഭാഗത്താകരുത്. ധാരാളം സൂര്യപ്രകാശം ലഭിക്കാനായി Cooking Range തെക്കു കിഴക്കു

(ശേഷം 14-ാം പേജിൽ)

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**





തുടർച്ച



# ഭാരതത്തിലെ ഋഷികവികൾ

## അധിനിവേശം-പൈതൃകം-നവോത്ഥാനം

ശ്രീകുമാരി രാമചന്ദ്രൻ (ഫോൺ: 9947054009)

### സന്ത്മതം

കർമ്മത്തിലൂടെ മുക്തി എന്ന ഭഗവദ്ഗീതാസിദ്ധാന്തത്തെ അടിസ്ഥാനമാക്കുന്ന ആത്മീയധാരയാണ് സന്ത്മതം. പ്രത്യേകിച്ച് ഒരു ദൈവത്തെയും ഇതിൽ പ്രകീർത്തിക്കുന്നില്ല. പ്രപഞ്ചം മുഴുവനായി നിറഞ്ഞുനിൽക്കുന്ന അനന്തവും അജ്ഞാതവും അനാമയവുമായ ശക്തിയെയാണ് സന്ത്മതം ആരാധിക്കുന്നത്. ബ്രാഹ്മണ മേധാവിത്വത്തിനും, ചാതുർവർണ്യത്തിനും ജാതിവ്യവസ്ഥക്കും, കാലഹരണപ്പെട്ട ആരാധനാരീതികൾക്കും സന്ത്മതത്തിൽ പ്രസക്തിയില്ല. 'ഈശ്വരൻ നമ്മുടെ ഹൃദയത്തിൽ വസിക്കുന്നുണ്ട്. ഈ നിത്യസത്യത്തെ തിരിച്ചറിയുക, അവിടുത്തെ സമക്ഷം സ്വയം സമർപ്പിക്കുക' എന്ന സിദ്ധാന്തമാണ് സന്ത്മതത്തിന്റെ ആപ്തവാക്യം! സന്ത്മതത്തിൽ 'സദ്ഗുരു'വാണ് മാർഗദർശി. 15-ാം നൂറ്റാണ്ടിൽ കാശിയിൽ ഉദയം കൊണ്ട ഈ ഭക്തിധാരയുടെ ആദ്യകാല വക്താക്കളെന്നറിയപ്പെടുന്നത് കബീറും രവിദാസുമാണെങ്കിലും അവരെക്കാളേറെമുൻപു തന്നെ, സന്ത്മതത്തെക്കുറിച്ചു ചിന്തിച്ചവരുണ്ട്. 13-ാം നൂറ്റാണ്ടിലും 14-ാം നൂറ്റാണ്ടിലും തങ്ങളുടെ നൂതനാശയ ങ്ങളണിനിരത്തിക്കൊണ്ട് യാഥാസ്ഥിതിക സമൂഹത്തെ വെല്ലുവിളിച്ച നാംദേവും രാമാനന്ദയുമാണ് അവരിൽ പ്രമുഖർ!. അവർ ജാതിമതഭേദമെന്യേ വിദ്യാർത്ഥികളെ സംസ്കൃതവും വേദവും പഠിപ്പിച്ചു. രാമാനന്ദയുടെ ശിഷ്യഗണങ്ങളാണ് സന്ത്മതത്തിന്റെ പ്രഥമ പ്രണേതാക്കൾ. കബീർ രാമാനന്ദശിഷ്യനായിരുന്നല്ലോ! സ്ത്രീകൾക്കു വിദ്യ നിഷേധിച്ചിരുന്ന കാലത്ത് സന്ത്മതാചാര്യന്മാർ സ്ത്രീകൾക്കുവേണ്ടി പാഠശാലകൾ സ്ഥാപിച്ചു. ജാതിവ്യവസ്ഥ കൊടുമ്പിരിക്കൊണ്ടിരിക്കുന്ന കാലത്ത് അവർ കീഴാളർക്കു വിദ്യാഭ്യാസം നൽകി.നാംദേവ്, കബീർ, നാനക്, മീരാബായി, സൂർദാസ്, തുളസീദാസ്, തുകാറാം തുടങ്ങിയവർ സന്ത്മത പ്രചാരകരായി അറിയപ്പെടുന്നു. പിൽക്കാലത്ത്, സന്ത്മതത്തിന് ദാദൂപന്ത്, കബീർപന്ത്, ദരിയാപന്ത് എന്നിങ്ങനെ ഉപവിഭാഗങ്ങളുണ്ടായി.

### കബീർ

സന്ത്മതത്തിന്റെ സ്ഥാപകൻ എന്ന നിലക്കാണ് ഭക്തിപ്രസ്ഥാന ചരിത്രത്തിൽ കബീർ ആദരിക്കപ്പെടുന്നത്. അദ്ദേഹത്തിന്റെ ജനനതീയതിയെക്കുറിച്ച് ഭിന്നാഭിപ്രായങ്ങൾ നിലനിൽക്കുന്നു. എ.ഡി. 1425 നു മുമ്പുതന്നെ ഈ പുണ്യജന്മമുണ്ടായതായി നഭദാസ് തന്റെ 'ഭക്തമാൽ' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. 'കബീർ ചരിത്രബോധ്' എന്ന് ഗ്രന്ഥത്തിൽ എ.ഡി. 1455 ലാണ് കബീർ ഭൂജാതനായതെന്ന് ഡോക്ടർ മാതാപ്രസാദ് ഗുപ്തയുടെ പഠനങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. കബീറിന്റെ ജന്മസ്ഥാനത്തെക്കുറിച്ചും വ്യത്യസ്തമായ അനുമാനങ്ങൾ നിലനിൽക്കുന്നു.കാശിയിൽ ജനിച്ചു എന്ന് പ്രബലമായ അഭിപ്രായമുണ്ട്. 'മഗഹർ' ഗ്രാമത്തിൽ ജനിച്ച കബീർ കാശിയിലേക്കു താമസം മാറ്റിയതാണെന്ന് ഡോക്ടർ രാജ്കുമാർ വർമ്മയുടെ പഠനങ്ങൾ വെളിപ്പെടുത്തുന്നു.വിധവയായ ഒരു ബ്രാഹ്മണയുവതിയാണ് കബീറിനു ജന്മം നൽകിയതത്രേ ! അപവാദം ഭയന്ന് അവൾ കുഞ്ഞിനെ ഒരു കൂടയിൽ

കിടത്തി ആറ്റിലുപേക്ഷിച്ചു. മുസ്ലിം ദമ്പതികളായ നീരുവും നീമയും ആറ്റിലുപേക്ഷിക്കപ്പെട്ട നിലയിൽ കണ്ട കുഞ്ഞിനെ എടുത്തു വളർത്തി. 'കബീർ'എന്നു നാമകരണവും ചെയ്തു. നെയ്ത്തുകാരായ മാതാപിതാക്കൾക്ക് പുത്രനു വേണ്ടതായ വിദ്യാഭ്യാസം നൽകാനുള്ള കഴിവുണ്ടായിരുന്നില്ല. ജന്മനാ ബുദ്ധിമാനായ ബാലൻ സ്വാദ്ധ്യായത്തിലൂടെ വിദ്യ അഭ്യസിച്ചു. പിന്നീട് ഗുരു രാമാനന്ദിന്റെ ശിഷ്യനായിത്തീർന്നു. ഹരിയും അള്ളാഹുവും ഒന്നു തന്നെ എന്നു വിശ്വസിച്ച കബീർ സ്വന്തമായ ദർശനങ്ങൾ പ്രചരിപ്പിച്ചു. ജാതിക്കും മതത്തിനുമതീതനായി നിലകൊണ്ട് സമുദായങ്ങളെയും സമൂഹത്തെയും സംസ്കാരസമ്പന്നമാക്കിത്തീർക്കുക എന്നതായിരുന്നു ഈ മഹാഋഷികവിയുടെ ജീവിതലക്ഷ്യം. സനാതന ധർമ്മത്തിൽ നിന്നും ഇസ്ലാമിൽ നിന്നും നല്ല തത്വങ്ങൾ സ്വീകരിക്കുകയും തന്റേതായ നൂതന സിദ്ധാന്തങ്ങൾ ആവിഷ്ക്കരിക്കയും ചെയ്തുകൊണ്ട് കബീർ 'സന്ത്മതം' എന്നൊരു പുത്തൻമതം സ്ഥാപിച്ചു. ഈ മതത്തിൽ ബ്രാഹ്മണനെന്നോ ശൂദ്രനെന്നോ ഹിന്ദുവെന്നോ മുസ്ലീമെന്നോ വേർതിരിവുകളുണ്ടായിരുന്നില്ല. ഇതിൽ പണ്ഡിതനും പാമരനും ഒരേ സ്ഥാനമായിരുന്നു. ബുദ്ധിജീവികളും യുക്തിവാദികളും കബീറിന്റെ സിദ്ധാന്തങ്ങളിൽ ആകൃഷ്ടരായി. പിൽക്കാലത്ത് മഹാത്മാഗാന്ധി, ദയാനന്ദസരസ്വതി, രവീന്ദ്രനാഥ ടാഗോർ തുടങ്ങിയ മഹാന്മാരെ കബീർ ദർശനങ്ങൾ കുറച്ചൊന്നുമല്ല സ്വാധീനിച്ചത്. ലോയി എന്ന സാത്വികയായ ഒരു കന്യകയെ കബീർ ജീവിതസഖിയായി സ്വീകരിച്ചു. ഔരസ സന്താനങ്ങളുണ്ടാകാതെ വന്ന സാഹചര്യത്തിൽ അവർ കമാൽ എന്ന ഒരാൺകുഞ്ഞിനെയും കമാലി എന്ന ഒരു പെൺകുഞ്ഞിനെയും വളർത്തു മക്കളായി സ്വീകരിച്ചു. കബീറിന്റെ ജീവിതത്തിൽ പല അവസരങ്ങളിലും ഈശ്വരന്റെ സാന്നിദ്ധ്യമുണ്ടായിട്ടുണ്ട്. അൽഭുതകരമായ ഒട്ടേറെ കഥകൾ കബീർ ജീവചരിത്രഗ്രന്ഥങ്ങളിൽ കാണാം. ഹിന്ദി സാഹിത്യത്തിന് കബീർ ബൃഹത്തായ സംഭാവനകൾ നൽകി. 'ബീജക്' എന്ന ഗ്രന്ഥം കബീർ അനുയായികളെ സംബന്ധിച്ചിടത്തോളം വേദത്തിനു സമമത്രേ! ആനന്ദ് രാംസാഗർ, വലക് കീ രമൈനി, ചാംചരാ, ഹിംഡോല, ഝുൽനാ, കബീർ പഞ്ജീ, കഹരാ, ശബ്ദാവലി എന്നിവയാണ് കബീറിന്റെ പ്രശസ്ത രചനകൾ (ഇവ രചനകളാണോ, അവയിലെ ശൈലീ വിശേഷങ്ങളാണോ, കാവ്യരൂപങ്ങളാണോ എന്നു വ്യക്തമല്ല). ജ്ഞാൻഗുദഡി, രേഖതേ, സാഖീ സംഗ്രഹ് എന്നീ കബീർ രചനകളെക്കുറിച്ചും ചില ഗവേഷണ ഗ്രന്ഥങ്ങളിൽ പരാമർശങ്ങളുണ്ട്. സന്യാസി എന്ന നിലക്കും സാമൂഹ്യ പരിഷ്ക്കർത്താവ് എന്ന നിലക്കും ജനസമ്മതി നേടിയ കബീർ ദീർഘമായൊരു ജീവിതം നയിച്ചു. വാർദ്ധക്യത്തിൽ മഗഹറിലേക്കു തിരിച്ചു. ഒട്ടേറെ അനുയായികൾ അദ്ദേഹത്തെ അനുഗമിച്ചു. മഗഹറിൽ വെച്ചു സമാധിയായപ്പോൾ അദ്ദേഹത്തിന്റെ ഭൗതികശരീരത്തിന്റെ അവകാശത്തിനായി ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിൽ തർക്കമുണ്ടായെന്നും ഇരുകൂട്ടരെയും അമ്പരിപ്പിച്ചുകൊണ്ട് കബീറിന്റെ ഭൗതികദേഹം അപ്രത്യക്ഷമായെന്നുമാണ് ഐതിഹ്യം.

### രാമാനന്ദ്

ഉത്തരഭാരതത്തിൽ സന്ത്മതം പ്രചരിപ്പിച്ചവരിൽ പ്രമുഖനാണ് രാമാനന്ദ്. നഭാദാസിന്റെ ഭക്തമാൽ എന്ന ഗ്രന്ഥം രാമാനന്ദിനെ പ്രകീർത്തിക്കുന്നു. ദീർഘമായ ജീവിതം നയിച്ചയാളാണ് രാമാനന്ദ് എന്ന് പ്രസ്താവിക്കുന്നുണ്ടെങ്കിലും അദ്ദേഹത്തിന്റെ ജീവിതത്തെക്കുറിച്ചോ, സിദ്ധാന്തങ്ങളെക്കുറിച്ചോ, കാവ്യങ്ങളെക്കുറിച്ചോ നഭാദാസ് യാതൊരു സൂചനയും നൽകുന്നില്ല. എങ്കിലും എ.ഡി. 1356 ൽ അദ്ദേഹം ഭൂജാതനായെന്നും എ.ഡി. 1467 ൽ സമാധിയായെന്നും അനുമാനിക്കുന്നതിൽ അപാകതയില്ല. രാമാനുജാചാര്യന്റെ ശിഷ്യപരമ്പരയിലെ പ്രമുഖനായിരുന്നു രാമാനന്ദ്.പ്രയാഗിലെ ഒരു കന്യാകുബ്ജബ്രാഹ്മണ കുടുംബത്തിലാണ് രാമാനന്ദ് ജനിച്ചത്. വിദ്യാഭ്യാസത്തിനായി പിതാവ് ഇദ്ദേഹത്തെ കാശിയിലേക്കയച്ചു. അവിടെ അദ്ദേഹം രാഘവാനന്ദ് എന്ന ആചാര്യന്റെ കീഴിൽ ശിക്ഷണം നേടി. (രാമാനുജാചാര്യ പരമ്പരയിൽപ്പെട്ട ഹരിആനന്ദിന്റെ ശിഷ്യനായിരുന്നു രാഘവാനന്ദ്. ലോകസഞ്ചാരം ചെയ്ത് ചതുർവർണ്ണങ്ങളിൽപ്പെട്ട സകലർക്കുമിടയിൽ ഭക്തിഭാവനയുണർത്തിയ മഹാനാണ് ഹരിആനന്ദ് എന്ന് നാഭാദാസ് ഭക്തമാലിൽ സൂചിപ്പിക്കുന്നു). മഹാദേവന്റെ ആസ്ഥാനമായ കാശിയായിരുന്നു അദ്ദേഹത്തിന്റെ സ്ഥിരസങ്കേതം. രാഘവാനന്ദിൽ നിന്നു ദീക്ഷ സ്വീകരിച്ചതോടെ രാമാനന്ദും കാശിയിൽ സ്ഥിരവാസമുറപ്പിച്ചു. അദ്ദേഹത്തിന്റെ സമ്പൂർണ്ണരചനകൾ ലഭ്യമല്ലെങ്കിലും ഹിന്ദിയിൽ രചിച്ച ഒന്നു രണ്ടു പദങ്ങൾ വീണ്ടെടുക്കപ്പെട്ടിട്ടുണ്ട്. രാമമന്ത്രത്തിലൂടെ സാധനാമാർഗവും ജഗത് പ്രേമവുമാണ് രാമാനന്ദ് പ്രചരിപ്പിച്ചത്. വലിയൊരു ശിഷ്യസമ്പത്തിനുടമയായിരുന്നു രാമാനന്ദ്. ഇവരിൽ അനന്താനന്ദ്, കബീർ, സുഖാനന്ദ്, സുർസുരാ, പധാവത്, നരഹരി, പീപാ, ഭാവാ





നന്ദ്,രൈദാസ്, ധനാ, സേനാ, സുരസുർ എന്നീ പന്ത്രണ്ടുപേരെക്കുറിച്ച് നഭാദാസിന്റെ ഭക്തമാലിൽ പ്രത്യേകപരാമർശം കാണാം.

### സേന

രാമാനന്ദശിഷ്യരിൽ പ്രമുഖനായ സേനാ ജാതിയിൽ ക്ഷുരകനും ബാംധോഗഢ് നരേശന്റെ സേവകനുമായിരുന്നു. അചഞ്ചലമായ ഭക്തിയുണ്ടായിരുന്ന സേനായിൽ സംപ്രീതനായ ഭഗവാൻ ഒരിക്കൽ സ്വയം സേനായുടെ രൂപത്തിൽ രാജാവിനെ സേവിച്ചതായ ഒരൈതിഹ്യമുണ്ട്. വാസ്തവമറിഞ്ഞ മഹാരാജാവ് സേനായുടെ ശിഷ്യനായിത്തീർന്നുവത്രേ!സേനാ ബീദറിലെ രാജാവിന്റെ സേവകനായിരുന്നെന്നും സന്ത് ജ്ഞാൻദേവിന്റെ ശിഷ്യനായിരുന്നെന്നും മറ്റുചിലർ വിശ്വസിക്കുന്നു. പണ്ഡർപൂറിലെ ഭഗവാൻ വിഠൽനാഥൻ സേനായിൽ സംപ്രീതനായിരുന്നു. ഭക്തന്റെ രൂപം ധരിച്ച് അവിടുന്ന് സ്വയം മഹാരാജാവിന് ക്ഷൗരം ചെയ്തു നൽകിയ കഥയും പ്രസിദ്ധമാണ്. ഈ സംഭവത്തെ അധികരിച്ച് മറാത്തിയിൽ അനേകം അഭംഗുകൾ രചിക്കപ്പെട്ടിട്ടുണ്ട്. ഗ്രന്ഥ്സാഹബിൽ കാണുന്ന പരാമർശങ്ങൾ ശ്രദ്ധിച്ചാൽ ആദ്യകാലത്ത് വാർക്കരി സമ്പ്രദായത്തിന്റെ സഹയാത്രികനായിരുന്ന സേന പിന്നീട് കാശിയിലെ രാമാനന്ദിന്റെ ശിഷ്യനായിത്തീർന്നതാണെന്നു മനസ്സിലാക്കാം. സേനാ എ.ഡി. 1505 ൽ ദിവംഗതനായെന്നാണ് പ്രൊഫസർ റാണഡേയുടെ അഭിപ്രായം. സേനയുടേതായി അനേകം ഹിന്ദി രചനകൾ വീണ്ടെടുക്കപ്പെട്ടിട്ടുണ്ട്.

### സന്ത് കമാലി

സന്ത് കബീറിന്റെ വളർത്തുപുത്രി! ഷേക്തകിയുടെ ഔരസപുത്രി! എന്നൊക്കെയാണ് കമാലിയെക്കുറിച്ച് ചില ഗവേഷകരുടെ നിഗമനം. ബാല്യാവസ്ഥയിൽ മരിച്ചുപോയ അവളുടെ ജഡം സന്ത്കബീർ എട്ടു ദിവസങ്ങൾക്കുശേഷം കബറിൽ നിന്നു പുറത്തെടുത്തു ജീവൻപകർന്നുവത്രേ! പിന്നീട് കമാലിയെ കബീർ സ്വന്തം പുത്രിയായി സ്വീകരിച്ചു വളർത്തിയെന്നും അവളെ ഒരു സന്യാസി വര്യന് വിവാഹം ചെയ്തു നൽകി എന്നും പറയപ്പെടുന്നു.

സന്ത്കബീറിന്റെ അനുയായികളിൽ കമാലിക്ക് മുഖ്യമായ സ്ഥാനമുണ്ടായിരുന്നു. ആദ്യകാലത്ത് ഇവർ ഗോരനാഥ്ധാരയുടെ അനുഗാമിനി ആയിരുന്നു. പിന്നീടാണ് കബീറിന്റെ ശിഷ്യയായത് എന്നും ഒരഭിപ്രായമുണ്ട്. ഗുരുവിന്റെ പ്രേമം-ഭക്തി-മുക്തി എന്ന ദർശനത്തെ കമാലിയും പ്രചരിപ്പിച്ചു. കാശിനരേശൻ സമ്മാനിച്ച ആശ്രമത്തി ൽ ആത്മസാധനയിലാമഗ്നയായി അവർ പാർത്തുപോന്നു. കമാലിയുടെ ജന്മസ്ഥാനം, തീയതി, മാതാപിതാക്കൾ തുടങ്ങിയ വിഷയ ങ്ങളെക്കുറിച്ച് കൃത്യമായ രേഖകൾ ലഭ്യമല്ല. നഭാദാസിന്റെ 'ഭക്തമാൽ' എന്ന ഗ്രന്ഥവും സർവാജിതമുനിയുടെ 'സദ്ഗുരു ശ്രീ കബീർ ചരിതം' എന്ന ഗ്രന്ഥവും കമാലിയെ കബീറിന്റെ പുത്രി എന്നു സംബോധന ചെയ്യുന്നു. രാജസ്ഥാനിലെ ജയസാൽമീറിൽ നിന്നു പ്രകാശനം ചെയ്ത 'ജനപദീയ സന്ത് ഔർ ഉൻകീ വാണി' എന്ന ഗ്രന്ഥത്തിൽ കബീറിന്റെ സമീപത്തായി ഇരിക്കുന്ന കമാലിയെ ചിത്രീകരിച്ചു കാണാം. ഈ ചിത്രത്തിൽ പീപാ, സേനാ, രൈദാസ്, സന്ത്നാംദേവ് തുടങ്ങിയ സന്യാസികളെയും കാണാം. പ്രേമത്തിലൂടെ ഭക്തി എന്ന സിദ്ധാന്തം പ്രചരിപ്പിച്ച കമാലി സുദീർഘമായ ജീവിതത്തിനുശേഷം മുക്തി പ്രാപിച്ചു.

### ഏകാന്തപഥികർ

മദ്ധ്യകാലഭാരതത്തിൽ പലഭാഗങ്ങളിലും നവോത്ഥാനപ്രവർത്തനങ്ങളിലേർ പ്പെട്ടുപോന്ന ചില ഏകാന്തപഥികരുണ്ടായിരുന്നു. പ്രത്യേകിച്ചൊരു മതമോ, മഠമോ ഇല്ലാത്തതിനാലാവാം അവർക്ക് അനുയായികളും കുറവായിരുന്നു. തങ്ങളുടെ സക്രിയമായ പ്രവർത്തനങ്ങളിലൂടെ അവർ സമൂഹത്തിൽ ചലനങ്ങൾ സൃഷ്ടി ക്കുകയും സമൂഹത്തിന്റെ അംഗീകാരം നേടുകയും ചെയ്തു. ഐതിഹ്യങ്ങളി ലൂടെയും മുത്തശ്ശിക്കഥകളിലൂടെയും അനശ്വരരായിത്തീർന്ന ഇവരിൽ പലരും ഭാരത ത്തിന്റെ ആത്മീയാചാര്യന്മാരുടെ പട്ടികയിൽ ഇടം നേടി.

### ലല്ലേശ്വരി (ലല്ലാദേദ്)

കശ്മീരിലെ ശിവയോഗിനിയായ ലല്ലേശ്വരി ഭാരതീയ ഭക്തിപ്രസ്ഥാനത്തിൽ പ്രമുഖസ്ഥാന മലങ്കരിക്കുന്ന വനിതയാണ്. ലാൽദേദ്, ലല്ലാ, ലാൽദീദി, ലല്ലായോഗീശ്വരി, ലലിശ്രീ തുടങ്ങിയ പേരുകളിൽ ഈ മഹതി അറിയപ്പെടുന്നു. ശ്രീനഗറിനടുത്തുള്ള പൗരാണികദേശമായ പുരാനാധിഷ്ടാനയിലെ (പണ്ഡ്റേഥാൻ) ഒരു പണ്ഡിറ്റ് കുടുംബത്തിൽ എ.ഡി. 1320 ലാണ് ലളിത എന്ന ലല്ലേശ്വരിയുടെ ജനനം. പന്ത്രണ്ടാം വയസ്സിൽ വിവാഹിതയായ ലല്ലേശ്വരിക്ക് ഭർതൃഗൃഹത്തിൽ ഏറെ യാതനകൾ സഹിക്കേണ്ടിവന്നു. ഇരുപത്തിനാലാമത്തെ വയസ്സിൽ അവർ ലൗകിക ജീവിതം ത്യജിച്ച് വീടുവിട്ടിറങ്ങി.സിദ്ധശ്രീകാന്ത (സേദ്ബായു) എന്ന ശിവയോഗിയെ ഗുരുവായി വരിക്കയും സന്യാസ ജീവിതത്തിലേക്കു പ്രവേശിക്കയും ചെയ്തു. ലല്ലയുടെ 'വാണി'കൾ (ലല്ലാ വാക്യാനി) സുഫി സന്യാ

സികളടക്കം ആയിരക്കണക്കിന് ആത്മാന്വേഷികളെ സ്വാധീനിച്ചു. ലല്ലാദീദിയുടെ ലളിതമായ പ്രഭാഷണങ്ങളിൽ ആകൃഷ്ടരായ സാധാരണക്കാർ അതിലേറെയുണ്ടായി.കശ്മീരിലെ പ്രമുഖനായ സുഫി പീർ ഷൈക്ക് നൂർ ഉദ്ദിൻ വാലി (നുറുദ്ദീൻ ഋഷി/നന്ദാ ഋഷി) ലല്ലാദീദിയുടെ പ്രമുഖ ശിഷ്യനായിരുന്നു. കുഞ്ഞായിരിക്കുമ്പോൾ സ്വന്തം മാതാവിന്റെ മുല കുടിക്കാൻ വിസമ്മതിച്ച് ലല്ലേശ്വരിയുടെ മുലകുടിച്ചാണത്രേ അദ്ദേഹം വളർന്നത്.

ഹിന്ദുക്കൾക്കും ഇസ്ലാമുകൾക്കും ലല്ലാ 'അമ്മ' യായിരുന്നു. ചിലർ അവരെ 'മുത്തശ്ശി' എന്നു വിളിച്ചു. അക്ഷരാഭ്യാസമില്ലായിരുന്നെങ്കിലും മികച്ച ഉൾക്കാഴ്ചയുള്ള വ്യക്തിയായിരുന്നു ലല്ലാദീദി. ഭഗവദ്ഗീതയിലും ത്രികശാസ്ത്രത്തിലും (കശ്മീരി ശൈവതത്വങ്ങൾ) അവർ അഗാധമായ പാണ്ഡിത്യം നേടി. സാധനയിലൂടെ ആത്മീയോർജ്ജം കൈവരിച്ച് സ്വന്തം വാണികൾ ആവിഷ്ക്കരിച്ചു.ലല്ലാദീദിയുടെ ജീവിതത്തെക്കുറിച്ച് ധാരാളം ഐതിഹ്യങ്ങളുണ്ട്. അവയിലൊന്ന് ചുവടെ കുറിക്കാം.

നികഭട്ട് എന്നായിരുന്നു ലല്ലയുടെ ഭർത്താവിന്റെ പേര്. ഭർതൃഗൃഹത്തിൽ ലല്ലയെ എല്ലാവരും പത്മാവതി എന്നു വിളിച്ചുപോന്നു. സുഖകരമായ ഒരു ദാമ്പത്യമായിരുന്നില്ല അവരുടേത്. ഭർത്താവിൽനിന്നു സ്നേഹമോ പരിചരണമോ ലഭിച്ചില്ല. ഭർതൃമാതാവ് ലല്ലയെ പലവിധത്തിലും ഉപദ്രവിച്ചു. വയർനിറയെ ആഹാരം പോലും നിഷേധിക്കപ്പെട്ടിരുന്ന കാലത്തും ലല്ലാ തന്റെ ശിവോപാസന മുടക്കിയില്ല. നിത്യവും ബ്രാഹ്മമുഹൂർത്തിലുണർന്ന് ഒരു മൺകുടവുമായി തടാകക്കരയിലേക്കു ചെല്ലും. കുളിയും പ്രാർത്ഥനയുമൊക്കെ തടാകക്കരയിൽ തന്നെ. അരമണിക്കൂർ നേരത്തെ പ്രാണായാമവും ദിനചര്യയുടെ ഭാഗമായിരുന്നു. അതുകഴിഞ്ഞാൽ കുടത്തിൽ വെള്ളംകോരിയെടുത്ത് നേരെ നടകേശഭൈരവ ക്ഷേത്രത്തിലെത്തും. നിർമാല്യം തൊഴുത് ഭഗവാനെ പ്രദക്ഷിണം വെച്ചതിനുശേഷം മാത്രം വീട്ടിലേക്ക് എന്നതായിരുന്നു നിത്യശീലം. ഭർതൃമാതാവിന് പുത്രവധുവിന്റെ ഭക്തിയും തേവാരവുമൊന്നും അശേഷം രുചിച്ചില്ല. അവർ പുത്രനോട് ഏഷണികൂട്ടി. ലല്ലയിൽ പരപുരുഷബന്ധം ആരോപിച്ചു. കുപിതനായ നികഭട്ട്, പിറ്റേന്നു വെളുപ്പിനേ ഉണർന്നു. ലല്ലാ തടാകത്തിലേക്കു പോയ്ക്കഴിഞ്ഞിരുന്നു. തടിച്ചുരുണ്ട ഒരു വടിയുമായി അയാൾ വാതിലിനു പിന്നിൽ പതുങ്ങിനിന്നു. കുളിയും ക്ഷേത്രദർശനവും കഴിഞ്ഞ് ലല്ലാ തലയിൽ മൺകുടവുമേന്തി മടങ്ങിയെത്തി. അകത്തേക്കു കാലെടുത്തുവെച്ചതും വാതിൽപ്പാളിക്കു പിന്നിൽ മറഞ്ഞുനിന്നിരുന്ന നികഭട്ട് ഊക്കോടെ വടി ആഞ്ഞുവീശി. മൺകുടം ഉടഞ്ഞു. എങ്കിലും ഒരു തുള്ളി വെള്ളം പോലും തെറിച്ചില്ല. ലല്ലാ ശേഖരിച്ചുകൊണ്ടുവന്ന ജലം മഞ്ഞുകട്ടിയായി ഉറഞ്ഞ് അവളുടെ കയ്യിൽ തന്നെ ഇരുന്നു. യാതൊന്നും സംഭവിക്കാത്ത മട്ടിൽ ലല്ലാ അടുക്കളയിലെ പാത്രങ്ങളിലെല്ലാം വെള്ളം നിറച്ചു. അതിനിടെ, ഉടഞ്ഞ മൺകുടം പുറത്തേക്കു തെറിച്ചുപോയി. അത് ഭൂമിയിൽ പതിച്ച ഇടം നിമിഷംകൊണ്ട് ഒരു ശുദ്ധജലതടാകമായി രൂപാന്തരപ്പെട്ടു. ഈ തടാകം ലല്ലാത്രഗ് എന്നറിയപ്പെട്ടു(കാലാന്തരത്തിൽ ഇതുവറ്റിപ്പോയി). ഈ സംഭവത്തോടെ മനംമടുത്ത ലല്ലാ വീടുവിട്ടിറങ്ങി സന്യാസം സ്വീകരിച്ചു. നഗ്നത മറയ്ക്കാതെ ഒരുന്മാദിനിയെപ്പോലെ അലഞ്ഞുതിരിഞ്ഞ ലല്ലയുടെ ഉദരം വീർത്തു ചാടി അവരുടെ ഗുഹ്യഭാഗങ്ങളെ മറച്ചു കിടന്നിരുന്നുവത്രേ!സുദീർഘമായ ആത്മീയ യാത്രക്കൊടുവിൽ ലല്ലാ തന്റെ ഉപാസന മൂർത്തിയായ ഭഗവാൻ ശിവനിൽ വിലയം പ്രാപിച്ചു എന്ന് ഐതിഹ്യങ്ങൾ ഉദ്ഘോഷിക്കുന്നു.

(തുടരും)

***ശ്രീമതി. ശ്രീകുമാരി രാമചന്ദ്രന്റെ 'ഭാരതത്തിലെ ഋഷികവികൾ' എന്ന ലേഖന പരമ്പര പുസ്തക രൂപത്തിൽ മാതൃഭൂമി ബുക്ക് സ്റ്റാളിൽ ലഭ്യമാണ്.***

**വാസ്തു**

**(10-ാം പേജിൽ നിന്ന് തുടർച്ച)**

ഭാഗത്തു വെയ്ക്കണം. ഫ്രിഡ്ജ്, മൈക്രോവേവ് തുടങ്ങിയ ഉപകരണങ്ങൾ വടക്കു കിഴക്കു ഭാഗത്തൊഴികെ എവിടെയും വെയ്ക്കാം.

അടുക്കളയുടെ വാതിൽ വടക്കു കിഴക്കോ വടക്കു പടിഞ്ഞാറോ ആകാം. വടക്കോട്ടു ദർശനമായ വീട്ടിൽ അടുക്കള പ്രത്യേകമായി വീടിന്റെ തെക്കു വശത്തു വയ്ക്കുകയാണെങ്കിൽ, അതിന്റെ തറ നിരപ്പ് പ്രധാന വസതിയുടെ അതേ നിരപ്പു തന്നെയാകണം. ഒരിക്കലും അതിനു താഴെയാകരുത്. അടുക്കളയ്ക്ക് കിഴക്കു ഭാഗത്തേയ്ക്ക് ജനലുകളില്ലെങ്കിൽ കിഴക്കോട്ടു തിരിഞ്ഞു നിന്ന് പാചകം ചെയ്യുന്നതിൽ യാതൊരു പ്രയോജനവുമില്ല.

അടുക്കള, വീടിന്റെ ഹൃദയഭാഗമാണ്. അതിന്റെ സ്ഥാനവും അടുപ്പിന്റെ സ്ഥാനവും ശരിയായ സ്ഥിതിയിലാണെങ്കിൽ കുടുംബാംഗങ്ങൾക്ക് നല്ല ആരോഗ്യം ലഭിക്കും എന്നാണർത്ഥം. കുടുംബാംഗങ്ങൾക്ക് ഐശ്വര്യവും ഊർജ്ജവും ,ഓജസ്സും ,തേജസ്സും ,പെട്ടെന്നു തീരുമാനം എടുക്കാനുള്ള കഴിവും ഒക്കെ ലഭ്യമാകും.





ക്ഷേത്രങ്ങളിലൂടെ - തുടർച്ച

# അരികന്നിയൂർ ശ്രീഹരി കന്യകാ ഭഗവതി ക്ഷേത്രം



**ഇന്ദിരാഭായി (ഫോൺ: 80785 52892)**

ഭാരതത്തിൽ പുരാതന കാലം മുതൽ തന്നെ ദേവീ പൂജയ്ക്ക് പ്രാധാന്യം കല്പിച്ചു പോരുന്നു. ഭാരതീയ കലകളുടെ കലവറകളാണ് നമ്മുടെ ക്ഷേത്രങ്ങൾ. ഓരോ ദേശങ്ങളിലുമുള്ള ക്ഷേത്രങ്ങൾക്ക് വിവിധങ്ങളായ ആചാരാനുഷ്ഠാനങ്ങളും ഐതീഹ്യങ്ങളുമുണ്ട്.ഓരോ ക്ഷേത്രങ്ങളും അതാതു ദേശസംസ്കാരത്തിന്റെ മുഖമുദ്രകളുമാണ്. ഒരു നാടിന്റെ സംസ്കാരസമ്പന്നതയെ മനസ്സിലാക്കുവാൻ ആ നാട്ടിലെ ക്ഷേത്രാചാരങ്ങളെയും ക്ഷേത്ര ഉത്സവ ആഘോഷ രീതികളെയും മനസ്സിലാക്കിയാൽ മതിയാകും. അതി മഹത്തായ ആചാരാനുഷ്ഠാനങ്ങളും ഉത്സവാഘോഷങ്ങളും സംസ്കാരിക ചരിത്രങ്ങളുമുള്ള ഒരു ക്ഷേത്രത്തെ നമുക്ക് പരിചയപ്പെടാം. നാമജപങ്ങളും ശരണമന്ത്രങ്ങളും കൊണ്ട് ക്ഷേത്രങ്ങളും ക്ഷേത്രപരിസരങ്ങളും ഭക്തി നിർഭരമാകുന്ന പുണ്യകാലമാണ് മണ്ഡലകാലം. മണ്ഡലകാലം വിഷ്ണു ഭജനത്തിനുള്ള കാലമായും പണ്ടു മുതൽ തന്നെ ആചരിച്ചു പോരുന്നുണ്ട്.കുറൂരമ്മ, വില്വമംഗലം സ്വാമിയാർ തുടങ്ങിയ പലരും മണ്ഡലകാലത്ത് വിഷ്ണു ഭജന നടത്തിയിരുന്നതായി പുരാണങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.കേരളക്കര കടന്നു ലോകമെമ്പാടും അയ്യപ്പനാമം മുഴങ്ങി കേൾക്കുന്ന ഇക്കാലത്ത് ധാരാളം ഭക്തർ അയ്യപ്പദർശനത്തിനായി മണ്ഡലകാലത്ത് കേരളത്തിലേക്കെത്തുന്നു.ജനസഹസ്രങ്ങളുടെ കണ്ഠങ്ങളിൽ നിന്ന് നാമജപമന്ത്രങ്ങളുയരുന്ന ഈ നാളുകളിൽ ശബരിമലയെന്ന പവിത്ര ഭൂമി അയ്യപ്പ ഭക്തരുടെ ശരണ മന്ത്രധ്വനികളാൽ നിർവൃതികൊള്ളുന്നു. ഹരിഹരപുത്രനായ അയ്യപ്പസ്വാമിയുടെ ദിവ്യരൂപത്തെ മനസ്സിൽ പ്രതിഷ്ഠിച്ചുകൊണ്ട് വ്രതശുദ്ധിയോടെ ശരണമന്ത്രജപത്തോടെ ശബരിമലയിലെത്തുന്ന ഭക്തർ നെയ്ത്തിരി ദീപശോഭയിൽ അയ്യപ്പസ്വാമി ദർശനം നടത്തി സായൂജ്യം നേടുന്ന പുണ്യകാലമാണ് മണ്ഡലക്കാലം. ഗുരുജനങ്ങളുടെ അനുഗ്രഹം ഏറ്റുവാങ്ങിക്കൊണ്ടാണല്ലോ ഭക്തർ ഇരുമുടിക്കെട്ടുമായി അയ്യപ്പദർശനത്തിനായി യാത്രതിരിക്കുന്നത്. എന്നാൽ മോഹിനിസുതനായ അയ്യപ്പസ്വാമിയുടെ അമ്മയെക്കൂടി കണ്ടു വണങ്ങി അമ്മയുടേയും അനുഗ്രഹത്തോടെ സ്വാമി ദർശനത്തിന് പുറപ്പെട്ടാലോ?. എങ്കിൽ സ്വാമി ദർശനം പുണ്യദർശനം തന്നെയായിരിക്കും സംശയമില്ല. അങ്ങനെയൊരു പുണ്യദർശനം അയ്യപ്പഭക്തർക്ക് അമ്മയുടെ അനുഗ്രഹത്താൽ സാധിക്കുമാറാകട്ടെ.അതിനായി നമുക്ക് അരികന്നിയൂരിലെ അമ്മയുടെ തിരുസന്നിധിയിലേക്ക് പോകാം. അവിടെയാണ് മോഹിനിസുതനായ ശാസ്താവ് അമ്മയോടൊപ്പം കുടികൊള്ളുന്ന അരികന്നിയൂർ ശ്രീഹരി കന്യകാഭഗവതി ക്ഷേത്രം സ്ഥിതി ചെയ്യുന്നത്.

മദ്ധ്യകേരളത്തിലെ ഒരു മഹാക്ഷേത്രമാണ് ശ്രീഹരികന്യകാ ഭഗവതി ക്ഷേത്രം. ഹരികന്യകാദേവീസാന്നിദ്ധ്യവും കലിയുഗവരദനായ ശ്രീധർമ്മശാസ്താവിന്റെ സാന്നിദ്ധ്യവും കൊണ്ട് ശ്രദ്ധേയമായ ഒരു ക്ഷേത്രം. 2000 ത്തിലേറെ വർഷങ്ങളുടെ പഴക്കമുള്ള ഈ ക്ഷേത്രത്തേപ്പറ്റി അറിവുള്ളവർ വളരെ ചുരുക്കമാണ് എന്നത് അതിദയനീയമായ ഒരു വസ്തുതയാണ്. ഹരികന്യകയാണ് അരികന്നിയൂർ ഭഗവതി. ഭഗവാൻ മഹാവിഷ്ണുവിന്റെ മോഹിനിരൂപപ്രതിഷ്ഠയുള്ള അത്യപൂർവ്വക്ഷേത്രം. മുഖ്യ ദേവതാ സങ്കല്പത്തിൽ മോഹിനിരൂപപ്രതിഷ്ഠയുള്ള ഏക ക്ഷേത്രമാണിത്. മറ്റു ചില ക്ഷേത്രങ്ങളിൽ ഉപദേവതാസ്ഥാനം നൽകിയിട്ടുണ്ട്. അത്യപൂർവ്വമായ ആചാരാനുഷ്ഠാനങ്ങളെകൊണ്ട് ശ്രദ്ധേയമായ ക്ഷേത്രവുമാണ് അരികന്നിയൂർ ശ്രീഹരി കന്യകാഭഗവതി ക്ഷേത്രം. പാലാഴിമഥനവേളയിൽ അമൃത കുംഭം കൈക്കലാക്കിയ അസുരന്മാരിൽ നിന്നും അത് വീണ്ടെടുത്തു ദേവന്മാർക്ക് നൽകുന്നതിനായി ഭഗവാൻ മഹാവിഷ്ണു മോഹിനീ രൂപധാരിയായി അവതരിച്ചു. ആസുരശക്തിയെക്കെടുത്തുവാനും ദൈവീകശക്തിയെ ഉയർത്തുവാനുമായി ഭഗവാൻ മോഹിനി രൂപധാരിയായി പ്രത്യക്ഷപ്പെട്ടു ഭഗവാന്റെ ഈ

മോഹിനി രൂപ സങ്കല്പമാണ് അരികന്നിയൂരിലെ ഹരി കന്യകാ ഭഗവതി, ഹരി കന്യകാദേവിസാന്നിദ്ധ്യവും കലിയുഗവരദനും ഹരിഹരപുത്രനുമായ ശ്രീധർമ്മ ശാസ്താവിന്റെ സാന്നിദ്ധ്യവും കൊണ്ട് ശ്രദ്ധേയമായ ഒരു പുണ്യക്ഷേത്രം. ഈ ക്ഷേത്രം സ്ഥിതിചെയ്യുന്നത് നമ്മുടെ കൊച്ചു കേരളത്തിൽ ശ്രീഗുരുവായൂരപ്പന്റെ തൊട്ടടുത്തു തന്നെയാണ്. ഗുരുവായൂരപ്പഭക്തർ ഗുരുവായൂരപ്പദർശനം കഴിഞ്ഞ് ഭഗവാന്റെ മോഹിനി രൂപ ദർശനവും കൂടി ഒന്നു നടത്തിനോക്കൂ ഭഗവാന്റെകടാക്ഷത്താൽ അതൊരു പുണ്യദർശനം തന്നെയാകും എന്നതിൽ സംശയം വേണ്ട. ഗുരുവായൂർ ക്ഷേത്രത്തിൽ നിന്നും വെറും 5 കിലോമീറ്റർ മാത്രം ദൂരമേയുള്ളു ഈ ക്ഷേത്രത്തിലേത്തുവാൻ. വിഷ്ണു ഭഗവാന്റെ ഏക സ്ത്രീരൂപ അവതാരമാണ് ഹരികന്യകാഭഗവതി. പരശുരാമ പ്രതിഷ്ഠിതമായ 108 ദുർഗ്ഗാക്ഷേത്രങ്ങളിലൊന്നാണിത്. പ്രധാന പാതയിൽ നിന്നും കുറച്ച് (200 മീറ്റർ) മാറിയാണ് ഈ ക്ഷേത്രം സ്ഥിതിചെയ്യുന്നത്.

പ്രകൃതിയുമായി താദാത്മ്യം പ്രാപിക്കുവാൻ ക്ഷേത്രങ്ങൾ നമ്മെ സഹായിക്കുന്നു. കാലചക്രത്തിൽപ്പെട്ട് ചില മഹാക്ഷേത്രങ്ങൾ പോലും നശിപ്പിക്കപ്പെടുകയോ കുറെകാലത്തേക്ക് വിസ്മരിക്കപ്പെടുകയോ ചെയ്യുന്നതായി കാണാറുണ്ട്. എന്നാൽ അത്തരം ക്ഷേത്രങ്ങൾക്ക് വീണ്ടും പ്രശസ്തിയും പ്രാധാന്യവും ആർജ്ജിക്കുന്നതായും കാണാം. അങ്ങനെ പൂർവ്വാധികം ശക്തി പ്രാപിക്കുന്ന ക്ഷേത്രങ്ങൾ ധാരാളം തീർത്ഥാടകരെ ആകർഷിക്കുന്നതായും ആ പ്രദേശത്തിന്റെ സാംസ്കാരിക ആദ്ധ്യാത്മികജീവിതത്തെ വളരെയധികം സ്വാധീനിക്കുന്നതായും നാടിന് ഒരു ഉണർവ്വും ഉന്മേഷവും ഉണ്ടാകുന്നതായും കാണാം. അതുപോലെ സർവ്വാധാരമായ ദിവ്യ ചൈതന്യം കൂടുതൽ ശക്തി പ്രഭാവത്തോടുകൂടി ഐശ്വര്യ പൂർണ്ണമായിക്കൊണ്ടിരിക്കുന്ന ഒരു ക്ഷേത്രമാണ് അരികന്നിയൂരിലെ ശ്രീഹരി കന്യകാഭഗവതിക്ഷേത്രം പണ്ട് ഹരികന്യകാപുരം എന്നായിരുന്നു ഈ സ്ഥലം അറിയപ്പെട്ടിരുന്നത്. പിന്നീട് ഹരികന്യകാപുരം ലോപിച്ച് അരികന്നിയൂരായി. ശിലാസ്മാരകങ്ങളായ കുടക്കല്ലുകളും മുനിമടകളുമുള്ള സ്ഥലമാണ് അരികന്നിയൂർ. പുരാവസ്തു വകുപ്പിന്റെ സംരക്ഷണത്തിലുള്ള ക്ഷേത്രമാണ് ശ്രീഹരി കന്യകാഭഗവതിക്ഷേത്രം. ഒരു ഉയർന്ന കുന്നിൻ മുകളിലാണ് ശ്രീഹരി കന്യകാഭഗവതിക്ഷേത്രം സ്ഥിതി ചെയ്യുന്നത്. കിഴക്കും പടിഞ്ഞാറുമായി രണ്ടു പ്രവേശന കവാടങ്ങളാണ് ഈ ക്ഷേത്രത്തിനുള്ളത്. തച്ചുശാസ്ത്ര കുലപതിയായിരുന്ന സാക്ഷാൽ ഉളിയന്നൂർ പെരുന്തച്ചനാണ് ശ്രീഹരി കന്യകാഭഗവതിക്ഷേത്രം പണിതീർത്തത്.ക്ഷേത്ര നിർമ്മാണശൈലിക്ക് ഒരു ഉത്തമ ദൃഷ്ടാന്തമാണ് പെരുന്തച്ചൻ പണിതീർത്ത ഈ ക്ഷേത്രം. പടിക്കെട്ടുകൾ കയറി മുകളിലെത്തിയാൽ ക്ഷേത്രത്തിന്റെ കിഴക്കേ ഗോപുര വാതിക്കലാണ് എത്തുന്നത്. പ്രവേശന കവാടങ്ങളുടെ ഇരുവശങ്ങളിലും വലിയ തറകൾ കാണാം. ഇത് പുരാതന കാലത്തെ കാർഷികപ്പെരുമയെ ഓർമ്മിപ്പിക്കുന്നു. കൃഷിക്കാർ കാർഷിക വിളകൾ ദേവിക്കു കാഴ്ചവെക്കുന്ന സ്ഥാനങ്ങളായിരുന്നു ഈ തറകൾ. പഴയകാല കാർഷികസമ്പന്നതയുടെ സ്മാരകങ്ങളായി ഈ തറകൾ ഇന്നും ഇവിടെ നിലകൊള്ളുന്നു.

ഗോപുരവാതിൽ കടന്നാൽ അതിവിശാലമായ ക്ഷേത്രാങ്കണത്തിലേക്കാണ് എത്തുന്നത്. ഈ ക്ഷേത്രത്തിലെ ബലിക്കല്ല് വളരെ ഉയർന്നാണ് കാണപ്പെടുന്നത് അതിനാൽ പുറത്ത് നിന്നും ആർക്കും ദേവിദർശനം സാധ്യമല്ല.ബലിക്കല്പുര കടന്ന് നാലമ്പലത്തിലേക്കു കടക്കാം. അതിമനോഹരമായ നമസ്ക്കാരമണ്ഡപവും കടന്ന് ശ്രീകോവിൽ തിരുനടയിലെത്താം. ഇവിടുത്തെ ക്ഷേത്ര നിർമ്മിതിയിലെ പ്രത്യേകതകളും മനോഹാരിതയും ആരേയും അത്ഭുതപ്പെടുത്തുന്നതാണ് ക്ഷേത്ര നിർമ്മിതിയിൽ കല്ലിലും മരത്തിലും കവിത രചിച്ചിരിക്കുന്ന ആകാരവിരുതിനെ എത്ര പ്രശംസിച്ചാലും അധികമാവില്ല. ക്ഷേത്രത്തിലെ കരിങ്കല്ലിലുള്ള വാതിൽപ്പടിക്കു മുകളിൽ കരിങ്കല്ലിൽ തീർത്ത ഒരു മുഴക്കോൽ സ്ഥാപിച്ചിട്ടുണ്ട്. ഇത് ക്ഷേത്രം പണിതീർത്ത പെരുന്തച്ചന്റെ ഒരു കുസൃതിയായി കണക്കാക്കുന്നു. ക്ഷേത്രനിർമ്മാണസമയത്ത് ക്ഷേത്രത്തിന് ചരിവുള്ളതായി കാണുകയും തച്ചൻ തന്റെ പണിയായുധമായ ഉളികൾ ഉറപ്പിച്ച് ആ കുറവ് പരിഹരിക്കുകയും ചെയ്തു. ശ്രീകോവിൽ തറയുടെ പടിഞ്ഞാറു ഭാഗത്തും വടക്കുഭാഗത്തും ക്ഷേത്ര ഭിത്തിയുടെ ചരിവുമാറ്റാനുറപ്പിച്ച ഉളികൾ ഇന്നും കാണാവുന്നതാണ്. നമസ്ക്കാര മണ്ഡപത്തിന്റെ മച്ചും തൂണുകളും തടിയിൽ തീർത്തതും അർത്ഥ ഗർഭവും മനോഹരവുമായ ചിത്രപ്പണികളാൽ അലംകൃതവുമാണ്. വലിയമ്പലത്തിന്റെ മുഖപ്പിലെ ശില്പവും വടക്കുപടിഞ്ഞാറുഭാഗത്തുള്ള കൽത്തൂണിലെ കാളിയമർദ്ദനശില്പവും, ശ്രീകോവിലിന്റെ ഭിത്തിയിലും ബലികല്ലുപുരയിലും കാണുന്ന ആനകളുടെ രൂപങ്ങളും എല്ലാം ക്ഷേത്ര കഥകളെ സൂചിപ്പിക്കുന്ന ശില്പങ്ങളാണ്. നല്ല ഉയരത്തിൽ രണ്ട് നിലകളിലായാണ് ശ്രീകോവിൽ നിർമ്മിച്ചിരിക്കുന്നത്. അതിമനോഹരമായ ചതുരശ്രീകോവിലിൽ അഞ്ജന ശിലയിൽ തീർത്ത ഉയരമുള്ള ദേവിവിഗ്രഹം കിഴക്കോട്ട് ദർശനമായി പ്രതിഷ്ഠിച്ചിരിക്കുന്നു. വിഗ്രഹം പഞ്ചലോഹത്താൽ പൊതിഞ്ഞിരിക്കുന്നു.ദീപപ്രഭയിൽ ദേവി ദർശനം ഒരു വേറിട്ട അനുഭവം തന്നെയാണ്. ഉത്സവകാലത്ത് കുടുംബസമേതം ഹരികന്യകാഭഗവതിയെ ദർശിക്കുന്നത് കുടുംബജീവിതം ഐശ്വര്യപൂർണ്ണമാകുന്നതിന് ഉത്തമമാണ്. എന്ന് പരമ്പരാഗതമായി വിശ്വസിച്ചു പോരുന്നു.ശ്രീകോവിലിൽ മോഹിനി രൂപധാരിയായ ഹരികന്യകാദേവിയോടൊപ്പം മോഹിനിസുതനായ ശാസ്താവും കുടികൊള്ളുന്നു. നാലു പൂജകളും മൂന്ന് ശിവേലിയുമുള്ള ക്ഷേത്രമാണിത്. ഇവിടെ ഉപദേവതകളായി നാലമ്പലത്തിനകത്തു തന്നെ ഗണപതിക്കും നാലമ്പലത്തിനു പുറത്തു കന്നി മൂലയിൽ ഭദ്രകാളി ദേവിക്കും സ്ഥാനം നൽകിയിട്ടുണ്ട്. ശീവേലിക്കു എഴുന്നള്ളിക്കുമ്പോൾ ശാസ്താവും കൂടെയുണ്ടാകണമെന്ന് ദേവിക്കു നിർബന്ധമുണ്ട്. ശീവേലി എഴുന്നള്ളിക്കുമ്പോൾ മുന്നിലും പിന്നിലും വിളക്കെടുക്കുവാൻ സ്ത്രീകൾക്കനുവാദമുള്ള ക്ഷേത്രമാണിത്. സ്ത്രീകളാണ് ഇവിടെ വിളക്കെടുക്കുന്നതും. മദ്ധ്യകാല മണിപ്രവാളകൃതിയായ ചന്ദ്രോത്സവത്തിലും വില്വമംഗലം സ്വാമിയാരുടെ പ്രശസ്തമായ സ്ത്രോത്രങ്ങളിലും പരാമർശിക്കപ്പെട്ടിട്ടുള്ള ക്ഷേത്രമാണ് അരികന്നിയൂർ ശ്രീ ഹരികന്യകാ ദേവീക്ഷേത്രം.

മീനമാസത്തിലെ ഉത്രം നാളിൽ കൊടിയേറി പതിനഞ്ചു ദിവസമാണ് ഇവിടെ ഉത്സവം നടക്കുന്നത്. അത്യപൂർവ്വമായ താന്ത്രിക ചടങ്ങുകളാണ് ഉത്സവദിനങ്ങളിൽ നടക്കുന്നത്. ഏഴു ദിവസം ആറാട്ടു ചടങ്ങുകൾ നടക്കുന്നുണ്ട്. സാധാരണ ക്ഷേത്രങ്ങളിൽ ഒരു ദിവസം ഉത്സവബലി ചടങ്ങുകൾ നടത്തുമ്പോൾ ശ്രീഹരികന്നിയൂർ ഭഗവതി ക്ഷേത്രത്തിൽ അഞ്ചു ദിവസമാണ് ഉത്സവബലിചടങ്ങുകൾ നടക്കുന്നത്. അടനിവേദ്യമാണ് ദേവിയുടെ പ്രധാന വഴിപാട്. ഉത്സവക്കാലത്ത് പൂരം ഗണപതിയോട നുബന്ധിച്ച് അടനിവേദ്യത്തിന് ആവശ്യമായ ശർക്കര, അരിപ്പൊടി നാളികേരം എന്നിവകൊണ്ടു വരുന്നത് കണ്ടാണശ്ശേരിയിലുള്ള മൂഴിക്കുളങ്ങര മഹാവിഷ്ണു ക്ഷേത്രത്തിൽ നിന്നാണ്. ബ്രാഹ്മണിപ്പാട്ട്, വേല, മണ്ണാൻപാട്ട് തുടങ്ങിയവയും ഉത്സവത്തോടനുബന്ധിച്ചു ഇവിടെ നടക്കാറുണ്ട്. ഉത്സവകൊടിയേറ്റു ദിവസം നടക്കുന്ന ഉത്രം പാട്ടിന് നമസ്കാരമണ്ഡപത്തിൽ ഭഗവതിയെ എഴുന്നള്ളിച്ചിരുത്തു മ്പോൾ സ്ത്രീകൾക്കു മാത്രമേ ക്ഷേത്രത്തിൽ പ്രവേശനമുള്ള എന്നത് ഈ ക്ഷേത്രത്തിനു മാത്രമുള്ള ഒരു പ്രത്യേകതയാണ്. മണ്ഡലക്കാലം വിഷു, നവരാത്രി, തിരുവോണം, പ്രതിഷ്ഠാദിനമായ ഇടവത്തിലെ അനിഴം നാൾ എന്നിവയെല്ലാം ഇവിടെ വിശേഷദിനങ്ങളാണ്.

നാം നമ്മുടെ സംസ്കൃതിയെ മറന്ന് വൈദേശികതയെ പുണരുമ്പോൾ നഷ്ടപ്പെടുന്നത് നമ്മുടെ പൈതൃകമാണ്. ഉത്കൃഷ്ടമായ നമ്മുടെ സംസ്കാരത്തെ കാത്തുസംരക്ഷിക്കേണ്ടത് നമ്മുടെ കർത്തവ്യമാണ്. കലിയുഗത്തിൽ ഏകാഗ്രത നഷ്ടപ്പെട്ട് കലുഷിതവും മലിനവുമായ ചിന്തകൾ കൊണ്ടു നിറയുന്ന മനുഷ്യമനസ്സിന് ക്ഷേത്രാരാധനയും നാമസങ്കീർത്തനങ്ങളും കൊണ്ടു മാത്രമേ ശാന്തതയും സമാധാനവും നേടുവാൻ സാധിക്കുകയുള്ളു. വൃശ്ചികമാസം വ്രതാനുഷ്ഠാനങ്ങളുടെ മാസമാണ്. വാണിഭത്തിന്റെയും ഉത്സവാഘോഷങ്ങളുടെയും മാസമാണ്. വൃശ്ചികമാസത്തിൽ ദേവിയുടെ തിരുനാളായ കാർത്തിക നക്ഷത്ര ദിവസം വീടുകളും ക്ഷേത്രങ്ങളുമെല്ലാം ദീപങ്ങളാൽ അലങ്കരിക്കുന്നതാണ് കാർത്തിക വിളക്ക്. ദേവിയുടെ തിരുനാളിൽ കാർത്തിക വിളക്കിലൂടെ പ്രകാശത്തെ ദീപ്തമാക്കുകയാണ്. ദേവീപ്രീതിക്കാണ് നാം വീടും പരിസരങ്ങളും ദീപങ്ങളെക്കൊണ്ടലങ്കരിക്കുന്നത്. ഇത് വ്രതാനുഷ്ഠാനത്തേക്കാൾ ഒരാഘോഷമായി കണക്കാക്കുന്നു. ദേവീപ്രസാദത്താൽ കാർത്തിക വിളക്ക് അജ്ഞാനമാകുന്ന ഇരുട്ടിൽ നിന്നും അറിവിന്റെ വെളിച്ചത്തിലേക്ക് നമ്മെ നയിക്കുന്നു. മണ്ഡലാചരണക്കാലത്ത് അരികന്നിയൂർ ക്ഷേത്രത്തിൽ ദിവസവും ശ്രീഭൂതബലി പതിവുണ്ട്. മണ്ഡലമാസാചരണം അരിയന്നൂർ ഹരികന്യകാ ഭഗവതി ക്ഷേത്രത്തിൽ 30 ദിവസവും പിന്നീടുള്ള പതിനൊന്നു ദിവസം ചൊവ്വല്ലൂർ ശ്രീമഹാദേവക്ഷേത്രത്തിലുമാണ് നടത്തപ്പെടുന്നത്.

സ്ത്രീകൾക്കു പ്രധാന സ്ഥാനം കല്പിച്ചിട്ടുള്ള ഒരു മഹാക്ഷേത്രമാണിത്. ദ്വാരപാലകന്മാരില്ലാത്ത ക്ഷേത്രം. ദ്വാരപാലികമാരുള്ള ക്ഷേത്രം ശ്രീഹരി കന്യകാക്ഷേത്ര ശ്രീകോവിലിനു മുന്നിൽ ദ്വാരപാലകർക്കു പകരം ദ്വാരപാലികമാരാണുള്ളത്. ഈ ക്ഷേത്രത്തിൽ ശീവേലിക്കും എഴുന്നള്ളത്തുകൾക്കും വിളക്കെടുക്കുവാനുള്ള അവകാശം സ്ത്രീകൾക്കാണ്. ക്ഷേത്രാചാരക്കാര്യങ്ങളിൽ സ്ത്രീകൾക്കു മുൻഗണനയുള്ള ക്ഷേത്രമാണിത്. വെടിവഴിപാടില്ലാത്ത ക്ഷേത്രം. ഇവിടെ കരിമരുന്നു പ്രയോഗം നിഷിദ്ധമാണ്. ശീവേലിക്ക് എഴുന്നള്ളിക്കുമ്പോൾ ദേവിക്കൊപ്പം ശാസ്താവും അകമ്പടി സേവിക്കുന്ന ക്ഷേത്രം. കിരീടം വച്ച് അവതരിപ്പിക്കുന്ന കലാരൂപങ്ങൾക്ക് ക്ഷേത്രാങ്കണത്തിൽ പോലും പ്രവേശനമില്ലാത്ത ക്ഷേത്രം. കൊമ്പനാനകൾക്ക് സ്ഥാനമില്ലാത്ത ക്ഷേത്രം. ഈ

ക്ഷേത്രത്തിലെ ദേവിയുടെ എഴുന്നള്ളത്തുകൾക്ക് പിടിയാനപ്പുറത്താണ് തിടമ്പേറ്റി എഴുന്നള്ളിക്കുന്നത്. ഹരികന്നിയൂർ ദേശത്ത് ഒരു പെൺകുട്ടി പോലും മംഗല്യഭാഗ്യം ലഭിക്കാത്തതായി ഉണ്ടാകില്ല എന്നാണ് വിശ്വാസം. അനവധി അപൂർവ്വതകൾ നിറഞ്ഞ ക്ഷേത്രമാണ് ശ്രീഹരികന്നിയൂർ ഭഗവതിക്ഷേത്രം. ഇവിടുത്തെ ആചാരങ്ങളും വ്യത്യസ്ഥമാണ്. അത്യപൂർവ്വമായ ആചാരനുഷ്ഠാനങ്ങൾ പാലിക്കുന്നതിൽ തന്ത്രിമുഖ്യന്മാരും പൂജാരിമാരും ദേശവാസികളും ക്ഷേത്രഭാരവാഹികളും ഒരുപോലെ ശ്രദ്ധിക്കുന്നു എന്നത് അഭിനന്ദനാർഹമാണ്. ഇത്രയധികം പ്രത്യേകതകളുള്ള ക്ഷേത്രത്തിലെ ഭഗവതിയെ ഒരിക്കലെങ്കിലും ദർശിക്കണം എന്നാഗ്രഹിക്കാത്തവരുണ്ടാകില്ല. അമ്മയെ കാണാനാഗ്രഹിക്കുന്ന ഭക്തമനസ്സുകളെ തിരുനടയിലെത്തുവാൻ അമ്മ അനുഗ്രഹിക്കട്ടെ. ശ്രീഹരികന്യകാഭഗവതി സർവ്വാഭീഷ്ഠവരദായനിയാണ്. അഭയവരമുദ്രകളോടെ കുടിക്കൊള്ളുന്ന ദേവിയുടെ ദർശനം മംഗല്യത്തിനും സൽസന്താനലബ്ധിക്കും കുടുംബസൗഖ്യത്തിനും അതിവിശിഷ്ടമെന്നു വിശ്വസിക്കുന്നു. ഗുരുവായൂർ ക്ഷേത്രം ചൊവ്വല്ലൂർ ശ്രീമഹാദേവക്ഷേത്രം ഹരികന്നിയൂർ ശ്രീഹരികന്യകാഭഗവതിക്ഷേത്രം എന്നീ മൂന്നു ക്ഷേത്രങ്ങളിലും ഒരേ ദിവസം ദർശനം നടത്തുന്നത് അതീവ പുണ്യമെന്നാണ് വിശ്വസിക്കുന്നത്. അങ്ങനെയൊരു പുണ്യദർശനം എല്ലാ ഭക്തജനങ്ങൾക്കും സാധിക്കുമാറാകട്ടെ.


ചൈത്രം

- മാനസിക സംഘർഷമനുഭവിക്കുന്നവർ
- ഏകാന്തതയനുഭവിക്കുന്നവർ
- ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
- നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ നേരിട്ടും ഫോണിലും ബന്ധപ്പെടാം;

0484 2361161. ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ


**എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം**
**2019 നവംബർ/ ഡിസംബർ മാസത്തെ പരിപാടികൾ**

| തീയതി | മനോരഞ്ജിനി/ അവതാരകൻ | മുഖ്യപ്രഭാഷകൻ | വിഷയം | നമ്പർ |
|---|---|---|---|---|
| 14.11.19 | | ഡോ. ഹരിഹരൻ | വാസ്തു | 1041 |
| 21.11.19 | കല്പകവല്ലി | ടി.കെ. ശ്രീകുമാരൻ നായർ | മന്ത്രവാദവും മനശാസ്ത്രവും | 1042 |
| 28.11.19 | പി. മോഹൻ മേനോൻ | മോഹനകൃഷ്ണൻ | Musical Journey of Indian Cinema | 1043 |
| 5.12.19 | ലക്ഷ്മിദേവി. പി. നായർ | ആർ. പി. നായർ | ജാലിയൻവാലാബാഗിലെ കൂട്ടകുരുതിയും ബ്രിട്ടന്റെ ഖേദപ്രകടനവും | 1044 |


**GRAND EUROPIAN TOUR - 2020**

**എറണാകുളം കരയോഗം യൂറോപ്യൻ രാജ്യങ്ങളിലേക്ക് സംഘടിപ്പിക്കുന്ന വിനോദയാത്ര**

**2020 ഏപ്രിൽ മാസം 15–ാം തീയതി എറണാകുളത്തു നിന്നും തിരിച്ച് ഫ്രാൻസ്, ബെൽജിയം, നെതർലൻഡ്സ്, ജർമ്മിനി, സ്വിറ്റ്സർലൻഡ്, ഇറ്റലി എന്നീ രാജ്യങ്ങൾ സന്ദർശിച്ച് എല്ലാ പ്രധാനകാഴ്ചകളും കണ്ട് ഏപ്രിൽ 27– ന് തിരിച്ചെത്തുന്നു. എറണാകുളം കരയോഗത്തിന്റെ താല്പര്യാർത്ഥം തിരഞ്ഞെടുത്ത ടൂർ പാക്കേജാണിത്.**

Contact : A. Muraleedharan, Phone : 9447060693








# മഹാഭാരതം

ഡോഃ രാജേശ്വരികുഞ്ഞമ്മ. ഫോൺ : 9388382009

പാണ്ഡവർ പാഞ്ചലരാജ്യത്തെത്തി ഒരു കുശവന്റെ ഗൃഹത്തിൽ താമസിക്കാനൊരുങ്ങി. ബ്രാഹ്മണരുടെ വേഷധാരിയായ അവർ ഭിക്ഷാടനം നടത്തി ഭക്ഷണാദി കാര്യങ്ങൾ നടത്തിപ്പോന്നു. അവരെ ആരും തിരിച്ചറിഞ്ഞില്ല.

അവസാനം അതിമനോഹരമായി അലങ്കരിച്ച കല്ല്യാണപന്തലിൽ എത്തി. അവിടെ രാജാക്കന്മാരെല്ലാവരും നിരനിരയായി ഇരുന്നിരുന്നു. ധൃഷ്ടദ്യുമ്നൻ എല്ലാവരേയും സ്വീകരിച്ചിരുത്തി പറഞ്ഞു, ആരാണോ അവിടെയിരുന്ന വില്ലെടുത്ത് അവിടെ അടയാളപ്പെടുത്തിയിരിക്കുന്ന അടയാളത്തിന്റെ മുകളിലുള്ള കിളിയെ അമ്പെയ്തു വീഴ്ത്തുന്നത് അയാൾക്കെന്റെ സഹോദരിയെ വിവാഹം ചെയ്ത് കൊടുക്കും. ഇങ്ങനെ പറഞ്ഞുകൊണ്ട് ദ്രുപദൻ സ്വയംവരം വിളംബരം ചെയ്തു. ദുര്യോധനാദികൾ കർണ്ണനുമൊത്ത് അവിടെയുണ്ടായിരുന്നു. ജനങ്ങൾ ഹർഷാരവത്തോടെ സ്വയംവരം കാണാൻ തിരക്കു കൂട്ടി. ബ്രാഹ്മണർക്കു വേണ്ടിയുള്ള സ്ഥലത്ത് പാണ്ഡവർ ചെന്ന് അവിടത്തെ അലങ്കാരങ്ങളും മറ്റും വീക്ഷിച്ചു. അവിടത്തെ ആഘോഷങ്ങൾ 15 ദിവസം നീണ്ടുനിന്നു. 16ാം ദിവസം ദ്രൗപദി അലങ്കാര വിഭൂഷിതയായി സ്വർണ്ണത്തളികയിൽ പുഷ്പമാലയുമായി പ്രവേശിച്ചു. വാദ്യോപകരണങ്ങൾ നിശ്ചലമായി. ധൃഷ്ടദ്യുമ്നന്റെ വാക്കുകൾ മേഘഗർജ്ജനംപോലെ മുഴങ്ങി.

ഛിദ്രേണ യന്ത്രസ്യ സമർപയധ്വം

ശരൈഃ ശിതൈർവ്യോമചരൈർദശാർധൈഃ

ഇവിടെ സന്നിഹിതരായിരിക്കുന്ന രാജാക്കന്മാരെ ഇതാണ് വില്ല്. അവിടെ ബാണങ്ങളും. കിളികളെ അമ്പെയ്തു വീഴ്ത്തുക. ധന്യമായ കുലമഹിമയും സൗന്ദര്യവും ആരോഗ്യവുമുള്ള ആൾ വിജയിക്കും ആ ആൾക്ക് എന്റെ സഹോദരി കൃഷ്ണയെ വിവാഹം ചെയ്തുകൊടുക്കും.

അതിനുശേഷം ധൃഷ്ടദ്യുമ്നൻ അവിടെ കൂടിയവരെയെല്ലാം അവരുടെ പദവികൾക്കനുസരണമായി കൃഷ്ണക്കു പരിചയപ്പെടുത്തി. ദുര്യോധനാദികൾ തുടങ്ങി ശിശുപാലൻ, ജരാസന്ധൻ ഇങ്ങനെ പ്രഗൽഭരായ ചക്രവർത്തിമാരുടെ നിര തന്നെ സന്നിഹിതരായിരുന്നു. ലോകത്തിലുള്ള എല്ലാ സമർത്ഥരായ രാജാക്കന്മാരും കൃഷ്ണയെ വിവാഹം കഴിക്കാൻ ആഗതരായിട്ടുണ്ടെന്നും അല്ലയോ അനുഗൃഹീതയായ സഹോദരി ഈ പരീക്ഷണത്തിൽ വിജയിക്കുന്ന ആളെ നീ വരിച്ചോളൂ എന്ന് അനുഗ്രഹവും നൽകി. രാജാക്കന്മാർ പരസ്പരം നോക്കി വീരസ്യം കാണിച്ചുകൊണ്ടു കൃഷ്ണ തന്റേതാകും എന്നും മറ്റും പറഞ്ഞുകൊണ്ടിരുന്നു. ഒരു വശത്ത് കൃഷ്ണനും ബലരാമനുമുണ്ടായിരുന്നു. പരിസരവീക്ഷണത്തിനിടയിൽ കൃഷ്ണൻ പാണ്ഡവരെ തിരിച്ചറിയുകയും ചെയ്തു.

സ്വയംവരമത്സരാരംഭമായി. ചക്രവർത്തിമാർ ഓരോരുത്തരായി വന്നു മടങ്ങി. ജരാസന്ധനും ദുര്യോധനനും പരാജയപ്പെട്ടു. രാജാക്കന്മാരുടെ പതനം കണ്ടുനിന്ന കർണ്ണൻ മുന്നോട്ടു വന്ന് വില്ലെടുത്തു. കുലക്കാനായി തുടങ്ങി.

ദൃഷ്ട്വാ തു തം ദ്രൗപതി വാക്യമുച്ചൈർജഗാദ നാഹം വരയാമി സൂതം

സാമർഷഹാസം പ്രസമീക്ഷ്യ സൂര്യം തത്യാജ കർണ്ണഃ സ്ഫുരിതം ധനുസ്തത്

ഇതുകണ്ട ദ്രൗപദി ഉറക്കെ പറഞ്ഞു, ഞാൻ ഒരു സൂതനെ ഭർത്താവായി സ്വീകരിക്കില്ല. അപ്പോൾ കർണ്ണൻ വില്ലെടുത്തു ദൂരെ കളഞ്ഞു.

രാജാക്കന്മാരെല്ലാം തോറ്റു പിന്മാറി. ജനങ്ങൾ അവരെ പരിഹസിക്കാൻ തുടങ്ങി. അപ്പോൾ ബ്രാഹ്മ

ണരുടെ ഇടയിലിരുന്ന അർജ്ജുനൻ മുന്നോട്ടുവന്നു. ഇവിടെ വൈശമ്പായൻ പറയുന്നു:

യദാ നിവൃത്താ രാജാനോ ധനുഷഃ സജ്യകർമ്മണഃ

അധോദതിഷ്ഠദ് വിപ്രാണാം മധ്യാജ്ജിഷ്ണുരുദാരധി

എല്ലാ രാജാക്കന്മാരും അമ്പെയ്ത്തിൽ നിന്നും തോറ്റു പിന്മാറിയപ്പോൾ ശ്രേഷ്ഠനായ അർജ്ജുനൻ ബ്രാഹ്മണരുടെ ഇടയിൽനിന്നും എഴുന്നേറ്റു. അർജ്ജുനൻ പുറപ്പെട്ടത് കണ്ട് ബ്രാഹ്മണർ അനുകൂലമായും പ്രതികൂലമായും അഭിപ്രായങ്ങൾ പറഞ്ഞു. അർജ്ജുനൻ മുന്നോട്ടു വന്നു.

അർജ്ജുനോ ധനുഷോളഭ്യാശോ തസ്ഥൗ ഗിരിരിവാചലഃ

സ തദ് ധനുഃ പരിക്രമ്യ പ്രദക്ഷിണമഥാകരോത്

പ്രണാമ്യ ശിരസാ ദേവമീശാനം വരദം പ്രഭും

കൃഷ്ണം ച മനസാ കൃത്വാ ജഗൃഹേ ചാർജുനോ ധനുഃ

അർജ്ജുനൻ ഒരു പർവ്വതംപോലെ വില്ലിന്റെ സമീപമെത്തി. ചുറ്റും നടന്നുനോക്കി. ഈ ദിവ്യായുധം നൽകിയവരെ ഓർമ്മിച്ചു. കൃഷ്ണനെ മനസ്സിൽ ധ്യാനിച്ചു വില്ലെടുത്തു.

വൈശമ്പായനിവിടെ ഒന്നുകൂടി പറയുന്നു, കർണ്ണനേയും ദുര്യോധനനേയും ശല്യരേയും പോലെയുള്ള മഹാരഥന്മാർക്ക് ഇതു കുലയ്ക്കാൻ സാധിച്ചില്ല. പക്ഷെ അർജ്ജുനൻ 5അമ്പുകളും എടുത്ത് നിഷ്പ്രയാസം യന്ത്രം മുറിച്ചു ലക്ഷ്യമായ കിളിയുടെ തല ഛേദിച്ചു. കണ്ടവർ കണ്ടവർ ആർത്തുവിളിച്ചു. ബ്രാഹ്മണർ ഉത്സാഹഭരിതരായി ആർത്തുവിളിച്ചു. ഈ സമയം പാഞ്ചാലി സന്തോഷവതിയായി ഹാരമണിയിച്ചു.

ഇതുകണ്ട രാജാക്കന്മാർ ഇളിഭ്യരായി, രോഷാകുലരായി. ബ്രാഹ്മണകുമാരനെ വധിക്കുന്നതു ശരിയല്ലായെന്നു കരുതി യുദ്ധം ദ്രുപദനോടായി. എല്ലാവരും ആയുധങ്ങളുമായി ദ്രുപദനോടടുത്തു. ഇതു കണ്ട ദ്രുപദൻ ബ്രാഹ്മണരോടു സഹായമഭ്യർത്ഥിച്ചു. ബ്രാഹ്മണവേഷ ധാരികളായ ഭീമനും സഹോദരങ്ങളും യുദ്ധം ചെയ്തു. ഭ്രാന്തുപിടിച്ച ആനയേപ്പോലെ അവിടമെല്ലാം ഇളക്കി. കൃഷ്ണന് ഇവർ അർജ്ജുനനും ഭീമനുമാണെന്ന് മനസ്സിലായി. യുധിഷ്ഠിരനേയും അശ്വനീസഹോദരങ്ങളായ നകുലനേയും സഹദേവനേയും കൃഷ്ണൻ മനസിലാക്കി.

അവിടെ കൂടിയിരുന്ന ബ്രാഹ്മണരെല്ലാം തങ്ങളാലാവുംവിധം ബ്രാഹ്മണവേഷധാരികളായ കുമാരന്മാരെ സഹായിക്കാനൊരുങ്ങി. കാണികളായി നിന്നാൽ മതിയെന്ന് അവരോടു അർജ്ജുനൻ പറഞ്ഞു. അർജ്ജുനന്റെ യുദ്ധസാമർത്ഥ്യം കണ്ട കർണ്ണൻ പറഞ്ഞു:

തുഷ്യാമി തേ വിപ്രമുഖ്യ ഭുജവീര്യസ്യസംയുഗേ

അവിഷാദസ്യ ചൈവാസ്യ ശസ്ത്രാസ്ത്രവിജയസ്യ ച

അല്ലയോ ബ്രാഹ്മണശ്രേഷ്ഠാ, താങ്കളുടെ കൈവിരുതിന്റെ ശക്തിയിൽ ഞാൻ സന്തോഷവാനാണ്. നിങ്ങളുടെ ആയുധങ്ങളും വിജയത്തെ സ്വീകരിക്കുന്നവയാണ്. ഒന്നുകൂടി കടന്ന് കർണ്ണൻ പറഞ്ഞു,

ന ഹി മാമാഹവേ കുദ്ധമന്യഃ സാക്ഷാച്ഛചീപതേഃ

പുമാൻ യോധയിതും ശക്തഃ പാണ്ഡവാദ് വാകിരീടിനഃ

ഇന്ദ്രനോ പാണ്ഡുപുത്രനായ അർജ്ജുനനോ അല്ലാതെ മറ്റാരും യുദ്ധക്കളത്തിൽ കോപാകുലനായി നിൽക്കുന്ന എന്നോടു യുദ്ധം ചെയ്യില്ല. ഇതു കേട്ട അർജ്ജുനൻ പറഞ്ഞു, അല്ലയോ കർണ്ണാ, ഞാൻ ആയുധശാസ്ത്രത്തിന്റെ ഉപജ്ഞാതാവല്ല, അതുപോലെതന്നെ പരശുരാമനല്ല, ഞാൻ വെറും ഒരു ബ്രാഹ്മണൻ, എന്റെ കുടുംബത്തിന്റെ അനുഗ്രഹംകൊണ്ട് ഞാൻ ആയുധവിദ്യയിൽ പരിചയസമ്പന്നനായി. ഇവിടെ നിന്നെ ഈ യുദ്ധ സ്ഥലത്തുനിന്നും തുരത്താനാണിവിടെ നിൽക്കുന്നത്. വേറൊരുഭാഗത്ത് ശല്യരും ഭീമനും യുദ്ധം ചെയ്തു. ഇതെല്ലാംകണ്ട് മറ്റു രാജാക്കന്മാർ ഭയന്നു. പാണ്ഡുപുത്രന്മാർക്കല്ലാതെ മറ്റാർക്ക് കർണ്ണനോടും ശല്യരോടും ദുര്യോധനനോടും മറ്റും യുദ്ധം ചെയ്യാൻ സാധിക്കുമെന്ന് അവർ പരസ്പരം പറഞ്ഞു.

ഇവിടെ ഈ യുദ്ധത്തിൽ ബ്രാഹ്മണർ വിജയിച്ചു. പാഞ്ചാലപുത്രി ബ്രാഹ്മണവധുവായി എന്നൊക്കെ പരിവേദനങ്ങൾ പറഞ്ഞ് എല്ലാവരും തിരികെ പോയി.

കുന്തീദേവിയാകട്ടെ, രാവിലെ ഭിക്ഷക്കുപോയ മക്കളെ കാണാതെ വിഷമിച്ചു. അർജ്ജുനൻ ബ്രാഹ്മണരുടെ അകമ്പടിയിൽ കുശവഗൃഹത്തിൽ, മേഘപാളികളാൽ മൂടിയ അന്തരീക്ഷത്തിൽ സൂര്യൻ ശോഭിക്കുന്നതുപോലെ പ്രവേശിച്ചുവെന്നാണ് പറയുന്നത്. തങ്ങൾക്കു ഭിക്ഷ കിട്ടിയ വിവരം അമ്മയെ ധരിപ്പിച്ചു. മുറിയിലിരുന്ന കുന്തി പാണ്ഡവരെ കണ്ടില്ല. അതുകൊണ്ട്, നിങ്ങൾക്കു കിട്ടിയതുകൊണ്ട് നിങ്ങളെല്ലാവരും ആനന്ദിക്കുവിനെന്നു പറഞ്ഞു. അവർ നിമിഷനേരം കഴിഞ്ഞപ്പോഴാണ് പാഞ്ചാലിയെ കാ





ണുന്നത്. താൻ എന്താണ് പറഞ്ഞത്. വിവരമെല്ലാം മനസിലാക്കിയ കുന്തി യുധിഷ്ഠിരനോടു പറഞ്ഞു, നിന്റെ സഹോദരന്മാർ യജ്ഞസേനപുത്രിയെ ഭിക്ഷയാണെന്നു പറഞ്ഞു. അതുകൊണ്ടാണ് താനിങ്ങനെ പറഞ്ഞത്. യുധിഷ്ഠിരൻ അർജ്ജുനനോട് ഈ പറഞ്ഞത് കാര്യമാക്കണ്ടയെന്നും കൃഷ്ണയെ ഭാര്യയാക്കാനുമുപദേശിച്ചു. എന്നാൽ അർജ്ജുനൻ പറഞ്ഞു, നമ്മളെല്ലാവരും ധർമ്മത്തിനനുസരിച്ചു പ്രവർത്തിക്കണം. സ്വയംവരത്തിനു പുറപ്പെടുന്നതിന്റെ തലേ ദിവസം വ്യാസൻ പറഞ്ഞ പാഞ്ചാലിയുടെ പൂർവ്വകഥ ഓർമ്മിച്ച യുധിഷ്ഠിരൻ ഇവൾ എല്ലാവരുടേയും ധർമ്മപത്നിയായിരിക്കട്ടെയെന്നു പറഞ്ഞു. വൈശമ്പായൻ പറയുന്നത് യുധിഷ്ഠിരന്റെ ഈ വാക്കുകൾ കേട്ട പാണ്ഡുപുത്രന്മാരുടെ മനസിൽ സന്തോഷം ഉണ്ടായി എന്നാണ്.

ശ്രീകൃഷ്ണനും ബലരാമനും കൂടി ഇവർ പാണ്ഡുപുത്രന്മാരാണെന്ന് ഉറപ്പിച്ച് കുശവഗൃഹത്തിലെത്തി, സ്വയം പരിചയപ്പെടുത്തി. വേഷപ്രച്ഛന്നരായി ജീവിക്കുന്ന തങ്ങളെ എങ്ങനെ കൃഷ്ണൻ കണ്ടുവെന്ന് അവർ അതിശയിച്ചു. ഇതുകേട്ട കൃഷ്ണൻ പറഞ്ഞു, അഗ്നിയെ എന്തുകൊണ്ടു മൂടിവെച്ചാലും തിരിച്ചറിയാം. അതുപോലെയാണ് പാണ്ഡവരേയും. കൃഷ്ണൻ പാണ്ഡവരെ അനുഗ്രഹിച്ച് അവിടെനിന്നും യാത്രയായി.

ഭീമനും അർജ്ജുനനും കുശവഗൃഹത്തിലേക്കു പോയതിന്റെ പിന്നാലെ ധൃഷ്ടദ്യുമ്നൻ അവരെ അനുഗമിച്ചു. സൈന്യങ്ങളെയെല്ലാം പറഞ്ഞുവിട്ട് പാണ്ഡവരെ കാണാൻ കഴിയുന്ന ഒരു സ്ഥലത്ത് ഒളിച്ചു. ഭിക്ഷാടനം കഴിഞ്ഞ് എത്തിയ അവർ കിട്ടിയതെല്ലാം യുധിഷ്ഠിരന്റെ മുൻപിൽ വെച്ചു. കുന്തി അതിലൊരു ഭാഗം ഭഗവാനും ബ്രാഹ്മണർക്കും നിവേദ്യമായി അർപ്പിക്കാനും ബാക്കിയുള്ളതിൽ പകുതി ഭീമനും ബാക്കി ആറായി ഭാഗിക്കാനും പാഞ്ചാലിയോടു പറഞ്ഞു. പാഞ്ചാലി അതുപോലെ അനുസരിച്ചു. അതിനുശേഷം സഹോദരന്മാർ യുദ്ധകാര്യങ്ങളും മറ്റും സംസാരിച്ചു. ധൃഷ്ടദ്യുമ്നൻ ഒളിച്ചു.നിന്ന് ഇതെല്ലാം കേൾക്കുകയും കാണുകയും ചെയ്തു. നേരം വെളുത്തയുടൻ തന്നെ വിവരങ്ങളെല്ലാം യജ്ഞസേനനെ കേൾപ്പിക്കുവാൻ കൊട്ടാരത്തിലേക്കു തിരിച്ചു. അതേസമയം പാഞ്ചാലിയെ വിവാഹം കഴിച്ചവരുടെ വിവരങ്ങളൊന്നുമറിയാതെ രാജാവു സങ്കടപ്പെട്ടു. ഏതു കുലത്തിലാണ്, എങ്ങനെയുള്ളവരാണ് എന്നൊന്നും മനസിലാക്കാതെ അദ്ദേഹം വിഷമിച്ചു. ശൂദ്രരും വൈശ്യരും ബ്രാഹ്മണരുമല്ല പാഞ്ചാലിയെ വിവാഹം കഴിച്ചതെന്നും ക്ഷത്രിയനായ അർജ്ജുനനാണ് എന്നും ധൃഷ്ടദ്യുമ്നൻ വിശദീകരിച്ചു പറഞ്ഞു. കൂടാതെ അദ്ദേഹം കണ്ടതെല്ലാം വിശദീകരിച്ചു പറഞ്ഞുകേൾപ്പിച്ചു. വിവരമറിഞ്ഞ ദ്രുപദൻ രാജപുരോഹിതനെ അവരുടെ സമീപത്തേക്കയച്ചു. പുരോഹിതൻ താൻ ദ്രുപദരാജാവു പറഞ്ഞിട്ടു വന്നതാണെന്നും അദ്ദേഹത്തിന്റെ പുത്രിയെ വിവാഹം കഴിച്ച ആളിന്റെ കുലം മുതലായവ അറിയണമെന്നുള്ള താൽപര്യം പ്രകടിപ്പിച്ചു. കൂടാതെ ദ്രുപദൻ പാണ്ഡുമഹാരാജാവിന്റെ സ്നേഹിതനാണെന്നും തന്റെ പുത്രിയെ അർജ്ജുനനെക്കൊണ്ട് വിവാഹം കഴിപ്പിക്കാനായിരുന്നു താൽപര്യമെന്നും പറഞ്ഞു. ഇതെല്ലാം കേട്ട യുധിഷ്ഠിരൻ, പാഞ്ചാലരാജാവ് നിർദ്ദേശിച്ച പരീക്ഷണങ്ങളിൽ വിജയിയായിട്ടാണ് വിവാഹം കഴിച്ചതെന്നും അങ്ങനെവരുമ്പോൾ അവരുടെ കുലവും മറ്റും അറിയണ്ടായെന്നും ഈ വിജയം വരിച്ചയാൾ എന്തായാലും അസാമാന്യമായ വൈദഗ്ധ്യമുള്ളവനായിരിക്കുമെന്നും പറഞ്ഞു. ഇങ്ങനെ അവർ സംസാരിച്ചു കൊണ്ടിരുന്നപ്പോൾ വേറൊരു ഭടൻ വന്ന് സദ്യ തയ്യാറായിട്ടുണ്ടെന്നറിയിച്ചു. വിവാഹാനന്തരം രാജാവ് നല്ലൊരു വിരുന്ന് ഒരുക്കിയിട്ടുണ്ടെന്നും ശ്രീകൃഷ്ണൻ അവിടെയെത്തുമെന്നും തങ്ങളുടെ ദിനകൃത്യങ്ങൾ നടത്തിയതിനുശേഷം എത്രയും വേഗം അവിടെയെത്തണമെന്നുംകൂടി പറഞ്ഞു. അലങ്കരിച്ച വാഹനങ്ങളും അവിടെയെത്തി. സർവ്വാലങ്കാരങ്ങളാൽ അവിടം മുഴുവൻ ശോഭിച്ചിരുന്നു. പാണ്ഡവർ കുന്തീസമേതമവിടെയെത്തി. എല്ലാവരും സന്തോഷഭരിതരായി. പാണ്ഡവർ പ്രായമനുസരിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ ഉപവിഷ്ടരായി. ഭക്ഷണശേഷം ബ്രാഹ്മണവേഷധാരികളായ കുമാരന്മാർ അവിടെകണ്ട ആയുധങ്ങൾ പരിശോധിക്കുന്നതു കണ്ടപ്പോൾ ഇവർ ക്ഷത്രിയരക്തത്തിൽ ജാതരായവരാണെന്നുള്ള സത്യം ഒന്നു കൂടി ഉറപ്പിച്ച് രാജകുടുംബം സന്തുഷ്ടരായി.

പാഞ്ചാലരാജാവ് ഇവർ ആരാണെന്നു വെളിപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടു. പാണ്ഡവരുടെ അവിടുന്നുള്ള മറുപടി കിട്ടിയില്ല. ഈ വിവാഹം ആർഭാടമാക്കണമെന്നുകൂടി പറഞ്ഞു. പാഞ്ചാലരാജാവേ നിങ്ങൾ സന്തോഷവാനായിരിക്കൂ, നിങ്ങളുടെ ആഗ്രഹം സാധിച്ചിരിക്കുകയാണ് എന്നു യുധിഷ്ഠിരൻ പറഞ്ഞു. അതിനുശേഷം അവരാരാണെന്ന സത്യം പറഞ്ഞു. ഇവിടെ വൈശമ്പായൻ പറയുന്നു:

തതഃ ദ്രുപദോ രാജാ ഹർഷവ്യാകുലലോചനഃ

പ്രതിവക്തും മുദാ യുക്തോ നാശകത് തം യുധിഷ്ഠിരം

അതോടുകൂടി ദ്രുപദന്റെ കണ്ണുകൾ സന്തോ

ഷത്താൽ തിളങ്ങി. കുറച്ചുനേരം സംസാരിക്കാൻ കൂടി കഴിഞ്ഞില്ല.

യുധിഷ്ഠിരൻ എല്ലാ കാര്യങ്ങളും വിശദമായി പറഞ്ഞു. രാജകുമാരന്മാർക്കു നൽകുന്ന എല്ലാ ബഹുമാനങ്ങളോടുംകൂടി യജ്ഞസേനൻ അവരോടു പെരുമാറി. ദ്രുപദൻ ഇന്നു ശുഭദിനമാണെന്നും അർജ്ജുനന്റെ പാഞ്ചാലിയുമായുള്ള വിവാഹം നടത്തട്ടെയെന്നും യുധിഷ്ഠിരനോടു ചോദിച്ചു. കുന്തിമാതാവിന്റെ ആജ്ഞപ്രകാരം പാഞ്ചാലി ഇന്നു ഞങ്ങളഞ്ചുപേരുടേയും പത്നിയാണെന്നും അഞ്ചുപേരും പ്രായത്തിന്റെ അടിസ്ഥാനത്തിൽ പാണിഗ്രഹണം നടത്തട്ടെയെന്നും പറഞ്ഞു. ഇതു കേട്ടു ദ്രുപദൻ അമ്പരന്നു. ഒരു പുരുഷന് ഒന്നിൽകൂടുതൽ ഭാര്യമാരുണ്ടാകാം, എന്നാൽ ഒരു സ്ത്രീക്ക് ഒന്നിൽ കൂടുതൽ ഭർത്താക്കന്മാ രുണ്ടാകാമോ. അത് ചിന്തനീയമാണ് എന്നു പറഞ്ഞു. ഇതിനേക്കുറിച്ച് താനും ധൃഷ്ടദ്യുമ്നനും കുന്തിയുംകൂടി ആലോചിക്കാമെന്ന വ്യവസ്ഥയിൽ നാളെ തീരുമാനിക്കാമെന്നു പറഞ്ഞ് യജ്ഞസേനൻ യാത്രയായി. ഇവിടെ വൈശമ്പായൻ പറയുന്നു:

തതസ്തേ പാണ്ഡവാഃ സർവ്വേ പാഞ്ചാല്യശ്ച മഹായശാഃ

പ്രത്യുത്ഥായ മഹാത്മാനം കൃഷ്ണം സർവ്വേ ള ഭ്യവാദയൻ

ഇതിനുശേഷം പാണ്ഡവരും പാഞ്ചാലരാജാവും മറ്റെല്ലാവരും എഴുന്നേറ്റ് അവിടെയെത്തിയ വേദവ്യാസനെ വണങ്ങി.

വേദവ്യാസനെ സ്വീകരിച്ചിരുത്തിയ ശേഷം ധൃഷ്ടദ്യുമ്നൻ ദ്രൗപദിയുടെ വിവാഹത്തിന്റെ ധാർമ്മികതയെക്കുറിച്ച് വ്യാസനോടു ചോദിച്ചു. എല്ലാവരുടേയും വിശദമായ അഭിപ്രായം ഇക്കാര്യത്തിൽ ആവശ്യമാണെന്നു വ്യാസൻ പറഞ്ഞു. തന്റെ അഭിപ്രായത്തിൽ ഈ വിവാഹം (അഞ്ചു ഭർത്താക്കന്മാർ) ധാർമ്മികതക്കെതിരാണെന്ന് ദ്രുപദൻ വീണ്ടും വീണ്ടും പറഞ്ഞു. പാപം ബുദ്ധിമാന്മാർ ചെയ്യാൻ പാടില്ലായെന്നും പറഞ്ഞു. ധൃഷ്ടദ്യുമ്നന്റെ സംശയം ഏറ്റവും മൂത്ത സഹോദരൻ ഏറ്റവും ഇളയ സഹോദരന്റെ ഭാര്യയെ എങ്ങനെ സമീപിക്കുമെന്നായിരുന്നു. തന്റെ നാവ് ഒരിക്കലും കള്ളം പറയുകയില്ലായെന്നും അതുകൊണ്ട് എന്റെ ഹൃദയം സമ്മതിച്ചിട്ടുണ്ടെങ്കിൽ അതു പാപമായിരിക്കില്ലായെന്നും യുധിഷ്ഠിരൻ പറഞ്ഞു. പല ഉദാഹരണങ്ങളും ചൂണ്ടിക്കാട്ടി അദ്ദേഹം ന്യായീകരിച്ചു. ഈ സമയം കുന്തിയുടെ വാക്കുകൾ അസത്യമായി മാറുമോ എന്ന് കുന്തി സംശയിച്ചു. ഇതുകേട്ട വ്യാസൻ പൊതുസഭയിൽ ഇതു സംസാരിക്കനിഷ്ടപ്പെടുന്നില്ലയെന്നു പറഞ്ഞു. ദ്രുപദന്റെ കൈപിടിച്ച് പുറത്തേക്കു പോയി. വ്യാസൻ ഒരു സ്ത്രീക്ക് ധാരാളം ഭർത്താക്കന്മാരുള്ളത് ധാർമ്മികമാണെന്നു തെളിയിക്കാൻ ഒരു കഥ പറഞ്ഞു.

( തുടരും )


എറണാകുളം
കരയോഗാംഗത്വം എടുക്കൂ
ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളിയാവൂ...

94 വർഷത്തെ സേവനപാരമ്പര്യമുള്ള
എറണാകുളം കരയോഗത്തിൽ കൊച്ചി
കോർപ്പറേഷൻ പരിധിയിൽ സ്ഥിരതാമസമുള്ള
എല്ലാ നായർ സമുദായാംഗങ്ങൾക്കും
കരയോഗം നിയമാവലിയ്ക്ക് വിധേയമായി
അംഗത്വം ലഭിക്കുന്നതാണ്.
ഈ അവസരം പ്രയോജനപ്പെടുത്തുക.
*കൂടുതൽ വിവരങ്ങൾക്ക്: 0484 2361160*
Email: ekmkgm@gmail.com

ജീവനക്കാരെ
ആവശ്യമുണ്ട്
എറണാകുളം കരയോഗത്തിലേക്കും
ഗുരുവായൂർ രാധേയം ഗസ്റ്റ്ഹൗസിലേക്കും

കെയർ ടേക്കർ / മാനേജർ
അക്കൗണ്ട്സ് അസിസ്റ്റന്റ്
മലയാളം DTP ഓപ്പറേറ്റർ
റിസപ്ഷനിസ്റ്റ്
സൂപ്പർ വൈസർ
റൂം ബോയ്സ്
ചേംബർ മെയ്ഡ്
ഇലക്ട്രീഷൻ
പ്ലംബർ
മൾട്ടി ടെക്നീഷ്യൻ

**General Secretary**
Ernakulam Karayogam, TDM Hall Complex, D.H. Road
Kochi - 682016, Ph. 0484 2361160, Extn. 35.38
Email.ekmkgm@gmail.com






# ഭാഷാ പിതാവേ എങ്ങനെ നന്ദി പറയേണ്ടു

**ആർ. കെ. ഫോൺ: 98956 37118**

മലയാള ഭാഷാവാരാചരണ മാസമാണ് നവംബർ. കഴിഞ്ഞ ഒക്ടോബറിലായിരുന്നു വിദ്യാരംഭം ഇതെല്ലാം ആഘോഷിക്കുകയോ ചടങ്ങാക്കി മാറ്റുകയോ ചെയ്യുന്ന നമ്മൾ ഭാഷാപിതാവ് തുഞ്ചത്തെഴുത്തച്ഛനെ ഓർമ്മിക്കാറുണ്ടോ ആവോ. മലയാള ഭാഷയുടെ തനതാചാര്യനായ ഈ അത്ഭുത പ്രതിഭാശാലിയാണ് മലയാള അക്ഷരമാലയുടെ ശില്പിയും . അതോടെ മലയാള ഭാഷക്ക് ഓജസ്സായി. തെളിമയായി കിളിപ്പാട്ടിലുടെ(കിളിയെകൊണ്ട് കഥാകഥനം നടത്തുന്ന രീതി). കവിത ജനകീയമാക്കുകയും ചെയ്തു.



ഭാഷാപിതാവിന്റെ ലിപിപരിഷ്കാരം സാധാരണക്കാരന് ഭാഷ പഠിക്കാനും എഴുതാനും സഹായിച്ചു. അവർക്കനുയോജ്യമായ അക്ഷരമാലാ പരിഷ്കാരമായിരുന്നു അത്. അതു വരെ വട്ടെഴുത്തായിരുന്നു. 30 അക്ഷരങ്ങളായിരുന്നു വട്ടെഴുത്തിൽ. വേദാന്ത പഠനത്തിനായി തമിഴ്നാട്ടിൽ ഏറെ നാൾ താമസിച്ച എഴുത്തച്ഛൻ(ശങ്കരൻ, രാമാനുജൻ, സൂര്യനാരായണൻ എന്നിങ്ങനെയാണ് പേരെന്ന് പലരും തർക്കിക്കുന്നുണ്ടെങ്കിലും രാമൻ എന്ന പേരായിരുന്നു വെന്ന് ഭാഷാപണ്ഡിതനായ കെ.പി. നാരായണ പിഷാരടി തന്റെ തർക്കവാദം സമർഥിച്ച് തെളിയിച്ചിട്ടുണ്ട്) തമിഴ് - തെലുങ്ക് ഭാഷകളും വേദാന്തവും പഠിച്ച ശേഷം ജന്മനാടായ (ഇന്നത്തെ തുഞ്ചൻ പറമ്പ്) തിരൂരിൽ തിരിച്ചെത്തി തയ്യാറാക്കിയതാണ് പുതിയ മലയാള ലിപി.

30 അക്ഷരങ്ങളുള്ള വട്ടെഴുത്തിനുപകരം 51 അക്ഷരങ്ങളുള്ള പുതിയ അക്ഷരങ്ങൾ പ്രയോഗത്തിലാക്കൽ, അതും എഴുത്താണിക്കും എഴുത്തോലക്കും വഴങ്ങുന്നതും ഉരുണ്ട മാതൃകയിൽ ചന്തവും തെളിച്ചവും ഉള്ളത് രൂപപ്പെടുത്തൽ - അതൊരു തുഞ്ചൻ തപസ്സായിരുന്നു എന്നേ പറയാനാവൂ. നോക്കു എന്തൊരു ഭംഗിയാണ് നമ്മുടെ അക്ഷരങ്ങൾക്ക്.

സംസ്കൃതത്തിലില്ലാത്ത റ, ഴ, ള, ന, എന്നീ അക്ഷരങ്ങൾ വട്ടെഴുത്തിൽ നിന്ന് തുഞ്ചൻ കടംകൊണ്ടു. ഒരേ അക്ഷരം രണ്ടു പ്രാവശ്യം എഴുതിയാൽ അമർത്തുച്ചരിക്കുക എന്ന വട്ടെഴുത്തിന്റെ കൂട്ടിവായനാരീതി(ക+ക= ക്ക) സ്വീകരിച്ചു. അങ്ങനെ സസൂക്ഷ്മം ഓരോഘട്ടങ്ങളിലും കടമ്പകൾ കടന്ന് അക്ഷരമാല ക്രമങ്ങൾ ചിട്ടപ്പെടുത്തി ഓലയാക്കി.

എഴുത്തച്ഛന്റെ അക്ഷരമാല ചിട്ടപ്പെടുത്തലും ഭാഷക്ക് മിഴിവു നൽകലും എങ്ങനെയായിരുന്നു വെന്നത് ഭാഷാപിതാവിന്റെ ജീവിതകഥ (തീക്കടൽ കടഞ്ഞ് തിരുമധുരം എന്ന നോവൽ) എഴുതിയ പ്രസിദ്ധ കഥാകാരൻ സി. രാധാകൃഷ്ണൻ വായിച്ചതും കേട്ടതുമായ എത്ര കഥകളും ഭാവനയും കൂട്ടിചേർത്ത് അതിമനോഹരമായി എഴുതിയിട്ടുണ്ട്. കഥാകാരന്റെ കുടുംബത്തിൽ പതിനാലു തലമുറയ്ക്ക് മുമ്പ് ജനിച്ച തലമുറകളുടെ വലിയമ്മാവനായിരുന്നു രാമാനുജനെഴുത്തചഛൻ ആ മഹാ പ്രതിഭ അക്ഷരമാല സൃഷ്ടിച്ചെടുക്കാൻ നടത്തിയ ശ്രമം നോവലിൽ വിവരിക്കുന്നത് ഇങ്ങനെയാണ്.

പുതിയ അക്ഷരമാല പ്രചാരത്തിൽ വരണമെങ്കിൽ

*വിവിധ ലിപികൾ*



B-ബ്രാഹ്മി V-വട്ടെഴുത്ത് K-കോലെഴുത്ത് M-മലയാണ്മ ML-മലയാളം

രണ്ട് വയസ്സു മുതൽ അമ്പത്തൊന്ന് അക്ഷരങ്ങളും ശുദ്ധിയോടെ പറയാൻ ശീലിക്കണം. നാട്ടുഭാഷയാണോ സംസ്കൃതമാണോ തുടർന്ന് പഠിക്കാൻ ഉദ്ദേശിക്കുന്നത് എന്ന ചോദ്യമേ ആഘട്ടത്തിൽ ഉത്ഭവിക്കേണ്ടതില്ല. പണ്ടേക്ക് പണ്ടേ ഹരിശ്രീ സമ്പ്രദായത്തിലാണല്ലോ കുട്ടികളെ എഴുതി തുടങ്ങിക്കുന്നത്. അതോടെ അമ്പത്തൊന്നക്ഷരങ്ങളും ഉൾക്കൊള്ളുന്ന പദ്യങ്ങൾ ചൊല്ലിക്കൊടുത്തു ഉരുവിടിയിക്കണം. അതിനുള്ള കീർത്തന മാതൃകകൾ ഉണ്ടാവണം എങ്കിലേ വർണ്ണക്രമം വേരുപിടിക്കൂ. എഴുത്തിനിരുത്തിക്കഴിഞ്ഞാൽ ഏതാനും ദിവസം തുടർച്ചയായി കുട്ടികളെ കൊണ്ട് അരിയിലെഴുതിച്ച് വായ്പാഠം ചൊല്ലിക്കാറുണ്ടല്ലോ. അപ്പോൾ ചൊല്ലിക്കുന്നത് അമ്പത്തൊന്നക്ഷരങ്ങൾ മുഴുവനും ആയിരിക്കണം. സ്പുടമായി വേണം താനും പിന്നെ നിലത്ത് തെളിമണലിട്ട് ആശാൻ കുട്ടിയുടെ കൈ പിടിച്ച് ചൊല്ലിച്ച് എഴുതിക്കുന്നതും അമ്പത്തൊന്നക്ഷരങ്ങളാവണം. തെളിഞ്ഞ സ്വരത്തിൽ ചൊല്ലിക്കണം. മൂന്നാം ഘട്ടത്തിൽ അ മുതൽ ക്ഷ വരെ തന്നത്താൻ എഴുതാൻ പഠിക്കണം. വ്യഞ്ജനാക്ഷരങ്ങളുടെ പെരുപ്പമെഴുത്ത് നാലാംഘട്ടത്തിൽ വശമാക്കണം. 'ക' കാരാദികളിൽ 'യ ര,ല,വ' എന്നിവ ചേർന്നുള്ള കൂട്ടക്ഷരങ്ങളും വ്യഞ്ജനങ്ങളുടെ കൂടെ 'ര' ചേർത്തുണ്ടാക്കുന്ന അക്ഷരങ്ങളും സ്വാധീനമാക്കൽ ക്ലേശകരമായതിനാൽ അത് അടുത്ത പടിമതി.

ആറാമതായി പുതിയ അക്ഷരമാലക്ക് പ്രാസകമായുള്ള റ്റ, ന്റ, ഴ, റ എന്നീ അക്ഷരങ്ങളും അവയുടെ കൂട്ടായ്മകളും മനസ്സിലാക്കി കൊടുക്കണം. പിന്നെ, അരയ്ക്കാൽ, കാൽ, അര, മുക്കാൽ, പറ, ഇടങ്ങഴി, നാഴി, പണം, വീശം മേപ്പടി, തിയതി, പൂജ്യം മുതൽ ഒമ്പതുവരെയുള്ള അക്കങ്ങൾ എന്നിവക്കുള്ള ചിഹ്നങ്ങൾ കൂടി പഠിച്ചുകഴിഞ്ഞാൽ എഴുതാറായി. ഇതിനെല്ലാം കൂടി ഒരു കൊല്ലംമതി. എഴുത്തച്ഛന്റെ മനസ്സിലെ അക്ഷരമാലയുടെ പാഠ്യപദ്ധതിയാണത്.

കുട്ടികളെ അക്ഷരങ്ങൾ പഠിപ്പിക്കുന്നതോടൊപ്പം അക്ഷരങ്ങളെ സ്നേഹിക്കാൻ ഗണാഷ്ടകവും മുകുന്ദാഷ്ടകവും ചിട്ടപ്പെടുത്തിയ ഭാഷാപിതാവിന് കൂപ്പുകൈയും സാഷ്ടാംഗ നമസ്ക്കാരവും.

# ക്രൂര നിർവ്വികാരത

ഉണ്ണി വാരിയത്ത്. ഫോൺ : 09867179480

ആരെയെങ്കിലും സന്ദർശിക്കുകയോ കണ്ടുമുട്ടുകയോ ചെയ്തശേഷം പിരിയുമ്പോൾ പൊതുവെ എല്ലാവരും പറയും 'എങ്കിൽ പിന്നെ കാണാം'. എന്നോ, ശരി, പോയിട്ടു വരാം എന്നോ.

പിന്നെ കാണും എന്ന് എന്താണുറപ്പ്?

അല്ലെങ്കിൽ, പോയിട്ടു വരാൻ കഴിയുമെന്ന് വല്ല നിശ്ചയവുമുണ്ടോ ? അതാണ് ഇപ്പോൾ അയാളെ അലട്ടുന്നത്. വിട പറയാൻ ഉചിതമായ വാക്കുകൾ അയാൾക്ക് കണ്ടെത്താനാവുന്നില്ലപോലും !

വീണ്ടും കാണാൻ ദൈവം ഇടവരുത്തട്ടെ. എന്ന പ്രാർത്ഥനാ നിർഭരമായ വാക്കുകൾ ഉപയോഗിക്കാമല്ലോ എന്ന് നിർദ്ദേശിച്ചപ്പോൾ അങ്ങനെ നീട്ടിപ്പറഞ്ഞാൽ കൃത്രിമത്വം അനുഭവപ്പെടുമത്രെ! അതുകൊണ്ട് അയാൾ ഇപ്പോൾ ഒന്നും പറയാതെയാണ് ഇറങ്ങിപ്പോവുക. കഷ്ടം! അത് ക്രൂര നിർവ്വികാരതയല്ലെ ?





# ഹരിസുധാലഹരി

നന്ദകുമാർ മേനോൻ ഫോൺ : 9895981809

**ശ്ലോകം -43**

ഭ്രൂമദ്ധ്യേ ഭുവനാംബയാം കമലയാൽ പ്രേമ്നാ സമാശ്ലിഷ്ടയായ്
സോമാർക്കായുതദീപ്തി പൂണ്ടു വിലസും ത്വദ്രൂമീക്ഷിപ്പവൻ
സോമാർക്കാദികളേതൊരാദിമമഹാജ്യോതിസ്സു തന്നംശമ–
ദ്ധാമം ചിത് പ്രഭ തിങ്ങിടും തവപദം പ്രാപിപ്പൂ സർവ്വോത്തമം

**ശ്ലോകാർത്ഥം :**

പ്രപഞ്ചത്തിന്റെ അമ്മയായ മഹാലക്ഷ്മിദേവിയാൽ ഏറ്റവും പ്രേമത്തോടെ കെട്ടിപ്പിടിക്കപ്പെട്ടവനായ്, എണ്ണമില്ലാത്തത്ര സൂര്യചന്ദ്രന്മാർക്കു തുല്യമായ ശോഭചേർന്ന് വിലസുന്നവനായി അവിടുത്തെ രൂപം, പുരികങ്ങളുടെ നടുവിൽ കാണുന്നവൻ. ഏതൊരു ആദിമ മഹാജ്യോതിസ്സിന്റെ അംശമാണോ സൂര്യൻ, ചന്ദ്രൻ മുതലായവർ. ചിത്തിന്റെ പ്രകാശം തിങ്ങിനിറയുന്ന ആ ആധാരമാകുന്ന, ഏറ്റവും എല്ലാത്തിനെകാളും ഉത്തമമായ അവിടുത്തെ പാദത്തിൽ ചെന്നു ചേരുന്നു.

**വ്യാഖ്യാ :**

മുൻപിൽ സഹസ്രാരത്തിലെ ധ്യാനത്തെ വർണ്ണിച്ചതിനുശേഷം, ഗുരു ഇവിടെ അതിന്റെ താഴെയുള്ള ഭ്രൂമദ്ധ്യത്തിലെ ധ്യാനത്തെ പറ്റി വർണ്ണിക്കുന്നു. ഭ്രൂമദ്ധ്യം രണ്ടു ദലങ്ങളുള്ള ആജ്ഞാചക്രം. താന്ത്രികർ പരമാത്മാവിനെ ധ്യാനിക്കുന്നതവിടെയാണ്. അതിൽ ഹരിയെ കാണണം. എങ്ങനെയുള്ള ഹരിയെ? മഹാലക്ഷ്മിയാൽ മുറുകെ കെട്ടിപ്പിടിക്കപ്പെട്ടവനായി. ആരാണാ മഹാലക്ഷ്മി ? ഭുവനത്തിന്റെ അമ്മ. ആരിൽനിന്നാണോ ഈ പ്രപഞ്ചം ഉണ്ടായത് അവൾ. എന്താണാ കെട്ടിപ്പിടുത്തത്തിന്റെ വിശേഷം? പ്രേമത്തോടുകൂടി. പ്രേമം രതിയുടെ ആധാരം. പ്രപഞ്ചത്തെ പ്രസവിക്കുന്നതിനു മുൻപുള്ള അവസ്ഥ. എങ്കിലും കാലാതീതമായതുകൊണ്ട് മുൻപേ 'ഭുവനാംബ' എന്നു പറഞ്ഞു വച്ചു. ആശ്ലേഷം കെട്ടിപ്പിടുത്തമാണെന്നിരിക്കെ, സമാശ്ലേഷം ആ കെട്ടിപ്പിടുത്തത്തിന്റെ ഗാഢത ദ്യോതിപ്പിക്കുന്നു. വേറെന്താണോ ഹരിയുടെ വിശേഷം ? എണ്ണാൻ കഴിയാത്തത്ര ചന്ദ്രന്മാരുടെയും സൂര്യന്മാരുടെയും പ്രകാശം ചൊരിയുന്നവനാണവൻ. 'പ്രകാശമാത്രതനു' എന്ന് ബ്രഹ്മത്തേപ്പറ്റി അന്യത്ര പരാമർശവുമുണ്ട്. അങ്ങനെയുള്ള രൂപം കണ്ടാൽ എന്താണ്? ആദ്യമായുണ്ടായിരുന്നത് ബ്രഹ്മം തന്നെ. അത് സച്ചിദാനന്ദസ്വരൂപമാണെന്നതു പോലെ തന്നെ പ്രകാശമാത്രവുമാണ്. ആ മഹാജ്യോതിസ്സിന്റെ അംശമാണ് സൂര്യൻ, ചന്ദ്രൻ മുതലായവർ. 'ആദി' എന്ന പദംകൊണ്ട് ഇവിടെ അഗ്നി തുടങ്ങി എല്ലാ ദേവീദേവന്മാരെയും സൂചിപ്പിച്ചിരിക്കുന്നു. ചിത് എന്ന ബ്രഹ്മരൂപത്തിന്റെ (മുൻപിലൊരു ശ്ലോകത്തിൽ വ്യഖ്യാനിച്ചിട്ടുണ്ട്) പ്രഭാപൂരം, പ്രകാശലഹരി തിങ്ങിനിറയുന്ന അവിടുത്തെ പാദമാകുന്ന ആ ആധാരത്തിൽ, അതു തന്നെ ഏറ്റവും ശ്രേഷ്ഠമായതിൽ, അവൻ ചെന്നു ചേരുന്നു. ഭ്രൂമദ്ധ്യത്തിലെ ഈ ധ്യാനം തന്നെ മോക്ഷപ്രദം.

## എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2019 ഒക്ടോബർ മാസത്തിൽ സംഭാവന നൽകിയവർ

| | |
|---|---|
| 1. ശ്രീ. രാജീവ് മേനോൻ, പ്ലോട്ട് നമ്പർ 08, ശ്രീരാഗം, കല്പക വിലാസ്, പാറയിൽ റോഡ്, എളമക്കര | 5,000/- |
| 2. ശ്രീ. രാമചന്ദ്രമേനോൻ.എം, ശ്രീമതി. പ്രമീള നന്ദകുമാർ, 9 ബി, ശാന്തി തോട്ടക്കാട്ട് ചിറ്റൂർ റോഡ്, വളഞ്ഞമ്പലം, കൊച്ചി – 682016 | 5,000/- |
| 3. ശ്രീമതി. ശാരദ ജഗദീഷ്, ശരണ്യ, ചിറ്റൂർ റോഡ്, കൊച്ചി – 682018 | 5,000/- |

# പാതഞ്ജലയോഗദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി ഫോൺ : 9447077203

**സമാധി പാദത്തിലെ 36-ാമത്തെ സൂത്രം :-**

വിശോകാ വാ ജ്യോതിഷ്മതീ:

അർഥം - ശോകമില്ലാത്ത ജ്യോതിഷ്മതി യാലും

'പ്രവൃത്തിരുത്പന്നാ മനസ: സ്ഥിതി നിബന്ധിനീ'.

അഥവാ വിഷയവതികളായ പ്രവൃത്തികൾ ഉണ്ടാവുകയും അവ മനസ്സിന്റെ ഏകാഗ്ര സ്ഥിതി നിലനിർത്തുകയും ചെയ്യുന്നു.

ഒരു സാധനമോ വ്യക്തിയോ നഷ്ടപ്പെട്ടാൽ നമുക്ക് ശോകമുണ്ടാകും. ശോകം ഇല്ലാത്ത അവസ്ഥയാണ് വിശോകാ. ഭഗവദ് ഗീതയിൽ യോഗത്തിന് ദു:ഖ സംയോഗ വിയോഗം എന്ന് നിർവചനം കൊടുത്തിട്ടുണ്ട്. ദു:ഖത്തിന്റെ ചേർച്ച വിടുക.

രജസ്തമോഗുണങ്ങളാണ് ശോക മോഹങ്ങൾ ഉണ്ടാക്കുന്നത്. സാത്വിക അഭ്യാസത്തിലൂടെ സത്വം വർദ്ധിക്കുമ്പോൾ സുഖം വരും. വിശോകമാവും. സത്വത്തിന്റെ ലക്ഷണമാണ് പ്രകാശം, ജ്യോതിസ്. വിശോകമായതാണ് ജ്യോതിഷ്മതിയാവുന്നത്. അതു സാക്ഷാത്കരിച്ചാൽ (പ്രവത്തിരുൽപന്നാ) മനസ്സ് സ്ഥിതി നിബന്ധമാവും, ഏകാഗ്രമാവും.

വിഷയവതീ പ്രവർത്തിക്ക് നാസികാഗ്രം മുതലായ സ്ഥാനം പറഞ്ഞിട്ടുണ്ടല്ലോ. എന്നാൽ വിശോകാ ജ്യോതിഷ്മതി പ്രവൃത്തിക്ക് സുഷുമ്നാ നാഡിയിലെ ചക്രങ്ങളാണ് സ്ഥാനങ്ങൾ. അനാഹത (ഹൃദയ) ചക്രത്തിൽ ധാരണ ചെയ്യുമ്പോൾ ബുദ്ധി തെളിയുന്നു. അത് പ്രകാശമാനമായ ഹൃദയാകാശമാവുന്നു. അവിടെ സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, രത്നങ്ങൾ, (മണിപ്രഭ) എന്നിവയുടെ പ്രകാശത്തിനു തുല്യമാവുന്നു.

പിന്നീട് അസ്മിതാവസ്ഥയിലേക്ക് കടക്കുമ്പോൾ അലയടങ്ങിയ മഹാസമുദ്രം പോലെ ശാന്തവും അനന്തവും ഉണ്മ മാത്രമുള്ളതും ആയിത്തീരുന്നു.

ഇവിടെ വ്യാസൻ ഇതിനെ രണ്ടു തരത്തിൽ എടുത്തു കാട്ടുന്നുണ്ട്. വിശോകാ വിഷയവതിയും അസ്മിതാ മാത്രാ ജ്യോതിഷ്മതിയും. രണ്ടിലും ദു:ഖത്തിന്റെ കണികയില്ല. ആദ്യത്തേതിൽ വിഷയബോധമുണ്ട്. രണ്ടാമത്തേതിൽ വിഷയ ബോധമില്ല. ഭാവാഗണേശൻ പറയുന്നത്, യോഗം കൊണ്ട് അന്ത:കരണത്തിന്റെയോ പുരുഷന്റെയോ സാക്ഷാത്കാര രൂപത്തിലുള്ള വൃത്തിയാണ് ജ്യോതിഷ്മതി എന്നാണ്. സാക്ഷാത്കാരത്താൽ മിഥ്യാ ജ്ഞാനവും വാസനകളും ഇല്ലാതാവും.

സമാധിപാദത്തിലെ 37 മത്തെ സൂത്രം : -

വീതരാഗ വിഷയവാചിത്തം

അർത്ഥം: വീതരാഗന്മാരെ ചിത്തത്തിനു വിഷയമാക്കിയും വീതരാഗന്മാരെന്നാൽ രാഗമില്ലാത്തവർ. ഒന്നിനോടും ഒട്ടാത്തവർ. രാഗദോഷങ്ങൾ വെടിഞ്ഞവർ. അത്തരം യോഗികൾ ജീവിച്ചിരിക്കുന്നുണ്ട്. മൺമറഞ്ഞവരും ഉണ്ട്. അവരെ ധ്യാനത്തിനു വിഷയമാക്കുമ്പോൾ നമ്മുടെ ചിത്തവും അതുപോലെയാകും.

വിഷയത്തോട് വീതരാഗമായ (രാഗമില്ലാത്ത) ചിത്തവും ഏകാഗ്രവുമായിരിക്കും എന്ന മറ്റൊരു അർത്ഥവും ഈ സൂത്രത്തിൽ നിന്ന് പറയപ്പെടുന്നുണ്ട്. രാഗമില്ലാത്ത ചിത്തത്തെ വിഷയമാക്കുക എന്ന തരത്തിലും പറയുന്നുണ്ട്. അതായത് ശ്രീശുക്രബ്രഹ്മർഷിപോലുള്ളവരുടെ മനസ്സ് എങ്ങനെയിരിക്കുമെന്ന് ചിന്തിക്കുക. അതിൽ മനസ്സുറപ്പിക്കുക. ഭാഗവതത്തിൽ ശുകനെ പരിചയപ്പെടുത്തുന്നുണ്ട്. 'യം പ്രവജന്തം (സന്യസിച്ചു പോകുന്ന) അനുപേതം അപേത കൃത്യം' (വീടും കുടിയുമില്ലാത്ത കർമ്മശേഷിപ്പുകളില്ലാത്ത) മകൻ ശുകനെ ദ്വൈപായനോ(വ്യാസൻ) വിരഹകാതര (വിരാഹാകുലനായി) പുത്രേതി (മകനെയെന്ന്) ആജുഹാവ (തിരിച്ചു വിളിച്ചു) പക്ഷെ മകൻ ശുകൻ തിരിഞ്ഞു നോക്കിയില്ല. വിളി കേട്ടില്ല. തിരിച്ചുരിയാടിയില്ല. മറുപടി പറഞ്ഞത് തരുക്കളാണ്. മരങ്ങളാണ്. (തരവ : അഭിനേദു:) ശുകനിലെ ചൈതന്യം തന്നെയാണല്ലോ തരുവിലും ഇരിക്കുന്നത്. അതുകൊണ്ട് ശുകനെ 'സർവ്വഭൂത ഹൃദയൻ' എന്നാണ് വിളിക്കുന്നത്. ആ അവസ്ഥയിലിരിക്കുന്ന ശുകന്റെ ചിത്തം എത്തരത്തിലായിരിക്കും ഇരിക്കുക. എങ്ങിനെയാവും പ്രതികരിക്കുക എന്നിങ്ങനെ ചിന്തിക്കുന്നത് മനസ്സ് ലയിക്കാൻ കാരണമാകുമെന്നാണ് ഇവിടെ സൂചിപ്പിക്കുന്നത്.

**നായർ സ്ത്രീസമാജം 2019 നവംബർ മാസ പരിപാടികൾ**

| തീയതി | പരിപാടി | സമയം |
|---|---|---|
| 19.11.2019 ചൊവ്വാഴ്ച | Get Together | 4.00 p.m. |





# ശിക്ഷാവിധി പുരാണങ്ങളിലൂടെ

രാജലക്ഷ്മി. എം.

രാജ്യത്തെ അത്യുന്നത നീതിന്യായ കോടതിയിൽ ഏതോ ഒരു കേസ് നടക്കുകയാണ്. താടിയും, മുടിയും നീട്ടി വളർത്തി അല്പ വസ്ത്രധാരിയായ ഒരാൾ അവിടേക്ക് കയറി വന്നു. അയാൾ ആരെയും ഗൗനിക്കാതെ, വിലക്കുകൾ വകവയ്ക്കാതെ നേരെ മുഖ്യന്യായാധിപന്റെ മുമ്പിൽ ചെന്ന് നിന്ന് ചോദിക്കുകയാണ്.. 'താങ്കൾ എന്ത് ന്യായത്തിന്റെ അടിസ്ഥാനത്തിലാണ് അന്ന് എന്നെ ശിക്ഷിച്ചത്?' മുഖ്യ ന്യായാധിപൻ അല്പ നേരത്തേയ്ക്ക് പകച്ചു നിന്നു പോയി. തനിക്ക് എവിടെയെങ്കിലും എപ്പോഴെങ്കിലും എന്തെങ്കിലും പാകപ്പിഴ സംഭവിച്ചുവോ ? സംശയമായി. ആഗതന്റെ ന്യായവാദം മുഴുവൻ സശ്രദ്ധം ശ്രവിച്ചു. തനിക്ക് തെറ്റു പറ്റിയിരിക്കുന്നു. ബോദ്ധ്യമായി. ആഗതൻ തുടർന്നു - 'അതേ - അങ്ങ് മുമ്പ് ശിക്ഷിച്ച വിധി രണ്ടു കൈയ്യും നീട്ടി അന്നു ഞാൻ മറുത്തൊന്നും പറയാതെ സ്വീകരിച്ചു' എന്ന് പറഞ്ഞ് ഉടൻ തന്നെ ആഗതൻ മടങ്ങി പോയി. ഇങ്ങനെ ഒരു രംഗം നമുക്ക് ഭാവനയിൽ പോലും സങ്കൽപ്പിക്കാനാവുമോ ? പറ്റുമെന്ന് തോന്നുന്നില്ല. ഉണ്ടായാലോ? അത് കോടതിയലക്ഷ്യമായി കണക്കാക്കപ്പെടും. 100 അപരാധികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധി പോലും ശിക്ഷിക്കപ്പെടാൻ ഇടവരുതെന്നാണ് അന്നും ഇന്നും നിയമം. നിരപരാധി ശിക്ഷിക്കപ്പെട്ടു കൂടാ എന്നതിലാർക്കും തർക്കമുണ്ടാവില്ല. തനിക്കു തന്ന ശിക്ഷ നീതിക്കും, ന്യായത്തിനും അനുസൃതമാണെന്ന് ഉറപ്പ് വരുത്തുവാൻ ഏതൊരു പൗരനും അവകാശമുണ്ടാവേണ്ടതാണ്. നമുക്കിന്നുള്ളത് നീതിന്യായ കോടതികളാണെന്നും അവിടെ നാം ഫയൽ ചെയ്യുന്നത് അന്യായമാണെന്നും ആരോ തമാശയായി പറയുന്നത് കേട്ടിട്ടുണ്ട്.

പണ്ട് ഭാരതത്തിൽ നിലനിന്നിരുന്നത് സനാതന ധർമ്മമാണ്. അതിനെ തൃമൂർത്തികളും, സർവ്വശക്തരായ അവതാരങ്ങളുമടക്കം മാനിക്കുന്നതും അനുസരിക്കുന്നതുമായി നമുക്ക് പുരാണങ്ങളിൽ കാണാം. സർവ്വ ചരാചരങ്ങളെയും സൃഷ്ടിക്കാൻ നിയുക്തനായ ബ്രഹ്മാവോ അവയെ യഥോചിതം ന്യായമായി പരിപാലിക്കാൻ ചുമതലപ്പെട്ട വിഷ്ണുവോ, സർവ്വവും സംഹരിക്കാൻ അധികാരപ്പെട്ട ശിവനോ ഈ നിയമത്തെ അതിലംഘിക്കുവാനോ, മറികടക്കുവാനോ തുനിഞ്ഞിട്ടില്ലെന്ന് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യങ്ങളാണ്. ബ്രഹ്മാവ് സ്തൂപത്തിന്റെ മുകൾഭാഗം കണ്ടു എന്ന് നുണ പറഞ്ഞതിന്റെ പേരിൽ അദ്ദേഹത്തിന് തന്റെ ഒരു തല നഷ്ടമായി. സർവ്വവും സൃഷ്ടിക്കാൻ കഴിവുള്ള അദ്ദേഹം ശിവൻ നുള്ളിക്കളഞ്ഞ തന്റെ തല എന്തുകൊണ്ട് സൃഷ്ടിച്ചില്ല ?. വിഷ്ണുവിന്റെ തല ചിതലിനാൽ വില്ലു മുറിഞ്ഞ് നഷ്ടപ്പെട്ടപ്പോഴും കുതിരയുടെ തലയാണ് വച്ചു പിടിപ്പിച്ചത്. പരമശിവനെയും ദാക്ഷയണിയെയും അപമാനിച്ചതിന് ദക്ഷന്റെ തല വീരഭദ്രൻ അറുത്തതും പിന്നീട് ആടിന്റെ തല വച്ചു പിടിപ്പിച്ചതും നമുക്കറിയാവുന്ന കാര്യങ്ങളാണ്. ശിവപുത്രന് ആനയുടെ തല ഒട്ടിച്ച് ഗണപതിയായി. വിഷ്ണു ഉറങ്ങിയ സമയത്ത് ഭൃഗുമഹർഷി ചവുട്ടിയ പാട് ശ്രീവത്സമായി ഭഗവാന്റെ മാറിൽ അലങ്കാരമായി കണക്കാക്കുന്നു. ശിവനാകട്ടെ കപാലധാരിയും ബ്രഹ്മഹത്യാ പാപമുള്ളവനുമായി വൃദ്ധിക്ഷയങ്ങൾ എന്ന ശിക്ഷ ഒഴിവാക്കുവാൻ ചന്ദ്രനായില്ല. അങ്ങിനെ പറഞ്ഞുതീർക്കാനാവാത്ത ശിക്ഷ അനുഭവിച്ച വിശ്വാമിത്രന്റെ തൃശങ്കുലോകം, ദേവേന്ദ്രൻ സഹസ്രഭഗനായത്, ഹരിശ്ചന്ദ്രൻ അനുഭവിച്ച ദുരന്തങ്ങൾ, അങ്ങിനെ നിരവധി കഥാപാത്രങ്ങളെ പുരാണങ്ങളിൽ നമുക്ക് കാണാൻ കഴിയും. പാണ്ഡവർക്കു കിട്ടിയ ശിക്ഷ നമുക്കറിയാവുന്നതല്ലെ ? വേണമെങ്കിൽ ശ്രീരാമന് സ്വന്തമാക്കാമായിരുന്നില്ലെ ? ഇന്നത്തെ ഭരണകർത്താക്കളോ? മക്കൾക്കും, കുടുംബത്തിനും, ബന്ധുക്കൾക്കും മിത്രാദികൾക്കും വേണ്ടി, അവരുടെ സ്വാർത്ഥലാഭത്തിനു വേണ്ടി എന്ത് ഹീനകൃത്യവും, വൃത്തികേടും ചെയ്യുവാൻ മടിയില്ലാത്തവർ അല്ലെ ഭൂരിഭാഗവും. എല്ലാവരും എന്ന് പറയുന്നില്ല ഇവരിൽ എത്രയോ പേർ നല്ലവരുമുണ്ട്. ശ്രീരാമന് ഗർഭിണിയായ സ്വന്തം പത്നിയേയും, അവസാനമായി ജീവന് തുല്യം സ്നേഹിച്ച ലക്ഷ്മണനെയും ഉപേക്ഷിക്കേണ്ടി വന്നില്ലെ?. രത്നാകരൻ ഭാര്യയോട് ചോദിക്കുന്നു. ഞാൻ നിങ്ങൾക്കു വേണ്ടി കട്ടുകൊണ്ടു വരുന്നതിന്റെ പാപത്തിന്റെ ഫലം നിങ്ങളും പങ്കു വയ്ക്കുമോ? എന്ന്. ഭാര്യ എന്താണ് പറഞ്ഞതെന്ന് നമുക്കേവർക്കുമറിയാം.

'താന്താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ
താൻ താൻ അനുഭവിച്ചീടുകെന്നെ വരൂ'

ഇന്ന് ഒരേ കുറ്റം ചെയ്യുന്ന പലർക്കും ലഭിക്കുന്ന ശിക്ഷ പല തരത്തിലാണ്. സമൂഹത്തിൽ സമുന്നതസ്ഥാനം അലങ്കരിക്കുന്നവർ കുറ്റം ചെയ്താൽ അവർക്കുള്ള ശിക്ഷ നാമമാത്രം. അഥവാ തീരെ ഇല്ലാതായി എന്നും വരാം. ചെറിയ കുറ്റം ചെയ്ത പാവപ്പെട്ടവനോ ? കഠിന ശിക്ഷയും. നിയമത്തിന്റെ നിലയും വിലയും ഇത് കെടുത്തുന്നു. ഇന്ന് പത്രം എടുത്ത് നോക്കിയാൽ നാട്ടിൽ നിറയെ അരാജകത്വം നിറഞ്ഞ് നിൽക്കുന്നതായി നമുക്ക് കാണാം.

പണ്ടുള്ളവർ കുറ്റം ചെയ്തവന് ശിക്ഷ ലഭിക്കണമെന്നും കുറ്റം ചെയ്യാത്തവൻ ശിക്ഷിക്കപ്പെടരുതെന്നും കുറ്റത്തിനനുസൃതമായിരിക്കണം ശിക്ഷയെന്നും നിഷ്കർഷിച്ചിരുന്നു. അതിന് ഒരു ഉദാഹരണമാണ് ശ്രീകൃഷ്ണന്റെ സഹപാഠിയായിരുന്ന സുദാമാവ്. വലിയ ദാരിദ്ര്യത്തിലകപ്പെട്ട് , ജീർണ്ണിച്ച വസ്ത്രം ധരിച്ചതിനാൽ കുചേലനായി മാറി. ശ്രീകൃഷ്ണന് ഭക്ഷിക്കുവാനായി വച്ചിരുന്ന അവിൽ കുറച്ച് കവർന്നെടുത്ത് തിന്നു എന്നതാണ് കുചേലൻ ചെയ്ത കുറ്റം. തെറ്റ് അന്ന് വ്യക്തി പരിഗണനയ്ക്ക് സ്ഥാനം കൽപ്പിച്ചിരുന്നെങ്കിൽ ഒരു പോറൽ പോലും ഏൽക്കാതെ ഊരിപ്പോരാൻ ധാരാളം സാധ്യതയുള്ള ഒരു കേസ്സ്. അന്ന് ആ പരിഗണന സുദാമാവിന് ലഭിച്ചില്ല എന്ന് മാത്രമല്ല കൊടിയ ദാരിദ്ര്യം അദ്ദേഹത്തിനും കുടുംബത്തിനും അനുഭവിക്കേണ്ടതായും വന്നു. നാരായണാ എന്ന നാമം സദാ ചൊല്ലി നടന്നാൽ മാത്രം പോരാ തന്റെ കർത്തവ്യം നിർവ്വഹിക്കണമെന്ന് ഗുണപാഠമാണ് ഇവിടെ നാം മനസ്സിലാക്കേണ്ടത്. ഭാഗവതത്തിലുടനീളം കുറ്റകൃത്യങ്ങളും, കൃഷ്ണൻ ശിക്ഷ നൽകുന്നതും, നമുക്കു കാണാം. ഗാന്ധാരി കൃഷ്ണനെ ശപിക്കുമ്പോഴും കൃഷ്ണൻ പുഞ്ചിരിച്ചു നിൽക്കുന്നതേയുള്ളു. യുദ്ധവും തന്റെ വംശനാശവും വേണമെങ്കിൽ കൃഷ്ണന് തടയാമായിരുന്നില്ലേ ? കുറ്റം ചെയ്ത ഏതൊരുവനും ശിക്ഷ അനുഭവിക്കണമെന്നതാണ് നിയമം. നിയമത്തിന് ഏവരും വിധേയരാണ്.

അബദ്ധവശാൽ ശിക്ഷ വിധിക്കുന്നതിൽ പാകപ്പിഴ സംഭവിക്കാം. അങ്ങിനെ വന്നാൽ ചിലപ്പോൾ ശിക്ഷ നൽകിയവൻ തന്നെ ശിക്ഷിക്കപ്പെടാം. അത്തരത്തിൽ പെട്ട ഒരപൂർവ്വകഥയാണ് മാണ്ഡവ്യന്റേത്. മാണ്ഡവ്യൻ എന്ന ഒരു ബ്രാഹ്മണശ്രേഷ്ഠൻ അധികമായി ആരോടും സംസാരി ക്കാത്ത പ്രകൃതക്കാരനായിരുന്നു. ആശ്രമത്തിനടുത്തുള്ള ഒരു വൃക്ഷച്ചുവട്ടിൽ മൗനം ഭഞ്ജിക്കാതെ ഇരുകൈകളും ഉയർത്തി നിന്ന് തപസ്സനുഷ്ഠിച്ച് പോന്നു. ഒരിക്കൽ കട്ട മുതലുമായി ചില കള്ളന്മാർ അതുവഴി ഓടി വന്നത് ദൂരെ അവരെ പിൻതുടർന്ന രാജഭടന്മാർ കണ്ടു. പിടിക്കപ്പെടുമെന്ന് ഭയന്ന് കള്ളന്മാർ തൊണ്ടി മുതൽ ആശ്രമമുറ്റത്ത് ഉപേക്ഷിച്ച് അടുത്തുള്ള കാട്ടിൽ ഒളിച്ചു. പിൻതുടർന്ന് വന്ന ഭടന്മാർ മുനിയേയും തൊണ്ടി മുതലും കണ്ടു. അവർ താപസനോട് ചോദിച്ചു – കള്ളന്മാർ ഏത് വഴിക്കാണ് പോയത്. ഞങ്ങൾക്കവരെ പിന്തുടരണം. മൗനവ്രതക്കാരനായ മുനി ഒന്നും ഉരിയാടിയില്ല. ഭടന്മാർ കാട്ടിലൊളിച്ച കള്ളന്മാരെയും കട്ട മുതലും കണ്ടെടുത്തു. എന്നാൽ ഒന്നും പറയാത്തതുകൊണ്ട് മുനിയിലും സംശയമായി. മുനിക്കും ഇതിൽ പങ്കുണ്ടോ? മറ്റു കള്ളന്മാരോടൊപ്പം മുനിയെയും രാജാവിന്റെ മുമ്പിൽ ഹാജരാക്കി. രാജാവ് അവർക്കെല്ലാവർക്കും വധശിക്ഷ വിധിച്ചു. എല്ലാവരെയും ശൂലത്തിന്മേൽ കയറ്റി. കാലം ചെന്നപ്പോൾ കള്ളന്മാരെല്ലാം മരിച്ചു. എന്നാൽ തപോബലത്താൽ മുനി മാത്രം മരിച്ചില്ല. ഏറെ നാളായിട്ടും മുനി മാത്രം ഭക്ഷണമൊന്നും കൊടുക്കാതിരുന്നിട്ടും മരിക്കാത്തതെന്തെന്ന് ഭടന്മാർ അത്ഭുതപ്പെട്ടു. അവർ രാജാവിനെ എല്ലാ കാര്യങ്ങളും വിശദമായി ബോധിപ്പിച്ചു. രാജാവ് മന്ത്രിമാരോടുകൂടി ചേർന്ന് താണു തൊഴുതു പറഞ്ഞു. അങ്ങയുടെ മാഹാത്മ്യം തിരിച്ചറിയാതെ ഞാൻ അങ്ങയെ ദ്രോഹിച്ചതിന് മാപ്പ് നൽകണം. കോപിക്കാതെ എന്നിൽ കനിവുണ്ടാകേണമേ ! എന്നിൽ പ്രസാദിക്കേണമേ! മുനി രാജാവിനോട് ക്ഷമിച്ചു – പ്രസാദിച്ചു. അദ്ദേഹത്തെ താഴത്തിറക്കി. ശൂലം വലിച്ചൂരാൻ നോക്കിയെങ്കിലും സാധിച്ചില്ല. അവസാനം ശൂലം രാവി രാവി മുറിച്ചു കളഞ്ഞു. അങ്ങിനെ മാണ്ഡവ്യൻ അന്നു മുതൽ അണിമാണ്ഡവ്യൻ എന്ന പേരിൽ പ്രസിദ്ധനായി. താൻ ആർജ്ജിച്ച തപോബലത്താൽ അദ്ദേഹം ധർമ്മദേവന്റെ അടുത്ത് ചെന്ന് ചോദിച്ചു. ഇപ്രകാരമുള്ള പാപഫലം അനുഭവിക്കാൻ മാത്രം ഞാനെന്തു തെറ്റാണ് ചെയ്തത് ? എനിക്കറിയണം. ധർമ്മരാജാവ് പറഞ്ഞു – ക്ഷുദ്രപക്ഷികളുടെ വാലിൽ ഈഷികപുല്ല് കുത്തികയറ്റുന്ന വിനോദമുണ്ടായിരുന്നു നിനക്ക്. അതിനുള്ള ശിക്ഷയാണ് നീ അനുഭവിച്ചത്. അധർമ്മം ചെയ്യുന്നതിന്റെ ഫലം വലുതാണ്. കുറച്ചു ദാനധർമ്മം ചെയ്താൽ അതിന്റെ പാപഫലം കുറയും. ഇതുകേട്ട് വെറുതെ മടങ്ങി പോകുന്നവനല്ല അദ്ദേഹം. അദ്ദേഹം ചോദിച്ചു. ഏതു പ്രായത്തിലാണ് ഞാൻ അത് ചെയ്തത് ? ധർമ്മരാജാവ് പറഞ്ഞു – നിന്റെ ചെറുപ്പകാലത്ത്. അണിമാണ്ഡവ്യൻ പറഞ്ഞു. ചെറുപ്രായത്തിൽ അറിവില്ലാതെ ചെയ്തത് അധർമ്മമാകുന്നില്ല. അപരാധമാകുന്നില്ല. ഈ ഒരു ചെറിയ അപരാധത്തിന് മഹാശിക്ഷയാണ് നീ എനിക്ക് വിധിച്ചത്. സർവ്വഭൂത വധത്തിലും മേലെയാണ് ബ്രാഹ്മണവധം. എന്റെ തപോബലത്താൽ ഞാൻ നിനക്ക് ശിക്ഷ വിധിക്കുന്നു. നീ ഭൂമിയിൽ ശൂദ്രജാതിയിൽ മനുഷ്യനായി പിറക്കട്ടെ – അങ്ങിനെ ധർമ്മരാജാവ് വിദുരരായി മനുഷ്യജന്മമെടുത്തു.





നീതി നിർവ്വഹണത്തിലെ സത്യസന്ധതയ്ക്ക് – അതിൽ പൂർണ്ണതയ്ക്ക് ഇതിൽപ്പരം എന്തുദാഹരണം വേണം ? നമ്മുടെ ഇന്നത്തെ സാമൂഹ്യക്രമം എത്ര മാറിക്കഴിഞ്ഞിരിക്കുന്നു. നന്മക്കായാലും തിന്മയ്ക്കായാലും മാറ്റം അനിവാര്യമാണ്. പ്രവർത്തികൾ അതുളവാക്കുന്ന ഫലമനുസരിച്ച് പുണ്യവും പാപവുമായി മാറുന്നു. ചെയ്യുന്ന തെറ്റിന് കർത്താവ് ശിക്ഷ അനുഭവിക്കുന്നു. ശിക്ഷ വിധിച്ചാൽ അതനുഭവിച്ചേ മതിയാകൂ. അതിന്നപ്പീലില്ല.അതായിരുന്നു അന്നത്തെ ശിക്ഷാവിധി. പുരാണങ്ങളിൽ പറയുന്നത് പുണ്യമായാലും പാപമായാലും അതിന്റെ ഫലം ഉടൻ അനുഭവിക്കണമെന്നില്ല. ഇന്നോ നാളെയോ, ജന്മങ്ങൾക്ക് ശേഷമോ ആകാം. നമ്മൾ പറയാറില്ലേ ? ഈ ജന്മത്തിൽ ഞാൻ അറിഞ്ഞുകൊണ്ട് ഒരു തെറ്റും ചെയ്തിട്ടില്ല എന്ന് – പിന്നെ എന്തേ ഇങ്ങിനെ ദുരിതമനുഭവിക്കുവാൻ കാരണം ? ചിലപ്പോൾ മുൻജന്മകർമ്മഫലമായിരിക്കും എന്ന് നമ്മൾ പറയാറുണ്ട്. ഇന്ന് കുറ്റം ചെയ്തവൻ മറ്റൊരുത്തനെ വാടകയ്ക്കെടുത്ത് അവന്റെ മേൽ കുറ്റം ചുമത്തി കുറ്റംചെയ്തവൻ രക്ഷപ്പെടുന്നു.

നാരദ മഹർഷി പറയുന്ന ഒരു കഥയുണ്ട്. ഗാലവ ചരിതം – അതിലാണ് യയാതിയുടെ ശിക്ഷാവിധി വരുന്നത്. ഗാലവന്റെ സ്ഥിതി വളരെ മോശമായിരുന്നതിനാൽ തനിക്ക് ഗുരുദക്ഷിണ വേണ്ടെന്ന് ഗുരു പറഞ്ഞു. എന്നാൽ ഗാലവന് എന്തെങ്കിലും ഗുരുദക്ഷിണ കൊടുത്തേ മതിയാവൂ എന്ന് നിർബന്ധം പിടിച്ചു. ഗുരു ക്ഷോഭിച്ച് പറഞ്ഞു – എന്നാൽ പ്രത്യേക തരത്തിലുള്ള എണ്ണൂറ് കുതിരകളെ തരൂ എന്നായി. ഗാലവന്റെ കയ്യിലാണെങ്കിലോ നയാപൈസയില്ല. യയാതിയെ സമീപിച്ചാൽ സഹായം ലഭിക്കുമെന്ന് ആരോ പറഞ്ഞതനുസരിച്ച് ഗാലവൻ അദ്ദേഹത്തെ പോയി കണ്ടു. അദ്ദേഹത്തിന്റെ പക്കൽ അപ്പോൾ കാശുണ്ടായിരുന്നില്ലെങ്കിലും ഒരു ഉപായം പറഞ്ഞു കൊടുത്തു. പണത്തിന് പകരം എന്റെ മകൾ മാധവിയെ തരാം. അവളെ പണയം വച്ച് കുതിരകളെ വാങ്ങാം. അവൾ പ്രസവിച്ചാലും കന്യകാത്വം നഷ്ടപ്പെടില്ല എന്ന വരം അവൾക്കുണ്ട്. അതുകൊണ്ട് അവളെ നീ ഒരു കൊല്ലം ഒരു പുത്രൻ ജനിക്കും വരെ എന്ന രീതിയിൽ പണയം വയ്ക്കൂ. ഗാലവൻ അതിനനുസരിച്ച് മൂന്നു രാജാക്കന്മാർക്ക് മാധവിയെ പണയംവച്ച് 600 വിശിഷ്ട കുതിരകളെ വാങ്ങി. ബാക്കി 200 കുതിരകൾക്ക് ഒരു കാലാവധി വച്ച് മാധവിയെ ഗുരുവിനും നൽകി. അങ്ങിനെ ഗുരുദക്ഷിണ പൂർത്തിയാക്കി. കാലാവധി കഴിഞ്ഞപ്പോൾ മാധവി സ്വതന്ത്രയായി തപസ്സനുഷ്ഠിച്ചു. യയാതി പുണ്യം ക്ഷയിച്ചപ്പോൾ സ്വർഗ്ഗത്തിൽ നിന്നും നിഷ്ക്കാസിതനായി. അപ്പോൾ യാചനാസ്വരത്തിൽ ദീനസ്വരത്തിൽ മൂന്നു പ്രാവശ്യം കേണപേക്ഷിച്ചു. സജ്ജനങ്ങൾ വസിക്കുന്നിടത്ത് മാത്രമേ എന്നെ പറഞ്ഞയയ്ക്കാവൂ എന്ന്. അതുപോലെ തന്നെ 4 പേർ ഹോമം, തർപ്പണം മുതലായവ അനുഷ്ഠിക്കുന്ന സ്ഥലത്താണ് വന്ന് പതിച്ചത്. മഹാതപസ്വികളായ അവർ മാധവിയുടെ മക്കളായിരുന്നു. താൻ സുകൃതക്ഷയം മൂലം സ്വർഗ്ഗത്തിൽ നിന്നും നിഷ്കാസിതനായി ഇവിടെ എത്തിചേർന്നതാണെന്ന് അദ്ദേഹം അവരോട് പറഞ്ഞു. ഞങ്ങളുടെ യജ്ഞഫലം അങ്ങയ്ക്ക് തരാം. അങ്ങ് ഇത് സ്വീകരിച്ച് സ്വർഗ്ഗസ്ഥനാകൂ എന്ന് മുനികുമാരന്മാർ പറഞ്ഞു. ദാനം, പ്രതിഗ്രഹം എന്നിവ നിങ്ങളിൽ നിന്നും വാങ്ങുവാൻ ഞാൻ അർഹനല്ല. ആ സമയത്ത് ഒരു തേജസ്വിനിയായ യോഗിനി അവിടെ ആഗതയായി. അത് മറ്റാരുമല്ല – മാധവി ആയിരുന്ന. പുത്രന്മാർ അമ്മയെ വന്ദിച്ചു. പ്രാകൃത വേഷധാരിയായ അച്ഛനെ മകൾ തിരിച്ചറിഞ്ഞു. മാധവി അച്ഛനെ നമസ്കരിച്ചു. ഞാൻ അച്ഛന്റെ മകളും, ഇവർ അച്ഛന്റെ പേരകുട്ടികളുമാണ് എന്ന് മകൾ പറഞ്ഞു – അച്ഛാ മനുഷ്യരെല്ലാം സന്തതികളുടെ പുണ്യഫലത്തിന്നർഹരാണ്. അതുകൊണ്ട് അവരുടെ തപോബലം സ്വീകരിച്ച് അച്ഛൻ സ്വർഗ്ഗസ്ഥനായാലും. യയാതി സന്തോഷത്തോടെ പേരക്കുട്ടികളുടെ പുണ്യം സ്വീകരിച്ചതും താനെ നിലത്ത് നിന്ന് ഉയർന്നു. കഴുത്തിലണിഞ്ഞ വാടിയ മാല വീണ്ടും വിരിഞ്ഞ് സുഗന്ധം പരത്തി. യയാതി വീണ്ടും സ്വർഗ്ഗം പൂകി. യയാതി ആർജ്ജിച്ച പുണ്യഫലങ്ങളെവിടെ ? താൻ ചെയ്ത അപരാധമെന്താണ് ? ഒരു പിടിയും കിട്ടിയില്ല. ആ സമയത്ത് അദ്ദേഹത്തിന്റെ പിതാമഹൻ അവിടെ പ്രത്യക്ഷനായി. പിതാമഹനെ നമസ്കരിച്ച് വന്ദിച്ച് തന്റെ കുറ്റത്തിന്റെ കാരണമെന്തെന്ന് പറഞ്ഞു തരുവാൻ അപേക്ഷിച്ചു. പിതാമഹൻ ഘനഗംഭീരമായ സ്വരത്തിൽ പറഞ്ഞു – നീ അനേക വർഷം നീതിപൂർവ്വം പ്രജാപാലനവും ദാനധർമ്മങ്ങളും ചെയ്തെങ്കിലും ഒരിക്കൽ രാജ്യസഭ കൂടിയപ്പോൾ ദേവർഷിമാരെയും ദേവന്മാരെയും നിന്ദിച്ച് സംസാരിച്ചു. ഒരു രാജാവായി ഇരുന്നിട്ടും നിന്നിൽ നിന്ന് ഇങ്ങിനെ ഒരു തെറ്റ് സംഭവിക്കരുതായിരുന്നു. ഈ ചെയ്തതിന്റെ ഫലമായിട്ടാണ് നീ അധ:പതിക്കാനിടയായത്. താൻ ആർജ്ജിച്ച എല്ലാ പുണ്യങ്ങളെയും ഹനിക്കത്തക്ക ശക്തി ഇതിനുണ്ടാകുമെന്ന് ഒരിക്കലും യയാതി കരുതിയിട്ടു ണ്ടാവില്ല.നമുക്കും ഇത് ഒരു പുതിയ അറിവും ഗുണപാഠവുമല്ലെ? പരദൂഷണം പാപവും കുറ്റകരവുമാണെന്ന് യയാതിയുടെ കഥ നമുക്കു നേരെ വിരൽ ചൂണ്ടുന്നു.

അങ്ങിനെ പുരാണങ്ങളിലൂടെ നമുക്ക് ലഭിക്കുന്ന അറിവുകൾ നമ്മെയും അടുത്ത തലമുറകളെയും കുറ്റകൃത്യങ്ങൾ ചെയ്യാതിരിക്കുവാൻ പ്രചോദനം നൽകട്ടെ.

# ബ്രഹ്മാർപ്പണം

പി. ബാലഗോപാലൻ. ഫോൺ : 9946092117

ഒരിക്കൽ വിവേകാനന്ദ സ്വാമിജി പ്രസംഗിച്ചുകൊണ്ടു നിൽക്കുമ്പോൾ കേൾവിക്കാരുടെ ഇടയിൽ നിന്ന് ഒരു വിദ്വാൻ ബ്രഹ്മം എന്നാൽ എന്താണ് എന്നൊരു ചോദ്യം ! പ്രസംഗം ഒന്ന് നിർത്തി സ്വാമിജി പറഞ്ഞു ഇവിടെ എന്റെ മുമ്പിൽ മൈക്ക്, മേശ, നിങ്ങൾ ഓരോരുത്തരും, ഇവിടെയുള്ള കസേരകൾ എന്നിവയെല്ലാം നാം കാണുന്നു, ഈ കാണുന്ന വസ്തുക്കളുടെ പേരും (നാമം) ആകൃതിയും (രൂപം) നീക്കം ചെയ്താൽ അവശേഷിക്കുന്നതാണ് ബ്രഹ്മം. അതായത് ബ്രഹ്മത്തിന് നാമവും രൂപവും ഇല്ല. നമുക്ക് മനസ്സിലാകാൻ വേണ്ടി ബ്രഹ്മം എന്ന ഒരു പേര് നാം സങ്കല്പിക്കുന്നു എന്നു മാത്രം.

ഈ പറഞ്ഞത് കുറച്ചുനേരം കണ്ണുമടച്ചിരുന്ന് ധ്യാനിച്ചാൽ നമുക്ക് ചില കാര്യങ്ങൾ വ്യക്തമാകും. സ്വാമിജിയുടെ മുമ്പിൽ മൈക്ക് ഉണ്ട്, അതിന്റെ രൂപഘടനയുടേയും ഉപയോഗത്തിന്റെയും അടിസ്ഥാനത്തിൽ നാം അതിന് ഒരു പേര് സങ്കല്പിക്കുന്നു. എന്നാൽ ആ പേര് നീക്കം ചെയ്താൽ അതിൽ നിന്ന് എന്തോ നഷ്ടപ്പെട്ടതുപോലെ നമുക്ക് തോന്നിയേക്കാം. എന്നാൽ അതിന്റെ രൂപം കൂടി നാം മനസ്സിൽ നിന്ന് നീക്കം ചെയ്താലോ ? ബാക്കി വരുന്നത് അതിന്റെ ഗുണം മാത്രം. പേര് നീക്കിയപ്പോൾ ലോഹം കൊണ്ടുള്ള ഒരു സാധനമായി. അതിന്റെ രൂപവും കൂടി നീക്കിയപ്പോൾ അതിന്റെ ഗുണം മാത്രമായി അവശേഷിക്കുന്നു. അതുപോലെ അവിടെ ഇരിക്കുന്ന ഓരോരുത്തരേയും ആലോചിച്ചു നോക്കുക. സ്വാമിജിയിൽ നിന്ന് തന്നെ തുടങ്ങാം. സ്വാമിജിയുടെ പേര് നീക്കം ചെയ്യുക. അപ്പോൾ സ്വാമിജി ഒരു മനുഷ്യൻ മാത്രമായി ഭവിക്കുന്നു. പിന്നെ ആ രൂപവും മനസ്സിൽ നിന്ന് നീക്കുകയാണെങ്കിൽ അവശേഷിക്കുന്നത് സ്വാമിജിയിലെ അറിവും ശബ്ദവും മാത്രമായി. നമ്മുടെ പഞ്ചേന്ദ്രിയങ്ങൾക്ക് അപ്രാപ്യമായ ഒന്നായതുകൊണ്ടാണ് ബ്രഹ്മത്തെ ഇങ്ങിനെ വീക്ഷിക്കണമെന്ന് സ്വാമിജി പറഞ്ഞതിന്റെ അർത്ഥം. നാം നാമവും രൂപവും മനസ്സിൽ നിന്ന് നീക്കം ചെയ്തിട്ടുണ്ടെങ്കിലും അതെല്ലാം അവിടെ തന്നെ ഉണ്ടല്ലോ. അതുപോലെ അവിടെ കൂടിയിരിക്കുന്ന ഓരോരുത്തരെ പറ്റിയും ചിന്തിച്ചു നോക്കുക. നാമ രൂപങ്ങൾ മാറ്റിയാൽ ബാക്കി വരുന്നത് അവരുടെ ചിന്തയും അറിവുണ്ടെങ്കിൽ അതും, അറിവില്ലായ്മയാണെങ്കിൽ അതും മാത്രമായി അവശേഷിക്കുന്നു. എന്നാൽ അവർ ഓരോരുത്തരും അവിടെ തന്നെ ഉണ്ട് താനും (അവരുടെ ഉണ്മ ഉറപ്പിക്കാം എന്നർത്ഥം).

ചിലർ ചിന്തിക്കുന്നത് സ്വാമിജി പറയുന്ന കാര്യങ്ങൾ ആയിരിക്കും. ചിലർ വീട്ടിലെ പ്രാരബ്ധങ്ങളായിരിക്കും. ചിലർ സ്നേഹിക്കുന്ന പെൺകുട്ടിയെ പറ്റിയായിരിക്കും. ചിലർ ആരെയെങ്കിലും എങ്ങിനെ വേലവെയ്ക്കാം എന്നായിരിക്കും. ചിലർ അടുത്തിരിക്കുന്നവരുടെ പോക്കറ്റടിക്കുന്നതിനെ കുറിച്ചായിരിക്കും. ഇങ്ങിനെ ലോക വ്യവഹാരങ്ങളിൽ കാണുന്നതിന്റെ ഒരു ചെറു പതിപ്പ് തന്നെ ആ ചെറിയ മുറിയിൽ നമുക്ക് അനുഭവിച്ചറിയാനാകും.

ഇനി ഒന്നു കൂടി വിശാലമായി ചിന്തിച്ചാൽ........... ആ കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം, അവിടെ കാണുന്ന വൃക്ഷങ്ങൾ, ജീവികൾ, നദികൾ, കുളങ്ങൾ മലകൾ.......... ഇതിന്റെയെല്ലാം നാമരൂപങ്ങൾ കളഞ്ഞു ചിന്തിച്ചു നോക്കൂ ! ഉദാഹരണമായി പുഴ തന്നെ എടുക്കുക. ആദ്യമായി പുഴയുടെ പേര് സങ്കല്പത്തിൽ നിന്ന് നീക്കം ചെയ്താൽ സമാനസ്വഭാവമുള്ള എല്ലാ പുഴയുടെ കൂട്ടത്തിലാകും ഈ പുഴയും. ഇനി അതിന്റെ രൂപവും മാറ്റിയാൽ ബാക്കി വരുന്നത് ജലം എന്ന ഒരാശയത്തിലേക്ക് നാം എത്തിച്ചേരുന്നതായി കാണാം. എന്നാൽ ജലത്തിനും അതിന്റേതായ ഒരു രൂപ ഘടനയുണ്ടല്ലോ അതും നാം ത്യജിക്കേണ്ടിയിരിക്കുന്നു. കാരണം പഞ്ചേന്ദ്രിയങ്ങൾക്കപ്പുറം നിൽക്കുന്ന ബ്രഹ്മസങ്കല്പത്തിലെത്താൻ അതുകൂടിയെ തീരൂ. അപ്പോൾ ബാക്കി വരുന്നത് അതിന്റെ അസ്ഥിത്വവും ഗുണവും മാത്രം. നാം അതുവരെ ഒരു പേരിട്ട് വിളിച്ച പുഴയുടെ സ്ഥാനത്ത് നാം എത്തി നില്ക്കുന്നത് അതിന്റെ ഉണ്മയിൽ മാത്രം. ഇതുപോലെ പഞ്ചേന്ദ്രിയ സഹായത്താൽ നാം അനുഭവിക്കുന്ന ഓരോന്നിന്റേയും നാമരൂപങ്ങൾ നീക്കം ചെയ്യുമ്പോൾ അവശേഷിക്കുന്നത് അതിന്റെ അസ്ഥിത്വം മാത്രം.

ഇനി കുറേ കൂടി ആഴത്തിൽ ചിന്തിച്ചാൽ...... നാം സൂര്യനെ കാണുന്നു. സൂര്യൻ എന്ന പേര് മനസ്സിൽ നിന്ന് നീക്കം ചെയ്യുന്നു. ബാക്കി വരുന്നത് ജ്വലിക്കുന്ന ഒരു ഗോളം മാത്രമായി. എന്നാൽ, അതിന്റെ രൂപവും കൂടി മനസ്സിൽ നിന്ന് നീക്കം ചെയ്താലോ ? ബാക്കി വരുന്നത് അതിന്റെ അസ്ഥിത്വവും ഗുണവും മാത്രം. അതായത് ചൂട് വെളിച്ചം എന്നിവ. അങ്ങിനെ നോക്കുമ്പോൾ ഓരോന്നിന്റെയും നാമവും രൂപവും മാറ്റുമ്പോൾ അവശേഷിക്കുന്നത് അതിന്റെ ഉണ്മയും ഗുണവും മാത്രമാകുന്നു എന്ന് നമുക്ക് ഉറപ്പിക്കാം. എന്നാൽ ഇത് മുഴുവനായി ശരിയാണോ എന്ന് നമുക്ക് പരിശോധി ക്കേണ്ടതുണ്ട്.

ഒരു കാര്യമുണ്ടെങ്കിൽ അതിന് കാരണവും വേണമല്ലോ ? ഉദാ: ഒരു കുട്ടി ജനിച്ചാൽ അതിന്റെ കാരണം അമ്മയായിരിക്കും, ദാഹം മാറിയെങ്കിൽ അതിനു കാരണം വെള്ളമായിരിക്കും. കാറ്റുണ്ടെങ്കിൽ അതിന്റെ കാരണം വായുവായിരിക്കും. ചൂടുണ്ടെങ്കിൽ അതിന്റെ കാരണം തീയായിരിക്കും എന്നെല്ലാം കാര്യകാരണങ്ങളെ പറ്റി നമുക്ക് നമ്മുടെ ലൗകിക ജീവിതത്തിലെ ഉദാഹരണങ്ങളായി സമർത്ഥിക്കാം. എന്നാൽ മറ്റു ചില ഉദാഹരണങ്ങളിൽ നിന്ന് ഈ വക അനുമാനങ്ങളിൽ എത്തി ചേരുന്നത് മുഴുവൻ ശരിയാണോ എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു.

മരുഭൂമിയിൽ ദൂരെ കാനൽ ജലം കാഴ്ചയിൽ പെടാറുണ്ട് അവിടെ സത്യമായത് മരുഭൂമി, അസത്യമായത് കാനൽ ജലം. രണ്ടും നമ്മൾ കാണുന്നു. അവിടെ കാനൽ ജലം നമ്മുടെ അജ്ഞതയായി മാറുന്നു. എന്നാൽ നമ്മൾ അത് കാണുകയും ചെയ്യുന്നു. ഇതുപോലെ കയർ കിടക്കുന്നതു കണ്ട് നാം പാമ്പാണെന്ന് തെറ്റിദ്ധരിക്കുന്നു. അത് പാമ്പല്ലെന്ന് ബോധ്യം വന്നാൽ മാത്രം നാം അതിനെ കയറായി കാണുന്നു. കുറച്ചു മുമ്പ് നാം പാമ്പായി മാത്രം അതിനെ കണ്ടിരുന്നു. തിരിച്ചറിയുന്നതുവരെ പാമ്പാണ് എന്ന് ഭ്രമിച്ചുപോയി. ഇവിടെയാണ് സത്യമല്ലാത്തതും നാം ഭ്രമിച്ചു കാണുന്നു എന്നു വരുന്നത്.

സ്വാമിജി പറഞ്ഞതിൽ നിന്ന് തുടങ്ങാം. പേരും രൂപവും മാറ്റി നിർത്തി അവശേഷിക്കുന്നത് ബ്രഹ്മം. അപ്പോൾ പേരുള്ളതും രൂപമുള്ളതും അതിന്റെ സ്വഭാവങ്ങളും അതിന്റെ ചിന്തകളും എല്ലാം അവിടെ തന്നെ ഉണ്ട്. തൽക്കാലം നാം അതിനെ മാറ്റി നിർത്തുന്നു എന്നു മാത്രം. അപ്പോൾ നമുക്ക് കാണാൻ ആവുന്നതും കാണാൻ ആവാത്തതും കേൾക്കാൻ ആവുന്നതും ആവാത്തതും സ്പർശിക്കാൻ ആവുന്നതും അല്ലാത്തതും ഗന്ധം തോന്നിക്കുന്നതും തോന്നിക്കാത്തതും നാവിൽ രസം വരുന്നതും വരാത്തതും ആയ എല്ലാം കൂടി ചേർന്നതാവും ബ്രഹ്മം. എന്നാൽ മരുഭൂമിയിലെ കാനൽ ജലം ഭ്രമിച്ചു കാണുംപോലെ ഇല്ലാത്തതു പലതും ഭ്രമിക്കുന്നതായും നാം കണ്ടല്ലോ, അങ്ങിനെ വരുമ്പോൾ ഭ്രമിച്ചു കാണുന്നതും നമുക്ക് ബ്രഹ്മത്തിൽപെടുത്തേണ്ടി വരും. അല്ലെങ്കിൽ ചിലത് ബാക്കി യായി നിൽക്കും. അപ്പോൾ ബ്രഹ്മം എന്നത് പൂർണ്ണമാകില്ല. ഭ്രമിച്ചു കാണുന്നതടക്കം മാത്രമെ ബ്രഹ്മമാവുകയുള്ളൂ. ബ്രഹ്മത്തിൽ അടങ്ങാത്തതായി ഒന്നും ഇല്ല എന്നും ഉണ്ടാകാനായിട്ടൊന്നും ഇല്ല എന്നും രണ്ടു തരത്തിൽ നമുക്ക് കാണേണ്ടി വരും.

അടങ്ങാത്തതായിട്ടൊന്നും ഇല്ല എന്നു ചിന്തിക്കുമ്പോൾ ബ്രഹ്മം അനന്തമാണ് എന്നും എല്ലാ ദിക്കിലും നിറഞ്ഞു നിൽക്കുന്നു എന്നും വ്യക്തം. അപ്പോൾ എല്ലാ ദിക്കിലും നിറഞ്ഞു നിൽക്കുന്ന ഒന്നിൽ നിന്ന് വേറൊന്ന് എങ്ങിനെ ജനിക്കും. ജനിക്കാൻ ഇടമുണ്ടെങ്കിൽ മാത്രമല്ലെ വേറൊന്നിന് ജനിക്കാനാകൂ. ജനിച്ചു എന്നു തോന്നുന്ന വസ്തുവും നേരത്തെ ബ്രഹ്മത്തിൽ ഉണ്ടായിരുന്നതായിരിക്കും. ഇങ്ങിനെ ചിന്തിച്ചാൽ ആദ്യമായി ബ്രഹ്മത്തിൽ നിന്ന് ബ്രഹ്മാവു ഉണ്ടായി എന്നു പറയുന്നതിൽ അർത്ഥമില്ല. യുക്തിയില്ല. ബ്രഹ്മമല്ലാതെ വേറൊന്നില്ല എന്നു പറയുകയും പുതിയ ഒരു സൃഷ്ടി ആരോപിക്കുകയും ചെയ്യുന്നത് യുക്തിക്ക് നിരക്കാത്തതാണ്. അപ്പോൾ മരുഭൂമിയിലെ ഉദാഹരണംപോലെ സത്യമായത് മരുഭൂമിയും അസത്യമായത് കാനൽ ജലവും എന്നപോലെ ബ്രഹ്മത്തിന്റെ ഒരു ഭ്രമരൂപമായി മാത്രമെ ബ്രഹ്മാവിനെ കാണാനാകൂ. കാനൽ ജലം ഇല്ലാതാകും പോലെ ബ്രഹ്മാവും ഇല്ലാതാകും. അതായത് ഭ്രമിച്ചു കാണുന്നത് നില നിൽക്കില്ല. നശിച്ചു പോകും. ബ്രഹ്മം മാത്രമെ നിലനിൽക്കുകയുള്ളൂ. വാസ്തവത്തിൽ ഒന്നും ഉണ്ടായിട്ടും ഇല്ല. പരബ്രഹ്മത്തിന്റെ സങ്കല്പങ്ങളാണ് ബ്രഹ്മാവ് തുടങ്ങിയവരെന്നും ആ സങ്കല്പം മൂലം ഉണ്ടെന്നു തോന്നുന്നതിന് അസ്ഥിത്വം ഇല്ല എന്നും കാണേണ്ടി വരും. എന്നാൽ ഈ സങ്കല്പ ശക്തി കൂടി കൂടിയാലെ ബ്രഹ്മം പൂർണ്ണമാവുകയുള്ളൂ. അല്ലെങ്കിൽ ബ്രഹ്മത്തിൽ അടങ്ങാത്തത് ആയിട്ടൊന്നുമില്ല എന്നത് ശരിയാകില്ലല്ലോ. നശിക്കുന്നത് ജഡമായതിനാൽ വേറൊരു തരത്തിൽ പറഞ്ഞാൽ ജഡവസ്തുക്കൾ നശിക്കുന്നതുകൊണ്ട് സങ്കല്പങ്ങളും ജഡമായി വരുന്നു. ഇവിടെയാണ് ശങ്കരാചാര്യ സ്വാമികളുടെ 'ബ്രഹ്മ സത്യം ജഗത് മിഥ്യ ജീവോ ബ്രഹ്മൈവനാ പര' എന്ന വാക്യത്തിന്റെ പ്രസക്തി. അദ്ദേഹത്തിന്റെ അദ്വൈതസിദ്ധാന്ത ദൃഷ്ടിയിൽ ബ്രഹ്മം മാത്രമെ സത്യമായിട്ടുള്ളൂ എങ്കിലും സത്യത്തെ തന്നെ മൂന്നു തരത്തിൽ കാണാമെന്നും, അല്ലെങ്കിൽ കാണണമെന്നും വാദിക്കുന്നു. അതായത് പാരമാർഥികം,

വ്യാവഹാരികം, പ്രാതിഭാസികം (അയാഥാർത്ഥം). പാരമാർഥിക സത്യമായി ബ്രഹ്മം മാത്രം. വ്യാവഹാരികത്തിൽ പെടുന്നതാണ് ജഗത്. അതിനെ പകുതി സത്യം പകുതി അസത്യം എന്നാണ് പറയുന്നത്. എട്ടുകാലി തന്നിൽ നിന്ന് ഉൽപാദിപ്പിച്ച വല തന്നിലേക്കു തന്നെ വലിച്ചെടുക്കുന്നതുപോലെ കാലദേശ കാര്യകാരണങ്ങളിൽ ചിട്ടവരുത്തപെട്ടവയുടെ ഗണത്തിലാണ് ഇവയെ പെടുത്തിയിരിക്കുന്നത്. ഇവിടെ വ്യവഹാരത്തിൽ സത്യമായി തോന്നാം. എന്നാൽ പൂർണ്ണസത്യവും അല്ല. ചെറുതായിട്ട് വിശദീകരിച്ചാൽ ഇത് മനസ്സിലാക്കാവുന്നതാണ്.

പ്രകൃതിയും പുരുഷനും ഈശ്വരന്റെ (ബ്രഹ്മത്തിന്റെ) രണ്ടു പ്രകൃതങ്ങളാണ്. അല്ലെങ്കിൽ സ്വഭാവങ്ങളാണ്. മനുഷ്യയുക്തിക്ക് നിരക്കാത്തതായതിനാൽ അതിനെ മായ എന്നും വിളിക്കപ്പെടുന്നു. അത് എപ്പോൾ ഉണ്ടായി എന്നാണെങ്കിൽ അതിന് അന്തമില്ല. ഈശ്വരൻ നിത്യമായതിനാൽ ഇവ രണ്ടും നിത്യമാണ്. ഈ ദ്വയത്തമാണ് ഈശ്വരന്റെ ഈശ്വരത്വം. കാര്യത്തിന്റെയും കാരണത്തിന്റെയും കർതൃത്വത്തിന് ഹേതുവായതിനെ പ്രകൃതി എന്നും, സുഖദു:ഖങ്ങളുടെ ഭോഗത്തിന് ഹേതുവായതിനെ പുരുഷൻ എന്നും പറയുന്നു. ബ്രഹ്മത്തിൽ തന്നെ സഹവസിക്കുന്ന ഈ അനാദിയും നിത്യവും ആയ പ്രകൃതിയും പുരുഷനും കാര്യകാരണങ്ങൾക്ക് അതീതമായതുകൊണ്ട് അതിൽ നിന്നുള്ള മോചനവും, അങ്ങിനെ വരുമ്പോൾ ബന്ധവും മോക്ഷവും ഇല്ല എന്നും വരും. ബ്രഹ്മപ്രകൃതിയിൽ നിന്ന് ഉണ്ടായി ബ്രഹ്മത്തിൽ തന്നെ ലയിക്കുന്ന (ചിലന്തിയും - ചിലന്തിവലയും പോലെ) പ്രകൃതിയും പുരുഷനും പാരമാർത്ഥിക സത്യമായ ബ്രഹ്മത്തിൽ നിന്ന് വേറെയും അല്ല എന്നാണ് അദ്വൈതവാദികളുടെ പക്ഷം. ഇവിടെ ഈ പക്ഷക്കാർ പറയുന്ന പ്രധാന കാരണം അജ്ഞാനം കൊണ്ടു മാത്രം തോന്നുന്ന കാര്യങ്ങളാണ് ബന്ധവും മോക്ഷവും എന്നാണ്. പ്രകൃതിയും പുരുഷനും ജ്ഞാനോദയത്തോടെ അപ്രത്യക്ഷമാകും. ശ്രീരാമകൃഷ്ണദേവൻ ഇതിന് ഉദാഹരണമായി പറയുന്നത് ഉപ്പുകൊണ്ടുണ്ടാക്കിയ ഒരു പാവ എപ്രകാരം വെള്ളത്തിലിട്ടാൽ അലിഞ്ഞ് ഇല്ലാതാകും. അതുപോലെ അജ്ഞാനം അലിഞ്ഞ് ഇല്ലാതായാൽ ഉപ്പുമില്ല പാവയും ഇല്ല വെള്ളം മാത്രം - ബ്രഹ്മം മാത്രം. മൂന്നാമതായി അയഥാർത്ഥ സത്യം എന്നൊന്നു കൂടി ശങ്കരാചാര്യ സ്വാമികൾ പറയുന്നു. അതിന് ഉദാഹരണമായി പറയുന്നത് 'പാമ്പ് - കയറു' കഥയാണ് കയറു കിടക്കുന്നതു കൊണ്ട് പാമ്പാണെന്ന് വിചാരിക്കുന്നു. കയറിനെ പാമ്പായി തോന്നിയ നിമിഷം മുതൽ ഉണ്ടായ ഭയം വിട്ടുമാറണമെങ്കിൽ അത് കയറായിരുന്നു എന്ന് പൂർണ്ണബോധ്യം വന്നാൽ മാത്രമെ ഉണ്ടാകു. അയഥാർത്ഥമായ ഒരു കാര്യം നാം യഥാർത്ഥമാണെന്ന് സങ്കല്പിച്ചു കൂട്ടി വരുത്തി വയ്ക്കുന്ന വിന. ഇത് ഭൗതിക ജീവിതത്തിൽ വരാവുന്ന തെറ്റും അജ്ഞാനം മാറുമ്പോൾ ഉണ്ടാക്കുന്ന ശരിയുമാണ്. എന്നാൽ വ്യാവഹാരിക സത്യങ്ങൾ മനസ്സിലാക്കണമെങ്കിൽ കഠിന പ്രയത്നം കൂടിയെ തീരൂ. രാജയോഗം, കർമ്മയോഗം, ഭക്തിയോഗം എന്നിവയിലൂടെ ഒരുവന് അജ്ഞാനം നീക്കി ജ്ഞാനം സമ്പാദിക്കാവുന്നതാണ് എന്നാണ് അദ്വൈതവാദികളുടെ പക്ഷം, ജ്ഞാനസമ്പാദന മാർഗ്ഗങ്ങളായ ഈ യോഗങ്ങളിലൂടെ വിജ്ഞാനം സമ്പാദിക്കുക എന്നതായിരിക്കണം ഓരോരുത്തരുടെയും പരമമായ ലക്ഷ്യം. വിജ്ഞാനിതനായ ഒരുവൻ കടലിൽ വീണ ഒരു തുള്ളി ജലം കടലിന്റെ ഭാഗമായി തീരുന്നതുപോലെ ബ്രഹ്മമായി ഭവിക്കുകയാണ് ചെയ്യുന്നത്.

ഉറങ്ങുമ്പോൾ നാം സ്വപ്നം കാണാറുണ്ട് . സ്വപ്നം കണ്ടുകൊണ്ടിരിക്കുമ്പോൾ അത് സത്യമായി മാത്രമെ നമുക്ക് തോന്നുകയുള്ളു. വളരെ കുറച്ചു സമയത്തെ സ്വപ്നത്തിൽ തന്നെ നമുക്ക് ഒരാളുടെ ആയുസ്സു മുഴുവൻ നടന്ന കാര്യങ്ങൾ കണ്ടു തീർക്കാനാകുന്നു. അങ്ങനെ വരുമ്പോൾ ഉണർന്നിരിക്കുമ്പോൾ ഉള്ളതല്ല സ്വപ്നത്തിലെ കാല ദേശങ്ങൾ എന്ന് മനസ്സിലാക്കാം. സ്വപ്ന സമയത്തു തന്നെ കാലദേശങ്ങൾ ഇത്ര കണ്ട് മാറി മറയുന്ന കാഴ്ചയാണ് നമുക്ക് അനുഭവപ്പെടുന്നത്. നാം ജീവിതത്തിൽ കണ്ടതും കാണാത്തതുമായ കാര്യങ്ങൾ കണ്ടെന്നു വരാം. നാം വേറെ രാജ്യത്ത് വേറെ വ്യക്തികളായും കണ്ടെന്നു വരാം. പക്ഷെ അത് ഞാനായിരുന്നു എന്നും നമുക്ക് വ്യക്തമായി തോന്നാം. ഉണർന്നു കഴിഞ്ഞാൽ മാത്രം അത് അയഥാർത്ഥമാണെന്ന് മനസ്സിലാകും. ഇത് എങ്ങിനെ സംഭവിച്ചു ? സത്യമാണെന്ന് തോന്നിയ കാര്യങ്ങൾ വളരെ കുറച്ച് നേരംകൊണ്ട് വളരെ കാലത്തെ ജീവിതങ്ങൾ വരെ സ്വപ്നത്തിൽ കണ്ടു തീർക്കുന്നു, അവിടെ വിശന്നു കരയാറുണ്ട്, ഭക്ഷണം കഴിച്ച് വിശപ്പ് മാറ്റാറുണ്ട് . അടിയും ഇടിയും കൊള്ളാറുണ്ട്. അതുകൊണ്ട് വേദനിച്ചു കരയാറുണ്ട്. അതുപോലെ സന്തോഷിക്കാറുണ്ട്. ഇങ്ങിനെ ഉണ്ടാകുന്ന ഓരോ വികാരങ്ങൾക്ക് അനുസ്യൂതമായി നമ്മുടെ ദേഹം പ്രതികരിക്കാറുണ്ട്. ചുരുക്കത്തിൽ ഉണർന്നിരിക്കുമ്പോഴുള്ള എല്ലാ വികാരങ്ങളും നാം സ്വപ്നത്തിൽ സത്യമായി തന്നെ അനുഭവിക്കാറുണ്ട്. എന്നാൽ ഉണർന്നാൽ ഇത് എങ്ങിനെ സംഭവിച്ചു. അപ്പോൾ സ്ഥലകാലങ്ങൾക്ക് സ്വപ്നത്തിൽ വ്യതിയാനം സംഭവിച്ചു, തീർച്ച.

ഇനി സുഷുപ്തിയിലെ കാര്യങ്ങൾ നോക്കാം. അവിടെ നാം ഒന്നും കാണുന്നില്ല. അനുഭവിക്കുന്നില്ല ശാന്തമായ അവസ്ഥ. സ്വപ്നത്തിൽ സ്ഥലകാലങ്ങൾക്ക് വ്യതിയാനം സംഭവിച്ചു എങ്കിൽ സുഷുപ്തിയിൽ സ്ഥലകാലങ്ങൾ ഇല്ല തന്നെ. ഉണർന്നിരിയ്ക്കുമ്പോൾ നമുക്ക് ചിന്തിക്കുവാൻപോലും പറ്റാത്ത സ്ഥലകാലങ്ങൾ ഇല്ലാത്ത അവസ്ഥയും നമുക്ക് അനുഭവിക്കാൻ കഴിഞ്ഞു. അപ്പോൾ സ്ഥലകാലങ്ങൾക്കും അതീതമായ ചില അനുഭവങ്ങൾ ഉണ്ടെന്നും, അത് അനുഭവയോഗ്യമാണെന്നും അനുമാനിക്കേണ്ടി വരും. ഇനി ഉണർന്നു കഴിഞ്ഞാലോ ? അങ്ങിനെ ഒരവസ്ഥയിൽ കൂടി കടന്നു പോയതായി നാം മനസ്സിലാക്കുന്നു. ഏകദേശം സമയവും നമുക്ക് ഊഹിക്കാനാകും. അത് ശരിയാകാം, തെറ്റാകാം. പക്ഷേ അത് മനസ്സിലാക്കിയിരുന്നത് ആര് ?

മനസ്സും ബുദ്ധിയും ദേഹവും പ്രവർത്തിക്കാതെ പ്രാണൻ മാത്രം പ്രവർത്തിച്ചിരുന്ന സമയം നാം ചിലതെല്ലാം അറിഞ്ഞിരിക്കുന്നു. പ്രാണൻ സ്പന്ദിച്ചുകൊണ്ടിരിക്കുകയാണെന്ന് നമുക്ക് അറിയാം. അതിന്റെ വേഗത കൂടുകയും കുറയുകയും അതിനനുസരിച്ച് മനസ്സിന്റെ ശാന്തത കൂടുകയും കുറയുകയും ചെയ്യുന്നത് നാം അനുഭവിച്ചറിയാറുള്ളതാണ്. സുഷുപ്തിയിൽ പ്രാണൻ ഒരേ ഗതിയിലായിരിക്കും. അതനുസരിച്ച് ശാന്തമായിരിക്കുകയും ചെയ്യും. എന്നാൽ സ്വപ്നസമയത്തെ പ്രാണവായുവിന്റെ ഗതി, കാണുന്ന സ്വപ്നത്തിന്റെ ഗതിയനുസരിച്ച് മാറി മറിയുന്നതായും കാണാം. അതിൽ നിന്ന് പ്രാണൻ സ്ഥിരാവസ്ഥയിലല്ല എല്ലായ്പ്പോഴും എന്നും നമുക്ക് മനസ്സിലാക്കാം. മാറികൊണ്ടിരിക്കുന്ന ഒരു വസ്തു ബ്രഹ്മത്തിന്റെ പര്യായമാകാൻ സാദ്ധ്യതയില്ല. അചഞ്ചലമായി ആദിയും അന്തവും ഇല്ലാത്ത ശാന്തവും മാറ്റമില്ലാത്തതുമായ ഒരു വസ്തു എവിടേയും എപ്പോഴും നിറഞ്ഞു നിൽക്കുകയും, അതേ സമയം ജനിച്ചിട്ടും ഇല്ലാത്ത ആ ബ്രഹ്മസ്വരൂപം വേറെ ഒന്നായി നിൽക്കാനെ സാധ്യതയുള്ളു. ആ വസ്തുവിന്റെ സങ്കല്പ രൂപങ്ങൾ മാത്രമായിരിക്കും നാം ഭ്രമമായി കാണുന്ന ഈ ജഗത്. സങ്കല്പമില്ലെങ്കിൽ ജഗത് ഇല്ല. സങ്കല്പമുണ്ടെങ്കിൽ ജഗത് ഉണ്ട്. ഇത് മനസ്സിലാവണമെങ്കിൽ നാം ഇപ്പോഴുള്ള അവസ്ഥയിൽ നിന്ന് അജ്ഞാനം വെടിഞ്ഞ് ജ്ഞാനത്തിലേക്ക് ഉയരണം. അജ്ഞാനം എന്ന ആവരണം മാറിയാൽ ജാഗ്രത്, സ്വപ്നസുഷുപ്തി എന്നീ അവസ്ഥകളില്ല. ജഗത്, പുരുഷൻ എന്നിവയില്ല. ത്രിഗുണാദികൾ ഇല്ല - ബ്രഹ്മം മാത്രം !

ബ്രഹ്മത്തിന്റെ ഒരു കണികയിൽ അജ്ഞാനമെന്ന ആവരണത്താൽ മൂടപ്പെട്ട അവസ്ഥയിലാണ് നാം ഓരോരുത്തരും, ആ ആവരണം നീക്കാനായി, ജ്ഞാനികളായ ബ്രഹ്മഋഷികളിൽ നിന്ന് (ഗുരുവിൽ നിന്ന് ) പൂർണ്ണമായി അവരെ ആശ്രയിച്ച് ഉപദേശങ്ങൾ ശ്രവിച്ച് അവനവന് യോജിച്ച പ്രകൃതിക്കനുസരിച്ചുള്ള മാർഗ്ഗത്തിലൂടെ വിജ്ഞാനം സമ്പാദിച്ചാൽ ഏതൊന്നു മാത്രമാണോ സത്യമായിട്ടുള്ളത് (ബ്രഹ്മം ) അത് തന്നെയായി തീരുവാനാകും . ഇതാണ് സത്യം, ഇതുമാത്രമാണ് സത്യം.

# വേദാന്ത പഠനക്ലാസ്സിന്റെ പുതിയ ബാച്ച് ആരംഭിക്കുന്നു

ചിട്ടയായ വേദാന്തപഠനത്തിന് എറണാകുളം കരയോഗം സൗകര്യമൊരുക്കുന്നു. ആചാര്യൻ ശ്രീ. കെ. ആർ. നമ്പ്യാർ പുതുതായി ആരംഭിക്കുന്ന ഈ ക്ലാസ്സുകൾ തത്ത്വബോധം - ഭഗവത്ഗീത, ഭജഗോവിന്ദം -ആത്മബോധം, ഉപനിഷത്തുക്കൾ അഷ്ടാവക്രഗീത, സദ്ദർശനം, ഉപദേശസാരം, രാമഗീത - അപരോക്ഷാനുഭൂതി, ഭാഗവതത്തിലെ ചില ഭാഗങ്ങൾ, ശ്രീനാരായണ ഗുരുവിന്റെയും പൂന്താനത്തിന്റെയും ചില ക്രിതികൾ എന്നിവയുൾപ്പെടെ വിവിധങ്ങളായ അദ്ധ്യാത്മിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു.

എല്ലാ ശനിയാഴ്ചയും രാവിലെ 10 മണി മുതൽ എറണാകുളം ടി. ഡി. എം. ഹാളിൽ നടക്കുന്ന ക്ലാസ്സിലേക്ക് ശാസ്ത്രപഠനത്തോട് ആഭിമുഖ്യമുള്ള ഏവർക്കും പ്രായ-ലിംഗ ഭേദമില്ലാതെ പ്രവേശനം ലഭിക്കുന്നു.

**2020 ജനുവരി 11 ന് ക്ലാസ്സുകൾ ആരംഭിക്കുന്നു. രജിസ്ട്രേഷനു വിളിക്കുക**

**ഫോൺ: 9496742560, 0484 2361160**

# പഞ്ചസാരയുടെ കയ്പ്

യു.എസ്. രവീന്ദ്രൻ . ഫോൺ : 9496120978

മധുരം എല്ലാവർക്കും ഇഷ്ടമാണ്. പഞ്ചസാര നമ്മുടെ നാവിലെ രസമുകുളങ്ങളെ പ്രത്യേക തരത്തിൽ ഉത്തേജിപ്പിക്കുമ്പോളാണ് മധുരം അനുഭവപ്പെടുന്നത്. മധുരപലഹാരങ്ങൾ, ശീതളപാനീയങ്ങൾ, ഐസ്ക്രീം എന്നിവയിലെ പ്രധാനഘടകം പഞ്ചസാരയാണ്. അധികമായാൽ അമൃതും വിഷം എന്ന പഴഞ്ചൊല്ല് പഞ്ചസാരയെ സംബന്ധിച്ച് തികച്ചും വാസ്തവമാണ്. ഇതിനെപ്പറ്റി ചില വിദഗ്ദ്ധന്മാർ പറയുന്നതു ശ്രദ്ധിക്കുക.

ഡൽഹിയിലെ മാക്സ് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിലെ ഡോക്ടർ കെ.കെ. തൻവാറിന്റെ അഭിപ്രായത്തിൽ വലിയ പഞ്ചസാര പ്രിയന്മാർക്കാണ് ഹൈപ്പർ ടെൻഷൻ, രക്തധമനി രോഗങ്ങൾ, ഉയർന്ന കൊളസ്ട്രോൾ (Bad LDL) തുടങ്ങിയവ ഏറ്റവും കൂടുതൽ കണ്ടു വരുന്നത്. ഇൻഡ്യൻ ഭക്ഷണരീതിയിൽ കൂടുതൽ പ്രാധാന്യം കൊടുക്കുന്നത് കാർബോഹൈഡ്രേറ്റുകൾക്കാണ്. കൂടാതെ ഭക്ഷണശേഷമുള്ള മധുരവിഭവങ്ങളും ആഘോഷവേളകളിലെ മധുരവിതരണങ്ങളും, വൈകുന്നേരം ചായയുടെ കൂടെയുള്ള മധുരപലഹാരങ്ങളും മറ്റും ദീർഘകാലാടിസ്ഥാനത്തിൽ ഹൃദയസംബന്ധമായ രോഗങ്ങൾക്ക് കാരണമാകുന്നു. ഏറ്റവും അപകടകാരികൾ കോളകൾപോലെയുള്ള മധുരപാനീയങ്ങൾ, സാന്ദ്രീകരിച്ച പഴച്ചാറുകൾ എന്നിവയൊക്കെയാണ്.

ചിലപ്പോൾ പരസ്യങ്ങളിൽ പഞ്ചസാര കലർന്നിട്ടില്ലാത്ത (No added sugar) ഉത്തമപാനീയം എന്നൊക്കെ കണ്ടേക്കാം. ഒരു കഷ്ണം പഴം കഴിക്കുന്നതിന്റെ പതിന്മടങ്ങ് പഞ്ചസാര ജൂസുകളിൽ അടങ്ങിയിരിക്കുന്നു എന്ന വാസ്തവം അറിയാതെ പോകുന്നു. ഓറഞ്ചുകളിലും ആപ്പിളുകളിലും ഫൈബർ അടങ്ങിയിരിക്കുന്നു. എന്നാൽ ജൂസുകളിൽ പോഷകമൂല്യങ്ങളില്ലാത്ത (Nutrional Value) കലോറികൾ മാത്രം അടങ്ങിയിരിക്കുന്നു.

2017 ൽ ഇംഗ്ലണ്ടിലെ ബാത്‌യൂണിവേഴ്സിറ്റിയിൽ ഗവേഷകർ പഞ്ചസാരാധിഷ്ഠിതഭക്ഷണവും അൽഷിമേഴ്സ് രോഗവും തമ്മിൽ ബന്ധമുണ്ട് എന്ന് കണ്ടെത്തിയിട്ടുണ്ട്. അൽഷിമേഴ്സിനു കാരണമായ തലച്ചോറിലെ ക്രമാതീതമായി ഉണ്ടാകുന്ന പ്രോട്ടീനെ തടയാനുള്ള കഴിവ് കൂടുതൽ പഞ്ചസാര കഴിക്കുന്നതുകൊണ്ട് ഉണ്ടാകുന്ന Glycation എന്ന പ്രവർത്തനത്തിലൂടെ കുറഞ്ഞുപോകുന്നു എന്നാണ് വിദഗ്ദ്ധാഭിപ്രായം. അമേരിക്കൻ മെഡിക്കൽ അസോസ്സിയേഷൻ ജേണൽ പ്രകാരം പഞ്ചസാര കൂടുതൽ കഴിക്കുന്നതുകൊണ്ട് കുട്ടികളിൽ ഹൈപ്പർ ആക്ടിവിറ്റി കൂടിയേക്കുകയില്ല – എന്നാൽ അതിനേക്കാൾ ഗൗരവമുള്ള വേറെ സ്ഥിതിവിശേഷം ഉണ്ടായേക്കാം. കൂടുതൽ പഞ്ചസാര ആരോഗ്യപരമായി ഗുണം ചെയ്യുകയില്ല എന്നു മാത്രമല്ല, ദീർഘകാലാടിസ്ഥാനത്തിൽ കുട്ടികളിൽ പൊണ്ണത്തടി ഉണ്ടാക്കുകയും ചെയ്യും. പൊണ്ണത്തടിയുള്ള കുട്ടികളിൽ കൊളസ്ട്രോൾ പ്രശ്നങ്ങൾ ഉണ്ടായേക്കാം.ഇൻസുലിൻ പ്രതിരോധം സൃഷ്ടിച്ചേക്കാം. ഹൈപ്പർ ടെൻഷൻ ഉണ്ടായേക്കാം. ടൈപ്പ് 2 പ്രമേഹവും ഉണ്ടായേക്കാം. എല്ലാം കൂടി ഒരു പോഷണോപചയ രോഗസ്ഥിതി (Metabolic Syndrome) വിശേഷത്തിലെത്തി ചെറുപ്പത്തിൽ തന്നെ ഹൃദയസംബന്ധമായ രോഗങ്ങൾക്ക് അടിമപ്പെട്ടേക്കാം.

2014 ൽ ഇന്ത്യയിൽ നടത്തിയ പൊണ്ണത്തടിയും പ്രമേഹവും പഞ്ചസാര ഉപയോഗവും സംബന്ധിച്ചുള്ള പഠനത്തിൽ പ്രായപൂർത്തിയായ ഒരു ശരാശരി ഇന്ത്യാക്കാരൻ ഒരു വർഷം 25.1 കിലോഗ്രാം പഞ്ചസാര ഉപയോഗിക്കുന്നു എന്ന് പറഞ്ഞിരിക്കുന്നു. ഇതിൽ പഞ്ചസാരയും ശർക്കരപോലുള്ള അനുബന്ധവസ്തുക്കളും മധുരപാനീയങ്ങളും ഉൾപ്പെടുന്നു. പഠനം നടത്തിയ സംഘത്തിന്റെ തലവൻ ഡോക്ടർ സീമഗുലാത്തി പറയുന്നു. 'ലോകശരാശരിയായ 23.7 കിലോഗ്രാമിനേക്കാൾ കൂടുതലാണ് ഇന്ത്യാക്കാരൻ കഴിക്കുന്ന പഞ്ചസാരയുടെ അളവ്.' ലോകാരോഗ്യസംഘടനാ മാനദണ്ഡങ്ങൾ ഊർജ്ജാവശ്യങ്ങൾക്കുള്ള ഭക്ഷണത്തിന്റെ 5% ൽ കുറവു മാത്രമേ പഞ്ചസാര ഉപയോഗം പാടുള്ളൂ എന്നതാണ്.

പഞ്ചസാര ഉപയോഗം കുറക്കണമെന്നുള്ളവർക്ക് മധുരാവശ്യത്തിന് തേങ്ങ, ശർക്കര, ചക്കര, ഈന്തപ്പഴം, ഉണക്കമുന്തിരി എന്നിവ ശ്രമിച്ചു നോക്കാവുന്നതാണ്. ഇവയിലെല്ലാം അതിസൂക്ഷ്മ പോഷകങ്ങൾ അടങ്ങിയിരിക്കുന്നു. ഇതും അധികമായാൽ ദോഷം തന്നെ. മിതത്വം ശീലിക്കുക. കലോറി കൂടുതലുള്ളതാണ് മേൽ പറഞ്ഞവയെല്ലാം. യുക്തിപൂർവ്വം ചെയ്യുക, കൽക്കട്ടയിലെ മെഡിക്കൽ കോളേജിലെ അന്തർശ്രവപഠന വിദഗ്ദ്ധൻ ബിനായകസെന്നിന്റെ ഉപദേശമാണ് മുകളിൽ കൊടുത്തിട്ടുള്ളത്.

കൃത്രിമ മധുരങ്ങളായ സൂക്രോസ്, സാക്രിൻ, അസ്പരാടേം എന്നീ ഭക്ഷ്യവസ്തുക്കൾക്കും മേന്മയൊന്നും അവകാശപ്പെടാനില്ല. ദീർഘകാലം ഉപയോഗിച്ചാൽ





ശരീരഭാരം കൂടുകയോ ഗ്ലൂക്കോസ് പ്രതിരോധനം ഉണ്ടായെന്നോ വരാം. ഞാൻ മേൽ പറഞ്ഞ ഭക്ഷ്യവസ്തുക്കൾ ഉപയോഗിക്കാറില്ല, കുഞ്ഞുങ്ങൾക്കും കൊടുക്കാറില്ല. സാൻഫ്രാൻസിസ്ക്കോ മെഡിക്കൽ സ്കൂളിലെ ഒരു പ്രൊഫസറുടെ അഭിപ്രായമാണിത്.

ഇൻഡ്യൻ ഡയബറ്റിക് അസ്സോസിയേഷൻ ചെയർപേഴ്സൺ ശ്രീമതി ധാരിണികൃഷ്ണ പറയുന്നത് ശ്രദ്ധിക്കുക. 'മേൽ പറഞ്ഞ ഭക്ഷ്യവസ്തുക്കളുടെ ദീർഘകാല ഉപയോഗം പാർശ്വഫലങ്ങൾ സൃഷ്ടിച്ചേക്കാം. കുടലിനകത്തെ സൂക്ഷ്മ ജൈവരീതി തന്നെ മാറിയേക്കാം. തൽഫലമായി ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായേക്കാം'. അമേരിക്കൻ മെഡിക്കൽ അസ്സോസിയേഷൻ ജേണലിൽ ഇങ്ങനെ പറയുന്നു. പഞ്ചസാര ഉപയോഗം കൂടുന്തോറും നല്ല കൊളസ്ട്രോൾ ലെവൽ (HDL) താഴുവാനിടയുണ്ട്.തൽഫലമായി ഹൃദയസംബന്ധമായ തകരാറുകൾ വന്നേക്കാം. പ്രത്യേകിച്ചും സ്ത്രീകളിൽ.

2018 ലെ കണക്കുപ്രകാരം സ്പോർട്ട് എനർജി ഡ്രിങ്ക്സിലെ വില്പന 102.9 ബില്യൻ ആയിരുന്നു. ഇത് 2024 ആകുമ്പോഴേക്കും 169.7 ബില്യൻ ഡോളറാകുമെന്ന് പ്രതീക്ഷിക്കുന്നു. എനർജിഡ്രിങ്ക്സ് ഒറ്റത്തവണ കഴിക്കുമ്പോൾ 84 ഗ്രാം പഞ്ചസാര അകത്തു ചെല്ലുന്നു. സ്പോർട്ട്ഡ്രിങ്കാണെങ്കിൽ 40 ഗ്രാമും.

2016 ൽ ജേണൽ ഓഫ് ക്ലിനിക്കൽ സ്ലീപ് മെഡിസിനിൽ ഫൈബർ ഇല്ലാത്ത കൊഴുപ്പിന്റെയോ മധുരത്തിന്റെയോ അംശം കൂടിയ ഭക്ഷ്യവസ്തുക്കൾ കഴിക്കുന്നത് ഉറക്കക്കുറവിന് കാരണമാകുന്നു എന്ന് എഴുതിയിട്ടുണ്ട്.

അമേരിക്കയിലെ ഡള്ളാസിലുള്ള ടെക്സാസ് യൂണിവേഴ്സിറ്റി നടത്തിയ ഒരു പഠനത്തിൽ പഞ്ചസാരയും ശ്വാസകോശ ക്യാൻസറിലേക്കു നയിക്കുന്ന സ്കാമസ്സെൽ കാർഡിനോമയും ബന്ധപ്പെട്ടു കിടക്കുന്നു എന്ന് തെളിഞ്ഞിട്ടുണ്ട്.

ദിവസാവസാനം ഒരു കപ്പ് ഐസ്ക്രീം ശീലമാക്കിയവർക്ക് ദീർഘകാലാടിസ്ഥാനത്തിൽ ആരോഗ്യസ്ഥിതി വഷളായേക്കാം. കൊളംബിയ യൂണിവേഴ്സിറ്റി നടത്തിയ ഒരു പഠനത്തിൽ പഞ്ചസാര പ്രേമികളായ സ്ത്രീകൾക്ക് ആർത്തവ വിരാമത്തിനുശേഷം ഉന്മാദം (Depression) ഉണ്ടാകാനുള്ള സാധ്യത കൂടുതലാണെന്ന് കണ്ടെത്തിയിരിക്കുന്നത്. എന്നാൽ ഫൈബർ അടങ്ങിയ ഭക്ഷണങ്ങളും പച്ചക്കറികളും നാടൻ പഴങ്ങളും പ്രിസർവേറ്റിവ് ചേർത്ത് സംസ്ക്കരിക്കാത്തത് ) കഴിക്കുകയാണെങ്കിൽ മേൽ പറഞ്ഞ സാധ്യത കുറയും.

ബോംബെയിലെ ത്വക്‌രോഗ വിദഗ്ദ്ധയായ ഡോക്ടർ ജയശ്രീ ശാരദ ചർമ്മരോഗങ്ങളും പഞ്ചസാരയുടെ ഉപയോഗവുമായി ബന്ധപ്പെട്ടു കിടക്കുന്നു എന്നു പറയുന്നു. വട്ടച്ചൊറി, സോറിയാസിസ്, വരട്ടുചൊറി, ചുണങ്ങ് തുടങ്ങിയ ത്വക്‌രോഗങ്ങൾ , വെള്ള പാണ്ട്, പ്രോട്ടീൻ കുറയുകമൂലം തൊലി വലിഞ്ഞു ചുരുങ്ങി ചുളിവ് വീഴുക എന്നതെല്ലാം പഞ്ചസാരയുടെ അധിക ഉപയോഗം കൊണ്ട് ഉണ്ടാവുന്നതാണ്.

ഭക്ഷ്യവസ്തു നിർമ്മാതാക്കൾ തെറ്റിദ്ധരിപ്പിക്കുന്ന പരസ്യത്തിലൂടെ അവരുടെ ഉല്പന്നങ്ങൾ വിദഗ്ദ്ധമായി വിറ്റഴിക്കുന്നു. ഉദാഹരണത്തിന് ചേരുവകളിൽ പഞ്ചസാരയുടെ അളവിന്റെ അംശം പറയാതെ Amazake,Carob, Khouser, Corn Syrup, Dextrose, Dextriin or Maltodextrin, Diastatic malt, Ethylmalton, Evapourated cain juice, Fuctrose, Friut Juice concentrate, Glucose , Honey Maltose എന്നിങ്ങനെയെല്ലാം ഉല്പന്നങ്ങളുടെ പാക്കറ്റിന്മേൽ രേഖപ്പെടുത്തിയിരിക്കുന്നതു കാണാം.

ചെന്നൈ ആസ്ഥാനമാക്കിയുള്ള ഒരു പഠനത്തിൽ അവിടെയുള്ള 77% പേരും ഭക്ഷണപദാർത്ഥങ്ങളിലെ പഞ്ചസാരയുടെ അളവിനെപ്പറ്റിയുള്ള വിവരം ലേബലിൽ നോക്കാൻ കൂട്ടാക്കാറില്ല എന്ന് മനസ്സിലായി. ഭക്ഷ്യസുരക്ഷ സ്റ്റാൻഡേഡ് അതോറിറ്റി ഓഫ് ഇന്ത്യ നിർദ്ദേശ പ്രകാരം ഭക്ഷണവസ്തുക്കളിലെ ചേരുവകൾ രേഖപ്പെടുത്തിയിരിക്കണമെന്നും ഉയർന്ന കൊഴുപ്പും പഞ്ചസാരയുമുള്ള ഭക്ഷ്യപദാർത്ഥങ്ങളുടെ പാക്കറ്റിൽ ചുവന്ന കളർകോഡ് ചെയ്തിരിക്കണമെന്നും വ്യവസ്ഥയുണ്ട്. 100 ഗ്രാം തൂക്കമുള്ള ഒരു പാക്കറ്റിൽ 26 ഗ്രാം പഞ്ചസാരയുടെ അംശമുണ്ടെങ്കിൽ അത് കൂടുതൽ തന്നെയാണ്. ഒരു വ്യക്തിയുടെ സാധാരണ ബ്ലഡ്പ്രഷർ 90/60 120/80 എന്ന പരിധികളിലാണ്. അമേരിക്കൻ സൊസൈറ്റി ഓഫ് നെഫ്രോളജി നടത്തിയ പഠനങ്ങളിൽ ഉയർന്ന മധുര നിലവാരമുള്ള ഭക്ഷണങ്ങൾ ഈ രക്തസമ്മർദ്ദ പരിധികളെ ലംഘിക്കുവാൻ ഇടവരുത്തുന്നു എന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. ഹൈപ്പർ ടെൻഷൻ ഉണ്ടാക്കുന്നതിൽ ഉപ്പിനേക്കാൾ അപകടകാരിയാണ് പഞ്ചസാര.

മദ്യത്തെപോലെ തന്നെ പഞ്ചസാരയും കരളിനു ദോഷം ചെയ്യുന്നു. പഴങ്ങളിലുള്ള Fuctrose എന്ന മധുരാംശം കരളാണ് പരുവപ്പെടുത്തുന്നത്. ഈ ചേരുവകളടങ്ങിയ ഭക്ഷണം ആല്ക്കഹോളിതര കരൾ രോഗങ്ങൾക്ക് കാരണങ്ങളാക്കുന്നു. കരൾ, അധികമുള്ള Fuctrose നെ വിഘടിപ്പിച്ച് കൊഴുപ്പ് കുമിളകളാക്കുന്നു. ഈ കൊഴുപ്പു കുമിളകൾ രക്തധമനികളിലൂടെ യാത്ര ചെയ്ത് ആന്തരികാവയവങ്ങളിൽ എവിടെയെങ്കിലും നിക്ഷേപിക്കപ്പെടുന്നു. മദ്യോപയോഗംകൊണ്ട് കരൾ വീർക്കുന്നതുപോലെ പഞ്ചസാരയുടെ അധികോപയോഗം കൊണ്ടും കരൾ വീർക്കുകയും കരളിൽ അവിടവിടങ്ങളിലായി പാടുകൾ ഉണ്ടാക്കുകയും ചെയ്യുന്നു. പഞ്ചസാരയുടെ ഉപയോഗംകൊണ്ട് പല്ലുകളിൽ

ചെറിയ കുഴികൾ ഉണ്ടാകുന്നു – കുട്ടികളിൽ പ്രത്യേകിച്ചും. കാപ്പി/ചായ കുടിക്കൽ പഞ്ചസാര ഒഴിവാക്കിയാൽ അത്രയും നല്ലത്. വായിലെ ബാക്ടീരിയയുടെ ഒരു പോഷകവസ്തുവാണ് പഞ്ചസാര. ഈ അതി സൂക്ഷ്മ ബാക്ടീരിയകൾ പെട്ടെന്ന് പെരുകി പല്ലിന്റെ ഉപരിതലത്തിൽ ഒരു ഫലകം (Plaque) സൃഷ്ടിക്കുകയും ചെയ്യുന്നു. ഈ ഫലകങ്ങളിൽ ഉല്പാദിപ്പിക്കുന്ന അമ്ലാംശം മറ്റു ലവണങ്ങളെ ലയിപ്പിച്ച് പല്ലിന്റെ പുറം തലത്തിൽ ഘനം കൂടിയ ഒരു പ്രതലം കൂടി ഉണ്ടാക്കുന്നു. ദീർഘകാലാടിസ്ഥാനത്തിൽ പല്ലിന് തുള വീഴുകയും വേദനയുള്ള ഗർത്തങ്ങൾ ഉണ്ടാകുകയും ചെയ്യുന്നു. മോണയിൽ നിന്നും രക്തം വരാൻ തുടങ്ങുന്നു. കാൻഡികളും കാവിറ്റികളും തമ്മിലുള്ള ബന്ധം വളർന്നു വരുന്ന കുട്ടികളിൽ ചിലർക്കെങ്കിലും അറിയാമായിരിക്കും.

പഞ്ചസാരയ്ക്ക് മദ്യ – മയക്കു മരുന്നു തുടങ്ങിയവയേപ്പോലെ ഉപഭോക്താക്കളെ അടിമപ്പെടുത്താനുള്ള (addiction) കഴിവുണ്ട്. 2015 ൽ മാസച്യൂസെറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ ഒരു പ്രസിദ്ധീകരണത്തിൽ ഇത് വിശദീകരിച്ചിട്ടുണ്ട്. മധുരപലഹാരങ്ങൾ തലച്ചോറിലെ ന്യൂറോട്രാസ്മീറ്റർ ഡോപോമിന്റെ അളവ് കൂട്ടുന്നു. അത് തലച്ചോറിന്റെ സുഖവിനോദനിയന്ത്രണകേന്ദ്രങ്ങളിൽ പ്രവർത്തിച്ച് കൂടുതൽ കൂടുതൽ ഉപയോഗിക്കുന്നതിനുള്ള പ്രേരണ നൽകുന്നു. പുകയിലയും മയക്കു മരുന്നുകളും ഉപയോഗിച്ചാലുണ്ടാകുന്നതുപോലെ. അത് ഒരു ആസക്തി ആയി മാറുന്നു. തലച്ചോറിന്റെ എം. ആർ. ഐ. സ്കാനിങ്ങിലൂടെ ഈ വ്യത്യാസങ്ങൾ തിരിച്ചറിയാൻ സാധിക്കും. നിക്കോട്ടിൻ, കൊക്കെയ്ൻ മുതലായ മയക്കു മരുന്നുകൾക്ക് അടിമപ്പെട്ടവരെ ചികിത്സിക്കുന്ന Varemieline പോലുള്ള മരുന്നുകൾ പഞ്ചസാരക്കൊതിക്കടിമപ്പെട്ടവരെ ചികിത്സിക്കാൻ ആസ്ത്രേലിയയിലെ ഗവേഷകർ ഉപയോഗിക്കുന്നുണ്ട്.

ഇന് ആലോചിച്ചു നോക്കൂ, പഞ്ചസാരയ്ക്ക് മധുരമാണോ കയ്പാണോ എന്ന്.

## വിശേഷ ദിവസങ്ങൾ

### 2019 നവംബർ 17 മുതൽ ഡിസംബർ 14 വരെ

| | | |
|---|---|---|
| നവംബർ | 17 | മണ്ഡലകാലാരംഭം |
| | 20 | വൈക്കത്തഷ്ടമി |
| | 21 | വൈക്കം മഹാദേവക്ഷേത്രം ആറാട്ട് |
| | 23 | സത്യസായി ജയന്തി, തൃപ്രയാർ ഏകാദശി |
| | 24 | മേൽപ്പത്തൂർ ദിനം |
| | 25 | തൃപ്പൂണിത്തുറ പൂർണ്ണത്രയീശ ക്ഷേത്രോത്സവം കൊടിയേറ്റ് |
| ഡിസംബർ | 2 | തൃപ്പൂണിത്തുറ ക്ഷേത്രോത്സവം ആറാട്ട്, എറണാകുളം കരയോഗം ഉപനിഷദ് വിചാരയഞ്ജം ആരംഭം |
| | 6 | അംബേദ്കർ ചരമദിനം |
| | 8 | ഗുരുവായൂർ ഏകാദശി, ഗീതാദിനം, രവിപുരം ക്ഷേത്രത്തിൽ ഏകാദശി ഉത്സവം |
| | 10 | മനുഷ്യാവകാശ ദിനം, ചക്കുളത്തുകാവ് പൊങ്കാല, തൃക്കാർത്തിക |
| | 12 | ദത്താത്രേയ ജയന്തി, ഉപനിഷദ് വിചാരയജ്ഞം സമാപനം |
| | 14 | നാരായണീയ ദിനം |

## ശ്രീമന്നാരായണീയ ദിനം 2019

2019 ഡിസംബർ 14-ാം തീയതി (ശനിയാഴ്ച) നാരായണീയ ദിനത്തിൽ ശ്രീമതി രാജം. ആർ. മേനോന്റെ നേതൃത്വത്തിൽ ടി.ഡി.എം ഹാളിൽ രാവിലെ 7.30 മുതൽ സമ്പൂർണ്ണ നാരായണീയ പാരായണം നടത്തുന്നു.

*ജനറൽ സെക്രട്ടറി*





(തുടർച്ച)

# കേരളവും പ്രളയവും

ഡോ. അമിതാ ബച്ചൻ. കെ. എച്ച് ഫോൺ. 9497627870

**പ്രകൃതിയുടെ ശോഷണത്തിന് ആരാണുത്തരവാദി**

പ്രകൃതിയുടെ അനിയന്ത്രിതമായ ചൂഷണത്തിന് ബഹുഭൂരിപക്ഷം വരുന്ന മനുഷ്യരെ കുറ്റപ്പെടുത്താൻ കഴിയില്ല അത് സാമ്പത്തിക മുതലാളിത്ത കാലഘട്ടത്തിലെ വളരെ ന്യൂനപക്ഷം വരുന്ന, എന്നാൽ ഭൂമിയെ മുഴുവൻ സ്വന്തമാക്കി സ്വകാര്യസ്വത്താക്കി പണമാക്കി മാറ്റാൻ ശ്രമിക്കുന്ന, സാമ്പത്തിക സാമ്രാജ്യത്വ ശക്തികൾ തന്നെയാണെന്ന് കാണാം. ഉദാഹരണമായി ചാലക്കുടി നദീതടം എടുക്കുകയാണെങ്കിൽ താരതമ്യേന ഭേദപ്പെട്ട ചാലക്കുടി നദീതടത്തിലെ 1704 ച. കി.മീ വിസ്തൃതമായ പ്രദേശത്തു 36% മാത്രമാണ് നിലവിൽ വനം എന്ന തരമായി ഭൂരേഖയിൽ ഉള്ളത്. എന്നാൽ ഇതിൽ തന്നെ 13% ബ്രട്ടീഷ് കാലഘട്ടത്തിൽ തന്നെ നിത്യഹരിത വനങ്ങളെ നീക്കം ചെയ്ത് നിലവിൽ വന്ന തേയിലത്തോട്ടങ്ങളാണ്. 12% തേക്ക് മുതലായ ഏകവിള വനത്തോട്ടങ്ങളാണ് ഇതിൽ (80%) അധികവും സ്വാതന്ത്രാനന്തര കാലഘട്ടത്തിൽ രൂപം കൊണ്ടിട്ടുള്ളവയാണ്. ഇതെല്ലാം കഴിഞ്ഞ് ബാക്കി വരുന്ന സ്വാഭാവിക വനങ്ങളിൽ വിവിധ വന – പരിപാലന നയങ്ങളുടെ ഭാഗമായി വൻ മരങ്ങൾ കൂപ്പു മുറിച്ചു മാറ്റാത്തതു കേവലം 8–12 % മാത്രമേ വരൂ. നിലവിലുള്ള ആറ് വൻ അണക്കെട്ടുകളുടെ ജലസംഭരണികളിൽ (പെരിങ്ങിൽകുത്ത്, കേരള ഷോളയാർ, അപ്പർ ഷോളയാർ, പറമ്പിക്കുളം, തുണക്കടവ്, പെരുവാരിപ്പള്ളം) 65 കി. മീ. പുഴയും പുഴയോരക്കാടും പ്രധാന താഴ് വാരങ്ങളും മുങ്ങി മരിച്ചിരിക്കുന്നു. ഓരോ അണക്കെട്ടും വൈദ്യുതോല്പാദനത്തിനായി വെള്ളം തിരിച്ചു കുഴലുകളിലൂടെ വിടുന്നതിന്റെ ഭാഗമായി 29. കി.മീ. പുഴ അണക്കെട്ടുകൾക്ക് താഴെ വരണ്ടില്ലാതായിരിക്കുന്നു. പശ്ചിമഘട്ടത്തിലെ തന്നെ അത്യപൂർവ്വമായ – വേഴാമ്പലുകൾക്കും, മത്സ്യങ്ങൾക്കുമെല്ലാം ആവാസസ്ഥാനമായ, ഇന്ന് നമ്മൾ അതിരപ്പിള്ളിയിലും വാഴച്ചാലിലും പോയി ആസ്വദിക്കുന്ന താഴ്ന്ന ഉന്നതിയിലെ പുഴയോരവനങ്ങൾ കേവലം 2.83 ച.കി.മീ മാത്രമായി ചുരുങ്ങി ഒട്ടവനവധി സസ്യ -ജന്തു ജാലങ്ങൾക്കൊപ്പം അന്യം നിൽക്കലിന്റെ വക്കിലെത്തിയിരിക്കുന്നു. പറമ്പിക്കുളം ആളിയാർ അന്തർസംസ്ഥാന കരാറിന്റെ ഭാഗമായി ചാലക്കുടിപ്പുഴയിലെ നാല് അണക്കെട്ടുകളിൽ നിന്ന് തമിഴ്നാട്ടിലേക്ക് ചാലക്കുടിപ്പുഴയുടെ 40 % ത്തിനടുത്തു വെള്ളം തിരിച്ചുകൊണ്ടു പോകുന്നു. ഇത്തരത്തിൽ തന്നെ നാശോന്മുഖമായ പെരിയാറിൽ വേനലിൽ നീരൊഴുക്ക് നിലച്ചതിനാൽ ഓരുവെള്ളം കയറുന്നത് തടയാൻ പെരിങ്ങൽകുത്തിൽ നിന്ന് വർഷക്കാലത്തു ഇടമലയാറിലേക്കു വെള്ളം തിരിച്ചു കൊണ്ടു പോകുന്നു. വൈദ്യുതിക്കു വേണ്ടി മാത്രമാണ് പുഴ എന്ന ബോധത്തിൽ വൈകുന്നേരങ്ങളിൽ കൂടുതൽ വൈദ്യുതി ഉദ്പാദിപ്പിക്കുവാനും വേനലിൽ വെള്ളം തുറന്നിടാതെ മണൽവാരി കണ്ണീർച്ചാലായ പുഴയ്ക്കു ബ്രട്ടീഷ് കാലഘട്ടത്തിൽ തന്നെ വന്ന 1400 ഹെക്ടർ ജലസേചനത്തിനായി പണിത തുമ്പൂർമുഴി ജലസേചന ഷെറിഡാമിന് താഴേക്ക് ഒഴുക്കില്ല. ഓരുവെള്ള ഭീഷണി നേരിടുന്ന പുഴയിലെ 15 ലക്ഷത്തിലധികം ആളുകളുടെ കൃഷി – കുടിവെള്ള പദ്ധതികൾ അവതാളത്തിലാക്കി. പുഴ ചെന്ന് പെരിയാറിനൊപ്പം കൊടുങ്ങല്ലൂർ കായലിൽ ചേരുന്ന പുത്തൻവേലിക്കര പഞ്ചായത്തിൽ കഴിഞ്ഞ 20 വർഷമായി വേനൽക്കാലങ്ങളിൽ കുടിവെള്ള സമരമാണ്. ഒരു വെള്ള ഭീഷണിക്ക് പരിഹാരമായി നാട്ടുകാർ രൂപപ്പെടുത്തിയെടുത്ത കോഴിത്തിരുത്തിനു ചേർന്നുള്ള വർഷാവർഷം കെട്ടുന്ന മണൽ ബണ്ട് കണക്കൻ കടവ് റെഗുലേറ്റർ ബ്രിഡ്ജ് വന്നതോടെ ഉപേക്ഷിച്ചെങ്കിലും ഉപ്പുവെള്ളത്തെ ചെറുക്കാൻ കഴിയാത്തതിനാൽ കഴിഞ്ഞ കുറച്ചു വർഷങ്ങളായി വീണ്ടും കെട്ടിത്തുടങ്ങി. അങ്ങനെ പ്രളയസമയങ്ങളിൽ ഇരുകരകളെയും മുക്കാൻ വേണ്ടി മാത്രം പുഴയിലെ ഒരു തടസ്സമായും ഇന്ന് അവശേഷിക്കുന്നു. ഇതേ സമയത്തു തന്നെയാണ് തൊട്ടടുത്ത് പെരിയാറിൽ മാഞ്ഞാലിയിൽ പുഴയ്ക്ക് കുറുകെ ഓരുവെള്ള ഭീഷണി ഒഴിവാക്കാൻ കെട്ടിയിരുന്ന മണൽബണ്ട് ഒഴിവാക്കി പുറപ്പുള്ളിക്കാവിൽ റെഗുലേറ്റർ ബ്രിഡ്ജ് വന്നത്. ഇതു രണ്ടും കഴിഞ്ഞ മഴക്കാലങ്ങളിൽ ഉണ്ടാക്കിയ വിനാശം അവിടുത്തെ നാട്ടുകാർക്കറിയാം. പാലാരിവട്ടം പാലത്തിന്റെ പിന്നിലുള്ള സാങ്കേതിക പരിജ്ഞാനങ്ങൾ തന്നെയാണ് നമ്മുടെ വികസന സങ്കല്പങ്ങൾ സൃഷ്ടിക്കുന്നതും നടപ്പിലാക്കുന്ന

തും എന്നത് ഞെട്ടിപ്പിക്കുന്ന ഒരു സത്യമാണ്.

ഇതിൽ ആരാണ് ഉത്തരവാദി സാധാരണ ജനങ്ങളോ അതോ ഇത്തരം സാമ്പത്തിക താല്പര്യങ്ങൾക്കടിപ്പെടുന്ന സാമൂഹിക - ഭരണ സംവിധാനങ്ങളോ ?

**ആവാസവ്യവസ്ഥാ മനുഷ്യരും സാമ്പത്തിക വ്യവസ്ഥ മനുഷ്യരും**

വളരെ ലളിതമായി പറഞ്ഞാൽ ലോകത്തിൽ നരവംശാധിപത്യ കാലത്തു രണ്ടു തരത്തിലുള്ള മനുഷ്യരുണ്ടെന്നു കണക്കാക്കാം. 1. പ്രകൃതിയുമായും ആവാസവ്യവസ്ഥകളുമായും നേരിട്ടിടപഴകി ജീവിക്കുന്ന ആവാസവ്യവസ്ഥാമനുഷ്യർ. 2. പ്രകൃതിയുമായി നേരിട്ടുള്ള ഉല്പാദന പ്രക്രിയയിൽ പങ്കെടുക്കാതെ സാമ്പത്തിക വ്യവസ്ഥയുടെ ഭാഗമായി ജീവിക്കുന്ന മനുഷ്യർ, ആദിവാസികൾ, ആദിവാസികളല്ലാത്ത മറ്റു പരമ്പരാഗത വനവാസികൾ , കർഷകർ, മത്സ്യബന്ധനം ഉപജീവനമാർഗ മാക്കിയിരിക്കുന്നവർ തുടങ്ങിയ ആവാസവ്യവസ്ഥാ മനുഷ്യരുടെ നൂറുകാര്യങ്ങൾ നമ്മൾ എടുത്തു പരിശോധിച്ചാൽ അവയിൽ 90% വും പണത്തെ ആശ്രയിച്ചല്ല നടക്കുന്നത് എന്ന് കാണാൻ കഴിയും. എന്നാൽ സാമ്പത്തിക വ്യവസ്ഥാമനുഷ്യരാകട്ടെ നൂറിൽ 90% കാര്യവും പണത്തിലൂടെ സാധ്യമാക്കുന്നു. ഇത്തരം ലോകത്തിലാണ് ലോകത്തിലെ മുഖ്യധാരാ സമൂഹം മുന്നോട്ടു പോകുന്നത്. എന്നാൽ ആവാസവ്യവസ്ഥാമനഷ്യർ പ്രകൃതിയുമായി ഓരോ നിമിഷവുമുള്ള അവാസശാസ്ത്രാധിഷ്ഠിതമായ ബന്ധങ്ങളിലൂടെ ഊർജ്ജത്തിന്റെ ഉപയോഗ്യമായ ഉല്പാദന പ്രക്രിയയുടെ ഭാഗമായി അതിന്റെ സംരക്ഷണവും പരിപാലനവും മാത്രമല്ല സാമ്പത്തിക വ്യവസ്ഥാ മനുഷ്യർക്കാവശ്യമായ അടിസ്ഥാന വിഭവം ഉല്പാദിപ്പിക്കുന്നവരുമാണ്. അതുകൊണ്ടായിരിക്കണം സ്വന്തം കുടുംബത്തെ പട്ടിണിക്കിടാൻ മാത്രം സമ്പാദിച്ചിട്ടു ലോകത്തെ തീറ്റിപ്പോറ്റുന്നവരാണ് കർഷകർ എന്ന് മഹാത്മജി ഒരിക്കൽ പറഞ്ഞത്. എന്നാൽ നരവംശാധിനിവേശകാലത്ത് ഇത്തരം ആവാസവ്യവസ്ഥ മനുഷ്യരെ തനതു ആവാസവ്യവസ്ഥകളിൽ നിന്ന് പുറത്താക്കി, വന - പ്രകൃതി സംരക്ഷണത്തിനെന്ന പേരിൽ പുറത്താക്കി പരിസ്ഥിതി അഭയാർത്ഥികളാക്കി ഉന്മൂലനം ചെയ്യുന്നത്. അത്തരത്തിൽ സാമ്പത്തിക വ്യവസ്ഥാ മനുഷ്യരാക്കപ്പെടുന്ന ഓരോ മനുഷ്യനും ഭൂമിയുടെ അസന്തുലനത്തിനു ആക്കം കൂട്ടുകയുമാണ്. കാർഷിക മുതലാളിത്ത വ്യവസ്ഥയിൽ മനുഷ്യരെ അടിമകളാക്കുന്നതിനായി രൂപം കൊടുക്കപ്പെട്ട ആധുനിക മത വിശ്വാസങ്ങൾക്കും ഇത്തരത്തിൽ ഭൂമിയിലെ വൈവിധ്യമാർന്ന വിശ്വാസങ്ങളെ ഉന്മൂലനം ചെയ്യുന്ന ഒരു സാമ്പത്തിക വ്യവസ്ഥാധിനിവേശ സ്വഭാവത്തിലേക്ക് കടന്നു മത-വംശ-ഫാസിസമായി രൂപപ്പെടുത്തി സാമ്പത്തികാധിനിവേശത്തിനു ഹിംസാത്മകമായ വിശ്വാസാടിത്തറ രൂപപ്പെടുത്തിയിരുന്നതായി കാണാം. ഉദാഹരണമായി കാർഷിക മുതലാളിത്തത്തിന്റെ കാലഘട്ടത്തിൽ ഓരോ ജന്മിക്കും കൃഷിസ്ഥലത്തിന്റെ ഊർവ്വരതയും അതിനെ ഉല്പാദനക്ഷമമാക്കാനായി അടിമയെയും ആവശ്യമായിരുന്നു. എന്നാൽ ഈ നരവംശാധിനിവേശ കാലത്തു നേരിട്ടുള്ള ഉല്പാദനപ്രക്രിയയിൽ പങ്കെടുക്കാത്ത ഭൂരിപക്ഷം മുതലാളികളും അതിലെ അടിമകൾക്കും മത -വംശഭ്രാന്ത് തങ്ങളെത്തന്നെ അടിമകളാക്കാനുള്ള  വൻ സാമ്പത്തിക മുതലാളിത്തഭരണവ്യവസ്ഥയുടെ തന്ത്രമാണെന്നു മനസ്സിലാക്കാനുള്ള സാവകാശമോ , സ്വാതന്ത്ര്യബോധമോ ഇല്ല. എന്നാൽ ആവാസവ്യവസ്ഥ മനുഷ്യർ പ്രകൃതിയുമായി ഇടപെടുന്നതുകൊണ്ട് തന്നെ തങ്ങളുടെ വിശ്വാസങ്ങൾ സംരക്ഷിക്കുന്നതിനോടൊപ്പം എത്രതന്നെ വിഭിന്നമാണെങ്കിലും മറ്റുള്ളവരുടെ അവകാശങ്ങളിലും വിശ്വാസങ്ങളിലും ഇടപെടാതെ മുന്നോട്ടുപോകുന്ന രീതിയിൽ സാംസ്കാരികമായി നൂറ്റാണ്ടുകളിലൂടെ പരുവപ്പെട്ടവരാണ്. ഇതിൽ നിന്ന് ഒരു കാര്യം വ്യക്തമാണ് താൻ അധിവസിക്കുന്ന ഭൂപ്രദേശത്തിന്റെ ഭൂമിശാസ്ത്രപരവും അതിലെ ജൈവബന്ധങ്ങളെ നിശ്ചയിക്കുന്ന അവശാസ്ത്രപരവുമായ പ്രത്യേകതകൾ കണക്കിലെടുക്കാതെ മനുഷ്യരാശിക്ക് മുന്നോട്ടു പോകാനാവില്ല. സുസ്ഥിരത എന്നൊന്ന് ഇല്ലാത്തതാണ് സാമ്പത്തിക വ്യവസ്ഥാധിഷ്ഠിതമായ ജീവനം എന്നതുകൊണ്ടു തന്നെ ആവാസവ്യവസ്ഥാധിഷ്ഠിത ചിന്തകളോടെ, പ്രവർത്തനങ്ങളുടെ വ്യാപനമായിരിക്കും സുസ്ഥിരതയിലേക്കുള്ള കാൽവെപ്പ്.

**ആവാസശാസ്ത്രപരമായ വീക്ഷണത്തിന്റെയും-നദീതട- നീർത്തടാധിഷ്ടിത ആസൂത്രണത്തിന്റെ ആവശ്യകത**

ചുറ്റുമുള്ള മലത്തലപ്പിലെ അന്തരീക്ഷത്തിൽ നിന്ന് സസ്യങ്ങൾ സമാഹരിക്കുന്ന ജലകണങ്ങളാണ് തേനായി മാറി, ഭക്ഷണമായി മാറി, ഊർജ്ജത്തിന്റെയും ജലത്തിന്റെയും ഒഴുക്കായി മലത്തലപ്പു മുതൽ കടൽത്തീരം വരെയുള്ള ആവാസവ്യവസ്ഥകളെയും അതിലുള്ള ജൈവസമ്പത്തിനെയും എന്തിനു നമ്മളെ തന്നെയും ബന്ധിപ്പിക്കുന്നത്, പുഴയുടെ ഒഴുക്കിനെ നിയന്ത്രിക്കുന്നത് അല്ലെങ്കിൽ അതിനെ ഇന്നത്തെ തരത്തിൻ പരുവപ്പെടുത്തിയിരിക്കുന്നതു വളരെ സങ്കീർണ്ണമായ ജൈവ ബന്ധങ്ങളാണ്. ഉദാഹരണത്തിന് ഒരു ചോലക്കാട്ടിലെ മരങ്ങളിലെ, സസ്യങ്ങളിലെ ഒരായിരം ഇലകൾ, അവ സൃഷ്ടിക്കുന്ന തണൽ, വിശാലമാക്കുന്ന ജൈവ വിസ്തീർണ്ണം എന്നിവയെല്ലാം സമാഹരിക്കുന്ന ജലത്തെയും ഊർജ്ജത്തെയും അതിനെ ഇല്ലാതാക്കി വരുന്ന ഒരു പാറക്കെട്ടിനോ, തേയില, തേക്ക്  തോട്ടങ്ങൾക്കോ, അണക്കെട്ടുകൾക്കോ, ക്വാറികൾക്കോ സാധ്യമല്ല. അവയുണ്ടാക്കുന്ന മണ്ണ്, ജൈവാംശം സൃഷ്ടിക്കാനോ സംരക്ഷിക്കാനോ നമ്മുടെ തോട്ടങ്ങൾക്കു കെല്പില്ല. ഇത്തരത്തിൽ സ്വാഭാവിക പരിണാമത്തിനു വിധേയമായ കാടുകളും കാവുകളും വടക്കൻ കേരളത്തിലെ ഇടനാടൻ ചെങ്ങൽ കുന്നുകളിലടക്കം പിടിച്ചു നിർത്തുന്നത് മലത്തലപ്പുകളിലെ മണ്ണിനെ മാത്രമല്ല കോടിക്കണക്കിനു വർഷങ്ങൾകൊണ്ട് ജൈവബന്ധങ്ങളുടെ പ്രവർത്തനഫലമായി പരിണമിച്ചുണ്ടായ എക്കാലത്തും നമ്മളെ സുരക്ഷിതരായി നിലനിർത്താൻ കെല്പുള്ള ജല -ജൈവ-ഊർജ്ജ വ്യവസ്ഥയെ തന്നെയാണ്. നദീതടത്തിലെ വൃഷ്ടിപ്രദേശത്തിലെ സ്വാഭാവിക വനങ്ങൾ നഷ്ടമാകുന്നതോടെ വേനലിലെ നീരൊഴുക്ക് നിലച്ചു ഇല്ലാതാകും, വർഷക്കാലത്ത് നൂറുകണക്കിന് വർഷങ്ങൾക്കൊണ്ടുണ്ടായ മേൽമണ്ണൊഴുകി പുഴ കലങ്ങി തീരത്തെയും ഇടിച്ചു അതിവർഷമുണ്ടാകുന്ന സമയങ്ങളിൽ ഉരുൾപൊട്ടലോടെ താഴേക്കൊഴുകും. ഒരു മഴക്കാട്ടിലെ ഒരു ഹെക്ടറിൽ തന്നെ നമ്മുടെ കാടുകളിൽ 50 തിനടുത്തു ഇനങ്ങളിൽപെട്ട 300 ലധികം മരങ്ങൾ മാത്രം കാണാം. അപ്പോൾ അവിടെയുള്ള നേരത്തെ സൂചിപ്പിച്ച പൂക്കളും തേനീച്ചയും അടക്കം വലുതും സൂക്ഷ്മവുമായ ആയിരക്കണക്കിന് സസ്യ ജന്തു ജാലങ്ങളിലൂടെ കടന്നു മാത്രമേ ജലത്തിനും ഊർജത്തിനും ഒഴുകാനാവൂ. എന്നാൽ ഏതു സമയത്തും അവിടെ ജൈവാംശമായി നമുക്ക് ആഹരിക്കാൻ പറ്റുന്ന രീതിയിൽ പൂവായും, തേനായും,വിത്തായും, മാംസമായും എല്ലാം നിലനിർത്തുന്നത് അവിടുത്തെ നാം നേരിട്ട് കാണാത്ത, ഇഷ്ടമില്ലാത്ത എട്ടുകാലിയും, ഉറുമ്പും പാമ്പുമൊക്കെയും ചേർന്ന ജൈവശ്യംഖലയിലാണ്. ഒരു വേനലിലും ഒഴുകുന്ന നീർച്ചാല് മലകളിൽ നിന്നൊഴുകി വരുന്നത് കാണുമ്പോൾ വയനാട്ടിലും, മലപ്പുറത്തും, ഇടുക്കിയിലുമുള്ള ജനങ്ങൾ അത് വേനലിൽ പെയ്ത മഴയുടെ നീരൊഴുക്കാണെന്നു തെറ്റിദ്ധരിക്കാറില്ല. അവർക്കറിയാം അത് എന്നോ പെയ്ത മഴയുടേതാണെന്ന്. ഒരു ആദിവാസിക്കറിയാം അത് തേൻ കുടിച്ച വണ്ട് മറ്റ് പല ജീവനെയും മാറി എത്രയോ കാലമായി അവിടെ പറന്നും ഇഴഞ്ഞും ഒഴുകിയും വന്നതാണെന്ന്. ഒരു ചൂരലാമ തിന്ന മൂട്ടിൽപ്പഴത്തിന്റെ ആർദ്രതയും ഊർജവും ഒരു അര നൂറ്റാണ്ടെങ്കിലും എടുത്തിട്ടാണ് ആമയിൽ നിന്ന് പൂർണമായി പുറത്തെത്തുന്നത്. ഇത്തരത്തിൽ ജൈവസാന്ദ്രമായ ഒരു ആവാസവ്യവസ്ഥയ്ക്കു പകരം വയ്ക്കാൻ തേക്കിൻത്തോട്ടങ്ങൾക്കോ, തേയിലത്തോട്ടങ്ങൾക്കോ, അണക്കെട്ടുകൾക്കോ കഴിയുമോ. നേരത്തെ സൂചിപ്പിച്ച നമ്മുടെ സ്വാഭാവിക വനങ്ങൾക്കും ആവാസവ്യവസ്ഥക്കുമുണ്ടായ ശോഷണത്തിനു കാരണം ചെടികളെല്ലാം ചവുട്ടിമെതിച്ചു നടന്നു നീങ്ങുന്ന ആനക്കൂട്ടമോ മനുഷ്യന്റെ ഉത്പത്തിയുടെ അത്രയും പഴക്കമുള്ള ഗോത്രവിഭാഗക്കാരായ മത്സ്യം പിടിക്കുന്ന, വേഴാമ്പലിനെ പിടിച്ചിരുന്ന കാടർ ആദിവാസികൾ ആണെന്നോ നമുക്ക് സമർത്ഥിക്കാൻ കഴിയുമോ ? ആഹരിക്കൽ എന്നത് പ്രകൃതി നിയമമാണ്. അതിലൂടെയാണ് പരസ്പരമുള്ള ഈ ജല-ഊർജ്ജ ബന്ധം നിലനിൽക്കുന്നത്. അതിൽ ചിലർ ആടിനെയും, ചിലർ കോഴിയേയും, ചിലർ പശുവിനെയും , ചിലർ പട്ടിയെയും, ചിലർ ഓരോ ദിവസം ഒരായിരം വിത്തുകളേയും  പശുവിന്റെ കുഞ്ഞിനായുള്ള പാലിനെയും എല്ലാം ആഹരിക്കുന്നു. ഇല്ലെങ്കിൽ ആഹരിക്കാനിഷ്ടപ്പെടുന്നില്ല എന്ന് മാത്രം.ഒരു ആദിവാസി വിറകൊടിക്കുന്നപോലെ, കടുവ വംശനാശഭീഷണിയുള്ള മാനിനെ തിന്നുന്നപോലെ, മനുഷ്യർ കാടുതെളിച്ചു കൃഷി ചെയ്യുന്നപോലെ, ചെറിയ ചെറിയ പ്രകൃതിയിലെ ഇടപെടലുകൾ വലിയ വലിയ മാറ്റങ്ങളോട് പ്രതികരിക്കാൻ പ്രകൃതിയെ പരുവപ്പെടുത്തുകയാണ് ചെയ്യുന്നത്. ഒരു ആവാസവ്യവസ്ഥാസമൂഹം മുഴുവൻ ഒരു ജീവിതകാലം മുഴുവൻ ആഹരിക്കുന്നതിനേക്കാൾ, മലിനമാക്കുന്നതെക്കാൾ സാമ്പത്തികമുതലാളിത്തത്തിൽ ജീവിക്കുന്ന നാമോരുരുത്തരും ചെയ്യുന്നുണ്ട്. സാധാരണ മനുഷ്യരല്ല മറിച്ചു നമ്മൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ആവാസശാസ്ത്രബോധമില്ലാത്ത വികസനപരിപ്രേക്ഷ്യം തന്നെയാണ് ഇന്നുള്ള പ്രകൃതിയുടെ താളം തെറ്റലുകൾക്കു കാരണം.

ഈ കാലയളവിൽ ആഗോള സാമ്പത്തിക വികസന പരിപ്രേക്ഷ്യം തീർത്ത മായക്കാഴ്ചകൾ നമ്മൾ മലനാട്ടിലെ മലത്തലപ്പു മുതൽ കടൽത്തീരം വരെയുള്ള ഒരു പ്രദേശത്തെവിടെയോ ആണ് ജീവിക്കുന്നതെന്ന് ബോധം മറച്ചു കളഞ്ഞു. പുഴകളെ മഴക്കാലത്തും വേനലിലും ഒഴുകാതാക്കിയ അണക്കെട്ടുകൾ നമ്മളെ പുഴയെവിടെ വഴിയെവിടെ എന്നറിയാത്തവരാക്കി. റബ്ബറും, കുരുമുളകും, ഏലവും മാത്രമുള്ള പണം കായ്ക്കുന്ന ഈ

വകവിളത്തോട്ടങ്ങളും ഭക്ഷ്യ സംസ്കാരത്തെ വിഴുങ്ങി. കഴിഞ്ഞ ദിവസം ഒരു കുട്ടി ചോദിച്ചതു പോല നമ്മുടെ തന്നെ വെള്ളം ലിറ്ററിന് വെറും 30 പൈസ ചിലവിൽ എടുത്തിട്ടല്ലേ ആ വെള്ളം തന്നെ നമുക്ക് 20 രൂപയ്ക്കു വില്ക്കുന്നത്? കേരളത്തിലെ വികസന സങ്കല്പങ്ങളിൽ പുഴയ്ക്കു കേവലം വൈദ്യുതി ഉല്പാദനത്തിന്റെ ലക്ഷങ്ങളുടെ കണക്കുകളുടെ വില മാത്രമേ ഉള്ളൂ എന്നത് കഴിഞ്ഞ പ്രളയകാലത്തു നാം അറിഞ്ഞു. പ്രളയത്തിൽ മുങ്ങി നഷ്ടമായ കേരളത്തിലെ ജനങ്ങളുടെ വീട്ടു സാധനങ്ങളുടെ വില മാത്രം മതി അണക്കെട്ടുകൾ പ്രകൃതി വിരുദ്ധമെന്നും, സാമ്പത്തിക നഷ്ടമുണ്ടാക്കുന്നവയെന്നും മനസ്സിലാക്കാൻ. സാധാരണ മഴക്കാലത്തെ പുഴത്തീരങ്ങളെയും, വയലുകളെയും, താഴ്വാരങ്ങളെയും കഴുകി, എക്കൽ നിറച്ചു സമ്പന്നമാക്കുന്ന കൃഷിയെ പരിപോഷിപ്പിക്കുന്ന, പുഴയിലെയും, കായലിലെയും, പൊക്കാളിയിലെയും, കെട്ടിലെയും എന്നു വേണ്ട കാട്ടിലെ ചാകരയുടെ വരെ ഉല്പാദനം വർദ്ധിപ്പിക്കുന്ന സ്വാഭാവിക മഴവെള്ളം വിടാതിരിക്കുന്ന കഴിഞ്ഞ ദശാബ്ദങ്ങളിൽ അണക്കെട്ടുകൾ കേരളത്തിലെ പുഴയോരത്തും, താഴെ തണ്ണീർത്തടങ്ങളിലും ജീവിക്കുന്ന മനുഷ്യരുടെ ജൈവ കാഴ്ചകളെ മറച്ചു. ഈ വർഷത്തെ (2019) മഴയ്ക്കുശേഷം പെരിയാറിനും ചാലക്കുടിയാറിനും ഇടയിലുള്ള വെള്ളം ദിവസങ്ങൾ കഴിഞ്ഞിട്ടും ഒഴുകി പോകാത്തതെന്തേ എന്ന് അന്വേഷിച്ചപ്പോഴാണ് പുഴ ഒഴുകുന്ന വഴികളെല്ലാം ചുരുങ്ങി പോയിരിക്കുന്നു എന്ന് മനസ്സിലായത്. ഈ കാലഘട്ടങ്ങളിൽ പണിത കലുങ്കുകളും പാലങ്ങളുമെല്ലാം പുഴയുടെ വീതിയേക്കാൾ ചെറുതാണ്. ഈ വർഷക്കാലത്തും വെള്ളം കയറിയ വീടുകളിലും, ഗോഡൗണുകളും എല്ലാം തന്നെ പുഴയുടെ സ്വാഭാവിക മലവെള്ള നിരപ്പിനു താഴെയാണ് എന്നതാണ്. എന്നാൽ ഇവരുടെയൊക്കെ തറവാട് വീടുകളെല്ലാം തന്നെ ഉയരത്തിലും വെള്ളം കയറാത്തതുമാണ്. എന്തിനധികം പറയുന്നു വയൽ നികത്തി പണിത നെടുമ്പാശ്ശേരി വിമാനത്താവളവും, സാമ്പത്തിക വികസനത്തിനായി രൂപം കൊടുക്കപ്പെട്ട വ്യവസായ സ്ഥാപനങ്ങളും, വിദ്യാഭ്യാസ സ്ഥാപനങ്ങളും കേരളം സംസ്ഥാന വൈദ്യുതി വകുപ്പിന്റെ ട്രാൻസ്ഫോർമറുകളും, ഫ്യൂസുകളും പോലും മലവെള്ള നിരപ്പിനു താഴെയാണ്. നീന്താനെന്നപോലെ വെള്ളത്തിന്റെ കാരുണ്യത്താൽ രൂപംകൊണ്ട ഭൂമിയിൽ വെള്ളത്തിന്റെ വഴിയാലോചിക്കാതെ വികസ്വര സങ്കല്പങ്ങൾ കെട്ടിപൊക്കുന്നു.

(തുടരും)

## 2-ാം ചരമവാർഷികം

**25.11.2019**



**വിമല കൃഷ്ണൻ**
**കൃഷ്ണപ്രസാദം**
**ആലപ്പാട്ട് ക്രോസ് റോഡ്**
**രവിപുരം, കൊച്ചി - 682016**

**2019 ഒക്ടോബർ മാസത്തിൽ അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ**



**തങ്കമ്മ. കെ**
L/3581, രോഹിണി,
65/4515
ആശാരി ലെയ്ൻ
കാരിക്കാമുറി
കൊച്ചി - 682011



**സുകുമാരൻ നായർ പി.കെ**
L/0875
സുകൃതം വാനപ്രസ്ഥം
ശ്രീരാമകൃഷ്ണ സേവാസദൻ
ആശ്രമം ലെയ്ൻ
കലൂർ, കൊച്ചി - 682017





# DIMENTA (മറവിരോഗം)

**ഡോ. ദേവിദാസ് വെള്ളോടി - ഫോൺ . 9747480903**



### ഓർമ്മ

നമ്മൾ ഓരോരുത്തരേയും വ്യത്യസ്ഥമാക്കുന്നത് നമ്മുടെ വ്യക്തിത്വങ്ങളാണ്. മനുഷ്യനെ മനുഷ്യനാക്കുന്നത് അവന്റെ സവിശേഷമായ കഴിവായ ഓർമ്മയാലാണ്. ഓർമ്മ പോയാൽ പിന്നെ ജീവിച്ചിരുന്നിട്ടെന്തു കാര്യം. എനിക്ക് എല്ലാം അറിയാമെന്ന അഹങ്കാരത്തിൽ നിന്ന് ഞാൻ ഒന്നുമല്ലാതാകുന്ന, തന്നെ തന്നെ തിരിച്ചറിയാനാവാത്ത ഭീതിദമായ അവസ്ഥയാണ് മറവി. ഇത് വേദനാജനകമാണ്, ദുഷ്കരമാണ്. മറവിയുടെ പാരമ്യതയെ-അൽഷിമേഴ്സ് എന്നുപറയാം. തന്മാത്ര എന്ന സിനിമ കണ്ടിട്ട് സങ്കടപ്പെടാത്ത, ഭീതിപ്പെടാത്ത ആളുകൾ ഇല്ലല്ലോ.കുറച്ചു പൊടിപ്പോടെയാണെങ്കിലും മറവിരോഗത്തെക്കുറിച്ച് നന്നായി തന്നെ സിനിമ പ്രതിപാദിക്കുന്നുണ്ട്.

### Dimentia (മറവിരോഗം)

കേരളത്തിലും മറവിരോഗികളുടെ എണ്ണം കൂടി വരികയാണ്. പ്രായമായവരിൽ കാണുന്ന ഈ അവസ്ഥ കൂടി വരാനുള്ള ഒരു പ്രധാന കാരണം ആയുർദൈർഘ്യം കൂടിയതാണ്. നമ്മുടെ ജനസംഖ്യയിൽ പത്തുശതമാനത്തിലധികം പേർ അറുപതു വയസ്സ് കഴിഞ്ഞവരാണ്. മറവിരോഗികളിൽ അധികം പേർക്കും മസ്തിഷ്ക കോശങ്ങളെ ബാധിക്കുന്ന അൽഷിമേഴ്സ് രോഗമാണുള്ളത്.

മസ്തിഷ്കത്തിലുള്ള നാഡീകോശങ്ങൾ ക്രമേണ ക്ഷയിക്കുകയും പ്രവർത്തനരഹിതമാകുകയും ചെയ്യുന്ന അവസ്ഥയിലാണ് ഒരാൾ അൽഷിമേഴ്സ് രോഗിയായി മാറുന്നത്. ഒരിക്കൽ നശിച്ചു പോയ നാഡീകോശങ്ങളെ പിന്നീട് പുനർജ്ജീവിപ്പിക്കാൻ കഴിയില്ല എന്നതിനാൽ ഇതിന് ഫലപ്രദമായ ചികിത്സയും നിലവിലില്ല. പക്ഷെ ധാരാളം ഗവേഷണങ്ങൾ നടക്കുന്നതിനാൽ നമ്മളെപ്പോഴും ശുഭാപ്തി വിശ്വാസികളായിരിക്കണം.

### ലക്ഷണങ്ങൾ

വളരെ സാവകാശത്തിലാണ് രോഗപുരോഗതിയുണ്ടാകുന്നുത് എന്നതിനാലും പ്രായമായവരിലാണ് ഇത് കൂടുതലായി കണ്ടു വരുന്നത് എന്നതിനാലും പലപ്പോഴും തിരിച്ചറിയാൻ കഴിയില്ല. അല്ലെങ്കിൽ വളരെ വൈകി മാത്രമേ തിരിച്ചറിയൂ. രോഗത്തിന്റെ ഗൗരവമല്ലാത്ത അവസ്ഥയെ പ്രായക്കൂടുതലാലുള്ള ഓർമ്മക്കുറവായി തെറ്റിദ്ധരിക്കപ്പെടും. പിന്നീട് ക്രമേണ ഓർമ്മശക്തി കുറയുന്നതോടെ രോഗത്തെ നാം തിരിച്ചറിയുന്നു. ഏറ്റവും ഒടുവിലത്തെ സംഭവങ്ങളാണ് ആദ്യം മറവിയിലേക്ക് പോകുന്നത്. പിന്നീട് സ്വന്തം ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും പേരുപോലും മറക്കുന്ന അവസ്ഥയിലെത്തുന്നു. ഒരു കാര്യത്തിലും താൽപര്യം ഇല്ലാതാകുന്നു. ആദ്യമൊക്കെ പണം കൈകാര്യം ചെയ്യാൻ പ്രയാസമനുഭവപ്പെടും. തുടർന്ന് ഓർമ്മ ഇല്ലാതായിത്തുടങ്ങും. കാലക്രമേണ സ്വന്തം പ്രാഥമിക കാര്യങ്ങൾ ചെയ്യുവാൻ പോലും കഴിയാതാകും. ഭക്ഷണം കഴിച്ചോ രാത്രിയാണോ പകലാണോ എന്നീ കാര്യങ്ങൾ പോലും തിരിച്ചറിയാതാകും. മാനസിക പ്രയാസങ്ങളും കാണുന്നുണ്ട്. ഇല്ലാത്ത കാഴ്ചകൾ കാണും. വീട് വിട്ട് പോയാൽ തിരിച്ച് വരാൻ കഴിയില്ല. കാലം പോകും തോറും ചലിക്കുവാൻ പോലും പറ്റാത്ത അവസ്ഥയിലാകും. വേറെ എന്തെങ്കിലും അസുഖങ്ങൾ വന്നാൽ പറയാൻ അറിയാതെ ആ അസുഖം മൂർദ്ധന്യത്തിലെത്തി അപായം സംഭവിക്കുവാനും സാദ്ധ്യതയുണ്ട്.

### മറവി പാരമ്പര്യ രോഗമാണോ ?

മാതാവിൽ നിന്ന് രോഗം അടുത്ത തലമുറയിലേക്ക് കൈ മാറാനുള്ള സാധ്യത കൂടുതലാണ്.

### രോഗകാരണങ്ങൾ

കാരണം കണ്ടെത്താൻ ഇനിയും ശാസ്ത്രജ്ഞർക്ക് കഴിഞ്ഞിട്ടില്ല. ഗവേഷണങ്ങൾ പുരോഗമിക്കുന്നു. ഉടനെ തന്നെ മരുന്നുകൾ കണ്ടെത്തുമെന്ന് പ്രത്യാശിക്കാം. ഇന്നത്തെ തിരക്കുപിടിച്ച ജീവിതരീതികളും ജീവിതശൈലിയിൽ വരുന്ന മാറ്റങ്ങളും രോഗത്തെ വർദ്ധിപ്പിക്കാൻ കാരണമാക്കും. ലോകമാകെ ഏതാണ്ട് 5 കോടിയിലധികം പേർ മറവിരോഗവുമായി ജീവിക്കുന്നുണ്ട്. രോഗം തുടങ്ങിയാൽ ഏകദേശം എട്ടു വർഷമാണ് ശരാശരി ആയുസ്സ് ഉണ്ടാകുക. അതിനിടയിൽ എന്തെങ്കിലും അണുബാധയോ മറ്റോ ഉണ്ടായാൽ അത് അറിയാൻ കഴിയാത്തതിനാൽ മരണകാരണമാകുന്നു.

ജനിതകവും പാരിസ്ഥിതികവുമായ കാരണങ്ങൾ രോഗം വരുത്തുന്നതായി പറയപ്പെടുന്നു. തലച്ചോറിൽ വരുന്ന ചില തകരാറുകൾക്ക് ഈ രോഗവുമായി ബന്ധമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.

### ഈ പേര് എങ്ങനെ വന്നു

ജർമ്മൻ മാനസികരോഗവിദഗ്ദ്ധനായിരുന്ന അലിയോസ് - അൽഷിമർ 1906 - ൽ ആണ് ഈ രോഗത്തെക്കുറിച്ച് ആദ്യമായി രേഖപ്പെടുത്തുന്നത്.

### നമ്മുടെ തലച്ചോറിൽ എന്തു സംഭവിക്കുന്നു

പുതിയ ഓർമ്മകൾ രൂപപ്പെടുന്ന തലച്ചോറിലെ ടെമ്പറൽ ദളങ്ങൾ, ഹിപ്പോകമ്പസ് എന്നിവയാണ് ആദ്യഘട്ടത്തിൽ തകരാറാകുന്നത്. പിന്നീട് കോർട്ടക്സ് ചുരുങ്ങുന്നതിന്റെ ഫലമായി ചിന്താശേഷി, ആസൂത്രണം, ഓർമ്മ എന്നിവ നശിക്കുന്നു. വ്യക്തിത്വത്തിന് മാറ്റങ്ങൾ സംഭവിക്കുന്നു. അന്തർമുഖരായിത്തീരുന്നു. പ്രതികരണശേഷി നഷ്ടപ്പെടുന്നു.

### രോഗനിർണ്ണയം

അൽഷിമേഴ്സ് രോഗത്തിന്റെ ലക്ഷണങ്ങൾ കാണുകയും സ്ട്രോക്ക് തുടങ്ങിയ കാരണങ്ങൾ ഇല്ലാതിരിക്കുകയും ചെയ്യുമ്പോൾ ഈ രോഗമുണ്ടോ എന്ന് സംശയിക്കാം. സി.ടി. സ്കാൻ, എം. ആർ. ഐ സിങ്കിൾ ഫോട്ടോൺ എമിഷൻ കമ്പ്യൂടഡ് ടോമോഗ്രാഫി, PET സ്കാൻ തുടങ്ങിയവയാൽ തലച്ചോറിനുള്ള മറ്റു തകരാറുകൾ ഈ രോഗിക്കില്ലെന്ന് ഉറപ്പാക്കാൻ കഴിയും.

### ചികിത്സ

നൂറു ശതമാനം ഫലപ്രദമായ ചികിത്സകൾ ഇതുവരെ കണ്ടെത്തിയിട്ടില്ലെങ്കിലും രോഗലക്ഷണങ്ങളെ കുറയ്ക്കുന്നതിനായുള്ള മരുന്നുകൾ ലഭ്യമാണ്. എഴുത്ത്,വായന, വ്യായാമം, ആശയവിനിമയം തുടങ്ങിയ ശാരീരികവും മാനസീകവുമായ പ്രവർത്തനങ്ങൾ മുടങ്ങാതെ ചെയ്യുന്നത് രോഗത്തെ പിടിച്ച് നിർത്തുവാൻ ഉപകരിക്കും. പോഷകാഹാരങ്ങൾ കഴിക്കുക, ആവശ്യത്തിന് ഉറങ്ങുക, മാനസിക പിരിമുറുക്കം ഒഴിവാക്കുക, മദ്യപാനം, പുകവലി എന്നിവ നിർത്തുക തുടങ്ങിയ കാര്യങ്ങളും രോഗം പെട്ടെന്ന് വർദ്ധിക്കാതിരിക്കാൻ സഹായകമാകും.

### രോഗീപരിചരണം

രോഗം വർദ്ധിക്കുന്നതിനനുസരിച്ച് സ്വഭാവത്തിലും പെരുമാറ്റത്തിലും പ്രവൃത്തിയിലും വിചിത്രത കാണിക്കുമെന്നതിനാൽ രോഗീപരിചരണം അത്യാവശ്യമാണ്. ന്യൂറോളജിസ്റ്റ്, സൈക്യാട്രീസ്റ്റ് എന്നിവരുടെ സേവനവും ആവശ്യമായി വരുന്നു. സ്വന്തം കാര്യങ്ങൾ പോലും ചെയ്യാൻ പറ്റാത്ത അവസ്ഥയാകുന്നതിനാൽ മുഴുവൻ സമയ പരിചരണം തന്നെ വേണ്ടി വരും.

### പ്രത്യേക വ്യായാമങ്ങൾ

സൈക്കിളിങ്ങ്, കാലുകൾക്കുള്ള വ്യായാമങ്ങൾ, എണ്ണ തേച്ച് കുളി, പത്രം ഉറക്കെ വായിക്കൽ, കൂട്ടുകാരുമായി സംസാരിക്കൽ എന്നിവ ശാരീരികവും മാനസികവുമായ വ്യായാമങ്ങളാണ്.

### അമുക്കുരം (അശ്വഗന്ധ)

ആയുർവ്വേദത്തിൽ കോശങ്ങളെ പുനർജ്ജീവിപ്പിക്കുന്നതിന് കഴിവുള്ളതായി പറയപ്പെടുന്ന ഒരു മരുന്നാണ് അമുക്കുരം. അതുപോലെതന്നെ സ്വർണ്ണ ഭസ്മവും വൈദ്യനിർദ്ദേശാനുസാരേണ ഇവ കഴിക്കുന്നത് മേധാശക്തിയെ വർദ്ധിപ്പിക്കും.

പ്രമേഹവും രക്താതിമർദ്ദവുമുണ്ടെങ്കിൽ പരിപൂർണ്ണ നിയന്ത്രണത്തിൽ വരുത്തണം.

ശുദ്ധമായ വെളിച്ചെണ്ണ 15 മില്ലി ദിവസേന രാവിലെ കഴിക്കുന്നത് മറവിരോഗത്തിന് നല്ലതായി പറയപ്പെടുന്നു. ആയുർവ്വേദത്തിലെ തേച്ചുകുളി, ധാര എന്നീ ചികിത്സകൾ മറവിരോഗം നീട്ടികൊണ്ടു പോകാനും ആരോഗ്യത്തെ നിലനിർത്താനും സഹായിക്കും.

മറവിരോഗം അടുത്ത മുപ്പത് വർഷത്തിനുള്ളിൽ മൂന്ന് ഇരട്ടിയാകുമെന്ന് ചില ഗവേഷകർ ഓർമ്മപ്പെടുത്തുന്നു. വാർദ്ധക്യത്തിൽ വരുന്ന അസുഖമായതിനാൽ ഗവൺമെന്റ് ഇതിന്റെ ചികിത്സക്കായി പ്രത്യേക സംവിധാനങ്ങൾ സൗജന്യമായി നൽകേണ്ടതാണ്. എല്ലാവർക്കും മറവിരോഗമില്ലാത്ത ദീർഘായുസ്സ് ആശംസിക്കുന്നു.





# ഇന്ത്യ മുന്നോട്ട് കുതിക്കട്ടെ..... പിന്നോട്ടു വലിക്കരുത്....

ഡോ. പത്മനാഭൻ

അന്തർദ്ദേശീയ ഏജൻസികളായ ഇന്റർനാഷണൽ മോണിട്ടറി ഫണ്ട് (ഐ. എം. എഫ്), മൂഡീസ്, വേൾഡ് ബാങ്ക് തുടങ്ങിയ സാമ്പത്തിക റേറ്റിംഗ് വിദഗ്ദ്ധർ ഇന്ത്യയുടെ സാമ്പത്തിക കുതിപ്പിനെ നിത്യേന വിശകലനം ചെയ്തുകൊണ്ടിരിക്കുകയാണല്ലോ. ലോകത്തിലെ ഏറ്റവും സങ്കീർണതകൾ നിറഞ്ഞ ജനാധിപത്യ രാജ്യമാണല്ലോ ഇന്ത്യ. സങ്കീർണതകളെ അതിജീവിച്ചു കൊണ്ട് മുന്നേറുന്നു എന്നൊരു പ്രത്യേകത എല്ലാ ഏജൻസികളേയും തീർച്ചയായും അമ്പരിപ്പിക്കുന്നുണ്ടാകുമെന്നതിൽ സംശയമില്ല. ഈ വർഷവും അടുത്ത വർഷവും അതുപോലെ തന്നെ 2030 ലും 2050 ലും ലോകം ഉറ്റു നോക്കുന്ന ഒരു രാജ്യമായി ഇന്ത്യ മാറിക്കൊണ്ടിരിക്കുകയാണെന്ന് സാമ്പത്തിക വിശകലനങ്ങളിൽ അഗ്രഗണ്യരായ ആക്ച്ചേറിയൽ സയന്റിസ്റ്റുകൾ ഉൾപ്പെട്ട ഇന്റർനാഷണൽ ഏജൻസികൾ സാക്ഷ്യപ്പെടുത്തുന്നു. ഈ വർഷവും, അടുത്ത വർഷവും ഏറ്റവും കൂടിയ സാമ്പത്തിക വളർച്ച നേടുന്ന രാജ്യം ഇന്ത്യ തന്നെ. ലോകത്തിലെ സാമ്പത്തിക ശക്തികളായ രാജ്യങ്ങളുടെ പട്ടികയിൽ 2030 ആകുമ്പോഴേക്കും അമേരിക്കക്ക് തൊട്ടു പിന്നിൽ ചൈനയും മൂന്നാം സ്ഥാനത്ത് ഇന്ത്യയുമായിരിക്കും. 2050 ൽ ചൈന അമേരിക്കയെ പുറന്തള്ളി ഒന്നാം സ്ഥാനത്തും ഇന്ത്യ രണ്ടാം സ്ഥാനത്തും അമേരിക്ക മൂന്നാം സ്ഥാനത്തേക്കും മാറിമറിയുന്ന സാമ്പത്തിക സ്ഥിതി വിശേഷമാണ് സംജാതമാകുക. ഇന്ത്യയുടെ ഈ കുതിപ്പിനെ രാജ്യം ഒന്നാകെ ആശ്ലേഷിക്കുന്നതിനു പകരം രാജ്യത്തെ പല വിഭാഗങ്ങളും കുപ്രചരണങ്ങളിലൂടെയും മറ്റു നുണകൾ പ്രചരിപ്പിച്ചും രാജ്യത്തെ പിറകോട്ടു വലിക്കാൻ ശ്രമങ്ങൾ നടക്കുന്നതിൽ ഓരോ ഭാരതീയനും വ്യാകുലപ്പെടേണ്ടതായിട്ടുണ്ട്.

### ഇന്ത്യയെ ചൈനയോടും അമേരിക്കയോടും താരതമ്യപ്പെടുത്തിയാൽ

ജാതി, വർഗ്ഗ, മത, വേഷവിധാനങ്ങൾ, ഉത്സവങ്ങൾ, ആചാരങ്ങൾ എന്നിങ്ങനെ 900 ൽ പരം വരുന്ന ബഹുജന സങ്കീർണതയുടെ പകരം വയ്ക്കാനാവാത്ത ഒരു രാഷ്ട്രമാണ് ഭാരതം. രാഷ്ട്രീയ പാർട്ടികളുടെ എണ്ണമെടുത്താൽ ഇന്ത്യയിലുള്ളത്ര (972 തദ്ദേശിയ) രാഷ്ട്രീയ പാർട്ടികൾ മറ്റൊരു രാജ്യത്തുമില്ല. ഇത്രയും സങ്കീർണതകൾ നിറഞ്ഞ ഒരു രാജ്യം ജനാധിപത്യ വ്യവസ്ഥിതി മുറുകെപ്പിടിക്കുന്നുവെന്നുള്ളത് മറ്റൊരുത്ഭുതം ! പക്ഷെ ഒരു ന്യൂനതയുണ്ട്. നമ്മുടേത് ഒരു ലൂസ് ഡെമോക്രസി അഥവാ ഒട്ടും സ്ട്രിക്ട് അല്ലാത്ത ജനാധിപത്യമായിപ്പോയി. ഈ പോരായ്മയെ മുതലെടുത്ത് എന്തു പറയാനും പ്രവർത്തിക്കാനും പൗരന്മാർക്ക് ലൈസൻസ് കിട്ടിയിരിക്കുകയാണ്. ഈ പോരായ്മയുടെ ഉത്തമോദാഹരണങ്ങൾ നമ്മുടെ രാജ്യത്തിന്റെ ലോകശക്തിയാകാനുള്ള കുതിപ്പിനെ പിന്നോട്ടു വലിക്കാൻ ശ്രമിക്കുന്ന ശക്തികളും പ്രസ്ഥാനങ്ങളും പ്രവർത്തനങ്ങളും വികൃതരാഷ്ട്രീയ നേതാക്കളും തന്നെയാണ്.

Negative Forces unacceptable practices, lack of civic duties and principles and Irresposible citizenship

**എതിരെ വലിക്കുന്ന ശക്തികളും പൗരധർമ്മമില്ലായ്മയും അംഗീകരിക്കാൻ പറ്റാത്ത പ്രവൃത്തികളും**

**1. രാജ്യസ്നേഹം (Patriotism)**

നമ്മുടെ ചില പൗരന്മാർക്കില്ലാത്ത ഏറ്റവും വലിയ ന്യൂനതയാണിത്. ലോകശക്തികളായ മറ്റു രാജ്യങ്ങളുടെ കാര്യമെടുക്കൂ, റിപ്പബ്ലിക്കൻ പാർട്ടി ഭരിച്ചാലും ഡെമോക്രാറ്റ് പാർട്ടി ഭരിച്ചാലും അമേരിക്കൻ പൗരന് എപ്പോഴും America first ! (അമേരിക്കയ്ക്ക് മറ്റെന്തിനെക്കാളും മുൻഗണന കൊടുക്കുന്നു.) മറ്റെല്ലാ രാജ്യങ്ങളും നശിച്ചാലും അമേരിക്ക വീരോടെ നിലനിൽക്കണം. അമേരിക്ക ഏതു രാജ്യത്തെ ആക്രമിക്കുകയോ കൈവശപ്പെടുത്തുകയോ ചെയ്താലും അമേരിക്കൻ പൗരന് അമേരിക്ക ആദ്യം! എന്നെന്നും അമേരിക്കക്കും അമേരിക്കയുടെ ഏതു ഭരണപക്ഷത്തിനും ഒപ്പം! മറ്റു രാജ്യങ്ങൾ കണ്ടു പഠിക്കേണ്ട സിദ്ധാന്തമാണിത്. അമേരിക്ക എപ്പോഴും ലോകശക്തികളിൽ ഒന്നാമതായി നില്ക്കുന്നതിന്റെ പ്രധാന കാരണങ്ങളിലൊന്നാണിത്. മാത്രവുമല്ല അമേരിക്കക്കാർ ഏറ്റവും വലിയ അദ്ധ്വാനികളുമാണ്. രാജ്യസ്നേഹത്തിന്റെ കാര്യത്തിൽ മറ്റൊരു ലോകശ

ക്തിയായ ചൈനയുടെ കാര്യമെടുക്കുക. One Party Rule (ഏക കക്ഷി ഭരണം) കാരണം കമ്യൂണിസ്റ്റു പാർട്ടിയുടെ തത്ത്വങ്ങൾക്കനുസരിച്ച് ജീവിക്കുക. പാർട്ടിയോ പാർട്ടിയുടെ പ്ലീനം തിരഞ്ഞെടുത്ത ഭരണാധികാരികളോ എടുക്കുന്ന തീരുമാനം ചോദ്യം ചെയ്യാതെ രാജ്യത്തിനു വേണ്ടി, പാർട്ടിക്കു വേണ്ടി അദ്ധ്വാനം ചെയ്ത് രാജ്യത്തെ സേവിക്കുക. ഗവൺമെന്റ് /കമ്യൂണിസ്റ്റു പാർട്ടി നിശ്ചയിക്കുന്ന വേതനം പറ്റി രാജ്യത്തിനു വേണ്ടി ജീവിക്കുക. ഭരണാധികാരികളെ ചീത്ത വിളിക്കാനും കളിയാക്കാനും അഴിമതി നടത്താനുമുള്ള സ്വാതന്ത്ര്യം ചൈനീസ് പൗരന്മാർക്കില്ല. അച്ചടക്കം, രാജ്യസ്നേഹം, കഠിനാദ്ധ്വാനം ചൈന ലോകത്തിൽ ഒന്നാം സ്ഥാനത്തെത്തണം എന്നീ തത്വങ്ങളെ മുറുകെ പിടിക്കുന്ന ചൈനീസ് ജനത. ആവേശത്തോടെ അച്ചടക്കത്തോടെ പ്രയത്നിക്കുന്നു, മുന്നേറുന്നു. രാജ്യത്തിനോ പാർട്ടിക്കോ എതിരായി പ്രവർത്തിച്ചാൽ എന്തായിരിക്കും പരിണത ഫലമെന്ന് 1999 ലെ Tianamen Square ദുരന്തം ഓർമ്മിപ്പിക്കുന്നു. എന്നാൽ ചൈന വികസനത്തിന്റെ കാര്യത്തിൽ ഇന്ത്യയെക്കാൾ എത്രയോ മുമ്പിലാണ്. അംബരചുംബികളായ കെട്ടിട സമുച്ചയങ്ങളും വ്യാപാരകേന്ദ്രങ്ങളും ഫാക്ടറികളും വ്യാവാസായിക കേന്ദ്രങ്ങളും ലോകത്തെ ഞെട്ടിപ്പിക്കുന്ന തരത്തിൽ സയൻസ്, ടെക്നോളജി, ബഹിരാകാശ നേട്ടങ്ങൾ, അമേരിക്കയോടും, റഷ്യയോടും കിടപിടിക്കുന്ന മിലട്ടറിമേൽക്കോയ്മ എന്നിങ്ങനെ പോകുന്നു ചൈനയുടെ നേട്ടങ്ങൾ. വികസനവും വിപണിയുമാണ് ചൈനയുടെ ട്രേഡ്മാർക്ക്. പരിസ്ഥിതി പരിപാലനകാര്യത്തിലും ചൈന യൂറോപ്യൻ രാജ്യങ്ങളോടൊപ്പം എത്തിയിരിക്കുന്നു. ഏറ്റവും വലിയ ജനസംഖ്യയുള്ള രാജ്യമായിട്ടുപോലും ഇന്ത്യയെപ്പോലെ, പ്രത്യേകിച്ച് കേരളത്തിലെ പോലെ അച്ചടക്കമില്ലായ്മ ചൈനയിൽ വിലപ്പോവില്ല. കാരണം വികസനവേഗം കുറയ്ക്കാനോ അക്രമങ്ങൾ നടത്താനോ സാധിക്കാത്ത വിധത്തിൽ ജനസംഖ്യയ്ക്കൊപ്പം തന്നെ സിസിടിവി ഒളിക്യാമറകൾ എല്ലാമുക്കിലും മൂലയിലും സ്ഥാപിച്ചിട്ടുണ്ട്. വികസനത്തിന്റെ വേഗം കുറയ്ക്കാൻ ഇന്ത്യയിലെ പോലെ മാധ്യമങ്ങൾക്ക് കഴിയില്ല. കാരണം സർക്കാർ ദൃശ്യവാർത്താ വിനിമയ മാധ്യമങ്ങളും സംവിധാനങ്ങളുമാണ് ചൈനയിലുള്ളത്.

## വ്യാവാസായിക വളർച്ചയും സാമ്പത്തിക മുന്നേറ്റവും

നമ്മളിൽ പലരും വളർന്നു വന്നത്, മെയ്ഡ് ഇൻ ചൈന ഉൽപ്പന്നങ്ങൾ ഉപയോഗിച്ചുകൊണ്ടാണ്. ചൈനയുടെ സാമ്പത്തിക മുന്നേറ്റത്തിന്റെ അടിത്തറ വ്യാവസായിക വളർച്ചയാണ്. ഏറ്റവും നൂതന കൃത്രിമബുദ്ധി (Artificial Intelligence and robotics) automization, 5 G Fifth generation internet and communication capability എന്നിവയിൽ ചൈന അമേരിക്കക്കും മുന്നിലെത്തിയിരിക്കുന്നു. ! സ്വാതന്ത്ര്യലബ്ധിക്കു ശേഷമുള്ള ഇൻഡ്യയുടെ ചരിത്രമെടുത്താൽ 'Make in India' ഇതിനു മുമ്പുണ്ടായിരുന്ന സർക്കാരുകൾ ചിന്തിച്ചതേയില്ല. ടാറ്റായും ബിർലയും ട്രക്കുകളും ലോറികളും നിർമ്മിച്ചെങ്കിലും അവയ്ക്കൊന്നും വിദേശവിപണികളിൽ ഇടം നേടാൻ കഴിഞ്ഞില്ല. ഇപ്പോഴത്തെ സർക്കാരാണ് മെയ്ക്ക് ഇൻ ഇൻഡ്യ മുദ്രാവാക്യം ജനവൽക്കരിച്ച് പ്രോത്സാഹനം നൽകുന്നത്. ചൈന, ഇൻഡ്യ ഭായി ഭായി ചൗ എൻലായ് ഭായി ഭായി എന്നൊക്കെ ആദ്യപ്രധാനമന്ത്രി നെഹ്റുവിന്റെ കാലത്ത് സൗഹൃദം സാധിച്ചെടുക്കാൻ ശ്രമിച്ചെങ്കിലും ചൈന തിരിച്ചു നൽകിയ മറുപടി എല്ലാവർക്കും ഓർമ്മയുണ്ടാകും. നമ്മുടെ മേയ്ക്ക് ഇൻ ഇൻഡ്യ വിപുലീകരിച്ചാലെ ഇൻഡ്യയുടെ കയറ്റുമതി കൂട്ടാനും വിദേശനാണ്യം നേടിയെടുത്ത് ഇറക്കുമതിയിൽ ചിലവാക്കുന്നതിനേക്കാൾ കൂടുതൽ കയറ്റുമതിയിൽ നിന്ന് വരുമാനം വർദ്ധിപ്പിച്ച് സാമ്പത്തിക ധനശേഖരണവും കരുതൽ ധനവർദ്ധനവും നേടി ലോകത്തിലെ രണ്ടാമത്തെയെങ്കിലും സാമ്പത്തിക ശക്തിയാകാൻ കഴിയുകയുള്ളൂ. ഇതിന് ജനസംഖ്യയുടെ പിൻബലം പരമാവധി പ്രയോജനപ്പെടുത്തണം. 2030 ാം മാണ്ട് ആകുമ്പോഴേക്കും ലോകത്തിലെ ഏറ്റവും പ്രൊഡക്ടീവ് ഏജ് ഗ്രൂപ്പിലുള്ള യുവാക്കൾ ഇൻഡ്യയിലായിരിക്കുമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ചൈനയ്ക്കും, ജർമ്മനിക്കും, ജപ്പാനും , അമേരിക്കക്കും റഷ്യയ്ക്കുമൊക്കെ പ്രായം കൂടിയ പൗരന്മാരായിരിക്കും 2030 ആകുമ്പോഴേയ്ക്കും അതുകൊണ്ട് ഈ പറഞ്ഞ രാജ്യങ്ങളുടെ സമ്പദ്ഘടന പ്രതികൂലമായിത്തീരും. അത് ഇൻഡ്യക്കു നേട്ടമാവുകയും Productive age- group population band ഇൻഡ്യയുടെ സാമ്പത്തിക വളർച്ചയെ മറ്റെല്ലാ രാജ്യങ്ങളേക്കാൾ മുൻപന്തിയിലെത്തിക്കുമെന്ന സാമ്പത്തിക വിദഗ്ദ്ധർ എടുത്തു പറയുന്നു. ഇപ്പോൾ തന്നെ ലോകം ഉറങ്ങുമ്പോഴും മറ്റു രാജ്യങ്ങളുടെ ഹ്യൂമൻ റിസോഴ്സ് (HRD) ഡവലപ്പമെന്റ് ഫൈനാൻഷ്യൽ ഓഡിറ്റിംഗ്, ശമ്പള വിതരണ അഡ്മിനിസ്ട്രേഷൻ എന്നിങ്ങനെ എത്രയോ കാര്യങ്ങൾ ഡിജിറ്റൽ ഓൺലൈൻ സംവിധാനത്തിലൂടെ നമ്മുടെ ചെറുപ്പക്കാർ ഇൻഫോ പാർക്ക് മുതലായ ലോകോത്തര സംവിധാനത്തിലൂടെ മറ്റു രാജ്യങ്ങൾക്കു വേണ്ടി അഹോരാത്രം പണിയെടുത്തു നിറവേറ്റി കൊടുക്കുന്നു. സോവിയറ്റ് യൂണിയൻ ശിഥിലീകരിക്കപ്പെട്ടതോടെ ലോകത്തെ





കംപ്യൂട്ടിംങ് മേഖലയുടെ ഒന്നാം സ്ഥാനം നമ്മുടെ രാജ്യത്തിന് നേടിയെടുക്കാൻ സാധിച്ചത് വലിയ നേട്ടം തന്നെയാണ്. അമേരിക്കയിലെ ഇൻഫർമേഷൻ ടെക്നോളജി മേഖലയിൽ ഏറ്റവും കൂടുതൽ ജോലിയെടുക്കുന്ന യുവാക്കൾ ഇന്ത്യക്കാർ ആണെന്ന് കണക്കുകൾ തെളിയിക്കുന്നു. വിദ്യാസമ്പന്നരായ യുവാക്കൾ ധാരാളമുള്ളത് ഇന്ത്യയ്ക്ക് സാമ്പത്തികമായി കുതിച്ചുയരാൻ അനുകൂലഘടകം തന്നെയാണ്. ഐടി, മേയ്ക്ക് ഇൻ ഇന്ഡ്യ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് റോബോട്ടിക്സ്, സ്പേസ് ടെക്നോളജി, ഓട്ടോമൈസേഷൻ എന്നീ മേഖലകളിൽ ഇൻഡ്യ ശ്രദ്ധകേന്ദ്രീകരിച്ചാണ് സാമ്പത്തിക ശക്തിയാകാൻ ശ്രമിക്കുന്നത്. ഇന്ത്യയുടെ കുതിപ്പിനെ പിറകോട്ടു വലിക്കുന്ന ഡ്രാഗിംങ് ശക്തികളും പ്രസ്ഥാനങ്ങളും രാജ്യസ്നേഹമില്ലാത്ത പ്രസ്താവനകളും നുണപ്രചരണങ്ങളും , തത്വദീക്ഷയില്ലാതെയും പക്ഷപാതപരമായ സമീപനത്തിലൂടെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ മാധ്യമപ്രവർത്തന ശൈലി തുടരുന്ന വാർത്താ മാധ്യമങ്ങൾ , സത്യാന്വേഷികളല്ലാത്ത രാഷ്ട്രീയ പ്രവർത്തകരും നേതാക്കളും ബാലൻസ്ഡ് അല്ലാത്ത വാർത്താ പ്രചരണം നടത്തുന്ന മീഡിയ സ്ഥാപനങ്ങൾ നെഗറ്റിവിറ്റി മാത്രം പ്രചരിപ്പിക്കുന്ന വ്യക്തികൾ, സാംസ്കാരിക നായകന്മാർ, എഴുത്തുകാർ രാഷ്ട്രീയ പ്രവർത്തകർ, അത്യുന്നത പദവികൾ അലങ്കരിക്കുന്ന ഉദ്യോഗസ്ഥർ നടത്തുന്ന മീഡിയ എന്നിങ്ങനെയുള്ള ഘടകങ്ങൾ നമ്മുടെ രാജ്യത്തിന്റെ കുതിപ്പിനെ പിന്നോട്ടു വലിക്കുകയാണ്.

**1. ഇന്ത്യ സാമ്പത്തിക തകർച്ചയിലെന്ന പ്രചരണം**

ഇന്ത്യയ്ക്കു അഭിമാനിക്കാവുന്ന വാർത്തയായിരുന്ന അബിജിത് ബാനർജിയെന്ന ബംഗാളിക്ക് ഫ്രഞ്ചുകാരിക്കൊപ്പം സാമ്പത്തികശാസ്ത്രത്തിനുള്ള നോബേൽ പുരസ്കാരം ലഭിച്ചുവെന്നത്. പക്ഷെ കേരളത്തിലെ ചില വാർത്താ മാധ്യമങ്ങൾ ഈ വാർത്ത അവതരിപ്പിച്ചത് ഇൻഡ്യക്കാരൻ നോബേൽ പുരസ്കാരം ലഭിച്ചു- നരേന്ദ്രമോദിയുടെ കടുത്ത വിമർശകനാണ് നോബേൽ ജേതാവ് ഇതിൽ കൂടുതൽ നെഗറ്റിവിറ്റി വേറെന്തുണ്ട്! ലോകത്തിൽ ഒന്നാം സ്ഥാനം പല വർഷങ്ങളിലും നിലനിർത്തുന്ന മസാച്യൂസിറ്റ്സ് ഇൻസിറ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (എം. ഐ.ടി) യിലെ പ്രൊഫസറാണ് ബാനർജി. അദ്ദേഹത്തിന്റെ ഭാര്യ എസ്തർ ദഫ്‌ളോ ഫ്രഞ്ചുകാരിയും. ഇവരുടെ മൈക്രോ ഇക്കണോമിക്സ് സിദ്ധാന്തത്തിനാണ് നോബേൽ പുരസ്കാരം. പാവപ്പെട്ടവർക്കും സാധാരണക്കാരായ ജനങ്ങൾക്കും തൊഴിൽ നൽകുന്ന സാമ്പത്തിക പ്രക്രിയകൾ രാജ്യങ്ങൾ നടപ്പാക്കണമെന്നാണ് ഇവരുടെ വാദം. ഈ ബാലപാഠം പ്രൊഫ. ബാനർജിക്കു ഇന്ത്യയിൽ നിന്നു ലഭിച്ചതാകണം. കാരണം ഇന്ത്യ പിന്തുടരുന്ന നയം ചെറുകിട വ്യവസായങ്ങളും തൊഴിലവസരങ്ങളുമാണ്. ഇത് പാവപ്പെട്ടവന്റെ ജീവിതം സുഭിക്ഷമാക്കും. അദ്ദേഹം ഇന്ത്യയ്ക്കു നൽകുന്ന ഉപദേശവും അതു തന്നെ. ഇത് ഒട്ടും അപ്രതീക്ഷിതമല്ല. ഈ സിദ്ധാന്തം പിന്തുടരുന്ന സർക്കാരിന് ഈ നോബേൽ ജേതാവ് എങ്ങിനെ കടുത്ത വിമർശകനാവും ! ലോകത്തിലെ ഒരു രാജ്യത്തും ഇത്രമാത്രം നശീകരണ പ്രവണത കാണാൻ കഴിഞ്ഞെന്നു വരില്ല. മാധ്യമങ്ങളും വ്യക്തികളും പ്രധാന മന്ത്രിക്കെതിരെ പ്രസ്താവനകളിറക്കാൻ അദ്ദേഹത്തെ നിർബന്ധിക്കുന്നുവെന്ന് പ്രൊഫ. ബാനർജി തന്നെ തുറന്നു സമ്മതിക്കുന്നു! ഈ പ്രവണത അപലപനീയവും നിഷേധാത്മകവും പ്രേരണാകുറ്റവുമാണ്.

2. മറ്റു രാജ്യങ്ങൾ എത്രയോ വർഷങ്ങൾക്കു മുമ്പു തുടങ്ങിയ ബി. ആർ. ടി. എസ് (ബസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റം) ബസുകൾക്കു മാത്രമായി റോഡിൽ നീക്കി വെച്ചിരിക്കുന്ന ഡഡിക്കേറ്റഡ് ലൈൻകേരളത്തിൽ മഹാവികസനമായി കൊട്ടിഘോഷിക്കുന്നതോടൊപ്പം ഇന്ത്യയുടെ ബഹിരാകാശ ടെക്നോളജി ലോകത്തിലെ തന്നെ ഏറ്റവും ചിലവു കുറഞ്ഞതും കാര്യക്ഷമതയുള്ള റോക്കറ്റ് പ്രൊപ്പൽഷൻ സിസ്റ്റമാണെന്നും അഭിമാനത്തോടെ റിപ്പോർട്ടു ചെയ്യുകയാണെങ്കിൽ അത് ബാലൻസഡ് മാധ്യമ റിപ്പോർട്ടിങ്ങായി അനുമോദിക്കപ്പെടും. വികസനങ്ങൾക്കും സമ്പദ്‌വ്യവസ്ഥതക്കും പ്രതികൂലമായി സമരങ്ങളും നശീകരണങ്ങളും നടത്തി സംസ്ഥാനങ്ങളെ പുറകോട്ടടുപ്പിച്ച് സാമ്പത്തിക നഷ്ടം വരുത്തുക ചില രാഷ്ട്രീയ കക്ഷികളുടെ പ്രത്യേകതകളാണെന്നും കൂടി വാർത്തയിൽ വരുത്തിയാൽ അത്തരം ഇടപെടലുകൾ ജനാധിപത്യത്തിൽ ശ്രദ്ധിക്കപ്പെടും.

3. ഇന്ത്യൻ ഭരണഘടനയിലെ ഫെഡറൽ സംവിധാനം എന്തിനും ഏതിനും സർക്കാരിനെ കളിയാക്കാനും എന്തും വിമർശിക്കാൻ ഫെഡറലിസത്തിൽ അധികാരം ഉണ്ടെന്ന് തെറ്റിദ്ധരിപ്പിക്കുന്ന വിമർശനങ്ങളും വെല്ലു വിളികളും നിയമവിദഗ്ദ്ധർ പരിശോധിച്ച് നടപടികൾ ആവശ്യമെങ്കിൽ എടുക്കപ്പെടേണ്ടതാണ്. മറ്റു രാജ്യങ്ങളിലെ പൗരന്മാർ My Country First, My Petty interest IInd എന്ന് എപ്പോഴും കരുതുന്നപോലെ നമ്മളും കരുതണം.

**(ശേഷം 55-ാം പേജിൽ)**

(തുടർച്ച)

# വേനലിൽ പൂത്ത സ്വപ്നങ്ങൾ (ഭാഗം-2)

**റ്റി. എൻ. റ്റി. നായർ**

18.07.18 പുലർച്ചയോടെ ഞങ്ങൾ ഗ്രാസ്മിയ്റിൽ നിന്ന് ഇരുനൂറുമൈലോളം ദൂരെയുള്ള വോറിക് ഷയർ (Warwick Shire) ലക്ഷ്യമാക്കി യാത്ര ആരംഭിച്ചു. കണ്ണിനും മനസ്സിനും കുളിർ പകർന്ന തടാകങ്ങളും പർവ്വത ഭൂമികളും പിന്നിട്ടപ്പോഴേക്കും, കാഴ്ചകളും കാലാവസ്ഥയും മാറിക്കഴിഞ്ഞിരുന്നു. ഇംഗ്ലണ്ടിൽ പ്രതീക്ഷിക്കാത്ത ചൂടാണു പുറത്ത് അനുഭവപ്പെട്ടത്. ചെറുതും വലുതുമായ ജനപദങ്ങളിലൂടെ യാത്ര ചെയ്ത ഞങ്ങൾ നമ്മുടെ പുരാണ പുരുഷന്റെ ജന്മസ്ഥലത്തോട് അടുക്കുന്നുവെന്നു ദിശാ സൂചികകളിലൂടെ മനസ്സിലാക്കി. ആവൺനദിയും അതിനടുത്തു സ്ഥിതിചെയ്തിരുന്ന പുൽമേഞ്ഞ ഷേക്സ്പിയർ ജന്മഗൃഹവും ഞാൻ സ്വപ്നം കണ്ടു. ആവൺനദിക്കരയിലെ സ്റ്റ്രാറ്റ്ഫോഡ് (Stratford- upon- Avon), പക്ഷെ മറ്റൊരു ദൃശ്യമാണു കാട്ടിത്തന്നത്. ഒരു കുംഭമേളയുടെ ആൾക്കൂട്ടമാണ് ഞങ്ങൾ കണ്ടത്. ടൂറിസ്റ്റ് വാഹനങ്ങളുടെയും കാൽനടക്കാരുടെയും ബാഹുല്യം ഞങ്ങളെ അമ്പരപ്പിച്ചു. വേഡ്സ്വർത്തിന്റെ ഗ്രാസ്മിയർ ഒരു ശാന്തതടാകമാണെങ്കിൽ സ്ട്രാറ്റ്ഫോഡ് തിരതല്ലുന്ന ഒരു കടലായി ഞങ്ങൾക്കനുഭവപ്പെട്ടു.

ഞങ്ങൾ ഷെക്സ്പിയറുടെ ജന്മഗൃഹത്തിന്റെ തിരക്കുള്ള വാതിൽക്കൽ എത്തി. പുല്ലുമേഞ്ഞ കെട്ടിടമൊന്നുമില്ല.ഏറെ ആധുനികവത്കരിച്ച ഒരു സന്ദർശക മുറിയിലേക്കാണു ഞങ്ങൾ കയറിച്ചെന്നത്. ഷെക്സ്പിയറുടെ പൈതൃകരേഖകളും കുടുംബചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന നിരവധി പ്രമാണങ്ങളും, പല നാടകങ്ങളുടെയും സോണറ്റുകളുടെയും ആദ്യകാല കൈയ്പ്പടപകർപ്പുകളും പ്രദർശിപ്പിക്കപ്പെട്ടിരിക്കുന്ന ഇടത്തരം ഹാളാണത്. കഥാപുരുഷന്റെ പിതാവായ ജോൺ ഷേക്സ്പിയറെ സംബന്ധിക്കുന്ന നിർണ്ണായകമായ ചില വ്യവഹാര രേഖകളും അവിടെ കാണാം. ഈ രേഖാസഞ്ചയം കണ്ടു കഴിഞ്ഞാൽ പുറകിൽ പുൽമെത്ത വിരിച്ച മുറ്റത്തേക്കു കടക്കാം. അവിടെ സജീവമായ ഒരു ഓപ്പൺ എയർ തീയേറ്റർ ആണു നാം കാണുക. അഭിനേതാക്കൾക്ക് വേണ്ടി വർത്തുളാകൃതിയിലുള്ള രംഗപീഠം സജ്ജീകരിച്ചിട്ടുണ്ട്. ഷെക്സ്പിയർ നാടകങ്ങളിലെ ഒരു രംഗമല്ലെങ്കിൽ മറ്റൊന്ന്, അനൗപചാരികമായി, എന്നാൽ കഥാപാത്രങ്ങൾക്കനുഗുണമായി അഭിനയാവിഷ്കാരം അനുസ്യൂതം നടത്തിക്കൊണ്ടിരിക്കുന്ന കാഴ്ച! സാഹിത്യവിദ്യാർത്ഥികൾക്ക് രസകരവും വിജ്ഞാനപ്രദവുമായ അവതരണ വിശേഷമാണിത്. ഇവിടം കടന്നു വേണം വില്യം ഷെക്സ്പിയറുടെ ജന്മഗൃഹത്തിലേക്ക് പ്രവേശിക്കാൻ. അവിടെ അരങ്ങു മുതൽ അടുക്കള വരെ എലിസബത്തൻ കാലഘട്ടത്തിലെ ടൂഡർ (Tudor) ജീവിതശൈലിയെ ആവുംവിധം വിശ്വസ്തതയോടെ പുന:സൃഷ്ടിച്ചിരി ക്കുന്നതായി നാം കാണുന്നു. പുനർ നിർമ്മാണം പലവുരു നടത്തിയിരിക്കണം. പ്രധാന ഹാളിനു പുറത്തുള്ള റോഡിലേക്ക് ഒരു വലിയ ജനാലയോടു ചേർന്ന് വെളിയിലേക്ക് തുറക്കാവുന്ന ഒരു കൗണ്ടർ കാണാം. തുകൽ ഉല്പന്നങ്ങൾ നിർമ്മിച്ച് വില്ക്കുന്ന പിതാവിന് കച്ചവടം നടത്താനുള്ള സൗകര്യത്തിനു വേണ്ടിയായിരുന്നു, ഈ കൗണ്ടർ . വില്യം ജനിച്ച മുറിയിലെ ഗ്ലാസ്സ് ജനാലയിൽ അവിടുത്തെ വിശിഷ്ട സന്ദർശകരിൽ പലരുടെയും കയ്യെഴുത്തു കാണാം. സർ വാൾട്ടർ സ്കോട്ട്, തോമസ്കാർലൈൽ. ചാൾസ് ഡിക്കൻസ് മുതലായി നിരവധി പേരുകൾ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. ,ഷെക്സ്പിയർ ഭവനത്തിന് തൊട്ടടുത്ത ചത്വരത്തിൽ 1381 ൽ സ്ഥിതി ചെയ്തിരുന്ന കുരിശിന്റെ അടിക്കല്ല് ഒരു പുരാവസ്തുവായി സൂക്ഷിച്ചിരിക്കുന്നതും ഞങ്ങൾ കൗതുകത്തോടെ കണ്ടു. മെത്തയും കട്ടിലും ആഡംബരവസ്തുക്കളായിരുന്ന അക്കാലത്ത്, ഷെക്സ്പിയറുടെ വസതിയിൽ രണ്ടു മൂന്നു കട്ടിലുകളും അതിനു ചേർന്ന മെത്തകളും ഉണ്ടായിരുന്നു.

വോറിക്ക്ഷെയറിലെ ഗ്രാമർ സ്കൂളിലായിരുന്നു വില്യമിന്റെ പ്രാഥമിക വിദ്യാഭ്യാസം. അതിന്നപ്പുറമുള്ള ഔപചാരിക വിദ്യാഭ്യാസത്തെക്കുറിച്ചു രേഖകളൊന്നുമില്ല. പക്ഷെ, വിപുലമായ വായന യൂറോപിയൻ ക്ലാസ്സിക്കൽ സാഹിത്യവുമായുള്ള അടുത്ത പരിചയവും അഗാധമായ അറിവും അദ്ദേഹത്തിനു പകർന്നു നൽകിയെന്നതും തീർച്ചയാണ്. ഗ്രീക്ക് - റോമൻ സാഹിത്യത്തിൽ നിന്നും ബ്രിട്ടന്റെ പൗരാണിക ചരിത്രത്തിൽ നിന്നും കടമെടുത്ത സംഭവങ്ങളുടെയും കഥകളുടെയും ഉത്പന്നങ്ങളാണ് ഷെക്സ്പിയർ നാടകങ്ങളുടെ കഥാതന്തുക്കൾ. പക്ഷെ സർഗ്ഗമൗലികത കൊണ്ടു ഷെക്സ്പിയർ കൃതികൾക്കു അസുലഭമായ സാർവ്വലൗകികത ലഭിച്ചു. 37 നാടകങ്ങൾ, നൂറിലേറെ സോണറ്റുകൾ; ആ അത്ഭുത പ്രതിഭയുടെ സ്മാരകം ഏറെ ശ്രദ്ധയോടെയും ആദരവോടെയും പരിരക്ഷിക്കപ്പെടേണ്ടതാണെന്നാണ് എനിക്കു തോന്നിയത്. നാഗരിക-വാണിജ്യ സംസ്കാരം കടന്നാക്രമണം നടത്തിയ അന്തരീക്ഷമാണ് ആ സ്മാരകമന്ദിരത്തിന്റെ ചുറ്റുപാടിൽ കണ്ടത്.

പുറത്തെ സൂര്യനു ഷെക്സ്പിയർ പ്രതിഭയുടെ തിളക്കമില്ലായിരുന്നു, എന്നാൽ അസഹനീയമായ ചൂടുണ്ടായിരുന്നു .

സൂര്യാസ്തമനത്തിനു മുമ്പ് ഞങ്ങൾ അടുത്തുള്ള ഈവ്ഷാമി (Evesham) ലേക്കു പോയി. ആവൻനദീതീരത്തു കൂടി കുറെ നേരം നടന്നു. അവിടെ നദിക്കു വീതി നന്നേ കുറവാണ്. ചില ഭാഗങ്ങളിൽ ജലവിനോദങ്ങൾക്കും അഭ്യാസങ്ങൾക്കുമുള്ള സൗകര്യമുണ്ടെന്നറിഞ്ഞു.

ഞങ്ങൾ രാത്രി താമസത്തിനു ഏജൻസി മുഖാന്തിരം ബുക്കു ചെയ്തിരുന്ന Elms Court Apartmentൽ ഉത്തരവാദപ്പെട്ടവരാരുമില്ലായിരുന്നു. ഒടുവിൽ ഏജൻസി ഇടപെട്ടു Glebe Hotel എന്നയിടത്ത് താമസസൗകര്യം ഏർപ്പാടാക്കി. ചൂടധികമായിരുന്നു. ഹോട്ടലിൽ ഏ.സി. ഇല്ലായിരുന്നു. ഫാൻ പോലുമുണ്ടായിരുന്നില്ല. ജനാലകൾ തുറന്നിട്ട് ഒരു വിധം സ്വസ്ഥമായി ഉറങ്ങി. കാലത്തെ ചായക്കു ശേഷം പുറത്തേക്ക് വന്നപ്പോഴാണ് വേനൽ പൂക്കൾ ചൂടി നിൽക്കുന്ന പരിസരം ശ്രദ്ധിച്ചത്. ഹോട്ടലിന്റെ മുൻവശത്തു പൂവണിഞ്ഞു നിൽക്കുന്ന കൂറ്റൻ വൃക്ഷചുവട്ടിൽ ഞങ്ങൾ ഏതാനും നിമിഷങ്ങൾ ചെലവഴിച്ചു. സമൃദ്ധമായ പ്രഭാതഭക്ഷണം കഴിച്ച്, ഞങ്ങൾ പുതിയ ദിവസത്തെ പരിപാടികളിലേക്ക് കടന്നു.

### The Tudor Farm

വളഞ്ഞു പുളഞ്ഞു പോകുന്ന നാട്ടുപാതകളിലൂടെ ഏതാനും മൈൽ സഞ്ചരിച്ച്, ഷെക്സ്പിയറുടെ അമ്മയുടെ പേരിലുള്ള 'മേരി ആർഡൻസ് ഫാ' മിലേക്ക് പോയി. മേരി ആർഡന് പിതൃസ്വത്തായി കിട്ടിയ കൃഷിഭൂമിയിലാണ് Tudor Farm സ്ഥിതി ചെയ്യുന്നത്. കൃഷിയും ആടുവളർത്തലും കൊണ്ടു സമ്പന്നമായിരുന്നു അമ്മയുടെ തറവാട്. ആർഡന്റെ കാർഷിക ഭവനം അതിരസകരമായ കാഴ്ചകളുടെ കവാടങ്ങൾ തുറന്നിട്ടിരുന്നു. ടൂഡർ യുഗത്തിലേക്ക് - എലിസബത്തൻ കാലഘട്ടത്തിലേക്ക് എത്തിച്ചേർന്ന പ്രതീതി ! എല്ലാ രംഗങ്ങളും വസ്തുക്കളും ആ യുഗത്തിനു ചേർന്ന വിധം ഒരുക്കിയിരിക്കുന്നു.

വെട്ടിയെടുത്ത വള്ളിക്കമ്പുകൾ കൊണ്ട് കുട്ടകൾ നെയ്യുന്ന വൃദ്ധയെ ഞങ്ങൾ കണ്ടു. കൈയ്യബദ്ധം പറ്റി, മരുന്നു തെറ്റിക്കൊടുത്ത് ഭർത്താവിന്റെ മരണത്തിനു കാരണക്കാരിയായ ആ സ്ത്രീയുടെ പരിദേവനം ഞങ്ങളെ അസ്വസ്ഥരാക്കി. പതിനാറാം നൂറ്റാണ്ടിലെ സാധാരണ സ്ത്രീകളുടെ വേഷവിധാനമായിരുന്നു അവരുടേത്. ഒരു പാവം വീട്ടമ്മയുടെ ധർമ്മസങ്കടം അവരുടെ ശബ്ദത്തിൽ നിറഞ്ഞു നിന്നു. വളരെ തൻമയത്വത്തോടെയുള്ള അവരുടെ അഭിനയം ക്ഷണനേരത്തേക്ക് ഞങ്ങളെ ആശയക്കുഴപ്പത്തിലാക്കിയെന്നു സമ്മതിക്കണം. ......അടുത്തുള്ള അടുക്കളക്കൊട്ടിലിൽ തകൃതിയായി പാചകം നടക്കുന്നു. വിറകടുപ്പുകൾ, ഉപകരണങ്ങൾ, ഭക്ഷണദ്രവ്യങ്ങൾ ഇവയെല്ലാം ഷെക്സ്പിയർ യുഗത്തിലേതുപ്പോലെ തന്നെ. വെള്ളിമൂങ്ങയും പരിശീലകനും ആടും പന്നിയും കഴുതയും മറ്റു പക്ഷികളും ആ കാലഘട്ടത്തിൽ നിന്നു തിരശ്ശീല നീക്കി വന്നിരിക്കുന്നവർ. സന്ദർശകരെ സംബന്ധിച്ചിടത്തോളം, അവിടെ ചെലവഴിക്കുന്ന ഒന്നു രണ്ടു മണിക്കൂറുകൾ അഞ്ചു നൂറ്റാണ്ടുകൾക്കു മുൻപുള്ള അത്ഭുത ലോകത്തേക്ക് വന്നുപെട്ട അനുഭവമായിരിക്കും. ആവണിന്റെ പാണനാർക്കും (The Bard of Avon) അമ്മ മേരി ആർഡനു പോലും ഒട്ടും അപരിചിത്വം തോന്നാനിടയില്ലാത്ത യഥാർത്ഥമായ രംഗസംവിധാനം.

### Anne Hathaway's Cottage

ഷെക്സ്പിയറുടെ പത്നി ആൻഹാഥ്വേയുടെ ഭവനം ആയിരുന്നു ഞങ്ങൾ അടുത്തതായി സന്ദർശിച്ചത്. ഷെക്സിപിയറെക്കാൾ എട്ടു വയസ്സു കൂടുതലുണ്ടായിരുന്നു ആൻ ഹാഥ്വെയെ ഷേക്സ്പിയർ വിവാഹം കഴിക്കുമ്പോൾ അദ്ദേഹത്തിന് വയസ്സ് 18! ! ആൻന്റെ ഭവനത്തിന്റെ തായ്കെട്ടിടം പുൽമേഞ്ഞ വിശാലമായ വസതിയാണ് . അംഗസംഖ്യ കൂടിയപ്പോൾ കൂടുതൽ എടുപ്പുകൾ ഉണ്ടായി. കോട്ടേജിനു മുൻവശത്തുള്ള വിസ്തൃതമായ ഉദ്യാനം മനം കവരുന്നതാണ്. വർണ്ണ വൈവിധ്യമുള്ള നിരവധി തരം പുഷ്പങ്ങളെകൊണ്ട് കോട്ടേജിന്റെ അങ്കണം അതിസുന്ദരമാണ്. കുളിർ നിഴൽ വിരിക്കുന്ന വള്ളിക്കുടിലും, മരച്ചാർത്തുകളൊരുക്കുന്ന നടക്കാവുകളും, അസാധാരണമായ വേനൽച്ചൂടിൽ സന്ദർശകർക്കു ആശ്വാസമേകി. വിവിധ ശില്പങ്ങൾകൊണ്ട് കോട്ടേജും പരിസരവും ഹൃദയാവർജ്ജകമാണ്.

ഷെക്സ്പിയറുടെ ജന്മഭൂമി വോറിക് ഷയർ ആയിരുന്നുവെങ്കിലും കർമ്മഭൂമി ലണ്ടൻ നഗരമായിരുന്നു. നാടകരചനക്കും അഭിനയത്തിനും നാടകങ്ങളുടെ ലാഭകരമായ പ്രദർശനത്തിനും ഇംഗ്ലണ്ടിന്റെ തലസ്ഥാനവും സാമ്പത്തിക- സാംസ്കാരിക സിരാകേന്ദ്രവുമായ ലണ്ടൻ തന്നെ ആയിരുന്നു പ്രധാന വേദി. Lord Chamberlain's Men എന്ന പേരിലുള്ള നാടകക്കമ്പിനിയിൽ അദ്ദേഹം പങ്കാളിയായിരുന്നു. 1599 ൽ ആണ് സുപ്രസിദ്ധമായ 'ഗ്ലോബ് തിയറ്റർ'

തെംസ് നദിയുടെ തെക്കേ തീരത്ത് സ്ഥാപിക്കപ്പെട്ടത്. ഇതേക്കുറിച്ച് ലണ്ടൻ കാഴ്ചകൾ പരാമർശിക്കുമ്പോൾ കൂടുതലെഴുതാം.

സ്ട്രാറ്റ് ഫോർഡ് അലോൺ ആവണിലെ വേറെ ഷെക്സ്പിയർ സ്ഥാനങ്ങൾ സമയക്കുറവു കൊണ്ടു സന്ദർശിക്കാൻ സാധിച്ചില്ല. മാഞ്ചസ്റ്ററിൽ നിന്നും വാടകക്കെടുത്ത കാർ സ്ട്രാറ്റ് ഫോഡിലെ Hertz- rent-a car ന്റെ ശാഖയിൽ തിരിച്ചേൽപ്പിച്ചിട്ട്, വൈകിട്ട് 6.30 നുള്ള ബസിൽ ഞങ്ങൾക്ക് ലണ്ടനിലേക്ക് പുറപ്പെടേണ്ടിയിരുന്നു. Hertz കമ്പിനിയിൽ വണ്ടി തിരിച്ചേല്പിച്ചുവെങ്കിലും, ഡ്രൈവർ സഹിതം അതേവണ്ടിയിൽ ഞങ്ങളെ സ്ട്രാറ്റ്ഫോഡിലെ National Express Bus Station ൽ കൊണ്ടു വിടാനുള്ള മാന്യതയും കരുതലും അവർ പ്രദർശിപ്പിച്ചുവെന്നത് നന്ദിപൂർവ്വം എടുത്തു പറയേണ്ടതാണ്.

ലണ്ടനിലേക്ക് : വൈകുന്നേരം 6.30 നു തന്നെ നാഷണൽ എക്സ്പ്രസ് ബസ് ഞങ്ങളെയും കൊണ്ടു ലണ്ടനിലേക്ക് പുറപ്പെട്ടു. ഏതാണ്ട് രാത്രി 8.30 നടുത്ത് ലണ്ടനിലെ വിക്ടോറിയ സ്റ്റേഷനിൽ എത്തിച്ചേർന്നു. അവിടെ നിന്നു ടാക്സിയിൽ വോസ്ഹാൾ (Vausehall) നടുത്തുള്ള Black Prince Roadൽ നേരത്തെ ബുക്കു ചെയ്തിരുന്ന അപ്പാർട്ട്മെന്റിലെത്തി. രാത്രി വളരെ സ്വസ്ഥമായി അവിടെ തങ്ങി. തെംസ് നദി വളരെ അടുത്താണെന്നു കാലത്ത് മനസ്സിലായി. ഞങ്ങൾ പ്രഭാത ഭക്ഷണത്തിനു ശേഷം ലാംബെത്ത് പാലം വഴി കാൽ നടയായി ഇരുപതു മിനിറ്റോളം നടന്നു. വെസ്റ്റ് മിൻസ്റ്റർ കെട്ടിട സമുച്ചയത്തിനു സമീപമെത്തി. ആബിയും പാർലമെന്റ് ഹൗസും ചുറ്റുപാടുകളും കണ്ടു.

ലണ്ടൻക്കാഴ്ചകൾ : ലണ്ടൻ കാഴ്ചകളുടെ സരസവിവരണങ്ങൾ കരയോഗസൗഹൃദത്തിന്റെ കഴിഞ്ഞ ചില ലക്കങ്ങളിൽ വന്നതുകൊണ്ട്, അവ വീണ്ടും വിവരിച്ചു മുഷിപ്പിക്കുന്നില്ല. ഇംഗ്ലണ്ടിലേക്കു പോകുന്ന ഇൻഡ്യാക്കാരടക്കമുള്ള വിനോദസഞ്ചാരികൾ അവരുടെ സന്ദർശന ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന വെസ്റ്റ് മിൻസ്റ്റർ പാലസ് ആബി, വെസ്റ്റ്മിൻസ്റ്റർ , വെസ്റ്റ്മിൽസ്റ്റർ പാലസ്, സെയ്ന്റ് പോൾസ് കത്തീഡ്രൽ, ലണ്ടൻ ബ്രിഡ്ജ്, ടവർ ബ്രിഡ്ജ്, മില്ലനിയം ബ്രിഡ്ജ് മുതലായ മുഖ്യപാലങ്ങൾ , ടവർ ഓഫ് ലണ്ടൻ, ബിഗ്ബെൻ, ലണ്ടൻസ് ഐ, ബക്കിങ്ങാം പാലസ്, തെംസ് നദിയിലൂടെയുള്ള ക്രൂയ്സ് ഇവയെല്ലാം സെൻട്രൽ ലണ്ടനിലെ എടുത്തു പറയേണ്ട സവിശേഷ ദൃശ്യങ്ങളാണ്.

രണ്ടായിരത്തോളം വർഷത്തെ പഴമ അവകാശപ്പെടാവുന്ന ലണ്ടൻ ജനപദത്തിന്റെയും മഹാനഗരത്തിന്റെയും, ഇംഗ്ലണ്ടിന്റെ തന്നെയും മാറി മറിഞ്ഞ ഭാഗധേയങ്ങൾക്കു സാക്ഷ്യം വഹിക്കുന്ന തെംസ് ലണ്ടൻ നഗരത്തെ തെക്കും വടക്കുമായി പകുത്തുകൊണ്ട് ഊർജ്ജസ്വലമായി ഒഴുകുന്നു. സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ കൊളോണിയൽ പ്രൗഢിയും ധിക്കാരവും കണ്ട തെംസ്, കൊളോണിയൽ സൂര്യൻ അസ്തമിച്ചു കഴിഞ്ഞ അവസ്ഥയിലും ശക്തി ക്ഷയിക്കാതെ തിരയിളക്കി ഒഴുകുന്നത് വിസ്മയത്തോടെ ഞാൻ നോക്കി നിന്നു. വെറും 215 മൈൽ നീളമുള്ള ഇംഗ്ലണ്ടിലെ ഈ മഹാനദിക്കുമേൽ ചെറുതും വലുതുമായ ഇരുനൂറു പാലങ്ങളുണ്ടത്രെ ! അവയിൽ മുപ്പതു വലിയ പാലങ്ങൾ ലണ്ടൻ നഗരത്തിൽ തന്നെയാണെന്നും അറിഞ്ഞു.

ലണ്ടൻ നഗരത്തിന്റെ കീർത്തി ചിഹ്നമായ ബിഗ്ബെൻ നൂറ്റി അറുപത് വർഷത്തെ പഴക്കമുള്ള ഐക്കോൺ ആണ്. എലിസബത്ത് ടവർ എന്ന മുന്നൂറ്റമ്പത് അടി ഉയരമുള്ള ഗോപുരത്തിലാണ് ചതുർമുഖമായ ക്ലോക്ക് സ്ഥിതി ചെയ്യുന്നത്. പക്ഷെ, എലിസബത്ത് ടവറും ക്ലോക്കും വമ്പിച്ച നവീകരണത്തിലാണിപ്പോൾ. 2020 അവസാനത്തോടെ മാത്രമേ അതു പൊതുജനങ്ങൾക്കു തുറന്നുകൊടുക്കുകയുള്ളൂ.

London Eye നഗര ചക്ഷുസ്സ് – ഭീമാകാരമായ ഒരു നിരീക്ഷണ ചക്രമാണ്. ഞങ്ങൾ അതു കണ്ടു, പക്ഷെ കയറിയില്ല.

## Tower of London

1066–ൽ വില്യംഗ് കോൺക്വററുടെ കാലത്ത് സ്ഥാപിതമായ കോട്ടയും കൊട്ടാരവും പിന്നീട് White Tower ആയും, പന്ത്രണ്ടാം നൂറ്റാണ്ടോടെ Tower of London ആയും, അറിയപ്പെട്ടു. രാജകീയ കമ്മട്ടം റെക്കോഡ് സൂക്ഷിപ്പു കേന്ദ്രം, രാജമന്ദിരം, കാരാഗൃഹസഞ്ചയം ഇവയൊക്കെയായി ടവർ വികസിപ്പിച്ചു. രാജവാഴ്ചയുടെ ശ്രേഷ്ഠവും മ്ളേച്ഛവുമായ മുഖങ്ങൾ മാറി മാറി അണിഞ്ഞു. കൊട്ടാരം ഉപജാപങ്ങൾ , വിശ്വാസ വഞ്ചനകൾ, സദാചാര വിരുദ്ധമായ കൃത്യങ്ങൾ, അവയെ അമർച്ച ചെയ്യാൻ കൈക്കൊണ്ട രക്തരൂഷിതമായ ശിക്ഷകൾ, നിഷ്കരുണം ചൂഷണം ചെയ്തും കൊള്ളയടിച്ചും ഇൻഡ്യ മുതലായ കോളനികളിൽ നിന്നു തട്ടിയെടുത്ത ഭീമമായ സമ്പത്തിന്റെ ശേഖരം, ഇവയുടെയൊക്കെ കഥ പറയുന്ന ശേഷിപ്പുകൾ ടവർ ഓഫ് ലണ്ടനിൽ നമുക്കു കാണാം.

രാജകീയ ഭൂഷണങ്ങൾ സൂക്ഷിച്ചിരിക്കുന്ന കൊട്ടാരത്തിന്റെ സംരക്ഷണം ആചാരപരമായ വേഷം ധരിച്ച മുപ്പതിലേറെ വിശിഷ്ട സൈനികർക്കാണ്. അവരെ Yemon Warders എന്നും Beefeaters എന്നും വിളിക്കുന്നു. പ്രാചീന കാലത്ത് അവരുടെ വേതനത്തിന്റെ ഒരു ഭാഗം ഗോമാംസം ആയിട്ടായിരുന്നു നൽകിയിരുന്നതത്രെ. 105 കാരറ്റ് ഉള്ള കോഹിനൂർ കണ്ട പല ഇൻഡ്യാക്കാരുടെ മുഖങ്ങളും തെല്ലു ക്ഷുഭിതമായിരുന്നോ എന്നു സംശയം! രാജഭരണം അവസാനിക്കാതിരിക്കാൻ, ഒരിക്കലും പറന്നു പോകാത്ത ബലിക്കാക്കകൾ കാവലായി തത്തിക്കളിക്കുന്ന കാഴ്ച വിചിത്രമായ അന്ധവിശ്വാസത്തിന്റെ അവശേഷിക്കുന്ന തെളിവാണ്. ചോരയും ഇറച്ചിയും ഭക്ഷിക്കുന്ന ഈ ബലിക്കാക്കകൾ പറന്നു പോകാതിരിക്കാൻ ചിറകുകൾ അരിഞ്ഞു കളഞ്ഞിരിക്കയാണെന്നു മനസ്സിലായി. ബ്രിട്ടീഷ് രാജഭരണകാലത്തെ അറും കൊലകൾക്കു സാക്ഷ്യം വഹിച്ച Gallows ഞങ്ങൾ നിർന്നിമേഷരായി കണ്ടു – ഹെന്റി എട്ടാമന്റെ രണ്ടാമത്തെ രാജ്ഞിയായ ആനി ബൊളീൻ, അഞ്ചാമത്തെ ഭാര്യയായ കാഥറിൻ ഹൊവാർഡ്, തോമസ് ക്രോംവെൽ, സർ തോമസ്മോർ, ലേഡി ജെയ്ൻ ഗ്രേ, ഇങ്ങനെ നിരവധി ഉന്നത വ്യക്തികൾ വധിക്കപ്പെട്ട സ്ഥാനമാണ് The Gallows എന്നറിയപ്പെടുന്നത്.

## Hyde Park

ബക്കിങ്ങാം പാലസ് സന്ദർശിച്ചപ്പോൾ അതിനടുത്തുള്ള വിസ്തൃതമായ Hyde Park ൽ പോകാൻ അവസരം കിട്ടി. എനിക്കു കൗതുകം ഹൈഡ് പാർക്കിലെ 'പ്രഭാഷകരുടെ മൂല' (Speakers Corner) കാണാനായിരുന്നു. ഞായറാഴ്ചകളിലാണ് Speakers Corner സജീവമാകുക. നിയമാനുസൃതവും സഭ്യവുമായി, ഏതു വിഷയത്തെക്കുറിച്ച് ആർക്കു വേണെങ്കിലും സംസാരിക്കാം. കാര്യങ്ങൾ വീക്ഷിക്കാൻ പോലീസും ക്യാമറയും തയ്യാർ. സന്ദർശകർ ശ്രോതാക്കളായി മാറിക്കൊള്ളും. മാർക്സ്, ലെനിൻ, ജോർജ് ഓർവൽ തുടങ്ങി നിരവധി മഹാന്മാർ അവിടെ ആശയപ്രചാരണ പ്രസംഗങ്ങൾ നടത്തിയിട്ടുണ്ടെന്നു മനസ്സിലായി. ഞങ്ങൾ ഞായറാഴ്ച ആയിരുന്നില്ല പോയത്. അതുകൊണ്ട് അപ്പൂപ്പനെക്കൊണ്ട് പ്രസംഗിപ്പിക്കാൻ എന്റെ കൊച്ചുമോൾക്കു കഴിഞ്ഞില്ല.

## Shakespeare's Globe

നാടകരചനയും അഭിനയവും ഷെക്സ്പിയർക്ക് കലാസപര്യയായിരുന്നു, തീയേറ്ററും നാടകാവതരണവും ബിസിനസ്സായിരുന്നു. അദ്ദേഹത്തിന്റെ കൂടി പങ്കാളിത്തത്തിനു നാടകക്കമ്പിനിയും ഗ്ലോബ് തീയറ്ററും ആരംഭിച്ച കാര്യം നേരത്തെ സൂചിപ്പിച്ചു കഴിഞ്ഞു. 1599 ൽ ലണ്ടനിൽ തെംസ് നദിയുടെ തേക്കേക്കരയിൽ Southwark എന്ന സ്ഥലത്താണ് ഗ്ലോബ് തീയറ്റർ സ്ഥാപിച്ചത്. ഞങ്ങൾ ഗ്ലോബ് സന്ദർശിച്ചപ്പോൾ, സരസനും വാചാലനുമായ ഒരു ബ്രിട്ടീഷ് ചെറുപ്പക്കാരനെയാണ് Narrator ആയി കിട്ടിയത്. 3000 പേർക്ക് നാടകം കാണാവുന്ന വിധത്തിൽ ആംഫി തീയറ്റർ രീതിയിലാണ് അന്നത്തെ മൂന്നു നില ഗ്ലോബ് തീയറ്റർ രൂപകൽപ്പന ചെയ്തിരുന്നത്. സ്റ്റേജ് തറയിൽ നിന്ന് ഏതാണ്ട് അഞ്ചടി ഉയരത്തിലായിരുന്നു. താഴെയുള്ള തുറസ്സായ സ്ഥലത്തിന് Yard എന്നും Pit എന്നും പറഞ്ഞിരുന്നു. ഒരു പെനി കൊടുത്താൽ അന്ന് തറയിൽ നിന്നു നാടകം കാണാം. ആയിരത്തോളം വെറും സാധാരണക്കാർ തിക്കിത്തിരക്കി നിന്നുകൊണ്ടു നാടകം കാണുന്ന അവസ്ഥയായിരുന്നു. അവർ മണിക്കൂറുകൾ നീണ്ടു നിൽക്കുന്ന നാടകത്തിനിടയിൽ പലപ്പോഴും അവിടെത്തന്നെ മൂത്രമൊഴിക്കാൻ നിർബന്ധിതരാകുമായിരുന്നു. അവർക്ക് 'Penny Strinkers' എന്ന പരിഹാസപ്പേരുവീണതങ്ങനെയാണ്. തിക്കിത്തിരക്കി കപ്പലണ്ടി കൊറിച്ചു ഗ്രൗണ്ടിൽ തന്നെ നിന്ന ആ പാവങ്ങൾക്ക് Groundlings എന്നും പേരു കിട്ടി. പ്രഭുക്കന്മാർക്കും പ്രഭ്വിമാർക്കും നാടകം കാണുന്നതിനേക്കാളേറെ അവരുടെ വേഷഭൂഷാദികളുടെ പ്രൗഢി ബോക്സിൽ ഇരുന്നു പ്രദർശിപ്പിക്കുന്നതിലായിരുന്നു താൽപര്യം. മറ്റുള്ളവർ, രണ്ടു പെനിയോ അതിലേറെയോ നൽകി മദ്ധ്യവർത്തികൾക്കുള്ള ഭേദപ്പെട്ട ഇരിപ്പിടങ്ങളിൽ ഇരുന്നു നാടകം കണ്ടു .വിവിധ കഥാപാത്രങ്ങൾക്കു സ്റ്റേജിൽ പ്രത്യക്ഷപ്പെടാനും പ്രവേശിക്കാനും , അവരുടെ സ്വഭാവ സവിശേഷത അനുസരിച്ച് , പ്രത്യേക വാതിലുകൾ ഉണ്ടായിരുന്നു. ......1599 ൽ സ്ഥാപിച്ച ഗ്ലോബ്, 1613 ൽ തീപിടിച്ചു നശിച്ചുവെങ്കിലും 1614 ൽ തന്നെ തീയറ്റർ പുനർ നിർമ്മാണം നടത്തി. പക്ഷെ പ്യൂരിട്ടാനിക്കൽ പ്രസ്ഥാനത്തിന്റെ അപ്രതിരോധ്യമായ ആഘാതത്തിൽ ഷേക്സ്പിയറുടെ ഗ്ലോബ് തീയറ്റർ നിലം പൊത്തി. മൂന്നര നൂറ്റാണ്ടുകൾക്കു ശേഷം 1997 ൽ ഫീനിക്സ് പക്ഷിയെപ്പോലെ ഗ്ലോബ് അതിന്റെ ശവകുടീരത്തിൽ നിന്നു തന്നെ പുനർജ്ജനിച്ചു. പഴയ ഗ്ലോബിന്റെ രേഖകളുടെ അടിസ്ഥാനത്തിൽ , അതിന്റെ കെട്ടിലും മട്ടിലുമുള്ള രൂപശിൽപം തന്നെയാണു നിർമ്മിച്ചിരിക്കുന്നത്. പക്ഷെ ആയിരത്തിനാനൂറു പേർക്കു സുഖമായിരിക്കാൻ സൗകര്യമുള്ളതാണ്. ഞങ്ങൾ സന്ദർശിച്ച "Shakespear's Globe" എന്ന പുതിയ ഗ്ലോബ് തീയറ്റർ.

## Cambridge University

21. 07.2018 ഞങ്ങൾ കേബ്രിഡ്ജ് യൂണിവേഴിസിറ്റി കാണാൻ പോയത്. National Express Bus ൽ ആയിരുന്നു ലണ്ടനിൽ നിന്ന് നൂറു കിലോമീറ്ററോളം ദൂരമുണ്ട് കേംബ്രിഡ്ജിലേക്ക്. ഏതാണ്ട് രണ്ടു മണിക്കൂറിൽ പരം സമയത്തെ യാത്ര. ലണ്ടനിൽ നിന്നു വടക്കു – വടക്കു കിഴക്ക് ദിശയിലാണെന്നു തോന്നുന്നു ഈ യൂണിവേഴ്സിറ്റി നഗരം. കേംബ്രിഡ്ജ് ബസ് സ്റ്റേഷനിൽ നിന്ന് യൂണിവേഴ്സിറ്റി ടൂറിന് സജ്ജമായ

ബസുകളുണ്ട്. ഇഷ്ടമുള്ളിടത്തിറങ്ങി കാഴ്ചകണ്ട് അടുത്ത ബസിൽ യാത്ര തുടരാം. ബസ് ഡ്രൈവർ ഗൈഡു കൂടിയാണ്. ഞങ്ങൾക്കു ലഭ്യമായ ഏതാനും മണിക്കൂറുകൾക്കുള്ളിൽ, ഒരു ഓട്ടപ്രദക്ഷിണം നടത്താനേ കഴിഞ്ഞുള്ളൂ. നൂറ്റാണ്ടുകൾക്ക് മുൻപ് ഓഫാ രാജാവ് Granta നദിക്കു കുറുകെ ഒരു മരപ്പാലം പണിതു. അതിന് Grantabridge എന്നും അചിരേണ Cambridge എന്നും പേരുണ്ടായത് അങ്ങനെയാണ്. ഇപ്പോൾ നദിയുടെ പേര് ക്യാം (Cam) എന്നാണ്.

പഴമയിൽ ഓക്സ് ഫോഡിനേക്കാൾ താഴെയാണ് കേംബ്രിഡ്ജ്. പെരുമയിൽ, പക്ഷെ കേംബ്രിഡ്ജിന് പോരായ്മയേതുമില്ല. ദൗർഭാഗ്യകരമായ ചില സംഭവങ്ങളെ തുടർന്ന് , ഓക്സ്ഫോഡിനെ ഒരു പറ്റം വിദ്യാർത്ഥികളുടെ ശക്തമായ പ്രതിഷേധവും തീവ്രമായ പരിശ്രമവുമാണ് കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയുടെ ആവിർഭാവത്തിനു നിദാനം. 13 – 16 നൂറ്റാണ്ടുകൾ ക്കിടയിലുള്ള കാലഘട്ടത്തിൽ സ്ഥാപിതമായ 16 പഴയ കോളേജുകളും (Old colleges of Cambridge) 1800 നും 1977 നുമിടയിൽ നിലവിൽ വന്ന 15 കോളേജുകളും (New college of Cambridge) ഉൾപ്പടെ മുപ്പത്തിയൊന്നു കലാലയങ്ങളാണ് കേംബ്രിഡ്ജിന്റെ കുടക്കീഴിലുള്ളത്. 1284 ൽ സ്ഥാപിച്ച Petar house college ആണ് ഏറ്റവും പഴയ കോളേജ്, 1977 ൽ ആരംഭിച്ച Robinson ഏറ്റവും ഒടുവിലത്തേതും.

സുപ്രധാനമായ ചില കോളേജുകൾ കാണുക മാത്രമല്ല, അവയുടെ കാമ്പസുകളിൽ കയറുകയും ഹോസ്റ്റൽ സംവിധാനങ്ങൾ മനസ്സിലാക്കുകയും ചെയ്തു. ഏറ്റവും പഴയ കോളേജായ Peter House College ൽ പഠിച്ച പ്രധാന വ്യക്തികളുടെ കൂട്ടത്തിൽ വിഖ്യാതമായ Elegy Written on a Country Churchyard എന്ന കവിത എഴുതിയ Thomas Gray, ഹൈഡ്രജൻ കണ്ടു പിടിച്ച Heny Cavendish എന്നിവർ ഉൾപ്പെടുന്നു. Paradise Lost എഴുതിയ ജോൺ മിൽട്ടൺ, പരിണാമസിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ് ചാൾസ് ഡാർവിൻ, പ്രശസ്ത ഇൻഡ്യൻ ശാസ്ത്രജ്ഞൻ സർ ജഗദീഷ് ചന്ദ്രബോസ് തുടങ്ങിയവർ പഠിച്ച Christ College ഞങ്ങൾ സന്ദർശിച്ച മറ്റൊരു കോളേജാണ്. ട്രിനിറ്റി കോളേജ് കേംബ്രിഡ്ജിലെ മികവുറ്റ മറ്റൊരു കോളേജാണ്. ന്യൂട്ടൺ, ബെട്രാൻഡ് റസ്സൽ, കവികളായ ബൈറൺ, ടെന്നിസൻ, ഇൻഡ്യയുടെ പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് നെഹ്റു, ശാസ്ത്രജ്ഞനും നോബേൽ സമ്മാനിതനുമായ സുബ്രഹ്മണ്യം ചന്ദ്രശേഖർ, ധനതത്വ ശാസ്ത്രജ്ഞൻ അമർത്യസെൻ, ഗണിതശാസ്ത്രത്തിലെ അത്ഭുത പ്രതിഭാസം ശ്രീനിവാസ രാമാനുജൻ എന്നീ മഹാരഥന്മാർ ട്രിനിറ്റിയുടെ പേരെടുത്ത പൂർവ്വ വിദ്യാർത്ഥികളായിരുന്നു. ക്യാം നദി വരെ പച്ചപ്പുൽ പരവതാനി വിരിച്ചു കിടക്കുന്ന കിങ്സ് കോളേജിന്റെ കാമ്പസ് മനോഹരമായിരുന്നു. സരോജിനി നായിഡു എന്ന ഏഷ്യയുടെ വാനമ്പാടി ഈ അന്തരീക്ഷത്തിൽ പാടിപ്പാറി നടന്നിരിക്കണം. ഇൻഡ്യൻ സ്റ്റാറ്റിക്കിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപകനും, ഭാരതത്തിന്റെ ആദ്യത്തെ പ്ലാനിംഗ് കമ്മീഷൻ അംഗവും ആധുനിക സ്ഥിതിവിവര പഠനശാഖയുടെ പിതാവുമായ പി. സി. മഹാലനോബിസ്, ശാസ്ത്രജ്ഞനായ ജയന്ത് നർലിക്കർ എന്നിവരും കിങ്സ് കോളേജിന്റെ പൈതൃകം പങ്കിടുന്ന ഭാരതീയരത്രെ. ഞങ്ങൾ സന്ദർശിച്ച മറ്റൊരു കോളേജാണ് സെന്റ് ജോൺസ് ലോകപ്രസിദ്ധ പ്രകൃതി ഗായകനായ വേഡ്സ്വർത്ത് , ഇൻഡ്യയുടെ മുൻപ്രധാനമന്ത്രി ഡോ. മൻമോഹൻസിങ്, ഇൻഡ്യൻ സ്പേസ് സയൻസിന്റെ യശ:സ്തംഭമായ വിക്രം സാരാഭായ് എന്നിവർ സെയ്ന്റ്ജോൺസ് കേംബ്രിഡ്ജിന്റെ പൂർവ്വവിദ്യാർത്ഥികളാണ്. ഇംഗ്ലീഷ് സാഹിത്യത്തിൽ ഡോക്ടറേറ്റ് എടുക്കാൻ ഹരിവംശറായ് ബച്ചൻ (അമിതാബ് ബച്ചന്റെ പിതാവ്) സെയ്ന്റ് കാതറിൻസ് കോളേജിനെയാണ് ആശ്രയിച്ചത്. വ്യക്തിപരമായി കേംബ്രിഡ്ജ് സന്ദർശനം ഒരു സ്വപ്ന സാക്ഷാത്കാരമായിരുന്നു എനിക്ക്. എഴുപത്തിയാറാം വയസ്സിൽ എനിക്കതിനു സാധിച്ചതിൽ ചാരിതാർത്ഥ്യമുണ്ട്.

**ലണ്ടൻ നഗരത്തോടും ഇംഗ്ലണ്ടിനോടും വിട :**

22.7.2018 കഴിഞ്ഞ രണ്ടു ദിവസമായി ഞങ്ങൾ താമസിച്ചിരുന്ന ബെസ്റ്റ് വെസ്റ്റേൻ ഹോട്ടലിൽ നിന്നു അതിരാവിലെ തന്നെ പ്രഭാതഭക്ഷണം കഴിച്ചിട്ട് ഏഴു മണിയോടെ ലണ്ടൻ സെയ്ന്റ് പാൻക്രാസിൽ (St. Pancras International Railway Terminal) എത്തി. അതിവേഗ ട്രെയിനായ യൂറോസ്റ്റാർ ഇംഗ്ലീഷ് ചാനലിനടിയിലെ ടണലിലൂടെ ഫ്രാൻസ്, ബെൽജിയം, നെതർലന്റ്സ് മുതലായ യൂറോപ്യൻ രാജ്യങ്ങളിലേക്ക് സർവ്വീസ് നടത്തുന്നു. രാവിലെ 10.58 ന് സെയ്ന്റ് പാൻക്രാസിൽ നിന്ന് ബെൽജിയത്തിലെ ബ്രസ്സൽസ്സിലേക്ക് പോകുന്ന Eurostar ൽ ആയിരുന്നു ഞങ്ങൾക്ക് പോകേണ്ടിയിരുന്നത്. ഞങ്ങൾക്ക് വളരെ നേരത്തെ തന്നെ സെയ്ന്റ് പാൻക്രാസിലെ കാഴ്ചകൾ നടന്നു കാണാൻ ധാരാളം സമയമുണ്ടായിരുന്നു. ഒരു വിമാനത്താവളത്തിന്റെ ധാടിയും മോടിയുമുള്ള വിശാലമായ ബഹുനില സൗധമാണ് പാൻക്രാസ്. യൂറോസ്റ്റാർ കൂടാതെ വേറെയും നിരവധി ട്രെയിനുകൾ യൂറോപ്പിലേക്കും യു.കെയുടെ വിവിധ ഭാഗങ്ങളിലേക്കും പോകാനുള്ള പ്ലാറ്റ്ഫോം സംവിധാനമുണ്ട്. പാൻക്രസിന് വളരെ അടുത്താണ് ബ്രിട്ടീഷ് ലൈബ്രറി യാത്രയുടെ ഉദ്വേഗംകൊണ്ട് അവിടെ പോകാൻ മുതിർന്നില്ല.

ഇമിഗ്രേഷൻ, കസ്റ്റംസ് , സെക്യൂരിറ്റി ചെക്ക് ഒക്കെ എയർപോർട്ടിലെ മാതിരി തന്നെ സനിഷ്കർഷം നടന്നു. യു.കെ. യുടെയും ഫ്രാൻസിന്റെയും വകരേഖാപരിശോധനകൾ കഴിഞ്ഞ് ഞങ്ങൾ ഞങ്ങളുടെ യൂറോസ്റ്റാർ ട്രെയിനിന്റെ സമീപത്തേക്ക് നീങ്ങി.

കാഴ്ചയിൽ തന്നെ യൂറോസ്റ്റാർ അതിന്റ കുലമേന്മ വിളിച്ചോതി. അതിവേഗ യാത്രയ്ക്ക് അനുയോജ്യമായ അത്യാധുനിക രൂപകല്പന : ആഡംബര പൂർണ്ണമായ അകത്തളങ്ങളും, ഇരിപ്പിടങ്ങളും, ശരാശരി വേഗത 300 കി. മീറ്റർ ഞങ്ങൾ യാത്ര ആസ്വദിക്കാൻ യൂറോസ്റ്റാർ മുൻഭാഗത്തുള്ള ഉയർന്ന ശ്രേണിയിലുള്ള കാബിനാണ് തെരഞ്ഞെടുത്തത്...............അങ്ങനെ ഏറെ സഫലമായ പത്തു ദിവസത്തെ ഞങ്ങളുടെ ഇംഗ്ലണ്ട് യാത്രയുടെ സമാപനം കുറിച്ചുകൊണ്ട് കൃത്യം 10.58 ന് ട്രെയിൻ സെയ്ന്റ് പാന്ക്രസിൽ നിന്ന് ഒഴുകി നീങ്ങി.

ശരാശരി വേഗം 300 കി. മീറ്റർ ആണെങ്കിലും ഇംഗ്ലീഷ് ചാനലിന്റെ കെന്റിലെ ഫോക്ടോൺ എന്ന പ്രവേശനമുഖം മുതൽ മറുകരയിൽ ഫ്രാൻസിലെ കാലെയ്സിലുള്ള ബഹിർഗമന കവാടം വരെ വെള്ളത്തിനടിയിലൂടെയുള്ള യാത്രാ വേഗത താരതമ്യേന കുറവായിരുന്നു. 31 മൈൽ (50 കി.മീറ്റർ) ദൈർഘ്യമുള്ള റെയിൽ ടണലിൽ 23 മൈൽ ഇംഗ്ലീഷ് ചാനലിനടിയിലുള്ള അണ്ടർ വാട്ടർ ടണൽ ആണെന്നറിഞ്ഞപ്പോൾ എനിക്ക് അത്ഭുതം തോന്നി. വെള്ളത്തിനടിയിലൂടെയുള്ള ഈ റെയിൽ മാർഗ്ഗത്തിന് ചണൽ – (Channel+ Tunnel) എന്നാണ് പറയുക. ഇതിനിടയിൽ സർവ്വീസിന്റെ ഭാഗമായി റിഫ്രഷ്മെന്റ്സ് നൽകുകയുണ്ടായി.

ചാനലിലെ ജലാന്തർ ഭാഗത്തുകൂടി പോകുന്ന ട്രെയിൻ കേടായി പോകാനോ നിശ്ചലമായി പോകാനോ ഉള്ള വിദൂരസാദ്ധ്യമായ സാഹചര്യത്തിൽ പകരം ട്രെയിൻ വരാനും യാത്രക്കാരെ സുരക്ഷിത സ്ഥാനത്തേക്ക് കൊണ്ടു പോകാനുമുള്ള സജ്ജീകരണം നിലവിലുണ്ടെന്നും ഞങ്ങൾ ഗ്രഹിച്ചു. ഇതിനു പിന്നിലെ സങ്കീർണ്ണവും കാര്യക്ഷമവുമായ സാങ്കേതിക മികവിനെ വാഴ്ത്തുക തന്നെ വേണം.

ഫ്രാൻസിലെ ലീല് വഴി ബെൽജിയത്തിലെ ബ്രസ്സൽസിലെത്താൻ ഇംഗ്ലണ്ടിൽ നിന്ന് രണ്ടു മണിക്കൂർ ആണ് യാത്ര സമയം. അവ്യക്തസുന്ദരങ്ങളായ യൂറോപ്യൻ വഴിയോരക്കാഴ്ചകൾ ചില്ലു വാതിലൂടെ ആസ്വദിച്ചുകൊണ്ടു ഞങ്ങൾ യാത്ര തുടർന്നു.

യൂറോപ്യൻ യാത്രാനുഭവങ്ങൾ പങ്കു വെയ്ക്കുന്നത് ഇനിയൊരിക്കലാകാം.

# ഹിന്ദുത്വമെന്തിനു തിരസ്ക്കരിക്കണം?

## ഒരുമിച്ചു നീന്താം അല്ലെങ്കിൽ ഒരുമിച്ചു മുങ്ങാം

ഈ രാജ്യത്തിലെ പരിഷ്ക്കരണക്കാർ സ്വന്തമായ ഒരു മതസമ്പ്രദായം നിർമ്മിക്കുവാനാണ് ആഗ്രഹിക്കുന്നത്. ഏതായാലും അവർ ചില നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ട്. അതിന് ദൈവമവരെ അനുഗ്രഹിക്കട്ടെ. എന്നാൽ ഹിന്ദുക്കളായ നിങ്ങൾ നിങ്ങളുടെ മഹത്തായ തറവാട്ടിൽ നിന്ന് എന്തിന് വേർപിരിഞ്ഞു പോകുന്നു? ഹിന്ദുവെന്ന പേരു പറയാൻ നിങ്ങളെന്തിന് ലജ്ജിക്കുന്നു? ആ പേര് നിങ്ങൾക്കേറ്റവും വിലപ്പെട്ടതും ശ്രേഷ്ഠവുമായ സമ്പത്തല്ലേ?

എൻെറ നാട്ടുകാരെ, അമരസന്താനങ്ങളെ, നമ്മുടെ ഈ ദേശീയ നൗക നാഗരീകതയെ വഹിച്ചുകൊണ്ടും അമൂല്യമായ അതിൻെറ നിധികൾ കൊണ്ട് ലോകത്തെ മുഴുവൻ സമ്പന്നമാക്കിക്കൊണ്ടും യുഗയുഗങ്ങളായി സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്. ഉജ്ജ്വലമായ നിരവധി നൂറ്റാണ്ടുകളിലൂടെ നമ്മുടെ ഈ ദേശീയ നൌക പ്രപഞ്ച സാഗരത്തിലെ കടത്തുവഞ്ചിയെന്നോണം ലക്ഷോപലക്ഷം ജീവാത്മാക്കളെ സർവ്വവിധ ദുരിതങ്ങൾക്കുമപ്പുറമുള്ള മറുകരയിൽ എത്തിച്ചുകൊണ്ടിരുന്നു. എന്നാലിന്നതിന് ഒരു ദ്വാരം വീണിരിക്കാം, കേടുവന്നിരിക്കാം. അതു നിങ്ങളുടെ കുറ്റം കൊണ്ടോ, അല്ലയോ എന്നത് പ്രശ്നമല്ല. അതിൽ സഞ്ചരിക്കുന്ന നിങ്ങൾ ഇന്നിപ്പോൾ എന്തുചെയ്യും? അതിനെ പ്രാകുകയും പരസ്പരം കലഹിക്കുകയും ചെയ്തുകൊണ്ടിരിക്കുമോ? നിങ്ങളെല്ലാവരും ഒരുമിച്ചു ചേർന്ന് സർവ്വഛിദ്രങ്ങളും അടയ്ക്കാൻപരമാവധി പരിശ്രമിക്കുകയില്ലേ? അതിനുവേണ്ടി നമുക്ക് നമ്മുടെ ഹൃദയരക്തം നൽകാം. എന്നിട്ടും ആ യത്നത്തിൽ നാം തോല്ക്കുന്നുവെങ്കിൽ അധരങ്ങളിലാശിസ്സുകളോടു കൂടിശാപവാക്കുകളോടു കൂടിയല്ലനമുക്ക് ഒരുമിച്ചു മുങ്ങി മരിക്കാം.

*(ഉത്തിഷ്ഠ ഭാരത അഥവാ സ്വാമി വിവേകാനന്ദൻെറ ഹിന്ദു രാഷ്ട്രത്തോടുള്ള ആഹ്വാനം എന്ന ലേഖനത്തിൽ നിന്ന്)*

# ഒരു തുടർക്കഥ

കെ. ഉഷ ഫോൺ : 9495336835

അന്നൊരു ഞായറാഴ്ചയായിരുന്നു. പ്രഭാതകൃത്യങ്ങളെല്ലാം കഴിച്ച് എനിക്ക് അതിരറ്റ ആഹ്ലാദം പ്രദാനം ചെയ്യുന്ന പത്രം വായന പതിവുപോലെ ആരംഭിച്ചു. ഈ ദിനത്തിലെ വായന എനിക്ക് വളരെയധികം ഉന്മേഷം തരുന്ന ഒന്നാണ്. എന്തുകൊണ്ടെന്നാൽ എന്റെ ഓഫീസ് ജോലിയിൽ നിന്നും ഗൃഹത്തിലെ കർമ്മാദികളിൽ നിന്നു കൂടി സ്വാതന്ത്ര്യം കിട്ടുന്ന ദിവസമാണത്.

ആളുകൾ എന്നെ അതുമിതും പറഞ്ഞ് കളിയാക്കുന്നത് ഒട്ടും ശരിയല്ല. എന്റെ ധർമ്മ പത്നിയെ ഞാൻ അത്യധികം സ്നേഹിക്കുന്നു. വിവാഹിതരായ എല്ലാ പുരുഷന്മാരോടും എനിക്കൊന്നേ പറയുവാനുള്ളൂ. ഭാര്യാഭർത്താക്കന്മാർ ഒത്തൊരുമിച്ച് പ്രവർത്തിച്ചാലേ ഒരു സന്തുഷ്ട കുടുംബം വാർത്തെടുക്കുവാൻ കഴിയുകയുള്ളൂ.

എന്റെ കാര്യം ഒന്ന് നോക്കുക. ഞായറാഴ്ച ഒഴിച്ചുള്ള മറ്റുള്ള ആറ് ദിവസങ്ങളിലും എന്റെ വാമഭാഗത്തിന്റെ അസിസ്റ്റന്റായി അടുക്കള ജോലിയും സന്താനങ്ങളുടെ പഠിത്തത്തിന്റെ മേൽനോട്ടവും കഴിഞ്ഞ് ഒരു ദിനപ്പത്രം ഒന്നോടിച്ചു നോക്കാൻ കൂടി സമയം എനിക്ക് കിട്ടാറില്ല എന്നതാണ് യഥാർത്ഥ്യം.

പിന്നെ ഒരു സ്വകാര്യം പറയാം. ഞാനൊരഞ്ചോ പത്തോ നിമിഷം പത്രം വായിക്കുവാനോ മറ്റോ വിനിയോഗിച്ചാൽ ഉടനെ അടുക്കളയിൽ നിന്ന് ഉറക്കെ ചീറ്റലും തുമ്മലും കേൾക്കാം. അതൊക്കെ ഒഴിവാക്കുവാനായ് ഈയുള്ളവൻ തന്നെ. ധർമ്മപത്നിയെ പ്രീതിപ്പെടുത്തി ഇങ്ങിനെ ഒരുവിധം ജീവിച്ചു പോകുന്നു.

ഞായറാഴ്ചകളിൽ ഒരിക്കൽപോലും മുടങ്ങാതെ പ്രഭാതത്തിൽ പ്രത്യക്ഷപ്പെടുന്ന ഒരു വ്യക്തിയുണ്ട്. ആരെന്നോ, എന്റെ ഹൃദയസഖിയുടെ മാതുലനായ കോമൻമാഷ് വീട്ടിൽ വന്നാൽ ഒരിക്കലും മുടങ്ങാതെ എന്നോട് ചോദിക്കും രാഘവാ ഏതു പത്രമാ വായിക്കുന്നത്, എന്ന്. എന്നിട്ട് മറുപടി കേട്ടാലും കേട്ടില്ലെന്നു നടിച്ച് പത്രത്തിന്റെ തലക്കെട്ടു നോക്കാനെന്ന വ്യാജേന അതിൽ നിന്ന് ഒരേട് എന്റെ കയ്യിൽ നിന്ന് അടിച്ചു മാറ്റും. മാത്രമല്ല അതിലുള്ള എല്ലാ വാർത്തകളും അരിച്ചു പെറുക്കി ക്രിക്കറ്റ് കമന്ട്രിയുടെ ശൈലിയിൽ ഉറക്കെ വായിച്ചു കൊണ്ടിരിക്കും. എന്തെങ്കിലും ഒഴിവു കഴിവു പറഞ്ഞ് എഴുന്നേറ്റു പോകുവാൻ ശ്രമിച്ചാൽ അതും നിഷ്ഫലം. ഇഷ്ടൻ എഴുന്നേറ്റ് കൂടെ വരും. എന്തു വേണ്ടൂ, ഒന്നു ദേഹശുദ്ധി വരുത്തുവാൻ കൂടി അനുവദിക്കില്ല.

അങ്ങിനെ ഒരു ഞായറാഴ്ച പ്രഭാതത്തിൽ ഞാൻ പത്രം വായന തുടങ്ങിയപ്പോഴേയ്ക്കും കോമൻമാഷ് പ്രത്യക്ഷപ്പെട്ടു. എന്നത്തേയും പോലെ എന്റെ കയ്യിൽ നിന്ന് പത്രം തട്ടിയെടുത്ത് ഉറക്കെ വായിക്കുവാൻ തുടങ്ങി.

അതിനിടയിൽ ഒന്ന് പല്ല് തേച്ചിട്ട് വരാം എന്നു പറഞ്ഞ് എഴുന്നേറ്റു. പതിവുപോലെ മാഷ് കൂടെ വന്നു. കുറ്റിയിട്ട വാതിലിൽ മുട്ടി ഇരിപ്പുറപ്പിച്ചു. ഞാൻ ഒന്നും ചെയ്യാതെ മുറിക്കകത്തു തന്നെ ഇരുന്നു. മാഷ് പുറത്തിരുന്നുകൊണ്ട് വാർത്തകൾ ഉറക്കെ വായിച്ചു കൊണ്ടിരുന്നു. ഇതിനിടെ അദ്ദേഹം മൊഴിഞ്ഞു. കേട്ടോ രാഘവാ, ഇതെന്തൊരു ലോകം! ദിവസേന എത്ര വിവാഹങ്ങളാണ് നടക്കുന്നത്! ഒരൊറ്റ ദിവസം പോലും ഈ പത്രത്തിൽ വധൂവരന്മാരുടെ ഫോട്ടോ കൊടുക്കാത്തവരില്ല. ആളുകൾക്കൊന്ന് വിവാഹം കഴിക്കാതിരുന്നുകൂടെ എന്ന്. ഇത് കേട്ടപ്പോൾ എനിക്ക് കയ്യിലിരുന്ന ടൂത്ത് ബ്രഷെടുത്ത് മാഷ്ക്ക് ഒരു കുത്തു കൊടുക്കുവാൻ തോന്നി.

കോമൻമാഷ് രണ്ടു വിവാഹം കഴിച്ച ആളാണ്. രണ്ടു പത്നിമാരും ഇഹലോകവാസം വെടിഞ്ഞു. പത്ത് പന്ത്രണ്ട് മക്കളും ഉണ്ട്. പിന്നേയും പുതിയ ബന്ധങ്ങൾ സ്ഥാപിച്ചിട്ടുണ്ട് എന്നാണ് കേൾവി.

ഈ കഴിഞ്ഞ ഞായറാഴ്ച പതിവുപോലെ കോമൻ മാഷ് ഹാജരായി. എന്റെ വാമഭാഗം തലയൊന്ന് നീട്ടി നോക്കി. അടുക്കളയിൽ നിന്ന് ഞാൻ തിരിഞ്ഞു നോക്കിയപ്പോഴേയ്ക്കും തല ഉള്ളിലേക്ക് വലിച്ചു. നിമിഷങ്ങൾ കുറച്ച് കഴിഞ്ഞപ്പോൾ എന്റെ ദ്വതീയ സന്താനം ഒരു കപ്പിൽ കോമൻമാഷിന് ചായയുമായി എത്തി.

അവൾ ചിണുങ്ങി ചിണുങ്ങി അടുത്തെത്തിയപ്പോഴേയ്ക്കും മാഷൊന്നു തുമ്മി. പാറ പൊട്ടും പോലെയുള്ള ശബ്ദം കേട്ട് എന്റെ അരുമ സന്താനത്തിന്റെ കൈയ്യിൽ നിന്ന് ഗ്ലാസ്സ് താഴെ വീണു.

അതാ! ചായ മുഴുവൻ തറയിൽ ഒഴുകി. ഉടനെ എന്റെ ധർമ്മപത്നിയുടെ കഴുത്ത് ജിറാഫിന്റെ പോലെ അടുക്കളയിൽ നിന്ന് നീളുന്നതു കണ്ടു.തറയിൽ





വീണൊഴുകുന്ന ചായ തുടച്ച് വെടിപ്പാക്കേണ്ടത് എന്റെ ജോലിയാണെന്ന് മൗനത്തിന്റെ ഭാഷയിൽ ആ തീ പാറും കണ്ണുകൾ ആജ്ഞാപിക്കുന്നു ണ്ടായിരുന്നു.

കോമൻമാഷെ മനസാ ശപിച്ചുകൊണ്ട് ഞാൻ ചാടിയെഴുന്നേറ്റ് മുറ്റത്തെ അഴയിൽ നിന്ന് തേപ്പു തുണിയെടുത്ത് തുടച്ചു കൊണ്ടിരുന്നപ്പോൾ കണ്ടു ഒരു നാടോടിപ്പെണ്ണ് പിച്ച ചോദിച്ചു വരുന്നു.

ഈവർഗ്ഗക്കാരെ കാണുന്ന മാത്രയിൽ എന്റെ ഹൃദയസഖിക്ക് മനസ്സലിയും. എന്റെ പ്രഥമസന്താനത്തിന്റെ കയ്യിൽ നാഴി അരിയെടുത്ത് കൊടുത്തിട്ട് ഞാൻ കേൾക്കെ പറയുന്നതു കേട്ടു, അച്ഛനോട് ഈ അരി ആ പിച്ചക്കാരിക്ക് കൊടുക്കുവാൻ പറയൂ. ഒരു പണിയുമില്ലാതെ ചൊറിയും കുത്തിയിരിക്കുകയല്ലേ, നിന്റെ അച്ഛൻ എന്ന്. ഇതുകേട്ട് പാടേ അവൻ അരിയും കൊണ്ട് ഒരൊറ്റ ഓട്ടം, എന്റെയടുത്തേക്ക്!

കുട്ടിയുടെ കയ്യിൽ നിന്ന് അരി വാങ്ങി ഞാൻ പിച്ചക്കാരിക്ക് കൊടുക്കുവാൻ ഭാവിച്ചപ്പോൾ അവളുടെ ഉരുക്കുകൊണ്ടുള്ള കരങ്ങളാൽ എന്നെ കെട്ടി വരിഞ്ഞു. അവളുടെ ദേഹത്തു നിന്ന് വൃത്തികെട്ട ഒരു മണം എന്റെ ബോധം കെടുത്തിയേനേ. അവൾ ഉറക്കെ വാവിട്ട് നിലവിളിക്കുവാൻ തുടങ്ങി. "-ഓടി വരണേ, ഓടി വരണേ എന്നെ ഒരാൾ കടന്നു പിടിച്ചിരിക്കുന്നേ-" എന്ന് . ഇത് കേട്ടതും എന്റെ ബോധം തിരിച്ച് കിട്ടി. അവളുടെ കൈകൾ കരാട്ടെ സ്റ്റൈലിൽ സർവ്വശക്തിയും ഉപയോഗിച്ച് ഞാനൊന്നു പിരിച്ചു. അതോടെ അവൾ ചത്തപോലെ നിലംപതിച്ചു. അന്നാദ്യമായി കരാട്ടെയുടെ പാഠ്യഭാഗങ്ങൾ എന്റെ ജീവിതത്തിൽ പകർത്തുവാൻ കഴിഞ്ഞതിൽ എനിക്കഭിമാനം തോന്നി.

തിരിഞ്ഞു നോക്കിയപ്പോൾ അതാ എന്റെ പ്രിയ പത്നി കയ്യിൽ ഒരുലക്കയും കണ്ണുകളിൽ തീപ്പൊരിയുമായി കൊടുങ്കാറ്റുപോലെ പാഞ്ഞടുത്തു. ഞാൻ ഭയന്നു വിറച്ചു. എന്റെ സപ്ത നാഡികളും തളർന്നുപോയി ! ഞാൻ പിറുപിറുത്തു. അയ്യോ കഷ്ടം. ഇപ്പോൾ എന്റെ തലയിൽ ഉലക്കക്കൊണ്ടുള്ള അടി കിട്ടും.എന്ന്. പക്ഷേ എന്റെ ഊഹം തെറ്റായിരുന്നു. അവളുടെ ഉന്നം ആ പിച്ചക്കാരിയെ ആയിരുന്നു. അവളെ ചതച്ച് തരിപ്പണമാക്കുന്നതിനു മുമ്പ് ഞാൻ തടഞ്ഞു. പിച്ചക്കാരിയാകട്ടെ പെട്ടെന്ന് ചാടിയെഴുന്നേറ്റ് ജീവനും കൊണ്ടോടി.

ഉടനെ പത്നി എന്റെ നേർക്ക് തിരിഞ്ഞ് ആക്രോശിച്ചു. നിങ്ങൾക്ക് നാണമില്ലേ മനുഷ്യാ ആ നാറി പ്പെണ്ണിനെ ആലിംഗനം ചെയ്യാൻ എന്ന്. ഞാൻ മൂന്ന് കുഞ്ഞുങ്ങളുടെ അമ്മയായത്കൊണ്ട് ഇപ്പോൾ കാണാൻ കൊള്ളില്ലല്ലോ, അല്ലെ. ഞാൻ എത്ര ശ്രമിച്ചിട്ടും എന്റെ പത്നിയെ സത്യാവസ്ഥ മനസ്സിലാക്കുവാൻ സാധിച്ചില്ല.

പിന്നെ താമസിച്ചില്ല. ഞാൻ ഒരു പൊടികൈ പ്രയോഗിച്ചു. എന്റെ ഡി.എ അരിയേഴ്സ് കിട്ടിയത് മുഴുവൻ എടുത്ത് ഒരു നെക്ലേസ് പണിയിക്കാം എന്ന് വാക്കു കൊടുത്തപ്പോൾ അവളുടെ ദേഷ്യമൊന്നു ശപിച്ചു.

ഈ സമയമത്രയും കോമൻമാഷും ഞങ്ങളുടെ സന്താനങ്ങളും അവിടെ നടന്ന നാടകം സശ്രദ്ധം വീക്ഷിച്ചുകൊണ്ട് നിൽക്കുകയായിരുന്നു.

ഞാൻ ഉമ്മറത്തേയ്ക്ക് കയറിയതും കോമൻമാഷ് സ്വയം പിറുപിറുക്കുന്നതു കേട്ടു. എങ്കിലും എന്റെ രാഘവാ ഈ വയസ്സു കാലത്ത് നിനക്ക് ഇതൊക്കെ ചെയ്യാൻ എങ്ങനെ സാധിച്ചു എന്ന്.

ഞാനൊന്നും ഉരിയാടാതെ എന്റെ ബെഡ്റൂമിന്റെ വാതിൽ തള്ളിത്തുറന്ന് അകത്തു കയറി കുറ്റിയിട്ടു. അപ്പോൾ കോമൻമാഷ് പതിവിന് വിപരീതമായി യാത്ര പറയാതെ സ്ഥലം വിട്ടു.

പച്ചക്കല്ലൊത്ത പൂമെ നിറവുമണികുഴൽ
പ്പല്ലവും മെല്ലെ മെല്ലെ
വെച്ചീടുമ്പോൾ വിയച്ചീടിന മധുരിമയും
പിച്ചയും വിശ്വമൂർത്തേ
മച്ചിത്തേ പോന്നുദിച്ചീടണമതിനു വിശേ
ഷിച്ചു വിജ്ഞാപയേഹം
സച്ചിൽക്കല്ലോലമേ നീ കൃപ തരിക സദാ
കൃഷ്ണ ! കാരുണ്യസിന്ധോ !

*പൂന്താനം ശ്രീകൃഷ്ണകർണ്ണാമൃതം*

→ ഉണ്ണികൃഷ്ണാ, വിശ്വമൂർത്തിയായ ഭഗവാനേ, പച്ചരത്നത്തിനു തുല്യമായ അവിടുത്തെ പൂമേനിയുടെ നിറവും തളിരുപോലുള്ള കുഞ്ഞിപ്പാദങ്ങൾ പതുക്കെ പതുക്കെ എടുത്തു വയ്ക്കുമ്പോൾ പ്രകടിപ്പിക്കുന്ന പരിഭ്രമത്തിന്റെ മാധുര്യവും ആ പിച്ച നടപ്പും എന്റെ മനസ്സിൽ കാണപ്പെടണം. ഞാൻ അതിനായി പ്രത്യേകം പ്രാർത്ഥിക്കുന്നു. കാരുണ്യസമുദ്രവും സച്ചിൽക്കല്ലോലവുമായ അവിടുന്ന് എനിക്ക് അക്കാര്യത്തിൽ പ്രത്യേകം കൃപ തരിക.

# കുമാരനാശാന്റെ കാവ്യജീവിതം

വിദ്വൽപ്രഭ. ജെ. എസ് . ഫോൺ : 9847537007

1873 ഏപ്രിൽ 12 ന് ചിത്രാപൗർണ്ണമി നാളിൽ തിരുവനന്തപുരം ജില്ലയിൽ ശ്രീനാരായണൻ കാളിയമ്മ ദമ്പതികളുടെ പുത്രനായി കുമാരനാശാൻ ഭൂജാതനായി.

കുടിപ്പള്ളിക്കുടത്തിൽ വിദ്യ അഭ്യസിച്ചു തുടങ്ങി. സംസ്കൃത വിദ്യാലയത്തിൽ നിന്നും സംസ്കൃതത്തിൽ ഉപരി പഠനം നടത്തി. ബാല്യത്തിൽ തന്നെ ഈശ്വരഭക്തിയും പ്രകൃതി സ്നേഹവും കാവ്യരചനാ കൗതുകവും ഈ ബാലനിൽ പ്രകടമായിരുന്നു.

യൗവ്വനത്തിൽ തന്നെ സ്തോത്രങ്ങളും കീർത്തനങ്ങളും രചിച്ച് സാഹിത്യരംഗത്ത് സ്ഥാനം നേടി. 1891 ൽ ശ്രീനാരായണഗുരുദേവനെ കണ്ടു മുട്ടിയത് അദ്ദേഹത്തിന്റെ ജീവിതത്തിലെ വഴിത്തിരിവായി. സംസ്കൃതം, യോഗ, വേദാന്തം എന്നിവ അഭ്യസിച്ച് അരുവിപ്പുറത്ത് ഗുരുവിനൊപ്പം കഴിച്ചുകൂട്ടി. 1895 ൽ ഉപരിപഠനാർത്ഥം ബാംഗ്ലൂരിലും മദ്രാസിലും കല്ക്കട്ടയിലും പോയി. സംസ്കൃതവും, പൗരാണിക ഭാരതീയ വിജ്ഞാനവും പ്രധാനവിഷയങ്ങളായി. എടുത്താണഅ അദ്ദേഹം ഉപരിപഠനം നടത്തിയത്. അതോടൊപ്പം ഇംഗ്ലീഷ് ഭാഷ പഠിക്കുകയും ആംഗലസാഹിത്യത്തിൽ അവഗാഹം നേടുകയും ചെയ്തു. തിരിച്ച് കേരളത്തിലെത്തിയ ആശാൻ പൊതുപ്രവർത്തന രംഗത്ത് സജീവമായി. തിരുവിതാംകൂറിൽ നിയമസഭയിൽ അംഗമായി.

വീണപൂവ് എന്ന കാവ്യം രചിച്ചതോടെയാണ് മലയാള കവിതയുടെ ചരിത്രത്തിൽ നിതാന്ത ഭാസുരമായ ഒരു നൂതനാധ്യായം സമാരംഭിച്ചത്. അവിസ്മരണീയമായ ഒരു കാല്പനിക കവിതാ പ്രസ്ഥാനം അതോടൊപ്പം നാമ്പെടുത്തു. മുപ്പത്തിയഞ്ചുകാരനായ ആശാനാണ് മഹാകവി പട്ടത്തിനർഹമാക്കുന്ന തരത്തിൽ കവിതകൾ രചിച്ചത്. ആംഗലേയ സാഹിത്യത്തിലെ കാല്പനിക പ്രസ്ഥാനത്തിന്റെ നെടുംതൂണുകളായ ഷെല്ലി, ബ്രൗണിംഗ്, കീറ്റ്സ് തുടങ്ങിയ മഹാപ്രതിഭകളുടെ കവിതകളിലൂടെ ലഭിച്ച അത്ഭുതകരമായ അനുഭൂതിയിൽ നിന്ന് ഉദയം കൊണ്ടതാകാം ഈ നൂതനകാവ്യ സങ്കല്പം. ആ സങ്കല്പത്തെ ലാളിച്ചു വളർത്തി ദേശീയസാഹിത്യസംസ്കാരത്തിന്റെ കാതലായ ഭാഗത്തോട് സമന്വയിപ്പിച്ചതിന്റെ പരിണതഫലയാണ് അദൃഷ്ടപൂർവ്വമായ 'വീണപൂവ്' ആവിർഭവിച്ചത്.

കണ്ണേ മടങ്ങുക, കരിഞ്ഞുമലിഞ്ഞു മാശു
മണ്ണാകുമീ മലരുവിസ്മൃതമാകുമിപ്പോൾ
എണ്ണീടുകാർക്കുമിതു താൻ ഗതി സാദ്ധ്യമെന്തു-
കണ്ണീരിനാൽ അവനി വാഴ്വു കിനാവു കഷ്ടം!

ഈ പുഷ്പം കരിഞ്ഞു മണ്ണലലിഞ്ഞു ചേരും. ലോകത്തിൽ എല്ലാ ജീവജാലങ്ങളുടെയും സ്ഥിതി ഇതാണ്. കണ്ണുനീർ തൂകുന്നതുകൊണ്ടെന്തു പ്രയോജനം. ഈ ഭൂമിയിലെ ജീവിതം സ്വപ്നമാണല്ലോ, കഷ്ടം. ജീവിതത്തിലെ ഭാഗ്യനിർഭാഗ്യങ്ങൾ സന്തോഷ സന്താപങ്ങൾ, മൃത്യുവിലലിഞ്ഞു ചേരുന്നു. ഗഹനമായ ജീവിതത്തിന്റെ ദുരൂഹമായ ഭാവവിശേഷങ്ങൾ അതിലൂടെ അഭിവ്യക്തമാകുന്നു.

ഭൂമിയിൽ ഓരോ മനുഷ്യ ജീവിതവും വിചിത്രവും വ്യത്യസ്ഥവുമാണ്. ഓരോ ജീവിതകഥയും രസാവഹമാണ്. അതിനാൽ കൃതികൾ പുതിയ രസവാഹികളായിത്തീരുന്നു

കുമാരനാശാനെ സ്നേഹഗായകനെന്നും പ്രേമഗായകനെന്നും സഹൃദയലോകം വിളിച്ചു പോരുന്നു. ഈശ്വരൻ സ്നേഹരൂപനെന്നും പ്രാപഞ്ചിക വസ്തുക്കളിലെല്ലാം ആ അദൃശ്യശക്തി പ്രകടമെന്നും കരുതുന്നു.

'സ്നേഹത്തിൽ നിന്നുദിക്കുന്നൂ ലോകം'

ഭൂലോകത്തിന്റെ ചേതോഹാരിതയും ചൈതന്യവും സ്നേഹത്തെ ആശ്രയിച്ചിരിക്കുന്നു.

'അന്യജീവനുതകി സ്വജീവിതം-
'ധന്യമാക്കുമമലേ വിവേകികൾ'

സ്നേഹം സ്വാർത്ഥത്യാഗത്തിലും പരാർത്ഥ കർമ്മങ്ങളിലും അധിഷ്ഠിതമാണ്.

മലയാള കവിതയെ തടങ്കലിൽ നിന്നും മോചിപ്പിച്ച് നീരും, ചോരയും നിറവും തുടിപ്പുമുള്ള ജീവിതത്തിനു നേരെ ഉയർത്തി പിടിക്കുകയായിരുന്നു കവിയുടെ ദൗത്യം.

പ്രചോദിപ്പിക്കാൻ, ആവേശം കൊള്ളിക്കാൻ, ഉദ്ബോധിപ്പിക്കാൻ, ഇങ്ങനെ പലതിനും സന്നദ്ധമായി ആശാൻ കവിത.

'എന്തിനു ഭാരതധരേ കരയുന്നു
പാരതന്ത്ര്യം നിനക്കു വിധി കല്പിതമാണുതായേ'

നിരാശനും വിഷാദ ഭാവനുമാണ് . എന്നാൽ പെട്ടെന്ന് ആ ഭാവമാറ്റം കാണാം.

'ഉണരിനുണരിനുള്ളിലാത്മ ശക്തി-
പ്രണയമെഴും സഹജാതരെ ത്വരിപ്പിൻ'

ധർമ്മരോഷം ആളിക്കത്തുന്ന കർമ്മക്ഷേത്രത്തിലേക്ക് കുതിച്ചു പായാനുള്ള ആഹ്വാനമായി മാറുന്നു. സുദൃഢമായ ശുഭപ്രതീക്ഷയുടേയും ഓജസ്സിന്റെയും കർമ്മോത്സാഹത്തിന്റെയും ഗംഭീരധ്വനി മുഴക്കുന്നു. 'കീഴടങ്ങാതെ മരിപ്പോളം തടുക്കുവിൻ' ചുരുങ്ങിയ വാക്കുകളിലൂടെ വായനക്കാരന്റെ മനസ്സിൽ ഒരാശയലോകത്തെ തന്നെ വ്യഞ്ജിപ്പിക്കാനാണ് കവിയുടെ ഉദ്യമം.

പാശ്ചാത്യ സാഹിത്യത്തിലെ വിലാപകാവ്യങ്ങളുടെ സമ്പ്രദായത്തിൽ രചിച്ചിട്ടുള്ള പ്രരോദനം - ഏറ്റവും പ്രിയപ്പെട്ട വ്യക്തിയുടെ ചരമം സൃഷ്ടിക്കുന്ന പരിദേവനം, പരേതനെക്കുറിച്ചുള്ള ഓർമ്മകൾ വികാരവായ്പിൽ നിന്നും വിചാര ധാരയിലേക്കുള്ള യാത്ര.

ജീവിതത്തെയും മരണത്തെയും ആസ്പദമാക്കി സാമാന്യ ചിന്തനം ചെയ്യുമ്പോൾ ഉണ്ടാകുന്ന സാന്ത്വനം എ.ആർ രാജരാജവർമ്മയോടുള്ള തന്റെ ബന്ധം വെളിപ്പെടുത്തുന്നത് ഇപ്രകാരം.

'നിർവ്യാജമായ സ്നേഹബഹുമാനാതിശയമുള്ള ഒരു പരിചിതന്റെ സ്ഥാനം മാത്രമാണ് എനിക്ക് തിരുമേനിയെക്കുറിച്ചുണ്ടായിരുന്നത്'. വിലാപകാവ്യം എന്ന് പരിമിതിപ്പെടുത്താതെ ചരമകാവ്യം എന്ന പേരു നല്കി.

ചിന്താവിഷ്ടയായ സീത ആദ്യത്തെ സ്ത്രീപക്ഷഖണ്ഡകാവ്യം. വാല്മീകി രാമായണത്തിലെ സീതയല്ല ആശാന്റെ സീത. സ്വന്തമായ വ്യക്തിത്വത്തിനുടമയും, അധികാരകേന്ദ്രങ്ങളെ ചോദ്യം ചെയ്യാൻ ത്രാണിയുള്ള സ്ത്രീയാണ്. ഭാരതീയരുടെ മനസ്സിൽ സഹനത്തിന്റെയും ദു :ഖത്തിന്റെയും ആത്മസമർപ്പണത്തിന്റെയും ഭർതൃഭക്തിയുടെയും ആൾരൂപമാണ് പുരാണത്തിലെ സീത.

പുരുഷാധിപത്യത്തിനെതിരെ ആഞ്ഞടിക്കുന്ന കവി 'വെറും പാവയോയിവൾ' എന്ന് ചോദ്യം ചെയ്യുന്നു. 100 കൊല്ലം മുമ്പ് ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ സ്ത്രീയെയാണ് വരച്ചു കാട്ടുന്നത്.

ചെയ്യാത്ത തെറ്റിന്റെ പേരിൽ ശിക്ഷ ഏറ്റു വാങ്ങേണ്ടി വന്ന നീതികേടിനെയാണ് ആശാന്റെ സീത വിമർശിക്കുന്നത്. ചണ്ഡാലഭിക്ഷുകിയും ദുരവസ്ഥയും കവിയുടെ സാമൂഹ്യ പ്രതിബദ്ധതയെയാണ് വിളിച്ചോതുന്നത്. വേദനയുടെ സൗരഭ്യവും സ്നേഹത്തിന്റെ മാധുര്യവുമുള്ള ദർശനം ആശാന്റെ കാവ്യങ്ങളെ ഹൃദ്യമാക്കുന്നു. ചേതോമോഹനമായ ഒരു നവവസന്തത്തിന്റെ സുഷമയും സുഗന്ധവും മലയാള കവിതയിൽ നടമാടിയ കാലമായിരുന്നു ആശാന്റേത്.

1924 ജനുവരി 16-ാം തീയതി 51-ാം വയസ്സിൽ പല്ലനയാറ്റിൽ വെച്ചുണ്ടായ ബോട്ടപകടത്തിൽ പെട്ടു മൃതിയടഞ്ഞു. ആശാന്റെ സത്യസന്ധവും ധർമ്മനിരതവുമായ സാഹിത്യ ശൈലിക്കു വിരാമമായി.

**ഇന്ത്യ മുന്നോട്ട് കുതിക്കട്ടെ....**

**(45-ാം പേജിൽ നിന്ന് തുടർച്ച)**

4. സർവ്വകലാശാല (University) കൽ മറ്റു രാജ്യങ്ങളിൽ സ്വയംഭരണ സ്ഥാപനങ്ങളാണ്. ഗവൺമന്റിൽ നിന്നുള്ള ഗ്രാന്റും ഗവേഷണത്തിൽ നിന്നുണ്ടാകുന്ന വരുമാനവും കൂട്ടിയാണ് അവ സ്വയംഭരണം (Autonomous) സ്ഥാപനങ്ങളായി അന്താരാഷ്ട്ര റാങ്കിങ്ങിൽ മുന്നേറിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ അടുത്ത കാലത്തുണ്ടായ മാർക്കുദാന വിവാദവും മോഡറേഷനും വൈസ്ചാൻസലറുടെ നിലപാടും പല പ്രാവശ്യം റീ എക്സാമിനേഷൻ നടത്തുന്നതും എല്ലാത്തിനുമപരി അദാലത്ത് തുടങ്ങിയ നടപടിക്രമങ്ങൾ മറ്റു രാജ്യങ്ങളിൽ കേട്ടു കേഴ്വി പോലുമില്ല. ഇത്തരം നടപടികൾ ഇന്ത്യയുടെ സർവ്വകലാശാലകളുടെ International റാങ്കിങ്ങിനെ പ്രതികൂലമായി ബാധിക്കും. ഇന്ത്യയിലെ യൂണിവേഴ്സിറ്റികളുടെ റാങ്കിംങ്ങും ഗവേഷണപ്രബന്ധങ്ങളുടെ എണ്ണവും മറ്റു പല രാജ്യങ്ങളുടെയും പിറകിലാണ്. അമേരിക്ക, ചൈന, ജപ്പാൻ, ജർമ്മിനി, തുടങ്ങിയ രാജ്യങ്ങൾ ആദ്യ 10 ൽ നില്ക്കുമ്പോൾ, കഴിഞ്ഞ വർഷത്തെ ഗവേഷണ മികവിന്റെ റാങ്കിങ്ങിൽ ഇന്ത്യ 37, സൗത്ത് ആഫ്രിക്ക 38 ഇങ്ങനെ നില്ക്കുന്നു. ഇങ്ങനെ താഴെ പോകാൻ കാരണം ജയിക്കുന്നതു വരെ മോഡറേഷൻ കൊടുക്കുക. പഠിപ്പിച്ചാൽ മതി. ഗവേഷണം നിർബന്ധമല്ല എന്നിങ്ങനെയുള്ള കുറുക്കു വഴികൾ തന്നെയാണ്.

(തുടരും)

**കവിത**

# കൃഷ്ണൻ

**തകഴി ശങ്കരനാരായണൻ**



ഓടക്കുഴലുമായ് നിന്നു
സത്യഗാഥകൾ പാടിയോൻ
ഗുരുവായൂരിൽ വസിക്കുന്നൂ
ജനത്തിൻ ഭാഗ്യതാരമായ്.
മർത്ത്യകോടിയെ രക്ഷിക്കാ-
നാർത്തരെ പ്പുണരും പ്രഭു
അമൃതക്കലശം നീട്ടി
യെത്തി, പാലാഴിയാണ്ടവൻ.
കൊടും കാട്ടിൽ വിറകിനായ്
സുദാമാവൊത്തു പോയവൻ
കാട്ടിലേ, വിസ്മയത്തിന്റെ
പരമ്പരകളെത്രയോ!
നീയേ സഹസ്രപാദനും
സഹസ്രാക്ഷനുമായവൻ
ശംഖ ചക്രാബ്ജങ്ങളേന്തി
വന്നവൻ മുകിൽ വർണ്ണനായ്.
കാലക്കടൽ കടഞ്ഞോനേ
കർമ്മകാണ്ഡം മെനഞ്ഞുനീ
'ഗീത' യായ് നല്കി പാർത്ഥന്നു
വിജയക്കൊടി നാട്ടുവാൻ!
കുവലയാപീഡത്തിന്റെ
കൊമ്പു, കേളിയിലൂരി നീ
കംസനെ വീഴ്ത്തുവാനല്ലാ
കാലന്നൂർക്കു കടത്തുവാൻ!
കാലിച്ചെറുക്കനായോനെ
വിരലാൽ പൊക്കി നീ മല
കുടയാക്കിയ നേരത്തു
ദേവകൾ പെയ്തു പൂമഴ!
കാളിയന്റെ ഫണം നൃത്ത -
വേദിയാക്കിയ തമ്പുരാൻ
ചിന്തയും വാക്കും ഹൃത്തും
ഹർഷം കൊണ്ടു നിറച്ചവൻ
അന്തരാത്മാവിലാനന്ദ
ക്കടലിൻ തിരയേറ്റുവോൻ
കൃഷ്ണാ! നിൻ നാമത്താലേ
മുക്തിനേടുന്നു പപികൾ!
ഇവനാണിവനാണല്ലോ
ഭുവനങ്ങൾക്കു നായകൻ
വേദവേദാന്തസർവ്വസ്വം
യോഗികൾക്കുപകർന്നവൻ
എത്രപാട്ടുകൾ കേട്ടാലും
പാട്ടിനും മീതെനില്ക്കുവോൻ
പാടാനെന്നെ വിളിക്കുന്നൂ
ജന്മസാഫല്യമൊന്നിതേ.





## ആക്ഷേപങ്ങളും അഭിപ്രായങ്ങളും

പ്രിയ മിത്രമേ,

എറണാകുളം കരയോഗത്തെപ്പറ്റി ഇത്രനാളും അറിയാൻ കഴിയാതിരുന്നതിൽ ദു:ഖം തോന്നുന്നു.(1966 – 67 കാലങ്ങളിൽ നമ്മൾ ഊട്ടിയുറപ്പിച്ച ഹൃദയബന്ധം, കൃത്യാന്തര ബാഹുല്യങ്ങളാൽ ഉള്ളിൽ ഒതുങ്ങിപ്പോയതാണ് കാരണം. ഇപ്പോഴെങ്കിലും ആ ബന്ധത്തിന് പുനരുജ്ജീവനം ലഭിക്കാൻ അവസരമുണ്ടാക്കിത്തന്ന ജഗദീശ്വരനോട് നന്ദി പറയുന്നു).

കരയോഗം, ഒരു മാസിക നടത്തുന്നുണ്ടെന്നു പറഞ്ഞപ്പോൾ N.B.S ന്റെ ബുള്ളറ്റിൻ പോലെ എന്തോ ഒന്നെന്നേ കരുതിയുള്ളു കയ്യിൽ കിട്ടി വായിച്ചപ്പോഴാണ് അതിന്റെ 'ഗുരുത്വം' മനസ്സിലായത്. മാസികയുടെ പ്രവർത്തകരെ എങ്ങനെ പ്രശംസിക്കണമെന്നറിയില്ല. മലയാളത്തിലെ ഏതു പ്രസിദ്ധീകരണത്തോടും കിടനില്ക്കുന്നതാണ് 'കരയോഗ സൗഹൃദം' ഞങ്ങൾ രണ്ടു പേരും കയ്യിൽ നിന്നും താഴത്തുവയക്കാതെ വായിച്ചു കൊണ്ടിരിക്കുന്നു. ഒന്നാന്തം പേപ്പർ, ഒന്നാന്തരം അച്ചടി, സർവ്വോപരി നിലവാരം പുലർത്തുന്ന പ്രമേയങ്ങൾ, കവറും ഗംഭീരം. അഭിനന്ദനങ്ങൾ – ഒന്നല്ല ഒരായിരം! പ്രവർത്തകർക്ക് ഹൃദയം നിറഞ്ഞ പ്രാർത്ഥനകൾ.

കരയോഗത്തിന്റെ പ്രവർത്തനങ്ങൾ മനസ്സിലാക്കിയപ്പോൾ അന്തംവിട്ട്പോയി എങ്ങനെ ഇത്രയും കാര്യങ്ങൾ ചെയ്യുന്നു! ഇതിന്റെ പിന്നിലുള്ള സമർപ്പണം, ത്യാഗം, നിസ്വാർത്ഥത, ഉത്സാഹം ഒക്കെത്തന്നെ അത്യന്തം ശ്ലാഘനീയമാണ്. അടിക്കടി ശ്രേയസ്സുണ്ടാകാൻ ഈശ്വരൻ അനുഗ്രഹരക്കട്ടെ.പ്രഫ. തകഴിശങ്കരനാരായണൻ, ഗുരുവായൂർ ദേവസ്വത്തിന്റെ 'ഭക്തപ്രിയ' യ്ക്കയക്കാൻ എഴുതിവെച്ചിരുന്ന കവിത, സന്തോഷസൂചകമായി കരയോഗ സൗഹൃദത്തിനയക്കുന്നു.

ഞാനും ഒരു ലേഖനം താമസിയാതെ അയയ്ക്കാം. വീണ്ടും വീണ്ടും ഭാവുകങ്ങൾ നേർന്ന് കൊണ്ട്

ഡോ.ചന്ദ്രിക ശങ്കരനാരായണൻ
'സായി ശങ്കരം'
പൊറ്റയിൽ
മലയിൻകീഴ് പി. ഒ
തിരുവനന്തപുരം – 695571



**എറണാകുളം കരയോഗത്തിൽ വിശ്വസംസ്കൃത പ്രതിഷ്ഠാനത്തിന്റെ സംസ്കൃത ക്ലാസ്സ്**
**18-10-2019 ന് പ്രസിഡന്റ് കെ.പി.കെ. മേനോൻ, ജനറൽ സെക്രട്ടറി പി. രാമചന്ദ്രന്റെ (വേണു) സാന്നിദ്ധ്യത്തിൽ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു.**

വൃശ്ചികം

ഓം

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

Tel : TDM -2361160,
Mob : 96456 83491

# മാസഫലം

**2019 നവംബർ 15 മുതൽ ഡിസംബർ 15 വരെ**

**ജ്യോതിഷാചാര്യൻ: ജി.കെ. മേനോൻ**



**മേടക്കൂറ് (അശ്വതി, ഭരണി, കാർത്തിക 1/4)**ഃ മേലാധികാരികൾ, സഹപ്രവർത്തകർ, പങ്കാളി എന്നിവരിൽ നിന്നും നേട്ടവും, വിവാഹത്തിന് ശ്രമിക്കുന്നവർക്ക് കാലം അനുകൂലമാണ്. തൊഴിൽ പരമായി ബന്ധപ്പെട്ടവർക്ക് കർമ്മത്തിൽ അലസതയും കടുത്ത സമ്മർദ്ദവും നേരിടും. അഭിപ്രായ വ്യത്യാസം സൗഹൃദ ബന്ധങ്ങളിൽ വിള്ളലുകൾ ഉണ്ടാക്കാം. സർക്കാരിൽ നിന്നുള്ള ഭയവും, നേത്ര രോഗവും ഉദരരോഗവും കാര്യതടസ്സവും ഉണ്ടാകും. ശൈവ ക്ഷേത്ര ദർശ്ശനം നടത്തി പ്രാർത്ഥിക്കുക.



**ഇടവക്കൂറ് (കാർത്തിക 3/4 രോഹിണി, മകയിരം 1/2)**ഃ ബന്ധുഗുണവും പ്രതാപവും ധനലാഭവും ശത്രു വിജയവും ഗുണഫലങ്ങളായി അനുഭവ പ്പെടുമെങ്കിലും രക്തസംബന്ധമായ പ്രശ്നങ്ങളും ഉദര രോഗങ്ങളും നെഞ്ച് സംബന്ധമായ പ്രശ്നങ്ങളും ശിരോരോഗവും മൂലം അനാരോഗ്യവും അനുഭവപ്പെടും. കുടുംബത്തിൽ കലഹത്തിന് സാധ്യതയുണ്ട്. ദാമ്പത്യ സുഖക്കുറവും പരസ്പര മത്സരങ്ങളും ഉണ്ടാകും. ശൈവവൈഷ്ണവ പ്രീതീകരങ്ങളായ വഴിപാട് നടത്തുക.



**മിഥുനക്കൂറ് (മകയിരം 1/2, തിരുവാതിര, പുണർതം 3/4 )**ഃ സ്ഥാനം അർത്ഥം, ധനം, ദ്രവ്യം എന്നിത്യാദി ലാഭം, ബഹുമാനം ലഭിക്കൽ, പുത്രസുഖം നവീന ഗൃഹലാഭം മനസന്തോഷം എവിടെയും കാര്യവിജയം എന്നീ ഗുണഫലങ്ങൾക്കൊപ്പം തന്നെ അകാരണമായ ഭയവും പാദം, തൊണ്ട, ഉദരം എന്നിവയിൽ രോഗസംബന്ധമായ അസ്വസ്ഥതയും അലർജിയും ഉണ്ടാകും. അതിനാൽ അലർജിക്ക് കാരണമാകുന്നവയിൽ നിന്ന് വിട്ടു നിൽക്കാൻ ശ്രമിക്കുക. സർപ്പക്ഷേത്ര ദർശനവും യഥാശക്തി വഴിപാടും നടത്തുക. ശൈവ ശാക്തേയ ക്ഷേത്ര ദർശ്ശനങ്ങൾ നടത്തുക.



**കർക്കിടകക്കൂറ് (പുണർതം 1/4, പൂയം, ആയില്യം)**ഃ ദ്രവ്യലാഭവും വിശേഷപ്പെട്ട അലങ്കാര സാധനങ്ങളുടെ ലഭ്യതയും സ്ത്രീ സുഖവും ഗൃഹനിർമ്മാണമോ പുതുക്കി പണിയുകയോ ചെയ്യും. വിദ്യാഗുണം ലഭിക്കൽ എന്നീ ഗുണഫലങ്ങൾ ഉണ്ടാകുമെങ്കിലും നേത്രരോഗം കർമ്മ വിഘ്നം വാക്കേറ്റം മൂലമുള്ള കലഹങ്ങൾ കള്ളന്മാരുടെ ഉപദ്രവം ധനം നഷ്ടപ്പെടുക അതു നിമിത്തം മനോദു:ഖത്തിന് സാധ്യത സന്താനങ്ങളെ കൊണ്ട് പ്രശ്നങ്ങൾ ഉണ്ടാകുക എന്നീ ദോഷഫലങ്ങൾക്കു കൂടി സാധ്യത ഉള്ളതിനാൽ കൃഷ്ണന് പാൽപായസം, അയ്യപ്പന് എള്ള് നേദ്യം എന്നിവ നടത്തുക.



**ചിങ്ങക്കൂറ് (മകം, പൂരം, ഉത്രം 1/4 )**ഃ ഭക്ഷണ സൗഖ്യം വസ്ത്ര ലാഭം എന്നീ ഗുണഫലങ്ങളും കഠിനാദ്ധ്വാനം നിമിത്തം അനാരോഗ്യവും സഞ്ചാര ക്ലേശവും വിഭവനഷ്ടവും കാര്യവിഘാതവും ശത്രുശല്യവും ബന്ധു കലഹവും സ്ഥാന ഭ്രംശവും അന്യദേശവാസവും സർവ്വയാളുകളുടെ വിരോധവും പല വിധത്തിലുള്ള വിരോധങ്ങളും വന്ന് ഭവിക്കുന്ന ഒരു സമയമാണ് ഇത്. ഗുരുവായൂർ ദർശനത്തിന് സാധിക്കുമെങ്കിൽ ചെയ്യുക അല്ലാത്തപക്ഷം അടുത്തുള്ള ശ്രീകൃഷ്ണ ക്ഷേത്രത്തിൽ തുളസിമാല സമർപ്പിച്ച് പ്രാർത്ഥിക്കുക.



**കന്നിക്കൂറ് (ഉത്രം 3/4, അത്തം, ചിത്തിര 1/2)**ഃ ധനലാഭം ഭാര്യ സുഖം എന്നീ ഗുണഫലങ്ങൾക്ക് ഒപ്പം തന്നെ ലക്ഷ്യമില്ലാതെ അലഞ്ഞു തിരിയുന്ന അവസ്ഥക്ക് സാധ്യത ഉണ്ട്. സ്ഥാന ഭ്രംശം, ദ്രവ്യ നാശം, നേത്രരോഗം, കാര്യാദികൾക്ക് തടസ്സം, വീഴ്ചയ്ക്കും, പാദത്തിന് പരുക്ക്, സംഭവിക്കു ന്നതിനും സാധ്യതയുണ്ട്. ചതിയിൽ പെടുക മൂലം ഉത്സാഹവും പ്രതീക്ഷയും കൈവിട്ട് പോയേക്കാം. അതിനാൽ ദോഷങ്ങൾ സംഭവിക്കാ തിരിക്കുന്നതിന് ദേവി ക്ഷേത്ര ദർശനവും പ്രാർത്ഥനയും ചെയ്യുക.



**തുലാക്കൂറ് (ചിത്തിര 1/2 ചോതി, വിശാഖം 3/4)**ഃ ധനലാഭം വിദ്യാലാഭം കുടുംബസുഖം ഭാര്യസുഖം ആരോഗ്യവും അഭീഷ്ട കാര്യസിദ്ധിയും ധനധാന്യാദികളുടെ ലാഭം സ്ഥാനലബ്ധി സകല കാര്യങ്ങളിലും വിജയം സർക്കാരിൽ നിന്നും പ്രതീക്ഷിച്ച ആനുകൂല്യ ലഭ്യത കളത്രപുത്രാദികളോടുകൂടിയുള്ള സന്തോഷം ദ്രവ്യം ലാഭം ബന്ധുഗുണം മനസന്തോഷം എന്നീ ഗുണഫലങ്ങൾ അനുഭവത്തിൽ വരുന്ന കാലമാണ് ശനി പ്രീതികരമായതും സർപ്പപ്രീതികരമായതും ആയ വഴിപാടുകൾ നടത്തുക.



**വൃശ്ചികക്കൂറ് (വിശാഖം 1/4 അനിഴം, തൃക്കേട്ട)**ഃ സ്വകർമ്മസിദ്ധിയും സകല കാര്യവിജയവും ദേഹസുഖവും ധനലാഭവും ഗുണാനുഭവങ്ങളായും ബന്ധുവിരോധം ദൂരദേശഗമനം ദാമ്പത്യ സുഖഹാനി സ്ത്രീകൾ നിമിത്തം കലഹം അപമാനം ശിരോരോഗം ഉദരരോഗം നടുവേദന തുടങ്ങിയ രോഗങ്ങൾക്ക് സാധ്യത കാണുന്ന തിനാൽ നവഗ്രഹക്ഷേത്രത്തിൽ നവഗ്രഹ ഹോമം നടത്തുന്നത് നല്ലതാണ്. കൂടാതെ വിഷ്ണു ക്ഷേത്രദർശനം നടത്തുകയും ലക്ഷ്മി നാരായണ പൂജ നടത്തുകയും ചെയ്താൽ ദോഷഫലങ്ങൾക്ക് ശമനവും ഗുണഫലങ്ങൾക്ക് മേന്മയും ലഭിക്കും.



**ധനുക്കൂറ് (മൂലം, പൂരാടം, ഉത്രാടം1/4)**ഃ അഭീഷ്ട കാര്യസിദ്ധിയും ധനലാഭവും ഉയർന്ന സ്ഥാനപ്രാപ്തിയും മനസന്തോഷവും എന്നീ ഗുണങ്ങളും ഉദര സംബന്ധമായതും അലർജി സംബന്ധമായതും ആയ പ്രശ്നങ്ങൾ അലട്ടും. പല കാര്യങ്ങളും ഉപേക്ഷിക്കുവാനും കൊണ്ടുനടക്കുവാനും പറ്റാത്ത സാഹചര്യം സംജാതമാകും. ചില സന്ദർഭങ്ങളിൽ ഭാഗ്യദോഷം കാരണം പലതും കൈയെത്തും ദൂരത്ത് നിന്ന് നഷ്ടപ്പെടും. ശനിഗ്രഹ ദോഷ ശാന്തി അർച്ചന നടത്തി ദോഷപരിഹാരം വരുത്തുക.



**മകരക്കൂറ് (ഉത്രാടം 3/4, തിരുവോണം, അവിട്ടം 1/2)**ഃ മേലാധികാരികളിൽ നിന്നും അനുകൂലാവസ്ഥ ഉണ്ടാകും. സ്ത്രീ സുഖം മൃഷ്ടാനഭോജനം തുടങ്ങിയ ഗുണാനുഭവങ്ങൾക്ക് തുല്യമായി തന്നെ ദോഷഫലാനുഭവങ്ങളും ചേർന്ന സമ്മിശ്ര ഫലങ്ങളായിരിക്കും അനുഭവപ്പെടുക. സർക്കാരിന്റെ ഭാഗത്ത് നിന്ന് ചില പ്രതികൂല നടപടികൾ ഉണ്ടാകും. ഭയം രോഗം ചൊറി ചിരങ്ങ് മുതലായ ത്വക്ക് രോഗ സംബന്ധമായതും രക്ത സംബന്ധമായതുമായ ബുദ്ധിമുട്ട് എന്നിവ അനുഭവിക്കാൻ സാധ്യതയുള്ളതിനാൽ ശിവപാർവതി ക്ഷേത്രദർശനവും പ്രാർത്ഥനയും നടത്തുക.



**കുംഭക്കൂറ് (അവിട്ടം 1/2, ചതയം, പൂരൂരുട്ടാതി 3/4)**ഃ രോഗപ്രതിരോധ ശക്തി വർദ്ധിക്കും. ഊർജസ്വലതയും ഉത്സാഹവും അനുഭവപ്പെടും. യാത്രകൾ ചെയ്യും. സാമ്പത്തിക പ്രശ്നങ്ങൾ അലട്ടും. കുടുംബത്തിൽ ക്രമം വിട്ട അനുഭവങ്ങൾ ഉണ്ടാകും. ദാമ്പത്യപ്രശ്നങ്ങൾ കാരണം പ്രയാസമനുഭവിക്കും കർമ്മരംഗത്ത് കടുത്ത സംഘർഷങ്ങൾ അനുഭവപ്പെടുമെങ്കിലും ചില ഭാഗ്യാനുഭവങ്ങളും കൂടി പ്രതീക്ഷിക്കാം. ശനി കേതു രാഹു ഗ്രഹദോഷശാന്തി അർച്ചനകൾ നടത്തുകയും പഞ്ചാക്ഷരി ജപം നടത്തുകയും ചെയ്യുക.



**മീനക്കൂറ്(പൂരുരുട്ടാതി 1/4, ഉത്രട്ടാതി, രേവതി)**ഃ ഈ മാസം കഠിനാദ്ധ്വാനത്തിലൂടെ നഷ്ടപ്പെട്ടത് വീണ്ടെടുക്കാൻ സാധിക്കും. സഹായികൾ കീഴ് ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും പ്രതീക്ഷ ക്കൊത്ത സഹകരണം ലഭിക്കായ്ക മൂലം പ്രയാസങ്ങൾ നേരിടേണ്ടി വരും.ഭക്ഷണ സംബന്ധമായ ചില ദോഷങ്ങൾ ഉദര വേദനക്ക് ഇടവരുത്തുകയും അനാരോഗ്യം അനുഭവപ്പെടുകയും ശ്രദ്ധാപൂർ വ്വമല്ലാത്ത തീരുമാനങ്ങൾ ദോഷമായി ഭവിക്കുകയും ചെയ്യും. വ്യാഴം അഷ്ടമത്തിലും പാപ ഗ്രഹങ്ങൾ ഭാഗ്യസ്ഥാനത്തും ആയി നിൽക്കുന്ന കാലമായതിനാൽ വൈഷ്ണവ ശൈവക്ഷേത്ര ദർശനങ്ങൾ നടത്തണം.

*ശുഭമസ്തു*
*ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!*

**തിങ്കൾ, വ്യാഴം, ശനി ദിവസങ്ങളിൽ 9.30 am to 1.30 pm വരെ ജ്യോതിഷാചര്യന്റെ സേവനം ലഭ്യമാണ്**





## MANGALYAM MATRIMONIAL



## വരനെ ആവശ്യമുണ്ട്

